


തൃക്കടവൂർ ഗ്രാമപഞ്ചായത്ത്



വികസനരേഖ 1996



കേരളം
0 15 30 45 60 കി:മീ
കർണാടകം
തമിഴ്നാട്
ചെങ്കുന്നാനാഅതിർത്ത്
ജില്ലാതിർത്ത്
കൊല്ലംജില്ല

തൃക്കടവൂർ ഗ്രാമപഞ്ചായത്ത്




ഒമ്പതാം പദ്ധതി ജനകീയപദ്ധതി
അധികാരം ജനങ്ങളിലേയ്ക്ക്
വികസനരേഖ – 1996

◆◆◆



"ഇന്ത്യയുടെ ആത്മാവ്
ഗ്രാമങ്ങളിൽ കുടികൊള്ളുന്നു"



പേജുകൾ മറിയുമ്പോൾ.....

ആമുഖം
പഞ്ചായത്ത് പൊതുവിവരണം
സാമൂഹിക സാംസ്ക്കാരിക ചരിത്രം
ഭൂപ്രകൃതിയും വിഭവങ്ങളും
കൃഷിയും ജലസേചനവും
മത്സ്യമേഖല
മൃഗസംരക്ഷണം
വ്യവസായം
ഗതാഗതം
ഊർജ്ജം
മാർക്കറ്റ്
പാർപ്പിടം
ആരോഗ്യവും കുടിവെള്ളവും
വിദ്യാഭ്യാസം
സംസ്ക്കാരം
പട്ടികജാതി പട്ടികവർഗ്ഗക്ഷേമം
വനിതാ ക്ഷേമം
സാമൂഹ്യക്ഷേമം
സഹകരണമേഖല
വിഭവസമാഹരണം
ഉപസംഹാരം



ആമുഖം

"കേന്ദ്രത്തിലിരിക്കുന്ന പത്തിരുപതുപേർക്ക് യഥാർത്ഥ ജനാധിപത്യം പ്രവർത്തിപ്പിക്കാൻ കഴിയുകയില്ല. അത് ഓരോ ഗ്രാമത്തിലേയും ജനങ്ങൾ അടിത്തട്ടിൽനിന്നും മുകളിലേക്ക് പ്രവർത്തിപ്പിക്കേണ്ടതാണ്." ഗാന്ധിജിയുടെ ഈ അഭിപ്രായമാണ് ജനകീയആസൂത്രണത്തിന്റെ കാതലെന്ന് പറയേണ്ടതില്ലല്ലോ. പക്ഷേ അതിന് തുടക്കംകുറിക്കാൻ സ്വാതന്ത്ര്യത്തിന് ശേഷം അരനൂറ്റാണ്ടോളം വേണ്ടിവന്നു. 73-ാം ഭരണഘടനാ ഭേദഗതിയിലൂടെ പഞ്ചായത്തുകൾക്ക് ഭരണഘടനാസംരക്ഷണം ലഭിക്കുന്നതിനുപോലും 4-ാംവർഷം കാത്തിരിക്കേണ്ടിവന്നു. അധികാരമില്ലാതെ വെറും ഉപദേശിക സമിതി പോലെയാണ് ഇക്കാലമത്രയും പഞ്ചായത്തുകൾ പ്രവർത്തിച്ചുവന്നിരുന്നത്.

കേന്ദ്രീകൃതാസൂത്രണത്തിന്റെ കയ്പേറിയ അനുഭവങ്ങളിൽനിന്നാണ് ജനകീയാസൂത്രണത്തിന്റെ ചരിത്രപരമായ ആവശ്യം ഉരുത്തിരുഞ്ഞുവന്നിരുക്കുന്നത്. ജനകീയാസൂത്രണാശയം ആവേശകരമാണെങ്കിലും ദീർഘകാലമായി തുടരുന്ന കേന്ദ്രീകൃതാസൂത്രണത്തിന്റെ ഫലമായുണ്ടായ വികലങ്ങളായ ആശയഗതികളുടെ ചങ്ങലകെട്ടുകൾ ദുഷ്കരമായൊരു കർത്തവ്യമായി നിലനില്ക്കുന്നു. വിപുലമായ ബോധവല്ക്കരണത്തിലൂടെയും സന്നദ്ധപ്രവർത്തനങ്ങളിലൂടെയും ഇതുമുറിച്ചു കടക്കാനുള്ള തീവ്രശ്രമമാണ് കേരളമെങ്ങും നടന്നുവരുന്നത്.

പദ്ധതിവിഹിതത്തിന്റെ 35-40 ശതമാനം ത്രിതലപഞ്ചായത്തു സംവിധാനത്തിന് മാറ്റിവെക്കുമെന്ന ഗവൺമെന്റു പ്രഖ്യാപനം ജനകീയാസൂത്രണത്തിന് പുത്തനുണർവ്വും ആവേശവും പകർന്നിട്ടുണ്ട്. ഒൻപതാംപഞ്ചവൽസരപദ്ധതി ജനകീയപദ്ധതിയായി കേരളസർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പ്ലാനിംഗ്ബോർഡും എല്ലാതലങ്ങളിലുമുള്ള സ്വയംഭരണ സ്ഥാപനങ്ങളുടെ ആസൂത്രണപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള വിപുലമായ പരിപാടികൾ ആവിഷ്കരിച്ചു സമയബന്ധിതമായി നടപ്പാക്കിവരികയാണ്.

പദ്ധതി ആസൂത്രണത്തിനാവശ്യമായ പ്രാരംഭപരിശീലനത്തിനായി 1996 സെപ്തംബർ 6,7,8 തീയതികളിൽ ജില്ലാപരിശീലനക്യാമ്പ് കൊല്ലം ക്രേവൻഹൈസ്കൂളിൽവെച്ച് നടന്നു. ഈ പഞ്ചായത്തിൽ നിന്നും13 പേർ പരിശീലനക്യാമ്പിൽ പങ്കെടുത്തു. പഞ്ചായത്തുതല ശില്പശാല സംഘടിപ്പിക്കണമെന്ന പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശാനുസരണം തൃക്കടവൂർ ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാളിൽവച്ച് 22-9-1996 ൽ പഞ്ചായത്തുതല ഏകദിനശില്പശാല നടത്തി. ഈ ശില്പശാലയിൽ 114പേർ പങ്കെടുത്തിരുന്നു. പദ്ധതിആസൂത്രണത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ ക്രോഡീകരിക്കുന്നതിന് വേണ്ടി പഞ്ചായത്തിലെ ഗ്രാമസഭകൾ Sep 22,29, Oct 2 തീയതികളിൽ ചേരുന്നതിന് ശില്പശാല തീരുമാനിച്ചു. തിടുക്കത്തിൽ സംഘടിപ്പിച്ചതായിരുന്നതെങ്കിലും ഗ്രാമസഭകളുടെ അംഗങ്ങളുടെ പങ്കാളിത്തം മോശമായിരുന്നില്ല. ഗ്രാമവികസനത്തിനുള്ള നിരവധിവിലപ്പെട്ട നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്നിട്ടുണ്ട് അതിനെ അടിസ്ഥാനമാക്കിയാണ് വികസനറിപ്പോർട്ടിന് രൂപം കൊടുത്തിരിക്കുന്നത്.

തൃക്കടവൂർ പഞ്ചായത്തിനെ സംബന്ധിച്ച് വിഭവഭൂപട സർവ്വേ 1994 ൽ നടന്നിരുന്നു. എന്നാൽ ജനങ്ങളുടെ ജീവിതരീതി, വിഭവങ്ങൾ, മറ്റു ജീവിതോപാധികൾ, വിദ്യാഭ്യാസം, സാമൂഹ്യം, ആരോഗ്യം, സമ്പത്ത് തുടങ്ങിയവയെ അടിസ്ഥാനപ്പെടുത്തിയുള്ള സമഗ്രമായ സാമൂഹ്യസാമ്പത്തികസർവ്വെ നടത്താൻ സാധിക്കാതെ പോയതിലുള്ള പരിമിതികൾ ആസൂത്രണവുമായി ബന്ധപ്പെട്ടപ്പോൾ അനുഭവപ്പെടുന്നുണ്ട്. സമഗ്രമായസർവ്വേയ്ക്കുള്ള സമയം ഇല്ലാതിരുന്നതുമൂലം വിവിധസമിതികൾ രൂപീകരിച്ച് ദിതീയസ്ഥിതി വിവരക്കണക്കെടുക്കാൻ ചുമതലപ്പെടുത്തുകയും ആ സമിതികൾ നൽകിയിട്ടുള്ള റിപ്പോർട്ടിനെ ആധാരമാക്കിയാണ് വികസനറിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

രണ്ടാംഘട്ട പരിശീലനക്യാമ്പ് നവംമ്പർ 8,9,10 തീയതികളിൽ അഞ്ചാലുംമൂട്, ചിറ്റുമല ബ്ലോക്ക് പഞ്ചായത്തുകളുടെ ആഭിമുഖ്യത്തിൽ കൊറ്റംകര ചിറ്റുമല പഞ്ചായത്ത് കമ്യൂണിറ്റി ഹാളിൽ വെച്ചുനടന്നു. പ്രസ്തുത പഠനക്യാമ്പിൽ ഈ പഞ്ചായത്തിൽ നിന്നും 12 പേർ പങ്കെടുത്തു. പദ്ധതി

തയ്യാറാക്കുന്നതിനുള്ള വികസനസെമിനാർ സംഘടിപ്പിക്കുന്നതിനും പഠനപര്യടനം നടത്തുന്നതിനും ലക്ഷ്യമാക്കിയായിരുന്നു രണ്ടാംഘട്ടപരിശീലനം തുടർന്ന് 26-11-96 ൽ പഞ്ചായത്തുതല ഏകദിനശില്പശാല സംഘടിപ്പിച്ചു. ഇതിൽ 70 പേർ പങ്കെടുത്തു. മുൻനിശ്ചയപ്രകാരം പഠനപര്യടനം രണ്ടുസംഘങ്ങളായിട്ടാണ് 24-11-96 ൽ നടത്തിയത്. പഞ്ചായത്തിന്റെ ഭൂപ്രകൃതി, ജലലഭ്യത, ജലസേചനസൗകര്യങ്ങൾ, കൃഷി, മൃഗസമ്പത്ത് തുടങ്ങിയകാര്യങ്ങളെ കുറിച്ച് പഠിക്കാനും വിലയിരുത്താനും പഠനസംഘങ്ങൾക്ക് സാമാന്യമായി കഴിഞ്ഞിട്ടുണ്ട്.

കൊല്ലം നഗരത്തോട് തൊട്ടടുത്ത് സ്ഥിതിചെയ്യുന്ന തൃക്കടവൂർ ഗ്രാമപഞ്ചായത്ത് ഗ്രാമ-നഗര സ്വഭാവത്തിലുള്ളതാണ്. അതിന്റെ ഫലമായി ആസൂത്രണപ്രവർത്തനങ്ങളിലും ശില്പശാലകളിലും വിപുലമായ പങ്കാളിത്തം ഉറപ്പുവരുത്താൻ കഴിയുന്നില്ലെന്നപോരായ്മ ഖേദപൂർവ്വം പറയേണ്ടതുണ്ട്. അതു കണക്കിലെടുത്തുകൊണ്ട് ഈ ന്യൂനത പരിഹരിക്കുവാനുള്ള പരിശ്രമങ്ങൾ പഞ്ചായത്തു സമിതി നടത്തിവരികയാണ്. അയൽക്കൂട്ടങ്ങൾ സംഘടിപ്പിക്കുന്നതിനും വാർഡ്തു സമിതികൾ പ്രവർത്തിപ്പിക്കുന്നതിലും കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടതുണ്ട്. രാഷ്ട്രീയ പ്രബുദ്ധതയിലും വിദ്യാഭ്യാസസാംസ്കാരിക മണ്ഡലത്തിലും മുന്നിൽനിൽക്കുന്നതാണ് തൃക്കടവൂർ ഗ്രാമപഞ്ചായത്ത്. സാമ്പത്തികരംഗത്തും താരതമ്യേനമെച്ചപ്പെട്ട അവസ്ഥയാണുള്ളത്. വികസനരംഗത്ത് നല്ലപുരോഗതിനേടുന്നതിന് ആവിശ്യമായ ഭൗതിക സാഹചര്യങ്ങളും വിഭവങ്ങളും പഞ്ചായത്തിന് ലഭ്യമാണ്. ലക്ഷ്യബോധത്തോടുകൂടി അതിനെ വിനിയോഗിക്കാൻ കഴിഞ്ഞാൽ വികസനരംഗത്ത് അഭിമാനകരമായ നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് കഴിയും.

തൃക്കടവൂർ ഗ്രാമപഞ്ചായത്ത് പൊതുവിവരങ്ങൾ

പഞ്ചായത്തിന്റെ പേര്	:	തൃക്കടവൂർ ഗ്രാമപഞ്ചായത്ത്
പഞ്ചായത്തിൽ ഉൾപ്പെടുന്ന റവന്യൂ വില്ലേജുകൾ	:	തൃക്കടവൂർ വില്ലേജ്
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ	:	തൃക്കടവൂർ എ, തൃക്കടവൂർ ബി തൃക്കരുവ ബി (രണ്ട് വാർഡുകൾ)
ബ്ലോക്ക് പഞ്ചായത്ത്	:	അഞ്ചാലുംമൂട്
ജില്ലാ പഞ്ചായത്ത് ഡിവിഷൻ	:	തൃക്കടവൂർ
ജില്ലാ പഞ്ചായത്ത്	:	കൊല്ലം
താലൂക്ക്	:	കൊല്ലം
ജില്ല	:	കൊല്ലം
അസംബ്ലി മണ്ഡലം	:	കുണ്ടറ
വിസ്തീർണ്ണം	:	14.85 ച.കി.മി.
ജനസംഖ്യ	:	35859
		പുരുഷന്മാർ : 17692
		സ്ത്രീകൾ : 18167
വാർഡുകളുടെ എണ്ണം	:	13
പ്രസിഡന്റിന്റെ പേര്	:	ശ്രീ.വില്യം ജോർജ്ജ്
വൈസ് പ്രസിഡന്റിന്റെ പേര്	:	ശ്രീ.എസ്.നസീർഖാൻ
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന്റെ പേര്	:	ശ്രീ.കെ.ആർ.യശോധരൻപിള്ള

സേവനസൗകര്യങ്ങളും സ്ഥാപനങ്ങളും

ഹൈസ്ക്കൂൾ	:	2
യു.പി. സ്ക്കൂൾ	:	2
എൽ.പി. സ്ക്കൂൾ	:	6
അലോപ്പതി	:	5
ആയുർവ്വേദം	:	2
ഹോമിയോ	:	2
കൃഷിഭവൻ	:	1
വില്ലേജ് ആഫീസ്	:	1
മൃഗാശുപത്രി	:	1
I.C.D.S.	:	1
അംഗൻവാടികൾ	:	24
സാംസ്ക്കാരിക സംഘടനകൾ	:	28
സർവ്വീസ് സഹകരണ ബാങ്കുകൾ	:	4
സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ	:	1
I.C.D.	:	1
ക്ഷീരോൽപ്പാദന സഹകരണസംഘം	:	2
കയർ ഉൽപ്പാദക സഹകരണ സംഘം	:	10
കൈത്തറി ഉൽപ്പാദക സഹകരണ സംഘം	:	2

തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ

കൊല്ലം ലോക്സഭാംഗം	:	എൻ. കെ. പ്രേമചന്ദ്രൻ
കുണ്ടറ നിയമസഭാംഗം	:	ജെ. മേഴ്സിക്കുട്ടിഅമ്മ.
തൃക്കടവൂർ – ജില്ലാ പഞ്ചായത്ത് അംഗം	:	ആർ. കെ. നാരായണപിള്ള.
അഞ്ചാലുംമൂട് ബ്ലോക്ക് പഞ്ചായത്ത്.		
പ്രസിഡന്റ്	:	എം. ഡി. പശുപാലൻ.
മെമ്പർ	:	കെ. ശ്രീധരൻപിള്ള.
”	:	ഡി. സുകേശൻ.
”	:	എസ്. ലീന.

തൃക്കടവൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതി

വില്യം ജോർജ്ജ്	–	പ്രസിഡന്റ്
എസ്. നസീർഖാൻ	–	വൈസ് പ്രസിഡന്റ്
കെ.ആർ.യശോധരൻപിള്ള	–	സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ
കുറ്റിയിൽ സോമൻ	–	പഞ്ചായത്ത് മെമ്പർ
എം.മഹേശ്വരി അമ്മ	–	പഞ്ചായത്ത് മെമ്പർ
ആർ.ഷമീം	–	പഞ്ചായത്ത് മെമ്പർ
കെ.ആർ.മണി	–	പഞ്ചായത്ത് മെമ്പർ
എൻ.ദിവാകരൻ	–	പഞ്ചായത്ത് മെമ്പർ
മോളി ബാബു	–	പഞ്ചായത്ത് മെമ്പർ
എ.ശ്രീകുമാർ	–	പഞ്ചായത്ത് മെമ്പർ
ആർ.ബാലകൃഷ്ണപിള്ള	–	പഞ്ചായത്ത് മെമ്പർ
ബി.ഉണ്ണി	–	പഞ്ചായത്ത് മെമ്പർ
ലളിതാ സുകേശൻ	–	പഞ്ചായത്ത് മെമ്പർ

വികസന റിപ്പോർട്ട് തയ്യാറാക്കിയവർ

വില്യം ജോർജ്ജ്	–	പ്രസിഡന്റ്
കുറ്റിയിൽ സോമൻ	–	ഡി.ആർ.പി
കെ.ആർ.ശ്രീധരൻപിള്ള	–	ഡി.ആർ.പി
ആന്റണി പ്ലാന്തോട്ടം	–	ഡി.ആർ.പി
ബേബി തേവരഴികം	–	ഡി.ആർ.പി
ലളിത സുകേശൻ	–	പഞ്ചായത്ത് മെമ്പർ
സുഭാഷ്	–	(C.E.S.S.)

റിപ്പോർട്ട് തയ്യാറാക്കുന്നതിന് സഹായിച്ചവർ

എ.ശ്രീകുമർ	–	ഡി.ആർ.പി
ബി.ഉണ്ണി	–	പഞ്ചായത്ത് മെമ്പർ
കെ.ആർ.മണി	–	പഞ്ചായത്ത് മെമ്പർ
എം.മഹേശ്വരി അമ്മ	–	പഞ്ചായത്ത് മെമ്പർ
മോളി ബാബു	–	പഞ്ചായത്ത് മെമ്പർ

ു

കമ്പ്യൂട്ടർ ടൈപ്പ്സെറ്റിംഗ് & ലേഔട്ട്

മാസ് കമ്പ്യൂട്ടർ ഗ്രാഫിക്സ്, കൊല്ലം

ു

പ്രിന്റിംഗ്

കാതലിക് പ്രസ്, കൊല്ലം

ു

കവർ ഡിസൈനിംഗ്

ശ്രീജി, നടരാജ

ു

സാമൂഹിക സാംസ്ക്കാരിക ചരിത്രം



ഐതിഹ്യ പ്രധാന്യമുള്ള തൃക്കടവൂർഗ്രാമം ഒരു കാലത്ത് പെരിനാട് എന്നറിയപ്പെട്ടിരുന്ന വില്ലേജിലായിരുന്നു. വിസ്തൃതിയിൽ 'പെരിയ' എന്നർത്ഥത്തിൽ പെരിയനാട് എന്നു വിളിച്ചുവന്നിരുന്നത് കാലാന്തരത്തിൽ പെരിനാട് എന്ന് ലോപിച്ചതാണ്. 1950 ൽഭരണ സൗകര്യത്തിനായി പെരിനാട്പകുതി വിഭജിച്ചു തൃക്കടവൂർ, തൃക്കരുവാ, പെരിനാട് എന്നിങ്ങനെ മൂന്നു റവന്യൂവില്ലേജുകളാക്കി പ്രഖ്യാപിച്ചു.

തനതായ ഐതീഹ്യപ്രാധാന്യമുള്ള തൃക്കടവൂർ ക്ഷേത്രംഎന്ന് സ്ഥാപിക്കപ്പെട്ടുവെന്ന് വ്യക്തതയില്ല. നാനൂറിലേറെ വർഷക്കാലത്തെ പഴക്കമുണ്ടെന്നഭിപ്രായപ്പെടുന്നവരും ഇരുനൂറ്റി ഇരുപത് വർഷങ്ങളിലധികമില്ലെന്ന് സമർത്ഥിക്കുന്നവരുമുണ്ട്. അമ്പലം സ്ഥാപിക്കപ്പെട്ട കുടുംബബന്ധം പരിഗണിക്കുമ്പോൾ രണ്ടാമത്തെ അഭിപ്രായത്തിനാണ് പ്രസക്തിയെന്നുതോന്നും. ഇന്ന് ദേവാലയം സ്ഥിതിചെയ്യുന്ന സ്ഥലം ഒരു കാലത്ത് വൃക്ഷങ്ങളും വള്ളിക്കെട്ടുകളും കുറ്റിച്ചെടികളും നിബിഡമായി വളിർന്നിരുന്നതായിരുന്നു. അതിനുനടുവിലൂടെ ഉണ്ടായിരുന്ന വഴിയിൽകൂടി പത്തനാവിൽ കുടുംബത്തിലെ ഒരു കുട്ടി കോയിപ്പുറത്തു കുടുംബത്തിലേക്ക് കൊണ്ടുപോയിരുന്ന പാൽ പതിവായി ഒരു വേരിൽതട്ടിവീഴുകയും പാൽ വേരിൽ വീണ് ഒഴുകുകയും ചെയ്തിരുന്നു. ഇതറിഞ്ഞു കാരണവർ വേര് നീക്കം ചെയ്യാൻ വേരിൽ ആഞ്ഞുവെട്ടിയതോടെ വേരിൽനിന്നും രക്തം വാർന്നൊഴുകാൻ തുടങ്ങുകയും ഭയന്നുപിൻവാങ്ങിയ കാരണവർ ജോതിഷൻമാരെ വരുത്തി രക്തസാന്നിദ്ധ്യമുണ്ടായതിന്റെ കാരണം ആരായുകയും ചെയ്തു. വേര് ശ്രീ പരമേശ്വരന്റെ

സാന്നിദ്ധ്യമാണ് കാണിക്കൂന്നതെന്നും ആ സ്ഥലത്ത് അമ്പലം സ്ഥാപിച്ച് ശിവപൂജ നടത്തണമെന്നും അവർ നിർദ്ദേശിച്ചതായും അതിനെ ആദരിച്ചു പത്തനാപ്പിൽ കുടുംബ കാരണവർ സ്ഥാപിച്ചതാണ് ദേവാലയം എന്നു ഐതീഹ്യം. കോയിപ്പുറത്ത് കുടുംബത്തുനിന്നാണ് പത്തനാവിലേക്ക് പാലുകൊണ്ടുപോയതെന്നും കോയിപ്പുറത്ത് കാരണവരാണ് അമ്പലം സ്ഥാപിച്ചതെന്നുമുള്ള അഭിപ്രായം നിലനില്ക്കുന്നു. ശ്രീ മഹാദേവന്റെ സാന്നിധ്യത്തിന് ഉപോൽബലകമായി മാർക്കണ്ടേയ പുരാണത്തിലെ ചില സംഭവങ്ങളുമായി ഈ പ്രദേശത്തെ ബന്ധപ്പെടുത്തുന്ന കഥകളും പറഞ്ഞുവരുന്നുണ്ട്.

ഐതിഹ്യ പ്രാധാന്യം കൊണ്ട് വിദൂരദേശങ്ങളിലടക്കം പ്രസിദ്ധിയും വിശ്വാസവും ആർജ്ജിച്ചിരുന്ന ഈ ദേവാലയത്തിലേക്ക് സമീപ്രദേശങ്ങളിൽ നിന്നും പുറംനാടുകളിൽ നിന്നും ഭക്തജനങ്ങൾ വരിക പതിവായിരുന്നു. ഒരു നാഴികദൂരമൊഴികെയുള്ള മുഴുവൻ പ്രദേശവും കായലിനാൽ ചുറ്റപ്പെട്ടിരിക്കുന്നതിനാൽ പുറം പ്രദേശങ്ങളുമായി ബന്ധപ്പെടുന്നതിന് കടത്തുവള്ളങ്ങളെ ആശ്രയിക്കേണ്ടി വന്നു. ഇതിനുവേണ്ടിനിരവധികടത്തുകളുമുണ്ടായിരുന്നു. അതുകൊണ്ട് 'കടവുകളുടെ ഊര് ' എന്ന് ഈ പ്രദേശത്തെ വിളിച്ചുവരികയും കാലക്രമത്തിൽ അത് 'കടവൂർ' എന്ന സ്ഥലനാമമായി പരിണമിക്കുകയും ചെയ്തതായാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ദേവാലയത്തോടുള്ള ബഹുമാനസൂചകമായി 'തിരുകടവൂർ' എന്നുപറഞ്ഞുവന്നിരുന്നത് തൃക്കടവൂർ എന്നുരൂപാന്തരപ്പെടുകയും ചെയ്തു.

പണ്ടുമുതൽക്കേ വിദേശരാജ്യങ്ങളുമായി വ്യാപാരബന്ധമുണ്ടായിരുന്ന കൊല്ലത്തും കോഴിക്കോട്ടും വന്നുചേർന്ന പോർട്ടുഗീസുകാർതാവളമുറപ്പിച്ചു. അറബികളുമായി കൂടെകൂടെ ഏറ്റുമുട്ടിയിരുന്ന അവർ കായൽവഴിയുള്ള അക്രമണസാധ്യത തടയുന്നതിന് കൊല്ലത്തിനോട് ചേർന്നുള്ളതും കായലിനാൽ മാത്രം ബന്ധപ്പെട്ടതുമായ ഇന്നു കടവൂർ പള്ളിനിൽക്കുന്ന സ്ഥലവും പരിസരവും സൈനികാഭ്യാസത്തിനും താവളത്തിനു മായുപയോഗിച്ചതായാണ് മനസ്സിലാക്കുന്നത്. തങ്കശ്ശേരിയിൽനിന്നും നീണ്ടകര അഴികടന്നു കായലിൽ കൂടി ഇവിടെ എത്തിച്ചേരാൻ സൗകര്യവുമുണ്ടായിരുന്നു. അവർ ഇവിടെ കോട്ടമതിൽ സ്ഥാപിക്കുകയും ചെയ്തു. കോട്ടയുടെ അടുത്തുള്ള കടവു എന്നു പറഞ്ഞതാണ് കോട്ടയത്ത് കടവായതും മതിലിനുള്ളിൽ എന്നത് ലോപിച്ച് 'മതിലിൽ ' എന്ന സ്ഥലനാമമായിത്തീർന്നതും എന്നാണ് അറിയാൻ കഴിഞ്ഞത്. പള്ളി സ്ഥിതിചെയ്യുന്നതിന് സമീപത്ത് പോർച്ച്ഗീസുകാർ സ്ഥാപിച്ച കുരിശ് ഇപ്പോഴും നിൽക്കുന്നു. പള്ളി സ്ഥാപിക്കുന്നത് 1873- ൽ ആണ്. പോർട്ടുഗീസ് വൈദികർ റവ: ഡിയാഫോ ആൻറോ ജുവാൻ ഡിസൂസ ഓലമേഞ്ഞിരുന്ന ഈ ദേവാലയം മാറ്റി ആ സ്ഥാനത്ത് ഓടുമേഞ്ഞ ദേവാലയം 1875-ൽ സ്ഥാപിച്ചു.

ആദ്യമായി സ്ഥാപിച്ച മുസ്ലീം ദേവാലയം നീരാവിൽ ജമാഅത്ത് ആണ്. അണിക്കുളത്തുചിറയുടെ വടക്കേകരയിലാണ് അത് സ്ഥിതിചെയ്യുന്നത്.

ഒട്ടേറെ കുളങ്ങളും കാവുകളും അതോടനുബന്ധിച്ച് ചെറിയദേവാലയങ്ങളും നമ്മുടെ ഗ്രാമത്തിലുണ്ടായിരുന്നു. ശ്രീനാരായണ ഗുരു സ്ഥാനനിർണ്ണയം നടത്തി നിർദ്ദേശിച്ചതനുസരിച്ച് കോയിവിളപ്പുറത്ത് വേലായുധൻ എന്ന ആളാണ് ശ്രീ വേലായുധമംഗലം ക്ഷേത്രം സ്ഥാപിച്ചത്. ഇന്നുകാണുന്ന അമ്പലം 1950-ൽ പുതുക്കിപണികഴിപ്പിച്ചതാണ്.

പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർത്ഥത്തിലുണ്ടായ നവോത്ഥാനപ്രസ്താനങ്ങളുടെ സ്വാധീനം നന്നായി അനുഭവപ്പെട്ട പ്രദേശമാണിത്. അതിന്റെ ഫലമായി വിദ്യാഭ്യാസ-സാമ്പത്തിക രംഗങ്ങളിൽ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും നിരവധി സാമൂഹ്യപ്രവർത്തകർ രംഗത്ത് വന്നിരുന്നു.

മരുന്തവെളി എൽ.പി.എസ് എന്ന് ഇന്നറിയപ്പെടുന്ന സ്കൂളാണ് ഈ ഗ്രാമത്തിൽ ആദ്യമായി സ്ഥാപിക്കപ്പെട്ട വിദ്യാലയം. 1896-ൽ ചന്ദ്രഴികത്തു പത്മനാഭൻ വാദ്ധ്യാരാണ് സ്കൂൾ സ്ഥാപിച്ചത്. അതേതുടർന്ന് ഞാറയ്ക്കൽ പ്രൈമറിസ്കൂളും അഞ്ചാലുംമൂട് സ്കൂളും പാലിയകത്തു നാരായണപിള്ള സ്ഥാപിച്ചു. അഞ്ചാലുംമൂട് സ്കൂൾപിൽക്കാലത്ത് സർക്കാരിന് വിട്ടുകൊടുക്കുകയും തുടർന്ന് മലയാളം ഹൈസ്കൂളായി ഉയർത്തപ്പെടുകയും ചെയ്തു. ആദ്യത്തെ ഇംഗ്ലീഷ് സ്കൂൾ നീരാവിൽ സ്ഥാപിച്ചത് കോച്ചുവരമ്പേൽ കേശവൻ മുതലാളിയാണ്.

ഈ കാലഘട്ടത്തിൽ സഹകരണം, ബാങ്കിംഗ്, ഇൻഷ്വറൻസ് തുടങ്ങിയസാമ്പത്തിക മേഖലകളിലും സാമൂഹികപരിഷ്കർത്താക്കളുടെ സേവനം വിനിയോഗിച്ചതിന്റെ ഫലമായി സ്ഥാപനങ്ങൾ രൂപീകൃതമായി. മുരുന്തൽ ബി.,കോട്ടക്കകം, മുരുന്തൽ എന്നീപ്രദേശങ്ങളിൽ 1923-28 കാലങ്ങളിൽ വിവിധോദ്ദേശ്യസഹകരണ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ചു.

പന്ത്രണ്ടര ഓഹരിയോടുകൂടി പെരിനാട് ഇൻഡസ്ട്രിയൽ ആന്റ് എക്കണോമിക്സ് ബാങ്ക് എന്നൊരു സ്ഥാപനം 1930 കളിൽ അഞ്ചാലുംമൂട്ടിൽ ആരംഭിച്ചിരുന്നു. മരണാനന്തരം ധനസഹായം കിട്ടുന്നതിന് ആര്യഭാരതി ഇൻഷ്വറൻസ് കമ്പനി എന്നപേരിൽ മറ്റൊരു സ്ഥാപനവും ഇൻഡസ്ട്രിയൽ ബാങ്ക് സ്ഥാപകർ ചേർന്ന് അഞ്ചാലുംമൂട്ടിൽ സ്ഥാപിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്തിരുന്നു. കൊല്ലം ജില്ലയിൽ ആദ്യത്തെ ബാങ്കിംഗ് സ്ഥാപനമായിരുന്നു ഇതെന്ന് അഭിപ്രായപ്പെടുന്നവരുണ്ട്.

ഇൻഷ്വറൻസ് കമ്പനി പത്തുവർഷക്കാലം മാത്രമേ ഉണ്ടായിരുന്നുള്ളുവെന്നാണറിയുന്നത്. 1945 ആയപ്പോഴേക്കും ഇൻഡസ്ട്രിയൽ ബാങ്കിന്റെ പ്രവർത്തനം ദുർബ്ബലപ്പെടുകയും 1951-ൽ ആസ്തിയും കടവും തിട്ടപ്പെടുത്തി ഷയർ കൊടുത്തു പിരിച്ചുവിടുകയും ചെയ്തു. 1925-30 കാലങ്ങളിൽ നീരാവിൽ, കുപ്പണകോട്ടക്കകം തുടങ്ങിയ പ്രദേശങ്ങളിൽ പൊതുജനങ്ങളുടേതായ ഗ്രന്ഥശാലകൾ രൂപീകരിക്കുകയും പുസ്തകങ്ങൾ വിതരണംചെയ്തിരുന്നതായും കാണുന്നു.

ആരോഗ്യസംരക്ഷണരംഗത്ത് ആദ്യകാലത്ത് ആയുർവേദ വൈദ്യന്മാരുടേയും നാട്ടുവൈദ്യന്മാരുടേയും സേവനമായിരുന്നു നിലനിന്നിരുന്നത്. വ്യാപാരസ്വഭാവത്തിന് പകരം സേവന മനോഭാവമാണ് അന്നത്തെ ചികിൽസകർ പ്രദർശിപ്പിച്ചിരുന്നത്. കിടുത്തട്ടിൽ ഗോവിന്ദൻവൈദ്യർ, മുന്നുതെങ്ങിൽ മാധവൻവൈദ്യർ തുടങ്ങിയവർ ഈ രംഗത്തെ പ്രഗൽഭരായിരുന്നു. 1945 ഓടുകൂടിയാണ് അലോപ്പതി ചികിൽസ ഈരംഗത്തു കടന്നുവന്നത്. ഡാ: സുകുമാരപിള്ള എന്നയാളാണ് ആദ്യമായി അലോപ്പതി ഡിസ്പെൻസറി അഞ്ചാലുംമൂട്ടിൽ സ്ഥാപിച്ചുനടത്തിവന്നത്. പുറംദേശക്കാരായ അദ്ദേഹം കുറച്ചുവർഷങ്ങൾക്ക് ശേഷം മടങ്ങിപ്പോയതോടെ ഡിസ്പൻസറി യുടെ പ്രവർത്തനം നിലച്ചു പോയതായാണ് അറിയുന്നത്.

അഞ്ചാലുംമൂട്

അടുത്തടുത്തായി അഞ്ചുആലുകൾ നിന്നിരുന്നതുകൊണ്ട് അഞ്ചുമൂട് ആലുകളുടെ സ്ഥലം എന്ന അർത്ഥകല്പനയിലൂടെയാണ് 'അഞ്ചാലുംമൂട്' എന്ന സ്ഥലനാമമുണ്ടായതെന്നാണ് പറയപ്പെടുന്നത്. പെരിനാട് പകുതിയുടെ ആസ്ഥാനം അഞ്ചാലുംമൂട്ടിലായിരുന്നു. കുണ്ടറമുതൽ കോട്ടയത്തു കടവുവരെയുള്ള റോഡു പാലിയഴികത്തു നാരായണപിള്ളയുടെ നേതൃത്വത്തിൽ വെട്ടിയിട്ടുള്ളതാണ്. അക്കാലത്ത വഴിയാത്രക്കാരുടെ വിശ്രമത്തിന് ചുമടുകൾ ഇറക്കിവക്കുന്നതിന് വേണ്ടി അഞ്ചാലുംമൂട്ടിൽ വഴിയമ്പലവും അതിനോട് ചേർന്ന് ഒരുചുമടു താങ്ങിയും സ്ഥാപിച്ചിരുന്നു. അവ നിന്നിരുന്ന സ്ഥാനത്താണ് തൃക്കടവൂർ വില്ലേജാഫീസും വെയിറ്റിംഗ്ഷെഡും ഇന്ന് സ്ഥിതിചെയ്യുന്നത്. ഇരുപതാം നൂറ്റാണ്ടിനുമുമ്പു തന്നെ അഞ്ചാലുംമൂട് ഒരു വ്യാപാരകേന്ദ്രമായിരുന്നുവെന്നാണ് പ്രായാധിക്യം വന്നിട്ടുള്ളവരിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്. ഇന്നത്തെ തൃക്കരുവാ, മൺട്രോത്തുരുത്ത്, പെരിനാട് തുടങ്ങിയ വില്ലേജുപ്രദേശങ്ങളിലുള്ളവർക്കെല്ലാം കയർ, നെയ്തുതുണി, കാർഷികവിഭവങ്ങൾ, മരം-ഇരുമ്പു സാധനങ്ങൾ തുടങ്ങിയവ വിൽക്കുന്നതിനും ഉപഭോഗവസ്തുക്കൾ വാങ്ങുന്നതിനും അഞ്ചാലുംമൂട് ചന്ത മാത്രമാണ് ആശ്രയമായിരുന്നത്. അമ്പതു വർഷങ്ങൾക്കു മുൻപുതന്നെ ഇവിടെ മൊത്തവ്യാപാരസ്ഥാപനങ്ങൾ ഉണ്ടായിരുന്നതായും ദൂരെ പ്രദേശങ്ങളിലെ ചെറുവ്യാപാരികൾ ഇവിടെവന്നു സാധനങ്ങൾ വാങ്ങി കൊണ്ടുപോകുകയും ചെയ്തിരുന്നു. അഞ്ചാലുംമൂടിന് ഒരു കിലോമീറ്റർ തെക്ക് കോട്ടക്കകം പ്രദേശത്ത് (സി.കെ.പി) മാസത്തിലൊരിക്കൽ നടന്ന കാളചന്തയും നാല്പതുവർഷങ്ങൾക്ക് മുൻപ് വരെ നിലനിന്നിരുന്നു . അതിന്റെ ഫലമായി അക്കാലത്തുതന്നെ അവിടെ ചെറിയതോതിലുള്ള വ്യാപാരസ്ഥാപനങ്ങൾ നടന്നുവന്നിരുന്നു.

കൃഷി, മത്സ്യബന്ധനം, കയർ ഉൽപാദനം, നെയ്ത് തുടങ്ങിയ പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടാണ് നൂറ്റാണ്ടുകളായി ഇവിടുത്തെ ജനങ്ങൾ ജീവിതം നയിച്ചിരുന്നത്. കയർ വ്യവസായം പുഷ്ടിപ്പെട്ടുവന്നതോടെ കാലാന്തരത്തിൽ നെയ്തുവ്യവസായം അന്തർത്ഥാനം ചെയ്തു. മരപ്പണി, ലോഹപ്പണി നിർമ്മാണം തുടങ്ങിയ തൊഴിലുകളും നിലനിന്നിരുന്നു. കയർ വ്യവസായവും മത്സ്യബന്ധനവും ഇന്നും പ്രധാന തൊഴിൽ മേഖലയായി നിലനിൽക്കുകയാണ്.

കൊല്ലം കേന്ദ്രമായി 1948-50 കാലത്തു കോളേജുകൾ സ്ഥാപിക്കപ്പെട്ടതോടെ ഉന്നതവിദ്യാഭ്യാസം നേടുന്നതിനുള്ള സൗകര്യംലഭിക്കുകയും അതിന്റെ ഫലമായി ഒട്ടേറെ പേർക്ക്

യോഗ്യതനേടി ഔദ്യോഗികരംഗങ്ങളിലെത്തിച്ചേരാനും കഴിഞ്ഞിരിക്കുന്നു. ഇന്നു ജനസംഖ്യയിൽ പത്തുശതമാനത്തോളം പേർ ഔദ്യോഗികവൃത്തികൾ സ്വീകരിച്ചു ജീവിതം നയിക്കുന്നവരാണ്. എഞ്ചിനിയറിംഗ്, പോളിടെക്നിക്, ഐ.ടി.ഐ തുടങ്ങിയ സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ വന്നതോടെ ആ രംഗത്ത് വിദ്യാഭ്യാസം ലഭിച്ച് തൊഴിൽ നേടുയിട്ടുള്ള ഒട്ടേറെപേർ നമ്മുടെ ഗ്രാമത്തിലുണ്ട്.

അയിത്തവ്യവസ്ഥകൾ കാർക്കശ്യമായിരുന്ന കാലത്തും ജാതിവിവേചനവും ജാതിവ്യവസ്ഥകളും താരതമ്യേനകുറവായിരുന്ന പ്രദേശമാണിതെന്നാണറിയാൻ കഴിഞ്ഞത് ഹിന്ദു-മുസ്ലീം-ക്രിസ്ത്യൻ മതവിഭാഗങ്ങൾ തമ്മിൽ അറിയാൻകഴിഞ്ഞിടത്തോളം മതസൗഹാർദ്ദം നിലനിന്നിരുന്ന പ്രദേശമായാണ് നമ്മുടെ ഗ്രാമത്തെ കാണേണ്ടത്. വൻ ഭൂവുടമകളില്ലാതിരുന്നതുകൊണ്ട് ജന്മിത്വത്തിന്റെ കാർക്കശ്യവും കുറവായിരുന്നു. ആ കാരണം കൊണ്ടുതന്നെ ജന്മിത്വത്തിനെതിരായ സമരങ്ങൾ സംഘടിത രൂപത്തിൽ ഇവിടെ ഉണ്ടായതുമില്ല. ജാതിവിവേചനത്തിനും ജന്മിത്വത്തിനും എതിരായിനടന്നുവന്നിരുന്ന കർഷകരാദി ജനവിഭാഗങ്ങളുടെ സംഘടിതസമരങ്ങളാണ് ദേശിയപ്രസ്താനങ്ങളിലേക്കും സമരങ്ങളിലേക്കും രൂപാന്തരപ്പെട്ടുവന്നത്. അത്തരമൊരു ഭൗതികസാഹചര്യം ഇല്ലാതിരുന്നതുമൂലം സ്വാതന്ത്ര്യസമരവുമായോ കർഷകസമരവുമായോ ബന്ധ

പ്പെട്ട്എടുത്തുപറയാവുന്ന സംഭവങ്ങളൊന്നും തന്നെ നമ്മുടെ ഗ്രാമത്തിലുണ്ടായിട്ടില്ല. അതേ സമയം ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ നേതൃത്വത്തിലുണ്ടായ ദേശീയപ്രസ്താനത്തോടുള്ള ആഭിമുഖ്യത്താൽ ഖാദി പ്രസ്താനവും വാളണ്ടിയർ പ്രസ്താനവും ആരംഭിക്കുകയും പ്രക്ഷോപണ സമരങ്ങളിൽ പങ്കെടുത്ത് നിരവധി പേർ അറസ്റ്റ് വരിക്കുകയും നിരവധി പേർ ജയിലിൽ പോകുകയും ചെയ്തിട്ടുണ്ട്. ആയിരത്തിതൊള്ളായിരത്തി അമ്പതുകളോടെ ഇടതുപക്ഷപ്രസ്താനങ്ങൾ ശക്തിപ്പെട്ടു വരികയും ട്രേഡുയൂണിയൻ പ്രസ്ഥാനങ്ങൾ ആരംഭിക്കുകയും ചെയ്തു. അതോടെ കയർ തൊഴിലാളിരംഗത്ത് പ്രക്ഷോപണങ്ങളും സമരങ്ങളും ആരംഭിച്ചു. മിനുമം വേജസിന് വേണ്ടി 1973-ൽ സംയുക്ത സമരസമിതിയുടെ നേതൃത്വത്തിൽ നടന്നകയർ സമരം തൊഴിലാളികളിൽ സമരമനോഭാവം ശക്തിപ്പെടുന്നതിനും വ്യവസായത്തിൽ സഹകരണമേഖലയ്ക്ക് പ്രാമുഖ്യം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിപ്പിക്കാനും കഴിഞ്ഞിരുന്നു.

രാഷ്ട്രം മതേതരത്വ ജനാധപത്യ റിപ്പബ്ലിക്കായി പ്രഖ്യാപിച്ചതോടെ ജനാധിപത്യസംവിധനങ്ങളെക്കുറിച്ച് ചർച്ചകൾ തുടങ്ങി. അതിന്റെ ഫലമായാണ് തിരു-കൊച്ചി പഞ്ചായത്ത് ആക്ട് പ്രാബല്യത്തിൽ വരികയും 1953-ൽ ആദ്യത്തെ പഞ്ചായത്ത് സമിതികളിലേക്കുള്ള തെരഞ്ഞെടുപ്പു നടന്നതും.

നമ്മുടെ ആദ്യ പഞ്ചായത്തു സമിതിയുടെ പ്രസിഡന്റ് കടവൂർ സി.കെ. ഗോവിന്ദപ്പിള്ളയായിരുന്നു. കെ. ഭാസ്കരൻ, എൽ. പാച്ചൻ പിള്ള, എൻ. അയ്യപ്പൻ, എൻ. ശങ്കരപ്പിള്ള, വി. ജോസഫ്, ജി. കരുണാകരൻ, ജെ. ചിത്തരഞ്ജൻ എന്നിവർ അംഗങ്ങളുമായിരുന്നു. ജെ. ചിത്തരഞ്ജൻ ഇപ്പോൾ പ്രമുഖട്രേഡ്യൂണിയൻ നേതാവും സി.പി.ഐ. ഓൾ സെന്ട്രൽ എക്സിക്യുട്ടീവ് കമ്മിറ്റി അംഗവുമാണ്.

1963-ൽ കേരളാപഞ്ചായത്തു ആക്ട് നിലവിൽ വരികയും തെരഞ്ഞെടുപ്പു നടത്തുകയും ചെയ്തു. റ്റി.കെ. ഗോപിനാഥ ക്കുറുപ്പു പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട പ്രസ്തുതസമിതിയിൽ ഏ. സുകുമാരൻ കൊച്ചുമുക്കട, എൻ. രാഘവൻപിള്ള, ഇ. ഭാസ്കരൻ, ഏ. ഗോപിനാഥൻപിള്ള, പി.പി. കുഞ്ഞച്ചൻ, ആർ. ശിവദാസൻപിള്ള, പി. തങ്കപ്പൻപിള്ള, കെ. നാണപ്പൻ, കെ. ശ്രീധരൻപിള്ള എന്നിവർ അംഗങ്ങളായിരുന്നു. യഥാസമയം തെരഞ്ഞെടുപ്പു നടക്കാതിരുന്നതുമൂലം കാലാവധികൾ നീട്ടികൊടുത്തതിന്റ ഫലമായി 1979-വരെയുള്ള പതിനാറുവർഷം ഈ സമിതി അധികാരത്തിൽ തുടന്നിരുന്നു.

ശ്രീ. ജി. കരുണാകരൻ പ്രസിഡന്റായുള്ള പഞ്ചായത്തുസമിതിയാണ് 1979-ൽ അധികാരത്തിൽ വന്നത്. പ്രസ്തുതസമിതിയിൽ കടവൂർ ബാലൻ, കുറ്റിയിൽ സോമൻ, ചിത്രഭാനു, ഇ. ഭാസ്കരൻ, കെ. ശ്രീധരൻപിള്ള, പി.ആർ. രാധാകൃഷ്ണൻ നായർ, K. ബാബുരാജൻ, കുഴിവിളരാമചന്ദ്രൻ പിള്ള, രുഗ്മിണിഅമ്മ, കുഞ്ഞുണ്ണിപിള്ള എന്നിവർ അംഗങ്ങളായിരുന്നു.

കാലാവധിയായ 1984-ൽ ഈ സമിതി പിരിഞ്ഞുപോയെങ്കിലും 1988-വരെ തെരഞ്ഞെടുപ്പു നടക്കാതിരുന്നതുമൂലം ഉദ്യോഗസ്ഥഭരണമാണ് നടന്നിരുന്നത്. 1988-ൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. എൻ. ദിവാകരൻ പ്രസിഡന്റായ സമിതിയാണ് അധികാരത്തിൽ വന്നത്. പ്രസ്തുതസമിതിയിൽ L. സരസ്വതിയമ്മ, കുറ്റിയിൽ സോമൻ, K. സുധാകരൻ, R. വിജയകുമാർ, R.സോമനാഥപിള്ള, A. ജോൺപാട്രിക്, R. ബാബുരാജ്, K. അബ്ദുൽ റഹൂമാൻ, S. ഇന്ദിരാഭായി അമ്മ, സേവ്യർ മദനവിള, വില്യം ജോർജ്ജ് എന്നിവർ അംഗങ്ങളായിരുന്നു. 1995 സെപ്തംബർ വരെ ഈ സമിതി അധികാരത്തിൽ തുടർന്നിരുന്നു.

1994- ൽ പഞ്ചായത്തീരാജ് നിയമം പ്രാബല്യത്തിൽ വരികയും അതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തു സമിതികളിലേക്കു 1995 സെപ്തംബറിൽ തെരഞ്ഞെടുപ്പു നടത്തുകയും ചെയ്തു. തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽവന്ന സമിതിയാണ് ഇപ്പോൾ നിലവിലുള്ളത്. സമിതിയിലെ അംഗങ്ങൾ S. നസീർഖാൻ, കുറ്റിയിൽ സോമൻ, മഹേശ്വരിഅമ്മ, ആർ ഷമീം, കെ, ആർ. മണി. എൻ. ദിവാകരൻ, മോളീ ബാബു, A. ശ്രീകുമാർ, R. ബാലകൃഷ്ണപിള്ള, B. ഉണ്ണി. K.R. യശോധരൻപിള്ള, ലളിതാസുകേശൻ, വില്യം ജോർജ്ജ് എന്നിവരാണ്. ശ്രീ. കുറ്റിയിൽ സോമൻ ആദ്യത്തെ എട്ടുമാസക്കാലം പ്രസിഡന്റായിതുടരുകയും തുടർന്ന് ശ്രീ. വില്യം ജോർജ്ജ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. വില്യം ജോർജ്ജ് പ്രസിഡന്റായ സമിതിയാണ് നിലവിലുള്ളത്.

ഭൂപ്രകൃതി ജനപ്രകൃതി ജലപ്രകൃതി

അഷ്ടമുടിക്കായലിന്റെ തീരത്ത് കൊല്ലം നഗരത്തിന്റെ വടക്കുഭാഗത്ത് തൃക്കടവൂർ ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നു. കായലിന്റെ സാമീപ്യവും നഗരജീവിത സ്വാധീനവും പഞ്ചായത്തിനെ സമ്പന്നമാക്കുന്നു. നാഗരീകതയുടേയും ഗ്രാമീണതയുടേയും സമരസപ്പെടലിന്റെ വിഭിന്നരൂപങ്ങൾ ജനജീവിതത്തിൽ കാണാവുന്നതാണ്. മത്സ്യബന്ധനവും കയർമേഖലയും കൈകോർത്ത് ഇഴപിരിയാതെ പഞ്ചായത്തിനെ സജീവമാക്കുന്നു. പ്രകൃതിയുടെ വരദാനമായ അഷ്ടമുടിക്കായലിനാൽ ചുറ്റപ്പെട്ടതാണ് പഞ്ചായത്തിന്റെ ഭൂരിഭാഗവും. കായലിനോട് ചേർന്നുകിടക്കുന്ന തീരപ്രദേശങ്ങളും താഴ്വരകളും ചരിവ് പ്രദേശങ്ങളും താരതമ്യേന ഉയർന്നപ്രദേശങ്ങളും ഉൾപ്പെടുന്നതാണ് തൃക്കടവൂർ ഗ്രാമപഞ്ചായത്ത്. വിഭിന്നഭൂവിഭാഗങ്ങളാൽ സവിശേഷത അർഹിക്കുന്നു.

തെക്കൻ ഇടനാട് മേഖലയിലുൾപ്പെട്ടതാണ് തൃക്കടവൂർ ഗ്രാമപഞ്ചായത്ത്.

അക്ഷാംശം 8 54നും 8 56നും രേഖാശം 77 34 നും 77 36നും ഇടയിൽ കൊല്ലം ജില്ലയിൽ കൊല്ലംതാലൂക്കിൽ തൃക്കടവൂർ പഞ്ചായത്ത് സ്ഥിതിചെയ്യുന്നു. തൃക്കടവൂർ വില്ലേജിലുൾപ്പെട്ടതാണ് തൃക്കടവൂർ ഗ്രാമ പഞ്ചായത്ത്.

പഞ്ചായത്തിന്റെ വടക്കുഭാഗത്തായി തൃക്കരുവ പഞ്ചായത്തും തെക്കുഭാഗത്തായി കൊല്ലം മുൻസിപ്പാലിറ്റിയും കിഴക്കുഭാഗത്തായി കിളികൊല്ലൂർ പഞ്ചായത്തും വടക്കുകിഴക്കുഭാഗത്തായി പെരിനാട് പഞ്ചായത്തും പടിഞ്ഞാറു ഭാഗത്ത് ശക്തികുളങ്ങര പഞ്ചായത്തുമായി 14.85 ച.കി.മീ ൽ തൃക്കടവൂർ ഗ്രാമപഞ്ചായത്ത് വ്യാപിച്ചുകിടക്കുന്നു.

ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തിനെ വിവിധ മേഖലകളായി തിരിക്കാം. (ഭൂപടം)

1. ഉയർന്ന സമതലം
2. മിതമായ ചരിവ് പ്രദേശങ്ങൾ
3. ചെറുചരിവ് പ്രദേശങ്ങൾ
4. താഴ്വരകൾ
5. തീരസമതലം
6. തുരുത്തുകൾ

ഭൂവിഭാഗങ്ങളും വിസ്തൃതിയും പട്ടിക – 1 ൽ ചേർത്തിരിക്കുന്നു.

പട്ടിക – 1 ഭൂവിഭാഗങ്ങൾ (Cess Report)

ഭൂവിഭാഗങ്ങൾ	വിസ്തീർണ്ണം (ഹെക്ടറിൽ)	ശതമാനം
ഉയർന്ന സമതലങ്ങളും ചരിവ് പ്രദേശങ്ങളും	723	48.6
താഴ്വര പ്രദേശങ്ങളും തീര സമതലങ്ങളും	762	51.4
ആകെ	1485	100

അവലംബം : വിഭവഭൂപടങ്ങൾ, പര്യടനം

ഉയർന്ന സമതലങ്ങൾ

താരതമ്യേന ഉയർന്ന ഭൂപ്രദേശങ്ങളാണ് ഉയർന്ന സമതലങ്ങൾ. പഞ്ചായത്തിലെ എല്ലാ വാർഡുകളിലുമായി ഉയർന്ന സമതലങ്ങൾ വ്യാപിച്ചുകാണപ്പെടുന്നു. വെട്ടുകൽ മണ്ണാണ് സാധാരണയായി കണ്ടുവരുന്നത്. ജലലഭ്യത താരതമ്യേന കുറവാണ് തെങ്ങ്. മറ്റ് മിശ്രിതവിളകൾ എന്നിവയാണ് പ്രധാന കൃഷിയിനങ്ങൾ.

ചരിവ് പ്രദേശങ്ങൾ

മിതമായ ചരിവ്. ചെറുചരിവ് എന്നീ വിഭാഗങ്ങളിലായി പഞ്ചായത്തിലെ ചരിഞ്ഞ ഭൂപ്രദേശങ്ങളെ വേർതിരിക്കാവുന്നതാണ്. ചില പ്രദേശങ്ങളിൽ ചെറിയ തോതിൽ കുത്തനേയുള്ള ചരിവും കണ്ടുവരുന്നു. ഇവിടെയും പ്രധാനമായും വെട്ടുകല്ലാണുള്ളത്. കൂടാതെ ചരൽമണ്ണും കാണപ്പെടുന്നു. ജലലഭ്യത കുറവാണ്. മണ്ണൊലിപ്പിന്റെ സാധ്യതയുള്ള പ്രദേശങ്ങളാണ്.

താഴ്വരകൾ

ചരിവ്പ്രദേശങ്ങളുടെ തുടർച്ചയായി തീരസമതലങ്ങളുമായി ബന്ധപ്പെട്ട് പഞ്ചായത്തിലെ താഴ്വര പ്രദേശങ്ങൾ കാണാവുന്നതാണ്. പാടശേഖരങ്ങൾ താഴ്വരകളിലുൾപ്പെടുന്നു. എക്കൽ മണ്ണാണ് കൂടുതലായി കണ്ടുവരുന്നത്. ജലലഭ്യതയുടെ അളവ് താരതമ്യേന കൂടുതലാണ്. നെല്ല്, വാഴ, കപ്പ, ഇടവിളകൾ എന്നിവ പ്രധാനമായും കൃഷിചെയ്യുന്നു. വ്യാപകമായ തോതിൽ താഴ്വരപ്രദേശങ്ങൾ പല ആവശ്യങ്ങൾക്കായി നികത്തുന്നുണ്ട്.

തീരസമതലങ്ങൾ

കായലിനോട് ചേർന്ന് തീരസമതല പ്രദേശങ്ങൾ കാണപ്പെടുന്നു. മണൽ കലർന്ന എക്കൽമണ്ണാണ് കൂടുതലും. പ്രധാനമായും തെങ്ങ് കൃഷിചെയ്യുന്നു. താരതമ്യേന ജലലഭ്യതയുള്ള പ്രദേശങ്ങളാണ് തീരസമതലങ്ങൾ.

മേൽപ്പറഞ്ഞവ കൂടാതെ സെന്റ് ജോർജ്ജ് തുരുത്ത്, സെന്റ് തോമസ് തുരുത്ത് എന്നീ തുരുത്ത് പ്രദേശങ്ങളും മഠത്തിൽ കായൽവാരം മുതൽ ഇരട്ടക്കടവ് വരെയുള്ള തീരപ്രദേശവും തൃക്കടവൂർ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്നു. തെങ്ങാണ് പ്രധാനകൃഷി. ചേറുകലർന്ന മണൽ പ്രദേശങ്ങളാണ്. മത്സ്യബന്ധനമാണ് പ്രധാന തൊഴിൽ.

സമുദ്ര നിരപ്പിൽ നിന്നുള്ള ഉയരത്തെ അടിസ്ഥാനമാക്കി പഞ്ചായത്തിനെ 10 മീറ്ററിനുതാഴെ, 10 മീറ്റർ മുതൽ 20 മീറ്റർവരെ എന്നിങ്ങനെ രണ്ടായി തിരിക്കാം. (ഭൂപടം - 2) നിമ്നോന്നത മേഖലകളും അവയുടെ വിസ്തൃതിയും പട്ടിക 2ൽ ചേർക്കുന്നു.

പഞ്ചായത്തിലെ ഏറ്റവും ഉയർന്ന ഭാഗം അഞ്ചാലുംമൂടും സമീപപ്രദേശങ്ങളുമാണ്. പഞ്ചായത്ത് കിഴക്ക് ഭാഗങ്ങളായ കോട്ടയ്ക്കകവും കടവൂരും താരതമ്യേന ഉയർന്ന പ്രദേശങ്ങളാണ്.

പഞ്ചായത്തിൽ പ്രധാനമായും വെട്ടുകൽ മണ്ണ്, എക്കൽ മണ്ണ് എന്നിവ കാണപ്പെടുന്നു. ഉയർന്ന പ്രദേശങ്ങളിലും ചരിവ് ഭൂഭാഗങ്ങളിലും സാധാരണയായി വെട്ടുകൽമണ്ണ് കണ്ടുവരുന്നു. ചരൽ കലർന്ന മണ്ണ്, ചെമ്മണ്ണ് എന്നിവയും കണ്ടുവരുന്നു. താരതമ്യേന ജലലഭ്യത കുറവാണ്. പ്രധാനമായും തെങ്ങും മറ്റ് മിശ്രിതവിളകളും കൃഷിചെയ്യുന്നു. താഴ്വര പ്രദേശങ്ങളിൽ എക്കൽ മണ്ണ് കാണപ്പെടുന്നു. ജലലഭ്യതയുടെ അളവ് കൂടുതലാണ്. പ്രധാനമായും നെല്ല്, തെങ്ങ്, വാഴ എന്നിവ കൃഷിചെയ്യപ്പെടുന്നു. ഇവകൂടാതെ തീരസമതലങ്ങളിൽ മണൽ കലർന്ന എക്കൽ മണ്ണാണുള്ളത്.

പഞ്ചായത്തിൽ മൺസൂൺ കാലാവസ്ഥ അനുഭവപ്പെടുന്നു. ജൂൺ ജൂലായ് മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. മാർച്ച്-മേയ് മാസങ്ങളിൽ ഏറ്റവും കുറച്ച് മഴ ലഭിക്കുന്നു. മൂന്നുവശവും കായലിനാൽ ചുറ്റപ്പെട്ടുകിടക്കുന്ന പഞ്ചായത്തിന്റെ കാലാവസ്ഥയെ സ്വാധീനിക്കുന്ന ഒരു ഘടകം കായലിന്റെ സാമീപ്യമാണ്. കായൽകാറ്റ് ഭൂപ്രകൃതിയെയും ജനങ്ങളെയും സ്വാധീനിക്കുന്നു.

പട്ടിക - 2
നിമ്നോന്നത മേഖലകൾ

നിമ്നോന്നതമേഖല	വിസ്തീർണ്ണം (ഹെക്ടറിൽ)	ശതമാനം
10 മീറ്റിനു താഴെ	1465	98.6
10 മീറ്ററിനും 20 മീറ്ററിനും ഇടയിൽ	20	1.4
ആകെ	1485	100

അവലംബം: വിഭവഭൂപടങ്ങൾ, പഠനപര്യടനം

ജനപ്രകൃതി

മനുഷ്യവിഭവത്തിന്റെ കാര്യത്തിൽ തൃക്കടവൂർ ഗ്രാമപഞ്ചായത്ത് സമ്പന്നമാണ്. 1991 ലെ കനേഷുമാരി കണക്കുകൾ പ്രകാരം പഞ്ചായത്തിലെ ജന

സംഖ്യ 35,859 ആണ്. പഞ്ചായത്തിലെ ജനസാന്ദ്രത 2415 ആണ്. വിശദവിവരം പട്ടിക – 4ൽ ചേർത്തിരിക്കുന്നു.

ജനസംഖ്യ പട്ടിക പരിശോധിച്ചാൽ പഞ്ചായത്തിൽ പുരുഷന്മാരെക്കാൾ 475 എണ്ണം സ്ത്രീകൾ കൂടുതലാണെന്ന് കാണാവുന്നതാണ്. പഞ്ചായത്തിലാകെ 7304 കുടുംബങ്ങളുണ്ട്. ഇവയിൽ 72% (5242 കുടുംബങ്ങൾ) ഹിന്ദു കുടുംബങ്ങളും 19% (1362 കുടുംബങ്ങൾ) ക്രിസ്ത്യൻ കുടുംബങ്ങളും 9% മുസ്ലീം കുടുംബങ്ങളുമാണ്. വാർഡുതിരിച്ചുള്ള വിവരം പട്ടികയിൽ ചേർത്തിരിക്കുന്നു.

പഞ്ചായത്തിലെ സാക്ഷരതാ നിരക്ക് ..... ആണ്. മൊത്തം ജനസംഖ്യയുടെ മൂന്നിലൊന്ന് ഭാഗം കയർ മേഖലയിൽ പ്രവർത്തിക്കുന്നു. മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ഗണ്യമായ വിഭാഗം പണിയെടുക്കുന്നു. കൂടാതെ കാർഷിക-വ്യാപാര-നിർമ്മാണ-സർവ്വീസ് രംഗങ്ങളിലും പഞ്ചായത്തിലെ ജനങ്ങൾ വ്യാപൃതരാണ്. അഭ്യസ്തവിദ്യരുടെ തോത് വളരെ കൂടുതലാണ്. അവർക്കിടയിലെ തൊഴിലില്ലായ്മ അതിരൂക്ഷമാണ്. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ ജനങ്ങൾക്കിടയിൽ നഗരജീവിതത്തിന്റെ സ്വാധീനം കാണാൻ കഴിയും. കൊല്ലം പട്ടണവുമായി ചേർന്നുകിടക്കുന്ന പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും പട്ടണത്തിലെ വിദ്യാഭ്യാസ, സേവന, വ്യാപാരസൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്. പ്രധാന തൊഴിൽ മേഖലയായ കയർ വ്യവസായവുമായി ബന്ധപ്പെടുത്തി ധാരാളം സ്ത്രീകൾ പണിയെടുക്കുന്നുണ്ട്.

ആസൂത്രണത്തിന്റെ തയ്യാറെടുപ്പിലും നിർവ്വഹണത്തിലും ജനപങ്കാളിത്തം ഉറപ്പുവരുത്താനുള്ള സാധ്യത പഞ്ചായത്തിലുണ്ട്. അനുയോജ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്.

ജലപ്രകൃതി


മൂന്നുവശവും കായലിനാൽ ചുറ്റപ്പെട്ടുകിടക്കുന്ന പ്രദേശമാണ് തൃക്കടവൂർ ഗ്രാമപഞ്ചായത്ത്. മഴയാണ് പ്രധാന ജലലഭ്യതാമാർഗ്ഗം. കുളങ്ങൾ തോടുകൾ എന്നിവയാണ് പ്രധാന ഉപരിതല ജലസ്രോതസ്സുകൾ. പഞ്ചായത്തിലെ പ്രധാന തോടുകളുടെയും കുളങ്ങളുടെ വിശദവിവരം പട്ടിക – 6ൽ ചേർത്തിരിക്കുന്നു.

ഉപരിതല മൺതരങ്ങളുടെ വിസ്തൃതി പട്ടികയിൽ ചേർത്തിരിക്കുന്നു.

പട്ടിക 3

മൺതരങ്ങൾ	വിസ്തീർണ്ണം ഹെക്ടറിൽ	ശതമാനം
വെട്ടുകൽമണ്ണ്	723	48.6
എക്കൽമണ്ണ് (മണൽ ഉൾപ്പെടെ)	762	51.4
ആകെ	1485	100

അവലംബം: വിഭവഭൂപടങ്ങൾ പഠനപര്യടനം



ഹിന്ദു കുടുംബങ്ങൾ

ക്രിസ്ത്യൻ കുടുംബങ്ങൾ

മുസ്ലീം കുടുംബങ്ങൾ

പട്ടിക –4

		പട്ടികജാതി		പട്ടികവർഗ്ഗം	
പുരുഷൻ	17692	പുരുഷൻ	1420	പുരുഷൻ	3
സ്ത്രീ	18167	സ്ത്രീകൾ	1508	സ്ത്രീകൾ	3
ആകെ	35859	ആകെ	2928	ആകെ	6

അവലംബം : 1991 സെൻസസ്

പട്ടിക 5 ജനസംഖ്യ (കുടുംബങ്ങളുടെ എണ്ണം)				
വാർഡ് നമ്പർ	ഹിന്ദുകുടംബങ്ങൾ	ക്രിസ്ത്യൻ കുടുംബങ്ങൾ	മുസ്ലീം കുടുംബങ്ങൾ	ആകെ
1	744	14	144	902
2	703	17	174	794
3	293	52	38	383
4	431	08	118	557
5	467	26	17	510
6	366	75	07	448
7	256	209	01	466
8	364	222	04	590
9	261	52	29	342
10	524	58	124	706
11	480	57	47	584
12	244	260	67	571
13	109	312	30	451
ആകെ	5242	1362	700	7304

അവലംബം: വോട്ടർ പട്ടിക, സെൻസസ് 1991
(ഹിന്ദു വിഭാഗത്തിൽ 578 പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങളും ഉൾപ്പെടും)

പട്ടിക – 6A പ്രധാന തോടുകൾ

തോടുകളുടെ പേര്	നീളം (കി.മീ
കുരീപ്പുഴ ചിറ അയ്യൻ കോയിക്കൽ തോട്	1200 m
ആണികുളത്ത് ചിറ കുപ്പോണിൽ തോട്	320 m
മിതിലിൽച്ചിറ	760 m
കുരീപ്പുഴ തെക്കേച്ചിറ തോട്	650 m

അവലംബം: വിഭവ ഭൂപടങ്ങൾ, പഠനപര്യടനം, പഞ്ചായത്ത് രേഖകൾ

പട്ടിക – 6B പ്രധാന കുളങ്ങൾ

നമ്പർ	കുളങ്ങൾ	വാർഡ്	വിസ്തീർണ്ണം
1.	പുതുവീട്ടിൽ കുളം	1	5 സെന്റ്
2.	കുളങ്ങര കുളം	1	4 സെന്റ്
3.	താവിട്ട് കുളം	1	5 സെന്റ്
4.	നെടിയഴികത്ത് കുളം	1	5 സെന്റ്
5.	മംഗലശ്ശേരി കുളം	1	4 സെന്റ്
6.	കിണറ്റും കരഴികത്ത് കുളം	2	4 സെന്റ്
7.	മാവുന്നഴികത്ത് കുളം	2	3 സെന്റ്
8.	പോങ്ങുംതാഴകുളം	2	4 സെന്റ്
9.	മുതിരവിള കുളം	2	4 സെന്റ്
10.	കോയിവിള കുളം	2	3 സെന്റ്
11.	ചാലിൽ കുളം 14 സെന്റ്	4	15 സെന്റ്
12.	നീരാവിൽ ചെങ്കിലാത്ത് കുളം	4	7 സെന്റ്
13.	തോണിപ്പുര കുളം	4	5 സെന്റ്
14.	കോട്ടയ്ക്കകം കാമ്പിയിൽ ചിറ	5	30 സെന്റ്
15.	കുന്നാടി കുളം	5	5 സെന്റ്
16.	ആറാട്ട് കുളം	6	15 സെന്റ്
17.	നീരാവിൽ ജമാ മത്ത് കുളം	2	7 സെന്റ്
18.	കൊയ്പള്ളി കുളം	6	4 സെന്റ്
19.	വെങ്കേക്കര അമ്പലക്കുളം	7	5 സെന്റ്
20.	മതിലിൽച്ചിറക്കുളം	8	50 സെന്റ്
21.	കുരീപ്പുഴ തെക്കേച്ചിറ	10	25 സെന്റ്
22.	പ്ലാവറക്കാവ് കുളം	11	5 സെന്റ്
23.	അയ്യൻകോയിക്കൽ അമ്പലകുളം	13	10 സെന്റ്
24.	വടക്കേച്ചിറ കുളം	11	11 സെന്റ്
25.	വഞ്ചിപ്പുഴ	11	5 സെന്റ്
26.	കടവൂർ ക്ഷേത്രക്കുളം	6	10 സെന്റ്
27.	തോട്ടുകര കുളം	10	6 സെന്റ്
28.	കുരീപ്പുഴ മുസ്ലീംപള്ളി കുളം	12	5 സെന്റ്

അവലംബം: വിഭവഭൂപടങ്ങൾ, പഠനപര്യടനം, പഞ്ചായത്ത് രേഖകൾ

പട്ടിക – 7 A
കിണറുകളുടെ വിവരങ്ങൾ

പൊതു കിണറുകൾ	76
സ്വകാര്യ കിണറുകൾ	2082
ആകെ	2158

പട്ടിക 7 B
കിണറുകൾ

വറ്റുന്ന കിണറുകൾ	1475
വറ്റാത്ത കിണറുകൾ	683
ആകെ	2158

അവലംബം: വിഭവഭൂപടങ്ങൾ പഠനപര്യടനം.

പഞ്ചായത്തിലാകെ 2158 കിണറുകളുണ്ട്. ഇവയിൽ 1475 എണ്ണം വേനൽക്കാലത്ത് വറ്റുന്നവയും 683 എണ്ണം വറ്റാത്തവയുമാണ്.


76 പൊതു കിണറുകളുമുണ്ട്. വിശദവിവരം പട്ടികയായി ചേർത്തിരിക്കുന്നു.


ധാരാളം കുളങ്ങളും തോടുകളും കായൽ സാമീപ്യവും ഉണ്ടെങ്കിലും പഞ്ചായത്തിന്റെ ജലലഭ്യത രൂക്ഷമായ പ്രതിസന്ധിയിലാണ്. ജലസേചന സൗകര്യങ്ങളുടെ അഭാവം. കുടിവെള്ള ക്ഷാമം എന്നിവ അനുഭവപ്പെടുന്നു. ജല ക്ഷാമം ഭൂപ്രകൃതിയുമായി ബന്ധപ്പെട്ടു കിടക്കുന്നു. താരതമ്യേന ഉയർന്ന പ്രദേശങ്ങളിലും ചരിവ് പ്രദേശങ്ങളിലും ജല ലഭ്യതയുടെ അളവ് കുറവാണ്. താഴ്വര പ്രദേശങ്ങളിൽ ധാരാളം ജലം ലഭിക്കുന്നുണ്ട്. പഞ്ചായത്തിലെ തോടുകളെല്ലാംതന്നെ ഉപയോഗശൂന്യങ്ങളാണ്. കുന്നാടിവയൽ, പാവൂർ ഏല, കടവൂർ ഏല എന്നീ ഭാഗങ്ങളിൽ ഉപ്പുവെള്ളം കയറുന്നതിനാൽ പ്രസ്തുത പ്രദേശങ്ങൾ കൃഷിയോഗ്യമല്ലാതായിത്തീർന്നിരിക്കുകയാണ്.


പഞ്ചായത്തിലെ ഒന്നാം വാർഡിലെ (മുരുന്തൽ എ) ഉയർന്ന പ്രദേശങ്ങളിൽ ജലക്ഷാമം അനുഭവപ്പെടുന്നു. കൂടാതെ തട്ടുവിള (മുരുന്തൽ–ബി) , മതിലിൽ സി പ്രദേശങ്ങളിലും ജലലഭ്യതയുടെ അളവ് കുറവാണ്.


കായൽത്തീരങ്ങളിൽ സ്ഥിതിചെയ്യുന്ന പ്രദേശങ്ങളിലെ കിണറുകളിൽ ഉപ്പുവെള്ളം കയറുന്നതും ജലം ഉപയോഗശൂന്യമായിത്തീരുന്നതും വ്യാപകമായി കണ്ടുവരുന്നു.

പഞ്ചായത്തിലെ ഉപരിതല സ്രോതസ്സുകളുടെയും സംഭരണികളുടേയും ഭൂഗർഭജലത്തിന്റെയും തോത് വർദ്ധിപ്പിക്കേണ്ടതാണ്.



കൊല്ലംജില്ല
ജില്ലാതിർത്തി
പഞ്ചായത്തതിർത്തി
തൃക്കടവൂർപഞ്ചായത്ത്


തൃക്കടവൂർ ഗ്രാമപഞ്ചായത്ത്
കൊല്ലം
പഞ്ചായത്തതിർത്തി
റോഡ്
പാലം


77° 34'
77° 36'
N
5 0 5 കിമീ
തൃക്കടവൂർ ഗ്രാമപഞ്ചായത്ത്.
ഭൂപടം.
പെരിനാട് ഗ്രാമ പഞ്ചായത്ത്
തൃക്കരുവഗ്രാമപഞ്ചായത്ത്.
തിരുവിൻകാവൽ
ശക്തികുളങ്ങര ഗ്രാമപഞ്ചായത്ത്
തിരുമുല്ലവാരം ഗ്രാമപഞ്ചായത്ത്
അഷ്ടമുടികായൽ
കൊല്ലം മുൻസിപ്പാലിറ്റി
പഞ്ചായത്തതിർത്തി
ഉയർന്നപ്രദേശങ്ങൾ
ചരിവ്പ്രദേശങ്ങൾ
താഴ്വരപ്രദേശങ്ങൾ
നീർമറിരേഖ
ചരിവ് ദിശ
77° 34'
77° 36'



◆ സർക്കാരിന്റെ ഭൂമി സംരക്ഷണവും ഉപയോഗവും സംബന്ധിച്ച ഉത്തരവുകൾ ◆


തുടുമ്പുംഗ്രാമപഞ്ചായത്ത്
വാർഡ് വിഭജനം
PO
1
2
3
4
5
6
7
8
9
10
11
12
13
തിരുവിൽക്കായൽ
തുടുമ്പുംഗാംഗ്വിൻ
തേവള്ളി
പഞ്ചായത്തതിർത്തി
വാർഡതിർത്തി
റോഡ്
പഞ്ചായത്താഫീസ്

കൃഷിയും ജലസേചനവും

അഞ്ചിൽ നാലുഭാഗവും അഷ്ടമുടിക്കായലിനാൽ ചുറ്റപ്പെട്ടതും കൊല്ലം നഗരത്തോട് തൊട്ടടുത്ത് സ്ഥിതിചെയ്യുന്നതുമായ തൃക്കടവൂർ ഗ്രാമപഞ്ചായത്തിന്റെ കാർഷിക പ്രാധാന്യം ഇപ്പോഴും നിലനിൽക്കുന്നു. പൂർണ്ണമായും ജന്മിത്വസ്വഭാവമുണ്ടായിരുന്ന ഒരു പ്രദേശമായിരുന്നില്ലായിത്. അൻപതുകൾക്ക് ശേഷം 15 ഏക്കറിൽ കൂടുതൽ ഭൂമിയുണ്ടായിരുന്ന ഉടമകൾ ഇല്ലായിരുന്നു എന്നാണ് മനസ്സിലാക്കുന്നത്. 15 ഏക്കറിനും 5 ഏക്കറിനും ഇടയ്ക്ക് ഭൂമിയുണ്ടായിരുന്ന കുടുംബങ്ങൾ പോലും തുലോം കുറവായിരുന്നു. അതേ സമയം അക്കാലത്ത് മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് ഭൂവുടമകളുടെ എണ്ണം പഞ്ചായത്തിൽ കൂടുതലായിരുന്നു. പാട്ടം പാതിവാര സ്വഭാവത്തിലുള്ള കൃഷിവ്യത്തി നടന്നിരുന്നതായി അറിവില്ല. ഇപ്പോൾ 2സെന്റിനും 10സെന്റിനും ഇടയിൽ ഭൂമികൈവശാവകാശമുള്ള കുടുംബങ്ങളാണ് പകുതിയിലധികവും.

സ്വന്തമായി ഭൂമിയില്ലാത്ത ധാരാളം കുടികിടപ്പുകുടുംബങ്ങൾ പഞ്ചായത്തിലുണ്ടായിരുന്നു. കാർഷിക പരിഷ്കാരം മൂലം കുടികിടപ്പുകാർക്ക് മാത്രമാണ്. കൃഷിഭൂമിലഭിച്ചത്. പാട്ട പാതിവാര സമ്പ്രദായത്തിന്റെ അഭാവമായിരിക്കും ഇതിനുകാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്.

പട്ടിക – 1 കൈവശഭൂമിയുടെ വിസ്തീർണ്ണം

നമ്പർ	നാമമാത്ര കർഷകർ 1 ഹെക്ടറിൽ താഴെ	ചെറുകിട കർഷകർ 1 – 2 ഹെക്ടർ
1.	779	1
2.	687	1
3.	337	3
4.	470	4
5.	424	2
6.	399	1
7.	429	1
8.	378	1
9.	363	1
10.	814	2
11.	508	2
12.	462	2

കുടികിടപ്പവകാശം അംഗീകരിച്ചു ലഭിക്കുന്നതിനു വേണ്ടിയുള്ള നിരവധി പ്രക്ഷോഭസമരങ്ങൾ പഞ്ചായത്തിൽ നടന്നിട്ടുണ്ട്. അതിന്റെ സാഫല്യപൂർത്തീകരണമെന്ന നിലയിൽ എല്ലാകുടികിടപ്പുകാർക്കും "കുടികിടപ്പവകാശം" ലഭിക്കുകയുണ്ടായി. എന്നാൽ ഭൂവുടമ ബന്ധങ്ങളിൽ കാര്യമായമാറ്റം അതുമൂലമുണ്ടായില്ല. പക്ഷേ തുടർന്നുണ്ടായ കുടുംബങ്ങളുടെ ഭാഗംവെയ്ക്കലിലൂടെയും ക്രയവിക്രിയ പ്രക്രിയയിലൂടെയുമാണ് പഞ്ചായത്തിലെ ഭൂവുടമ ബന്ധങ്ങളിൽകാതലായ മാറ്റം സംഭവിച്ചുകൊണ്ടിരിക്കുന്നത്. കൈവശാവകാശഭൂമിയുടെ വിസ്തീർണ്ണം പട്ടികയിൽ ചേർക്കുന്നു.

കൃഷിഭൂമിയുടെ പൊതുസ്വഭാവം

തൃക്കടവൂർ ഗ്രാമപഞ്ചായത്തിനെ ഭൂപ്രകൃതിയനുസരിച്ച് വിവിധമേഖലകളായി തരംതിരിക്കാവുന്നതാണ്. ഉയർന്നഭൂപ്രദേശങ്ങളും ചരിവ് ഭൂപ്രദേശങ്ങളും താഴ്വരപ്രദേശങ്ങളും ഉൾപ്പെടുന്നതാണ് പഞ്ചായത്തിലെ ഭൂപ്രകൃതി. ഉയർന്ന പ്രദേശങ്ങളിലും ചരിവ് പ്രദേശങ്ങളിലും വെട്ടുകൽ വ്യാപകമായി കാണപ്പെടുന്നു. പാടശേഖരങ്ങൾ ഉൾപ്പെടുന്ന താഴ്വരപ്രദേശങ്ങളിൽ എക്കൽമണ്ണാണുള്ളത്. ജലലഭ്യതയുടെ അഭാവവും ജലസേചനസൗകര്യകുറവും പഞ്ചായത്തിനെ ബാധിച്ചിട്ടുണ്ട്. തെങ്ങ്, വാഴ, കപ്പ, നെല്ല്. മറ്റ് ഇടവിളകൾ പ്രധാനമായും കൃഷിചെയ്യുന്നു.

കാർഷിക പുരോഗതിയുടെ തുടക്കം മതൽ നാളീകേരകൃഷിക്ക് മുൻതൂക്കം നൽകിവന്നിരുന്നു. 1960-വരെ തെങ്ങുകൾ പാട്ട, ഒറ്റിവ്യവസ്ഥകളിൽ നൽകിയിരുന്നതിൽ നിന്നും ഈ കൃഷിയുടെ പ്രാധാന്യം മനസ്സിലാക്കാവുന്നതാണ്. ഭൂപ്രകൃതിയുടെ വ്യത്യാസങ്ങൾ പരിഗണിക്കാതെ വ്യാപകമായി ഇപ്പോഴും നാളികേരകൃഷി തുടരുന്നുണ്ട്. 1960 മുതൽ നാളികേരകൃഷി നേരിടുന്ന കാറ്റുവീഴ്ച, ഓലചീയൽ, മണ്ടചീയൽ തുടങ്ങിയ രോഗങ്ങൾ നാളീകേരകർഷകരെ മാനസികമായി തളർത്തുന്നുണ്ട്. 1980-ൽ തെങ്ങുരോഗത്തിനുള്ള മരുന്നുപ്രയോഗം ഫലപ്രദമായി പഞ്ചായത്ത് ഏറ്റെടുത്തെങ്കിലും സർക്കാർ പിൻവാങ്ങിയതുമൂലം പ്രയോജനകരമായിരുന്ന പ്രസ്തുതപദ്ധതി തുടരാൻ കഴിഞ്ഞില്ല.

രണ്ടാംലോകമഹായുദ്ധത്തിന് മുൻപ് വിളപ്രദേശങ്ങളിൽ മാത്രമായിരുന്നു കപ്പകൃഷി ചെയിതിരുന്നത്. യുദ്ധവുമായി ബന്ധപ്പെട്ട് അനുഭവപ്പെട്ട രൂക്ഷമായ ഭക്ഷ്യക്ഷാമംമൂലം പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും കർഷകർ കപ്പകൃഷി ചെയ്യനാരംഭിച്ചു. ഭക്ഷ്യക്ഷാമം പരിഹരിക്കപ്പെട്ടതോടെ കപ്പകൃഷിയിലുള്ള താല്പര്യം കുറയുകയും ഇപ്പോൾ നാമമാത്രമായ നിലയിൽ അത് അവശേഷിക്കുകയും ചെയ്തിരുന്നു.

പഞ്ചായത്തിലെ ആകെ പാടശേഖരങ്ങളിൽ [56.47 ഹെക്ടർ] 20 ഹെക്ടർ പ്രദേശത്തുമാത്രമാണ് ഇപ്പോൾ നെൽകൃഷി കണ്ടുവരുന്നത്. താമസാവശ്യത്തിനും മറ്റ്കൃഷികൾ ചെയ്യുന്നതിനും വേണ്ടി നികത്തിയതിന്റെ ഫലമായി മതിലിൽചിറ, നീരാവിൽ ഏല, [കുരീപ്പുഴ തെക്കും വടക്കും ഏല] എന്നീ നെൽപ്പാടങ്ങൾ പൂർണ്ണമായി അപ്രത്യക്ഷമായി.

പഞ്ചായത്തിലെ വാഴകൃഷിയുടെ ചരിത്രംപരിശോധിച്ചാൽ കാര്യമായ വ്യതിയാനം കാണാവുന്നതാണ്. 70-കൾ വരെ പ്രാധാന്യത്തോടെ വാഴകൃഷി ഉണ്ടായിരുന്നെങ്കിലും 70-85 കാലയളവിൽ രോഗബാധയിൽ വാഴകൃഷിയിൽ വ്യാപകമായ മാന്ദ്യം അനുഭവപ്പെട്ടു. എങ്കിലും 90-കളിൽ വാഴകൃഷിരംഗത്ത് ആശാവഹമായ പുരോഗതി കാണാവുന്നതാണ്.

തെങ്ങ് കൃഷിയോടൊപ്പം തന്നെ അടയ്ക്കാകൃഷിയും ചെയ്തിരുന്നതായികാണാവുന്നതാണ്. ഭൂമിചെറുതുണ്ടുകളായി മാറിയതും അടയ്ക്കയുടെ വിലയിൽ വന്നവ്യതിയാനവും ഈ കൃഷിയുടെ വ്യാപനത്തെ പ്രതികൂലമായി ബാധിക്കുകയും അടയ്ക്കാകൃഷി കുറഞ്ഞുവരികയും ചെയ്തുവരുന്നു. അടയ്ക്കാകൃഷിയിലൂടെ മണ്ണൊലിപ്പിന്റെ ആക്കം കുറയ്ക്കാനും കൈവശഭൂമിയുടെ അതിർത്തികൾ വേർതിരിച്ച് സംരക്ഷിക്കുകയും ചെയ്യുക എന്നതിലുപരി നല്ലൊരു വരുമാനമാർഗ്ഗവുമായിട്ടായിരുന്നു മുൻകാലങ്ങളിൽ ഈ കൃഷിയെ കർഷകർ കണ്ടിരുന്നത്. എന്നാൽ ഈ സാധ്യതകൾ നിലനിൽക്കേ ഇപ്പോൾ ഈ കൃഷിനാശത്തിന്റെ ഭീഷണിയിലാണ്.

കുരുമുളകു കൃഷിയിലും മുൻകാലങ്ങളിൽ കർഷകർതാല്പര്യം പ്രകടിപ്പിച്ചിരുന്നു. വികസനബ്ലോക്കുകൾ കൃഷിഭവനുകൾ എന്നിവയുലൂടെ വിതരണം ചെയ്ത മേൻമയേറിയ ഇനം കുരുമുളക് വള്ളികളുടെ പ്രചാരത്തിലൂടെയും വിലവർദ്ധനവിന്റെ ഫലമായും കുരുമുളക് കൃഷിയിൽ അടുത്തകാലത്ത് കൃഷിക്കർക്ക് താല്പര്യംവർദ്ധിച്ചിട്ടുണ്ട്.

ഇവകൂടാതെ കിഴങ്ങുവർഗ്ഗങ്ങൾ, പയറുവർഗ്ഗങ്ങൾ എന്നീകൃഷികളും പഞ്ചായത്തിൽ കാണാൻകഴിയും. ഈ മേഖലയിലും കർഷകരുടെ താല്പര്യം കുറഞ്ഞിവരുകയാണ്. ഭക്ഷ്യവിളകളിൽ കിഴങ്ങുവർഗ്ഗങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് അവയെ പരിപോഷിപ്പിക്കേണ്ടതാണ്. മുൻകാലങ്ങളിൽ ഉണ്ടായിരുന്ന മുതിര, കുവരക്, ഔഷധചെടികൾ എന്നിവ ഇപ്പോൾ പൂർണ്ണമായും അപ്രത്യക്ഷമായിരിക്കുന്നു.

മാവ്, പ്ലാവ്, തുടങ്ങിയ ഫലവൃക്ഷങ്ങൾ ഒരു കാലത്ത് വ്യാപകമായുണ്ടായിരുന്നെങ്കിലും യുദ്ധാനന്തര കാലയളവിലുണ്ടായിരുന്ന സാമ്പത്തികപരാധീനതകൾ മൂലം ഇവ വലിയതോതിൽ മുറിച്ച്വിറ്റ് ഉപജീവനം നടത്തേണ്ട സ്ഥിതിയുണ്ടായി. തൽഫലമായി ഈ രണ്ടുവിളകളും നശിക്കാൻ തുടങ്ങി. എന്നാൽ അടുത്തകാലത്ത് വീണ്ടും വ്യാപകമായി ഇവ നട്ടുവരുന്നുണ്ട്.

ഭൂവിനിയോഗം

പഞ്ചായത്തിന്റെ ആകെ വിസ്തൃതി 1485 ഹെക്ടർ ആണ്. അവയിൽ 118 ഹെക്ടർ കായൽ പ്രദേശങ്ങളും 1367 ഹെക്ടർ മറ്റുപ്രദേശങ്ങളുമാണ്. 135.2 ഹെക്ടർ സ്ഥലം പാർപ്പിടങ്ങൾക്കും മറ്റ് കെട്ടിടങ്ങൾക്കും റോഡുകൾക്കും വേണ്ടി വിനിയോഗിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 1231.8 ഹെക്ടർ സ്ഥലം ആണ് കൃഷിക്കായി വിനിയോഗിച്ചിരിക്കുന്നത്.

തെങ്ങ്, കപ്പ, നെല്ല്, പയർ, വാഴ മറ്റ് വിളകൾ എന്നിവയാണ് പ്രധാന വിളകൾ ഭൂവിനിയോഗം സംബന്ധിച്ച് വിശദമായ വിവരം ചുവടെ ചേർക്കുന്നു.

പട്ടിക – 2
ഭൂവിനിയോഗം

പ്രധാന വിളകൾ	വിസ്തീർണ്ണം (ഹെക്ടർ)	%
തെങ്ങ്	1099	0
നെല്ല്	20	0
പയർ	20	0
എള്ള്	10	0
പച്ചക്കറി	5	0
വാഴ	12	0
മരച്ചീനി	20	0
കുരുമുളക്	12	0
ചക്ക	10	0
മാവ്	10	0
കമുക്	12	0
ജാതി, ഗ്രാമ്പു	2	0
കിങ്ങങ്ങു വർഗ്ഗങ്ങൾ	5.8	0
കശമാവ്	2	0
ഇഞ്ചി, മഞ്ഞൾ	2	0
ആകെ	1231.8	100

അവലംബം– വിഭവഭൂപടം കൃഷിഭവൻ രേഖകൾ പഠനപര്യടനം

ഫലഭൂയിഷ്ടി കുറവായ ഭൂപ്രദേശമായതുകൊണ്ട് ഉൽപ്പന്നക്ഷമതകുറവാണ്. മുഖ്യമായ നാളീകേരകൃഷി രോഗബാധയാൽ ഉത്പാദനം കുറയുകയും നശിക്കുകയും ചെയ്തു. വള പ്രയോഗത്തിലുടെ യും കീടനാശിനി പ്രയോഗത്തിലുടെയും ഏറെക്കുറെ പരിഹാരം കാണാൻകഴിയുമെങ്കിലും കൃഷിക്കാർ ഇതിൽ വേണ്ടത്ര താല്പര്യംപ്രകടിപ്പിക്കുന്നില്ല.

നാളീകേരത്തിന് ദീർഘകാലമായി തുടരുന്ന വിലക്കുറവും നാളീകേരകൃഷിയെ ബാധിച്ചിട്ടുണ്ട്.

വാഴ, കുരുമുളക്, കപ്പ, പയർ തുടങ്ങിയവ പരക്കെകൃഷിചെയ്യുന്നുണ്ടെങ്കിലും ഉൽപ്പാദനം വർദ്ധിപ്പിക്കാനുള്ള ശാസ്ത്രീയ സമീപനം സ്വീകരിച്ചുകാണുന്നില്ല.

മുകളിൽ പറഞ്ഞിട്ടുള്ള പട്ടികയിൽ നിന്നും നെൽകൃഷിയുടെ അളവ് വളരെ പരിമിതമാണ്. ഫലഭൂയിഷ്ടക്കുറവും ഓരുജലത്തിന്റെ ശല്യമുള്ള നിലങ്ങളുമായതിനാൽ ഉല്പാദനനിലവാരം താഴ്ന്നതാണ്. ഇതിന്റെ ഫലമായി നിലം തരിശിടുന്നതിനോ മറ്റ് കൃഷികൾക്കു വേണ്ടി മാറ്റുന്നതിനുള്ള പ്രവണത കൃഷിക്കാരിൽ ശക്തമാണ്.

രണ്ടു പൂകൃഷി ചെയ്യുന്നുണ്ട്. രണ്ടിലും കൂടി ശരാശരി 103750 കി.ഗ്രം നെല്ല് ഉൽപ്പാദിപ്പിക്കുന്നു. (കൃഷിഭവൻ രേഖകൾ)

പഞ്ചായത്ത് പ്രദേശങ്ങളിൽ സെന്റ് ജോർജ്ജ് സെന്റ്തോമസ് എന്നിവ കൂടാതെ തീരപ്രദേശവും ഉൾപ്പെടുന്നതുരുത്തുകളിലും (മഠത്തിൽ കായൽവാരം മുതൽ ഇരട്ടകടവുവരെ) പ്രധാനകൃഷി തെങ്ങാണ്.

തുരുത്തുകളുടെ സംരക്ഷണത്തിനാവിശ്യമായ പരിപാടികൾ ആവിഷ്കരിക്കേണ്ടതാണ്.

വളം

പ്രധാനമായും ജൈവവളമാണ് ഉപയോഗിക്കുന്നത് എങ്കിലും താരതമ്യേന കുറഞ്ഞതോതിൽ രാസവളത്തിന്റെ ഉപയോഗവും ഉണ്ട്. സഹകരണ മേഖല കളിൽ രണ്ട് വള വിപണനകേന്ദ്രങ്ങളാണ് പഞ്ചായത്തിലുള്ളത്.

വളത്തിന്റെ ഉപയോഗം സബന്ധിച്ച വിവരം പട്ടികയിൽ ചേർക്കുന്നു.

പട്ടിക – 3
വളത്തിന്റെ ഉപയോഗം

94- 95	10:5:20 മിക്സർ	93.312 മെട്രിക് ടൺ
95- 96	10:5:20 മിക്സർ	93.312 മെട്രിക് ടൺ

പട്ടികയിൽ നിന്നും 95–96 വർഷത്തിൽ കാർഷികാവിശ്യത്തിനായി വളത്തിന്റെ ഉപയോഗം വ്യാപകമായി കുറഞ്ഞതായി കാണാവുന്നതാണ്.

കീടനാശിനികൾ

നെല്ല്, വാഴ, തെങ്ങ് എന്നീകൃഷികൾക്കാണ് പ്രധാനമായും കീടനാശിനികൾ ഉപയോഗിക്കുന്നത് മുൻകാലങ്ങളിൽ വേപ്പുംപിണ്ണാക്ക്, മരോട്ടിപിണ്ണാക്ക്. പിന്നയ്ക്ക് എന്നിവ വളമായും കീടനാശിനിയായും ഉപയോഗിച്ചിരുന്നു. ബ്ലോക്കുകൾ, കൃഷിഭവനുകൾ എന്നിവയുടെ പ്രവർത്തനഫലമായി രോഗപ്രധിരോധത്തിനു വേണ്ടി കീടനാശിനികൾ ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി ഉപയോഗിക്കുവാൻ തുടങ്ങുകയും ചെയ്തു. എങ്കിലും കീടനാശിനികൾ ഉപയോഗിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളോ ശാസ്ത്രീയമായ രീതിയോ പരിഗണിച്ച് കാണുന്നില്ല. ബോധവൽക്കരണ പ്രക്രിയകൾ ഉൾപ്പെടെ ആവിഷ്കരിക്കേണ്ടതാണ്. കീടനാശിനികളുടെ ഉപയോഗം സംബന്ധിച്ച വിവരങ്ങൾ പട്ടികയിൽ ചേർക്കുന്നു.

പട്ടിക 4
കീടനാശിനി ഉപയോഗം

	ഖരം	ദ്രവ
94–95	1.500 കി.ഗ്രം	6.450 ലിറ്റ
95–96	4.400 കി.ഗ്രാം	3.500 ലിറ്റർ

കാർഷികോപകരണങ്ങൾ

കാർഷികോപകരണങ്ങളുടെ ഉപയോഗത്തിൽ കാര്യമായ വ്യതിയാനം വന്നിട്ടില്ല. കൈവശഭൂമിയുടെ വിസ്തീർണ്ണക്കുറവുമൂലം ആധുനിക കാർഷിക യന്ത്രവൽകൃത ഉപകരണങ്ങൾ ഉപയോഗിക്കുന്നില്ല.

പ്രദേശങ്ങളിലുൾപ്പെട്ട മുരുന്തൽ, കോട്ടയ്ക്കകം വാർഡിന്റെ കിഴക്കുഭാഗത്തും കോട്ടയ്ക്കകം വാർഡിന്റെ വടക്കുകിഴക്കുഭാഗത്തുമായി പൂർണ്ണമായും മണ്ണ് പരിശോധന നടന്നിട്ടുണ്ട്. പഞ്ചായത്തിലെ ശേഷിക്കുന്ന ഭാഗങ്ങളിൽ മണ്ണുപരിശോധനയും പ്രതിവിധി

പട്ടിക – 5

പഞ്ചായത്തിലെ പ്രധാനകാർഷികവിളകളുടെ ഉൽപ്പാദനവും വിലനിലവാരവും

നം	വിളകൾ	വിസ്തീർണ്ണം ഹെക്ടർ	ഉൽപ്പാദനം	വിലകൾ
1	നാളീകേരം	1089	43.96	17584000
2	നെല്ല്	20	51.5 ടൺ	407500
3	പയർ	10	2500 കിലോ	37500
4	എള്ള്	10	210 കിലോ	42000
5	പച്ചക്കറി	5	20000കിലോ	100000
6	വാഴ	12	72000കിലോ	285000
7	മരച്ചീനി	20	300000	600000
8	കുരുമുളക്	12	2100	72000
9	ചക്ക	10	5000 എണ്ണം	5000
10	മാവ്	10	10000	50000
11	കമുക്	12	1440000	288000
12	ഗ്രാമ്പു	1	139	400000
13	ജാതി	1	2000	50000
14	ഇഞ്ചി	1	3250	32500
15	കിഴങ്ങുവർഗ്ഗങ്ങൾ	5.8	1.7401	104400
16	കശുമാവ്	2	1754	52020
17	മഞ്ഞൾ	1	2000	10000

പഞ്ചായത്തിലെ കുടുംബങ്ങളുടെ ശരാശരി കാർഷികവരുമാനം 2705 രൂപയാണെന്ന് കാണാവുന്നതാണ്.

മണ്ണ് പരിശോധന

അഞ്ചാലും മൂട് നീർമറി വികസനപദ്ധതിയുടെ ഭാഗമായി പദ്ധതി നിർദ്ദേശങ്ങളും കുറഞ്ഞതോതിലെ നടന്നിട്ടുള്ളു.

കാർഷികവായ്പ

പഞ്ചായത്തിൽ കാർഷികമേഖലയിൽ വായ്പകൾ നൽകുന്ന 4 സഹകരണബാങ്കുകളും കൊല്ലം ജില്ലാ കാർഷിക വികസന ബാങ്കും 3 വാണിജ്യ ബാങ്കുകളും ഉൾപ്പെടുന്നു.

1995–96 ൽ വിതരണം ചെയ്ത വായ്പാവിവരം പട്ടികയിൽ ചേർത്തിരിക്കുന്നു.

പട്ടിക – 6

ബാങ്കിന്റെ പേര്	1995- 96
മുരുന്തൽ സർവ്വീസ് സഹകരണ ബാങ്ക്	102551
അഞ്ചാലുംമൂട് സഹകരണ ബാങ്ക്	43734
പെരിനാട് സർവ്വീസ് സഹകരണ ബാങ്ക്	2261782
തൃക്കടവൂർ സഹകരണ ബാങ്ക്	81543
കൊല്ലം ജില്ലാ കാർഷിക വികസന ബാങ്ക്	318600
സെൻട്രൽ ബാങ്ക്	-
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ	-
സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ	-

പാടശേഖര സമിതികൾ

ഗ്രൂപ്പ് ഫാമിംഗിന്റെ ഭാഗമായി നിലവിൽവന്ന പാടശേഖരസമിതി നിലവിലുണ്ടെങ്കിലും ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.

കേരവികസനസമിതി

നാളീകേരകൃഷി വികസനത്തെ ലക്ഷ്യമാക്കി കർഷകരുടെ സഹകരണം ഉറപ്പുവരുത്തുന്നതിനായിട്ടാണ് കേരവികസനസമിതികൾ രൂപീകരിച്ചത്. രോഗബാധതടയുക. രോഗപ്രതിരോധശേഷിയും ഉത്പാദനശേഷിയുള്ള തൈകൾ പരാതി നൽകുക. സൗജന്യ നിരക്കിൽ വളം നൽകുക. തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ

കർഷകന് യഥാസമയം ലഭിക്കുന്ന എന്നുറപ്പു വരുത്തുകയാണ്. സമിതിയുടെ ലക്ഷ്യം രോഗബാധിത തെങ്ങുകൾ നീക്കം ചെയ്ത് നഷ്ടപരിഹാരമായി സാമ്പത്തികസഹായം പകരം തൈകൾ എന്നിവ നൽകുകയും ചെയ്യുന്നത് ഈ സമിതികൾ മുഖേനയാണ്. 1994 – 95ൽ കുരീപ്പുഴയിലും 95–96 വർഷത്തിൽ നീരാവിൽ പ്രദേശത്തും ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 1988–ൽ വാർഡുതല കേരവികസന സമിതികൾ രൂപീകരിച്ചു രജിസ്റ്റർ ചെയ്തിരുന്നുവെങ്കിലും അതിന്റെ പ്രവർത്തനം ഒന്നും തന്നെ നടക്കുന്നില്ല.

ജലസേചനം

വർഷപാതത്തെ ആശ്രയിച്ചാണ് പ്രധാനമായും കൃഷി ചെയ്തിരുന്നത്. കുരീപ്പുഴ ഭാഗത്ത് കർഷകസമിതിയുടെ പേരിൽ ഒരു കുഴൽ കിണർ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അത് കൃഷിക്കാർക്ക് പ്രയോജനകരമായി ഉപയോഗിക്കാൻ കഴിയുന്നില്ല. പഞ്ചായത്തിലാകെ 2.930 k.m തോടുണ്ടെങ്കിലും ഉപയോഗ്യശൂന്യമാണ്. കൂടാതെ ചെറുതോടുകളുമുണ്ട്. ചെറുജലസേചന പദ്ധതിപ്രകാരവും ജവഹർ തൊഴിൽ ദാന പദ്ധതി മുഖേനയും തോടുകളുടെ സംരക്ഷണപദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും പൂർണ്ണമായിട്ടില്ല. ഓരുകയറുന്നത് തടയുന്നതിന് വേണ്ടി കടവൂർ ഏലാ, കുപ്പോണിഏലാ, പാവൂർ ഏലാ എന്നിവിടങ്ങളിൽ ചീപ്പ് സ്ഥാപിച്ചിട്ടുണ്ട്. അവ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. മുരുന്തൽഏലായിൽ കൃഷിഭവന്റെ സഹായത്തോടെ നിർമ്മിച്ചിട്ടുള്ള തോട് പാടശേഖരത്തെ ഓരു ജലംകയറുന്നതിൽ പൂർണ്ണമായി സംരക്ഷിച്ചിരിക്കുന്നു. എല്ലാതോടുകളും അഷ്ടമുടിക്കയിലിൽ എത്തിച്ചേരുന്നു. (തോടുകളുടെ വിശദവിവരത്തിനായി ഭൂപ്രകൃതിയെന്ന അദ്ധ്യായം കാണുക.)

കുളങ്ങൾ

പഞ്ചായത്തിലാകെ വലുതും ചെറുതുമായ 24 കുളങ്ങളുണ്ട്. കുളങ്ങൾ യഥാവിധി സംരക്ഷിക്കുകയോ കൃഷിആവിശ്യങ്ങൾക്കായി ഉപയോഗിക്കുകയോ ചെയ്യുന്നില്ല. മുൻകാലങ്ങളിൽ ജലസേചനത്തിന് ഉപയോഗിച്ചിരുന്നു. നിലവിലുള്ള പലകുളങ്ങളും അപ്രത്യക്ഷമായികൊണ്ടിരിക്കുകയാണ്. ഉപരിതല ജലസ്രോതസ്സുകളുടെ സംഭരിണികളായ കുളങ്ങളുടെ സംരക്ഷണം ജലസേചനത്തിന് അത്യാവിശ്യമാണ്. കുളങ്ങളെ സംബന്ധിച്ച വിശദവിവരങ്ങൾക്കായി ജലപ്രകൃതി എന്ന അധ്യായം കാണുക.

മണ്ണ് – ജലസംരക്ഷണം

മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങൾ വ്യാപകമായി നടപ്പാക്കിയിട്ടില്ല. യഥാസമയം മണ്ണുപരിശോധന നടത്തുന്നതിനും പരിഹാരനിർദ്ദേശങ്ങൾ നൽകുന്നതിനുമുള്ള നിർദ്ദേശം തൃപ്തികരമല്ലാത്തതുകൊണ്ട് താല്പര്യപൂർവ്വം കൃഷിചെയ്യുന്നവർക്ക് മെച്ചപ്പെട്ടവിളവ് ഉല്പാദിപ്പിക്കുവാൻ കഴിയുന്നില്ല. മുൻകാലങ്ങിലേ പോലെ നെടുകെയും കുറുകെയും അതിരുകൾ നിർമ്മിച്ചും വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചും മണ്ണൊലിപ്പ് തടയുന്നകാര്യത്തിലും വ്യാപകമായ വീഴ്ചയാണ് കാണുന്നത് ഇതിന്റെ ഫലമായി മണ്ണിന്റെ ഫലഭൂയിഷ്ടി കുറയുന്നതിനും ഭൂമയുടെ ജലസംഭരണ കുറവുമൂലം കൃഷി അനുയോജ്യമല്ലാതാകുന്നതിനും കഴിയുന്നു. അഞ്ചാലും മൂട് വാട്ടർ ഷെഡ് പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ 10ം വാർഡിലെ പ്രദേശങ്ങളിൽ മണ്ണ് സംരക്ഷണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട് പഞ്ചായത്തിന്റെ മറ്റ് പ്രദേശങ്ങളിലും മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ്. നീർമറിപ്രദേശങ്ങളുടെ അടിസ്ഥാനത്തിലുള്ള കാർഷികരീതികളിലൂടെ മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ ആവിഷ്കരിക്കേണ്ടതാണ്.

അടുത്തകാലത്തായി വൃക്ഷതൈകൾ വെച്ചുപിടിപ്പിക്കുന്നതിനുള്ള താല്പര്യം കാണുന്നത് ആശ്വാസകരമാണ്. സാമൂഹ്യ വനവൽക്കരണ പദ്ധതി പഞ്ചായത്തിൽ നടപ്പാക്കുകയും മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാവുന്നതുമാണ്.

പ്രശ്നങ്ങൾ

ജനകീയ ആസൂത്രണവുമായി ബന്ധപ്പെടുത്തി വിളിച്ചു ചേർത്ത വിശേഷാൽ ഗ്രാമസഭകളിൽ ചർച്ചമെച്ചപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കാർഷികമേഖലയിൽ നിരവധി പ്രശ്നങ്ങൾ തിരിച്ചറിയുവാൻ കഴിഞ്ഞിട്ടുണ്ട്

1. ജനപ്പെരുപ്പവും കുടുംബബന്ധങ്ങളിൽ വന്ന വ്യതിയാനവും നഗരത്തിൽ നിന്നുള്ള കുടിയേറ്റവും മൂലവും, കാർഷിക ഭൂമിയുടെ നല്ലൊരു ഭാഗവും പാർപ്പിടത്തിനുവേണ്ടി വിനിയോഗിക്കുന്നതിനാൽ കൃഷിഭൂമിയുടെ വിസ്തൃതി ചുരുങ്ങിവരുകയാണ്.

2. പഞ്ചായത്തിലെ ഭൂപ്രകൃതിയുടെ പ്രത്യേകതകൾ കണക്കിലെടുക്കാതെയുള്ള കൃഷിഭൂമിയുടെ ഉപയോഗം ഉൽപ്പാദനക്ഷമത കുറക്കുകയും കാർഷികമേഖലയെ മുരടിപ്പിക്കുകയും ചെയ്യുന്നു.

3. ആകെ നെൽപ്പാടങ്ങളിൽ 52 ഹെക്ടർ പ്രദേശത്ത് മാത്രമേ നെൽകൃഷിയുള്ളു. വ്യാപകമായതോതിൽ നെൽപ്പാടങ്ങൾ നികത്തുന്ന പ്രവണത കണ്ടുവരുന്നു.

4. പാവൂർഏല, കടവൂർ ഏല, എന്നീ ഭാഗങ്ങളിൽ ഓരുവെള്ളം കയറുന്നതിനാൽ ഈ ഭാഗങ്ങൾ കൃഷിചെയ്യാതെ തരിശിട്ടിരിക്കുന്നു.

5. കർഷകത്തൊഴിലാളികളുടെ അപര്യാപ്തതയും വർദ്ധിച്ച കൂലിനിരക്കും ഉൽപ്പാദനക്ഷമതയുടെ കുറവുമൂലം കർഷകർ നെൽകൃഷിയിൽ പിൻതിരിയുന്നു.

6. മെച്ചപ്പെട്ട വിത്തിനങ്ങളുടെ ലഭ്യതയിലുള്ളകുറവും ഈ മേഖലയിലെ പ്രതിസന്ധിയുടെ ആഴം വർദ്ധിപ്പിക്കുന്നു.

7. കൃഷിക്കാവിശ്യമായ ജലസേചനത്തിന്റെ അഭാവവും കാലാവസ്ഥയുടെ അനിശ്ചിതാവസ്ഥയും നെൽകൃഷിയെ പ്രതികൂലമായി ബാധിക്കുന്നു.

8. നെൽവയലിലേക്കുള്ള ഗതാഗതസൗകര്യങ്ങളുടെ പോരായ്മ.

9. പഞ്ചായത്തിലെ പ്രധാനവിളയായ തെങ്ങുകൃഷിയും രോഗം മൂലം നാശത്തിന്റെ ഭീഷണി നേരിടുകയാണ്. ഫലഭൂയിഷ്ടമായ മണ്ണിന്റെ അഭാവവും ജലപരിപാലനക്കുറവും ഇതിന് പ്രധാനകാരണമാണ്.

10. കാറ്റു വീഴ്ച, മണ്ടചീയൽ [Bud Rot] ഓലചീയൽ [Left Rot] ചെന്നീരൊലിപ്പ് എന്നീ രോഗങ്ങളും ചെല്ലി, ചുവന്നചെല്ലി, ഓലപ്പുഴു എന്നീ കീടങ്ങളും തെങ്ങിന്റെ വളർച്ചയേയും ഉൽപ്പാദനത്തേയും കാര്യമായിബാധിക്കുന്നു.

11. കൃഷിക്ക് ആവിശ്യമായ ജൈവവളത്തിന്റെ അപര്യാപ്തതയും, രാസവളത്തിന്റെ വിലക്കൂടുതലും കാർഷികോൽപ്പാദനത്തെ ബാധിക്കുന്നു.

12. ശാസ്ത്രീയ മണ്ണു പരിശോധനയും പരിഹാരനിർദ്ദേശങ്ങളും വ്യപകമായി നടപ്പിലാക്കാത്തതുമൂലം മണ്ണു സംരക്ഷണത്തിന് ആവിശ്യമായിട്ടുള്ള അറിവ് കൃഷിക്കാരന് ലഭിക്കുന്നില്ല.

13. നിലവിലുള്ള ഉപരിതലസ്രോതസ്സുകളും സംഭരംണികളുമായ കുളങ്ങളുടേയും തോടുകളുടേയും നികത്തൽ മൂലം ജലസേചനസൗകര്യങ്ങൾ കുറയുവാനും, വരൾച്ചക്ക് ഇടയാക്കുകയും ചെയ്യുന്നു.

14. ഭൂപ്രകൃതിയുടെ പ്രത്യേകതകൾ കണക്കിലെടുക്കാനുള്ള കാർഷികരീതികളും, നീർമറി പ്രദേശങ്ങളുടെ അടിസ്ഥാനത്തിലല്ലാതെയുള്ള കൃഷിസമ്പ്രദായങ്ങളും മൂലം ചരുവ് പ്രദേശങ്ങളിൽ മണ്ണൊലിപ്പ് സാദ്ധ്യതവർദ്ധിപ്പിക്കുകയും ഫലഭൂയിഷ്ടമുള്ള മേൽ മണ്ണ് നഷ്ടമാക്കുകയും ചെയ്യുന്നു.

15. പച്ചക്കറി കൃഷി, പൂകൃഷി, പഴവർഗ്ഗങ്ങൾ എന്നിവയ്ക്ക് വർദ്ധിച്ച വിലനിൽക്കുമ്പോഴും ഈ വക കൃഷിക്കുള്ള സാധ്യതകളുള്ളപ്പോൾ പരമ്പരാഗത കൃഷിയിൽ നിന്നും മാറുവാൻ കർഷകർ വൈമുഖ്യം കാണിക്കുന്നു.

16. കർഷകരിൽ കാർഷികാഭിമുഖ്യം കാണുന്നുണ്ടെങ്കിലും കൃഷിയിൽ ശാസ്ത്രീയമായ സമീപനം സ്വീകരിക്കാത്ത അവസ്ഥയാണുള്ളത്.

17. മേന്മയേറിയ വിത്തുകളുടേയും, തൈകളുടെയും ലഭ്യതയിലുള്ള കുറവും വിളവിറക്കിനെ ബാധിക്കുന്നുണ്ട്.

18. കിഴങ്ങുവർഗ്ഗങ്ങൾ ഇടവിളകൃഷിയായി ചെയ്യാനുള്ള സാധ്യത ഉണ്ടെങ്കിലും കൃഷിക്കാരിൽ അതിനുള്ള താല്പര്യം കാണുന്നില്ല.

19, ഔഷധ സസ്യങ്ങളുടെ കൃഷിയിൽ മുൻകാലങ്ങളിൽ താല്പര്യമുണ്ടായിരുന്നെങ്കിലും ഇപ്പോൾ അതു കാണുന്നില്ല.

20. പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവയുടെ ഉൽപ്പന്നങ്ങൾ ന്യായമായവിലയ്ക്ക് വിറ്റഴിക്കുവാനുള്ള സംവിധാനങ്ങൾ ഇല്ലാത്തതുമൂലം കർഷകർക്ക് ന്യായവില ലഭിക്കാത്ത അവസ്ഥയാണുള്ളത്.

പരിഹാരനിർദ്ദേശങ്ങൾ

1. ഭൂവിസ്തൃതിയുടെ അപര്യാപ്തത കണക്കിലെടുത്ത് സംഘ കൃഷി [ഗ്രൂപ്പ് ഫാമിംഗ്] സമ്പ്രദായം നടപ്പിലാക്കാൻ കഴിഞ്ഞാൽ ആധുനിക കാർഷികോപകരണങ്ങളും ഉൽപ്പാദനശേഷി വർദ്ധിപ്പിച്ച വിത്തിനങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും കൃഷി ശാസ്ത്രീയവൽക്കരിക്കാനും ഉൽപ്പാദനവർദ്ധനവ് നേടാനും കഴിയും.

2. ഭൂപ്രകൃതിയുടെ പ്രത്യേകതകൾ പരിഗണിച്ചു കൊണ്ട് നടപ്പിലാക്കാവുന്ന ആധുനിക കാർഷികരീതികളും സമ്പ്രദായങ്ങളും കർഷകർക്ക് ബോധ്യപ്പെടുത്തുവാനുള്ള സംവിധാനം കൃഷിഭവൻ വഴി നടപ്പിലാക്കണം.

3. നിലവിലുള്ള നെൽപ്പാടങ്ങൾ നിലനിറുത്തുന്നതിന് പാടശേഖരസമിതിയുടെ സംയോജിത പ്രവർത്തനത്തിലൂടെ പരിപാടികൾ ആവിഷ്കരിക്കേണ്ടതാണ്.

4. ഓരുവെള്ളം തടയുന്നതിനാവിശ്യമായ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

5. ഗുണമേൻമയും അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ കർഷകർക്ക് യഥാസമയം സൗജന്യനിരക്കിൽ ലഭിക്കുന്നതിനുള്ള സൗകര്യമുണ്ടാകണം. നല്ലയിനം വിത്തിനങ്ങൾ പ്രാദേശികാടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിനാവിശ്യമായ നഴ്സറികളും വിത്തുൽപ്പാദനങ്ങളും നിർമ്മിക്കുക.

6. പഞ്ചായത്തിലെ ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവിശ്യമായ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

a. നിലവിലുള്ള തോടുകളുടെ സംരക്ഷണം.

b. കുളങ്ങളുടെ ആഴവും വീതികൂട്ടി വശങ്ങൾ കെട്ടിസംരക്ഷിക്കൽ.

c. ലഭിക്കുന്ന മഴയുടെ ഭൂരിഭാഗവും ഭൂപ്രദേശങ്ങളിൽ ആഴ്ന്നിറങ്ങുവാനായി തടയണകൾ നിർമ്മിക്കുക.

d. കിണറുകൾ കുഴിച്ചും, പമ്പുസെറ്റുകൾ ഘടിപ്പിക്കുന്നതിനാവിശ്യമായ പ്രോത്സാഹനം ചെയ്തുകൊടുക്കുക.

e. പ്രയോജനകരമായ പ്രദേശങ്ങൾ ഉൾപ്പെടുത്തി കുഴൽകിണർ സ്ഥാപിച്ച് കൃഷിക്കാരുടെ സഹകരണത്തോടുകൂടി ജലസേചനസൗകര്യം ഏർപ്പെടുത്തേണ്ടതാണ്.

f. ഭൂപ്രകൃതിയുടെ പ്രത്യേകത കൊണ്ട് നീർമറിപ്രദേശമായതിനാൽ KIP പദ്ധതിയുടെ പരിധിയിൽ തൃക്കടവൂർ ഗ്രാമപഞ്ചായത്തിനേയും ഉൾപ്പെടുത്തുന്നതിനാവിശ്യമായ നടപടികൾ സ്വീകരിക്കുക.

6. ജലസംരക്ഷണ ബോധവൽക്കരണ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് ജനകീയ പങ്കാളിത്തത്തോടെ നടപ്പാക്കണം.

7. ഗതാഗത സൗകര്യമില്ലാത്ത നെൽപ്പാടങ്ങളിലേക്ക് [മുരുന്ത വയൽ, കുന്നാടി വയൽ, നീരാവിൽ വയൽ] കർഷകരുടെ സഹകരണത്തോടെ റോഡുനിർമ്മിക്കുക.

8. ഈ പ്രദേശത്ത് തെങ്ങുകളിൽ കാണുന്ന കാറ്റുവീഴ്ച രോഗം ശാസ്ത്രീയമായി വളപ്രയോഗത്തിലൂടെയും, യഥാസമയങ്ങളിലുടെയുള്ള ഇടയിളക്കലിലൂടെയും കൃത്യമായ കീടനാശിനിപ്രയോഗത്തിലൂടെയും ഗണ്യമായി പരിഹരിക്കാവുന്നതാണ്. ഇതിന് പുറമേ ജലസേചനസൗകര്യ വർദ്ധനവും രോഗപ്രതിരോധമാർഗ്ഗമാണ്.

9. മറ്റ് രോഗങ്ങളും, കീടബാധകളും, തിരിച്ചറിയുവാനുള്ള പ്രതിരോധമാർഗ്ഗങ്ങൾ നടപ്പാക്കാനും ആവിശ്യമായ ബോധവൽക്കരണം ലഭിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കണം.

10. ജൈവവളസമ്പത്ത് മതിയായ തോതിൽ ലഭിക്കുന്നതിന് കാലിസമ്പത്ത് വർദ്ധിപ്പിക്കേണ്ടതാണ്, വേലിപ്പത്തലുകളും ചെറിയതോതിലുള്ള പാഴ്വൃക്ഷങ്ങളും വച്ചുപിടിപ്പിച്ചും, പച്ചിലവളത്തിന്റെ വിത്തുകൾ ലഭ്യമാക്കുകയും പയർകൃഷിയിലൂടെയും ജൈവസമ്പത്ത് വർദ്ധിപ്പിക്കേണ്ടതാണ്.

11. പാലോട് ടോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ [TBGR] വികസിപ്പിച്ചെടുത്ത "ടോപ് ബാക്ട്രിൻ" എന്ന പേരിലുള്ള ഒരു ജീവാണുവളം ഉണ്ടാക്കുവാനുള്ള സാങ്കേതികവിദ്യ ലഭ്യമാണ്. അവയുടെ ഉപയോഗത്തിനാവിശ്യമായ പരിശീലനം കർഷകർക്ക് ലഭ്യമാക്കണം.

12. ചകിരിച്ചോറിൽ നിന്നും ബയോഗ് എന്ന ജൈവവളം ഉണ്ടാകുന്നതിനാവിശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യണം.

13. കമ്പോസ്റ്റ് വളനിർമ്മാണത്തിന് വേണ്ടിയുള്ള സ്ഥിരമായ കുഴികൾ നിർമ്മിക്കുന്നതിന് കർഷകർക്കാവിശ്യമായ നിർദ്ദേശങ്ങളും പ്രോത്സാഹനവും ചെയ്തുകൊടുക്കുക.

14. പഞ്ചായത്തിലെ പലപ്രദേശങ്ങളിലെ മണ്ണിന്റെ സാമ്പിളുകൾഎടുത്ത് പരിശോധനനടത്തി ആവിശ്യമായ വളപ്രയോഗങ്ങളെ പറ്റി കർഷകർക്ക് ശരിയായ ധാരണനൽകുവാൻ കഴിയണം.

15. മണ്ണിരകമ്പോസ്റ്റ് നിർമ്മാണത്തിന്റെ പ്രാധാന്യം കർഷകരെ ബോധ്യപ്പെടുത്തുന്നതിനും അവയുടെ ഉൽപ്പാദനത്തിനാവിശ്യമായ പ്രോത്സാഹനവും ചെയ്തുകൊടുക്കണം.

16. പ്രതിവർഷം 5 ഹെക്ടർ ഭൂപ്രദേശം പച്ചക്കറി കൃഷിനടത്തുന്നതിനാവിശ്യമായ പരിപാടികൾ തയ്യാറാക്കി നടപ്പാക്കേണ്ടതാണ്.

17. ചിലയിനം ഫലവർഗ്ഗങ്ങളുടേയും പൂക്കൃഷികളുടേയും വ്യാപനത്തിനനുയോജ്യമായ ഭൗതികസാഹചര്യങ്ങൾ പഞ്ചായത്തിലുണ്ട്. അവപ്രയോജനപ്പെടുത്തി രണ്ടുകൃഷികളും പരിപോഷിപ്പിക്കേണ്ടതാണ്. ആവിശ്യമായ തൈകൾ, വിത്തിനങ്ങൾ എന്നിവ സൗജന്യനിരക്കിൽ കർഷകർക്ക് എത്തിച്ചുകൊടുക്കണം.

18. ഇടവിളയായി കിഴങ്ങുവർഗ്ഗങ്ങൾ കൃഷി ചെയ്യുന്നതിന്റെ പ്രയോജനം കൃഷിക്കാരെ ബോധ്യപ്പെടുത്തണം

19. പഞ്ചായത്തിൽ വ്യാപകമായി ഔഷധച്ചെടികൾ വെച്ചുപിടിക്കുന്നതിനും സംരക്ഷിക്കുന്നതിനും പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

20. ഉല്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾ ന്യായവിലക്ക് കൃഷിക്കാരുടെ പക്കൽ നിന്നും സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനും ആവിശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

21, പ്രയോജനകരമായ കാർഷിക വിളകളുടെ സാധ്യത പരിശോധിക്കേണ്ടതാണ്.

22. പഞ്ചായത്തിൽ 4 കാർഷിക സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കാർഷികോൽപ്പാദനം വർദ്ധിപ്പിക്കലാണ് ഇവയുടെ രൂപികരണോദ്ദേശം. ജനകീയാസൂത്രണ പരിപാടിയിൽ കാർഷികവികസനത്തിന്റെ മുഖ്യ ഏജൻസികളായി കാർഷിക സഹകരണസംഘങ്ങളെ ചുമതലപ്പെടുത്തുകയും ഇക്കാര്യത്തിലുള്ള അവരുടെ സേവനം ഉറപ്പുവരുത്തേണ്ടതുമാണ്.

23. വ്യത്യസ്ത കൃഷിക്കാരുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ഗ്രാമതലത്തിൽ (വാർഡടിസ്ഥാനമാക്കി കാർഷികവികസന സമിതികൾ രൂപീകരിക്കണം)

24. ബോധവൽക്കരണത്തിന്റെ ഭാഗമായി കൃഷിക്കാരുടെ പഠനക്യാമ്പുകൾ വർഷത്തിൽ 2 പ്രാവിശ്യം സംഘടിപ്പിക്കേണ്ടതാണ്. വിളവെടുക്കുന്നകാലയളവിൽ കാർഷികോൽപ്പന്നങ്ങളുടെ പ്രദേശനവും മാതൃകാകൃഷിക്കാർക്ക് വാർഡടിസ്ഥാനത്തിൽ ഓരോ കൃഷിക്കും അവാർഡുനൽകേണ്ടതാണ്.

25. കാർഷികാഭിമുഖ്യമുള്ള പുതുയൊരു തലമുറയെ വാർത്തെടുക്കുന്നതിനുവേണ്ടി പഞ്ചായത്തിലെ ഹൈസ്കൂളിലെ കുട്ടികളെ ഉൾപ്പെടുത്തി പച്ചക്കറിതോട്ടങ്ങൾ പൂകൃഷി എന്നിവ പരിപോഷിപ്പിക്കേണ്ടതാണ്. കുട്ടികൾക്കാവിശ്യമായ വിത്തിനങ്ങളും ശാസ്ത്രീയവിജ്ഞാനവും പ്രോത്സാഹനവും നടത്തേണ്ടതാണ്.

26. കാർഷികരംഗത്ത് നടപ്പാക്കുന്ന പരിപാടികളെ സംബന്ധിച്ച് യഥാസമയം കർഷകർക്ക് അറിവ് ലഭിക്കുന്നില്ല. ഇതിന് പരിഹാരമായി ഓരോ വാർഡിലും "സ്ഥിരമായ കാർഷിക വാർത്താ ബോർഡുകൾ" സ്ഥാപിക്കുകയും ബോർഡുകളിൽ സമയാസമയങ്ങളിൽ വാർത്തകൾ രേഖപ്പെടുത്തുവാൻ അതാതുപ്രദേശങ്ങളിലെ കലാസാംസ്കാരിക സംഘടനകളെ ചുമതലപ്പെടുത്തേണ്ടതാണ്.

27. ആധുനിക യന്ത്രവൽകൃത

സാധ്യതകൾ [ടില്ലർ, ടാൻസ്പ്ലാന്റർ, ഹാർവെസ്റ്റർ, തെങ്ങുകയറ്റ യന്ത്രം, റോക്ക് സ്പെയർ] പരമാവധി ഉപയോഗപ്പടുത്തേണ്ടതാണ്. ആവിശ്യമായ പദ്ധതികൾ നടപ്പാക്കിയാൽ കാർഷികമേഖലയിലെ തൊഴിലാളികളുടെ അഭാവം ഉൽപ്പാദനച്ചെലവിന്റെ വർദ്ധനവും നല്ലതോതിൽ ഒഴിവാക്കാവുന്നതാണ്. യന്ത്രങ്ങളുടെ ഉപയോഗത്തിനാവിശ്യമായ പരിശീലനം സംഘടിപ്പിക്കേണ്ടതാണ്.

28. കൃഷിഭവന്റെ നിലവിലുള്ള സമഗ്രനാളീകേര വികസനപദ്ധതിപ്രകാരം സബ്സിഡി ലഭിക്കുവാൻ ഏറ്റവും കുറഞ്ഞത് 30 സെന്റ് സ്ഥലം ആവിശ്യമാണ്. പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളിലും കർഷകരുടെ ഭൂമി ചെറുതുണ്ടുകളാണ്. ആയതിനാൽ പദ്ധതിയുടെ അർഹതയ്ക്കുള്ള മാനദണ്ഡം 30 സെന്റിൽ നിന്നും 20സെന്റായി കുറയ്ക്കണമെന്ന നിർദ്ദേശം വിവിധ ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട് . വിള ഇൻഷ്വറൻസ് പദ്ധതിയുടെ നടത്തിപ്പിൽ കൂടുതൽ സാങ്കേതികത്വം കുറയേണ്ടതാണെന്ന നിർദ്ദേശവും ഗ്രാമസഭകളിൽ ചർച്ചാവിഷയമാണ്.

ഓർക്കിഡ്, ആന്തൂറിയം എന്നിവയുടെ കൃഷിപ്രചരിപ്പിക്കുന്നതിനാവിശ്യമായ പദ്ധതികൾ ആവിഷ്കരിക്കണം.

29. മേൽപ്പറഞ്ഞവ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കൃഷിഭവന്റെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതാണ്. കൃഷിഭവൻ കർഷകരുടെ ആശാകേന്ദ്രമായി വളർത്തിയെടുക്കേണ്ടതാണ്.

30 ബയോഗ്യാസ് പദ്ധതിയിൽ നിലവിലുള്ള സബ്സിഡി അപര്യാപ്തമായതിനാൽ അവ വർദ്ധിപ്പിക്കേണ്ടതാണ്.

കൃഷിഭവൻ

1987 സെപ്തംബർ 1-ാംതീയതിയാണ് കൃഷിഭവൻ ആരംഭിച്ചത്. കാർഷികമേഖലയിൽ വളരെയധികം സംഭാവനചെയ്യാൻ സാധ്യതയുള്ള സ്ഥാപനമാണ്. കാലാകാലങ്ങളിൽ സർക്കാർ പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങൾ യഥാസമയം പഞ്ചായത്തിലെ കർഷകർക്കെത്തിക്കുക എന്നതിലുപരി വിശാലമായ പരിപാടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു. പുത്തൻ ശാസ്ത്രീയ കൃഷിരീതികൾ പരിചയപ്പെടുത്തുക. കാർഷിക വികസനവൈജ്ഞാനിക മേഖലയിൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. കാർഷികരംഗത്ത് ആധുനിക സാങ്കേതിക കണ്ടുപിടുത്തങ്ങൾ യഥാസമയം കർഷകരിലെത്തിക്കാനും പുത്തൻ കാർഷിക സംസ്കാരം രൂപപ്പെടുത്തുവാനും കർഷകരുടെ പ്രതീക്ഷയ്ക്ക് ഒത്ത് ഉയരുവാൻ കഴിയണം. പുതിയപഞ്ചായത്തീരാജ് നിയമമനുസരിച്ച് കൃഷിഭവൻ പഞ്ചായത്തിന്റെ ഭരണത്തിൻകീഴിലാണ്. കൃഷിഓഫീസറും 3- കൃഷി അസിസ്റ്റന്റ് മാരുമുണ്ട്. കൃഷിഭവനും പഞ്ചായത്തു സ്ഥാപനവും ഒത്തുചേർന്ന് ഒരു പുതിയ കാർഷികപാതതുറക്കേണ്ടതാണ്.

തൃക്കടവൂർ കൃഷിഭവൻ വഴി 1996-97 വർഷത്തിൽ കേന്ദ്ര - കേരള ഗവൺമെന്റുകൾ നടപ്പാക്കുന്ന പദ്ധതികൾ - ഒരവലോകനം

1. സമഗ്രസുഗന്ധവിള വികസനപദ്ധതി

ഇഞ്ചി, കുരുമുളക് എന്നിവകൃഷി ചെയ്തിട്ടുള്ള കർഷകർക്ക് കീടനാശിനി, വളം, വിത്തുകൾ എന്നിവവാങ്ങുന്നതിനുള്ള സബ്സിഡി നൽകുന്നു. ഇഞ്ചിയ്ക്ക് 125 സെന്റ് സ്ഥലത്തേയ്ക്ക് സബ്സിഡിനൽകുന്നുണ്ട്. കുരുമുളക് കൃഷിക്ക് 125 സെന്റിന് സബ്സിഡി നൽകുന്നുണ്ട്.

ഇഞ്ചി, മഞ്ഞൾ ഇവ 25 സെന്റ് വീതം കൃഷിചെയ്യുന്നകർഷകർക്ക് മാതൃകാ കൃഷിതോട്ടത്തിനുള്ള സബ്സിഡി നൽകുന്നു. ഗ്രാമ്പു കൃഷിചെയ്തിട്ടുള്ള (25വൃക്ഷം വീതം) രണ്ട് മാതൃകാതോട്ടങ്ങൾക്കും സബ്സിഡി നൽകുന്നു.

2. കണികജലസേചനം : ഗ്രീൻഹൗസ് നിർമ്മാണം എന്നിവയ്ക്കുള്ള സബ്സിഡി.

തെങ്ങിൻ തോപ്പുകളിൽ ജലസേചനം നടത്തുന്നതിനായി കണിക ജലസേചനപദ്ധതി എന്നൊരു പരിപാടി നടപ്പാക്കി വരുന്നു.

ഹെക്ടറിന് 15000 രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. പഞ്ചായത്തിൽ 9 ഏക്കർ സ്ഥലത്ത് ജലസേചനം നടത്താനുള്ള സബ്സിഡി അനുവദിക്കാവുന്നതാണ്. ആന്തൂറിയം,ഓർക്കിഡ് കൃഷികളുടെ പ്രോത്സാഹനാർത്ഥം ഗ്രീൻഹൗസുകളുടെ നിർമ്മാണത്തിനായി ചതുരശ്രമീറ്ററിന് 200 രൂപാനിരക്കിൽ സബ്സിഡി നൽകുന്നുണ്ട്.

സമ്പൂർണ്ണ കേരവികസന പദ്ധതി

സമ്പൂർണ്ണ കേരവികസന പദ്ധതിപ്രകാരം 30 സെന്റിന് മുകളിൽ സ്ഥലവിസ്തീർണ്ണ മുള്ള തെങ്ങൻതോപ്പുകളിൽ ജലസേചനആവിശ്യത്തിനായി കിണർകുഴിക്കുന്നതിനും പമ്പ്സെറ്റ് സ്ഥാപിക്കുന്നതിനും പരമാവധി 2500രൂപാ സബ്സിഡി അനുവദിച്ചിട്ടുണ്ട്. 15 കിണറുകളും, 15 പമ്പ്സെറ്റുകളും സ്ഥാപിക്കുന്നതിനാണ് ഈ പഞ്ചായത്തിൽ പ്രതിവർഷം സബ്സിഡി നൽകിവരുന്നത്.

തെങ്ങുകയറ്റ യന്ത്രം വാങ്ങുന്നതിന് 500 രൂപാനിരക്കിൽ 3എണ്ണത്തിന് മരുന്നുതളിക്കുനുള്ള റോക്കർ സ്പെയർ വാങ്ങുന്നതിന് 1000രൂപാനിരക്കിൽ 2 എണ്ണത്തിനും സബ്സിഡിനൽകുന്നു. കർഷകപരിശീലനക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനായി 250 രൂപാനിരക്കിൽ രണ്ടുക്ലാസ്സുകൾ നടത്തേണ്ടതാണ്.

സാമൂഹിക ജലസേചന പദ്ധതിപ്രകാരം 15 ഏക്കർ തെങ്ങിൽ പുരയിട

ത്തിലേക്ക് ജലസേചനആവിശ്യത്തിലേക്കായി പൊതുകിണറും പമ്പുസെറ്റും സ്ഥാപിക്കുന്നതിലേക്കായി ഹെക്ടറൊന്നിന് 15.316രൂപ പ്രകാരം ആകെ 91,896 രൂപ പഞ്ചായത്തിൽ വിനിയോഗിക്കാവുന്നതാണ്.

കുട്ടായ ജലസേചനപദ്ധതിപ്രകാരം 5 ഏക്കർ സ്ഥലത്തേക്ക് ജല സേചനത്തിന് 10,000 രൂപ സബ്സിഡി നൽകാവുന്നതാണ്.

തെങ്ങൊന്നിന് 8രൂപ സബ്സിഡി പ്രകാരം രാസവളമിശ്രിതം 5തെങ്ങിനുള്ള 375 കിറ്റും 20 തെങ്ങിനുള്ള 110 കിറ്റും കൃഷിഭവൻ വഴി വിതരണം ചെയ്യുന്നു.

പച്ചക്കറി മിനികിറ്റ്

കേന്ദ്രസഹായത്തോടെ നടപ്പാക്കുന്ന ഈ പദ്ധതിയനുസരിച്ച് പച്ചക്കറികൃഷിക്ക് [25 സെന്റ് സ്ഥലത്തേക്ക്] ആവിശ്യമായ വളം കീടനാശിനികൾ എന്നിവ സബ്സിഡി നിരക്കിൽവിതരണം ചെയ്യുന്നു. പരമാവധി 5കർഷകർക്കാണ് ഇപ്രകാരം ആനുകൂല്യം നൽകുന്നത്.

പയറുവർഗ്ഗ വികസന പദ്ധതി

കേന്ദ്ര – സർക്കാരുകൾ വെവ്വേറെ ഈ പദ്ധതികൾ നടപ്പാക്കുന്നു. നെൽപ്പാടങ്ങളിൽ മൂന്നാംവിളയായി പയർകൃഷി ചെയ്യുന്നതിനും തെങ്ങിൻതോപ്പിൽ ഇടവിളയായി കൃഷിചെയ്യുന്നതിനാവിശ്യമായ വിത്തും, കീടനാശിനിയും സബ്സിഡി നിരക്കിൽ വിതരണംചെയ്യുന്നു.

നെൽപ്പാടങ്ങളിൽ യന്ത്രവൽക്കരണം

നെൽകൃഷിക്ക് യന്ത്രവൽക്കരണം നടത്തുന്നതിലേക്കായി മെതിയന്ത്രം, പാറ്റുന്നയന്ത്രം എന്നിവ സബ്സിഡി നിരക്കിൽ വാങ്ങുന്നതിലേക്കായി 25000, രൂപാ പഞ്ചായത്തിന് അനുവദിച്ചിട്ടുണ്ട്.

ഒരു ലക്ഷം യുവജനങ്ങൾക്ക് തൊഴിൽപദ്ധതി

118 യുവജനങ്ങളെ ഈ പദ്ധതിപ്രകാരം അംഗങ്ങളാക്കിയിട്ടുണ്ട്. ഇവർക്കായി വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്.

പട്ടികജാതി വകസനപദ്ധതി

പട്ടികജാതിവിഭാഗത്തിൽ പെട്ട കർഷകർക്ക് ജലസേചനസൗകര്യത്തിനായി കിണർകുഴിക്കുന്നതിന് '6' കർഷകർക്കായി 55000 രൂപ പ്രതി വർഷം അനുവദിച്ചിട്ടുണ്ട്.

ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

വിളയിൻഷ്വറൻസ് പദ്ധതി പ്രകാരം വിവിധവിളകൾ ഇൻഷ്വർ ചെയ്യപ്പെടുന്നു. തെങ്ങ്, വാഴ, കുരുമുളക് എന്നിവ ഇൻഷ്വർചെയ്തുകഴിഞ്ഞാൽ ഏതെങ്കിലും പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം വിതരണം ചെയ്യുന്നുണ്ട്.

മേൽപ്പറഞ്ഞവ കൂടാതെ 1995–96ൽ ഇതുവരെ 40281kg വളം വിതരണം ചെയ്തിട്ടുണ്ട്. 1995–96 ൽ ഇതുവരെയായി 26 കിണറുകളും 35 പമ്പുസെറ്റുകളും സബ്സിഡി ഇനത്തിൽ നൽകുന്നുണ്ട്. പ്രകൃതിക്ഷോഭം തരണംചെയ്യുന്നതിനാണ് 95–96ൽ 4500 രൂപ സഹായമായി കൊടുത്തിട്ടുണ്ട്.

പഞ്ചായത്തിന്റെ ഒന്നാംവാർഡ് വാട്ടർഷെഡ് പദ്ധിതിയിലുണ്ട്. ഇവയിൽ കൂടി ആട്, കോഴി, തൊഴുത്തു നിർമ്മാണം എന്നിവയ്ക്കായി സഹായം നൽകുന്നുണ്ട്.

അവലംബം : കൃഷിഓഫീസറുടെ റിപ്പോർട്ട്, കൃഷിഭവൻ രേഖകൾ.

തൃക്കടവൂർ ഗ്രാമപഞ്ചായത്ത് – പരിസ്ഥിതി ബന്ധിത അലോകനം പട്ടിക – 7

ഉയർന്ന സമതലം	മൺതരം	ജലലഭ്യത	കർഷികവിള	പരസ്ഥിതി പ്രശ്നങ്ങൾ	പരിഹാരമാർഗ്ഗങ്ങളും നർദ്ദേശങ്ങളും
ഉയർന്ന സമതലം	വെട്ടുകൽ, മണ്ണ് ചരൽ മണ്ണ്	ഏറ്റവും കുറവ്	തെങ്ങ്, വാഴ, കപ്പ, മാവ്	മണ്ണൊലിപ്പ്, ജലക്ഷാമം	നീർമറി പ്രദേശങ്ങളുടെ അടിസ്ഥാനത്തിലുള്ള കൃഷിരീതികൾ
ചരിവ് പ്രദേശങ്ങൾ	വെട്ടുകൽമണ്ണ് ചരൽമണ്ണ്	മിതമായനിരക്കിൽ ലഭിക്കുന്നു.	തെങ്ങ്, വാഴ, കപ്പ, മാവ്, പ്ലാവ്	മണ്ണൊലിപ്പ് ജലക്ഷാമം	മണ്ണ് ജലസംരംക്ഷണ പ്രവർത്തനങ്ങൾ
താഴ്വര പ്രദേശങ്ങൾ	എക്കൽ മണ്ണ്	താരതമ്യേന കൂടുതൽ	നെല്ല്, പയർ,വാഴ ഇടവിളകൾ	ഓരുവെള്ളം കെട്ടിക്കിടക്കൽ, ജലസേചന സൗകര്യത്തിന്റെ കുറവ് പാടശേഖരം നികത്തൽ	ജല നിർഗ്ഗമന മാർഗ്ഗങ്ങൾ ജലസേചന സൗകര്യം വർദ്ധിപ്പിക്കൽ പാടശേഖരസംരക്ഷണം
തീരസമതലം	മണൽ കലർന്ന എക്കൽമണ്ണ്	താരതമ്യേന കൂടുതൽ	തെങ്ങ്,മറ്റ് മിശ്രിത വിളകൾ	ജലസേചചന സൗകര്യക്കുറവ് തീരമിടച്ചിൽ	ജലസേചസൗകര്യം വർദ്ധിപ്പിക്കൽ തീരസംരക്ഷണം

മത്സ്യബന്ധനം

കേരളത്തിന്റെ കായൽസമ്പത്തിൽ 2-ാം സ്ഥാനമലംങ്കരിക്കുന്ന അഷ്ടമുടിക്കായലിനാൽ ചുറ്റപ്പെട്ട തൃക്കടവൂർ പഞ്ചായത്തിൽ മത്സ്യത്തിന്റെ വിപുലമായ ശേഖരമുണ്ട്. നീണ്ടകര അഴിമുഖമായി കായൽബന്ധപ്പെട്ടിരിക്കുന്നതിനാലും കല്ലടയാർ കായലിൽ പതിക്കുന്നതിനാലും മത്സ്യസമ്പന്നമാണ് അഷ്ടമുടിക്കായൽ മേൽപ്പറഞ്ഞകാരണങ്ങളാൽ കായലിന്റെ മത്സ്യസമ്പത്തിന്റെ രുചി പ്രസിദ്ധമാണ്. പരമ്പരാഗതമായ മത്സ്യബന്ധനരീതികൾ നോർവീജിയൻ പദ്ധതി നടപ്പാക്കിയതോടെ ആധുനീകരിക്കപ്പെട്ടു. എങ്കിലും ചീനവലപരമ്പരാഗത മത്സ്യസമ്പ്രദായം ഇപ്പോഴും തുടരുന്നുണ്ട്.

നവീകരണംമൂലം മത്സ്യബന്ധനം മുൻകാലങ്ങളെ അപേക്ഷിച്ച് വളരെ ലാഭകരമായിത്തീർന്നിട്ടുണ്ട്. സമ്പന്നമായ അഷ്ടമുടിക്കായലിൽ കക്കസമ്പത്ത് വൻതോതിലുണ്ട്. എന്നാൽ, അത് പൂർണ്ണമായി ഉപയോഗപ്പെടുത്തി വ്യവസായങ്ങൾ തുടങ്ങുവാനുള്ള സംരഭങ്ങൾ ഇനിയും ഉണ്ടായിട്ടില്ല. മുരിങ്ങ കൃഷി അടുത്തകാലത്ത് പടിഞ്ഞാറെ തീരത്ത് തുടങ്ങിയിട്ടുണ്ട്. ലാഭകരമായ ഈ കൃഷി വികസിപ്പിക്കാൻ കഴിയന്നതാണ്.

വിശാലമായ കായൽ പ്രദേശമായതിനാൽ കല്ലുമ്മേൽ കാ- കൃഷിയുടെ സാധ്യതയും പരിശോധിച്ചുനോക്കാവുന്നതാണ്. കരിമീൻ, കണമ്പ്, പൂമീൻ അഴുക, നെയ്തോലി കാരൽ, നന്തൽ, തേട്, പള്ളത്തി, മത്തി, പാര, കൂഴാവാലി എന്നിവയാണ് കായലിൽ നിന്നും ലഭിക്കുന്ന മത്സ്യയിനങ്ങൾ ഇതിൽ "കൂഴാവാലി" എന്നയിനം കേരളത്തിൽ ഇവിടെയല്ലാതെ മറ്റൊരിടത്തും കാണുന്നില്ല. കക്ക, ഞണ്ട്, ചെമ്മീൻ തുടങ്ങിയവയും സുലഭമായി ലഭിക്കുന്നുണ്ട്. ചെമ്മീൻ, ഞണ്ട്, കക്ക തുടങ്ങിയവ പ്രധാനമായും കയറ്റുമതി ചെയ്യുന്നുണ്ട്.

മുൻകാലങ്ങളിൽ കടൽ മത്സ്യങ്ങൾ വൻതോതിൽ അഴിമുഖംവഴി കായലിലേയ്ക്ക് കടന്നുവരുകയും വംശവർദ്ധനവ് നടത്തുകയും ചെയ്തിരുന്നു.

അഴിമുഖത്ത് കുറ്റിവലകൾസ്ഥാപിക്കൽ വ്യാപകമായതിന്റെ ഫലമായി കായലിലേക്ക് മത്സ്യപ്രവാഹം ഉണ്ടാകുന്നില്ല. ഇതിന്റെ ഫലമായി കായലിൽ മത്സ്യസമ്പത്ത് കുറഞ്ഞുകൊണ്ടിരിക്കുകയാണ്.

ചെമ്മീൻകുഞ്ഞുങ്ങളെ വളർച്ചയെത്തുന്നതിന് മുൻപ് വ്യാപകമായി കോരിയെടുക്കുന്നതുമൂലം ചെമ്മീൻ ലഭ്യതയുടെ അളവും ഉൽപ്പാദനവും കുറയുന്നു.

മത്സ്യോൽപ്പാദനവും മത്സ്യബന്ധനവും മെച്ചപ്പെട്ട പ്രദേശമാണെങ്കിലും ഏതുസമയത്തും ഉപഭോക്താവിന് മത്സ്യംവാങ്ങുന്നതിനുള്ള വിപണനസൗകര്യങ്ങൾ ഇനിയും സംജാതമായിട്ടില്ല. രാവിലേയും വൈകുന്നേരവും മാത്രമെ മത്സ്യം വാങ്ങുവാൻ കഴിയുന്നുള്ളു.

മത്സ്യബന്ധനം, സംസ്കരണം, വിപണനം തുടങ്ങിയ രംഗങ്ങളിൽ 1667 പേർ പണിയെടുക്കുന്നതായി കാണുന്നു. വാർഡുതിരിച്ചുള്ള കണക്ക് പട്ടികയിൽ ചേർക്കുന്നു.

പട്ടിക - 1

വാർഡുകൾ	1	2	3	4	5	6	7	8	9	10	11	12	13
ജനസംഖ്യ	5	20	56	7	10	65	225	200	60	47	61	460	451

അവലംബം : ദ്വിതീയവിവരശേഖരണം

ക്രിസ്ത്യൻ വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾ മാത്രം പണിയെടുത്തിരുന്ന ഈ മേഖലയിൽ ഇതരമതങ്ങളിൽ പെട്ടവരും ഇന്ന് പണിയെടുക്കുന്നുണ്ട്.

തീരപ്രദേശത്ത് 41 ചീനവലകൾ മത്സ്യബന്ധനത്തിനായി ഉപയോഗിച്ചു വരുന്നു. പെട്രോൾമാക് സോ, വോൾട്ടേജ് കുറഞ്ഞ ബൾബോ മാത്രമേ ചീനവലക്ക് ഉപയോഗിക്കാൻ പാടുള്ളൂ എന്ന നിബന്ധന മറികടന്നതിന്റെ ഫലമായി മത്സ്യകുഞ്ഞുങ്ങൾ കൂടുതലായി വലയിൽ വീഴുന്നതിന് ഇടയാകുന്നതു കൊണ്ട് മത്സ്യവർദ്ധനവിന് തടസ്സം സൃഷ്ടിക്കുന്നു. മുക്കോൺവല ഉപയോഗിച്ചുള്ള മത്സ്യബന്ധനവും മത്സ്യസമ്പത്തിന്റെ വംശനാശം വരുത്തുന്ന മറ്റൊരു സമ്പ്രദായമാണ്. മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ ആവിശ്യമായ ശുചീകരണസൗകര്യങ്ങൾ ഇല്ലാത്തതുമൂലം ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികൾ വിദ്യാഭ്യാസരംഗത്ത് പിന്നോക്കമാണ്. സാമ്പത്തകമായി ബുദ്ധിമുട്ടുള്ളതുകൊണ്ട് സ്വന്തമായി വള്ളവും വലയും വാങ്ങാൻ കഴിയാത്തതുമൂലം മറ്റുള്ളവരെ ആശ്രയിച്ച് മത്സ്യബന്ധനത്തിന് പോകേണ്ടവരായി കുറേ പേരെങ്കിലും ഈ മേഖലയിലുണ്ട്.

വികസന ഏജൻസികൾ

മത്സ്യത്തൊഴിലാളികൾക്കു വേണ്ടി പ്രവർത്തിക്കുന്നവ
1. ഫിഷറീസ് വകുപ്പ്
2. മത്സ്യഫെഡ്
3. മത്സ്യകർഷ വികസനഏജൻസി (F.F.D.A)
4. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധിബോർഡ്
5. ഓരുജല മത്സ്യകൃഷി വികസനഏജൻസി (B F F D A)

ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

1. വീട് വെയ്ക്കുന്നതിന് ധനസഹായം
2. സമ്പാദ്യ ആശ്വാസപദ്ധതി
3. തീരജ്യോതിപദ്ധതി

പ്രശ്നങ്ങൾ

1. മത്സ്യസമ്പത്തിന്റെ വംശനാശത്തിനിടവരുത്തുന്ന മത്സ്യബന്ധനരീതി.
2. മത്സ്യബന്ധനോപകരണങ്ങളുടെ വിലവർദ്ധനവ്.
3. കടലിൽനിന്നും കായലിലേക്കുള്ള മത്സ്യപ്രവാഹത്തിനുള്ള തടസ്സം
4. മത്സ്യബന്ധനോപകരണങ്ങളും വള്ളങ്ങളും സൂക്ഷിക്കുന്നതിനും വിശ്രമസങ്കേതത്തിനുമുള്ള അപര്യാപ്തത.
5. കണ്ടൽകാടുകൾ നശിപ്പിക്കുന്നതുമൂലം മത്സ്യസമ്പത്തു കുറയുന്നു. തീരങ്ങളിലെ വൃക്ഷങ്ങളുടെ അഭാവം ഇതിനുകാരണമാണ്.
6. കായലോരങ്ങളിലെ വ്യാപകമായ കായൽനികത്തു ജലാശയത്തെ കുറവുചെയ്യുന്നു.
7. യഥാസമയം വിപണനസ്ഥലത്ത് മത്സ്യം എത്തിക്കാൻ കഴിയുന്നില്ല.
8. മുഴുവൻ സമയവും മത്സ്യം ലഭിക്കുന്നതിനുള്ള സൗകര്യങ്ങളില്ലായ്മ.
9. അധികമായി ലഭിക്കുന്ന മത്സ്യം സൂക്ഷിക്കുന്നതിനുള്ള അപര്യാപ്തത.
10. മത്സ്യത്തൊഴിലാളി കേന്ദ്രങ്ങളിലെ ചികിൽസാസൗകര്യങ്ങളുടെ കുറവ്.
11. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസപരമായ അവശത.
12. ഭവനവായ്പ ലഭിക്കുന്നതിനുള്ള കാലതാമസ്സവു മതിയായതുകയും
13. പെൻഷ്യൻ കൃത്യമായി ലഭിക്കാത്ത അവസ്ഥ.
14. മത്സ്യസഹകരണസ്ഥാപനങ്ങളുടെ അപര്യാപ്തത.
15. മൺസൂൺകാലത്ത് ആഴക്കടൽ മത്സ്യബന്ധനത്തിന് നിയന്ത്രണം ആവിശ്യമാണ്.
16. മോട്ടോർ ഘടിപ്പിച്ച വള്ളങ്ങൾ മൂലം കായിലലെ പരിസ്ഥിതി പ്രശ്നങ്ങൾ.

പരിഹാരമാർഗ്ഗങ്ങൾ

1. മത്സ്യസമ്പത്ത് നഷ്ടമാകുന്നരീതിയിലുള്ള മത്സ്യബന്ധന ഉപകരണങ്ങളിൽ ആവിശ്യമായ നിയന്ത്രണം ഏർപ്പെടുത്തുകയും നവീനസാങ്കേതിക ബോധവൽക്കരണത്തിലൂടേയും പരിഹാരം കാണാവുന്നതാണ്.
2. വായ്പയും, സബ്സിഡിയും നൽകി പരിഹാരം കാണാവുന്നതാണ്.
3. അഴിമുഖത്തുള്ള കുറ്റിവലകൾ വേലിയേറ്റ സമയത്ത് പ്രവർത്തിക്കുന്നത് കർശനമായി നിരോധിക്കേണ്ടതാണ്.

അഴിമുഖത്തുനിന്നും കായലിലേക്കുള്ള ചാലുകൾ മണ്ണുവീണ് മൂടുന്നത് നീക്കം ചെയ്യണം.

4. മത്സ്യത്തൊഴിലാളികളുടെ സഹകരണത്തോടെ മത്സ്യഫെഡ് തുടങ്ങിയ സർക്കാർ ഏജൻസികളുടെ സഹായത്തോടെ ഈ പ്രശനത്തിന് പരിഹാരം കാണാവുന്നതാണ്.
5. സൗകര്യപ്രദമായ കായൽതീരങ്ങളിൽ കണ്ടൽകാടുകളും പൊതുവായി സാമൂഹ്യവനവൽക്കരണപരിപാടിയുമായി ബന്ധപ്പെട്ട് അനുയോജ്യമായ വൃക്ഷതൈകൾ വച്ചുപ്പിടിക്കാനാവശ്യമായ നടപിടികളിലൂടെ ഇതു പരിഹരിക്കാം.
6. കായൽനികത്ത് നിയമം മൂലം നിരോധിക്കേണ്ടതാണ്.
7. മത്സ്യവിപണനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് സഹകരണസംഘം രൂപീകരിച്ച് പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ പരിഹാരമാർഗ്ഗ നിർദ്ദേശം നൽകാവുന്നതാണ്.
8. മുഴുവൻ സമയവും മത്സ്യം ലഭിക്കുന്നതിന് പര്യാപ്തമായ ഏജൻസി

കളെ കണ്ടുപിടിച്ച് പ്രശ്നം പരിഹരിക്കാവുന്നതാണ്. സർക്കാർ ഏജൻസികളുടെ സഹായവും ഈ കാര്യത്തിൽ പ്രതീക്ഷിക്കവുന്നതാണ്.

9. കോൾഡ് സ്റ്റോറേജ് ഏർപ്പെടുത്തി പരിഹാരം കാണാവുന്നതാണ്.

10. ആരോഗ്യസംരക്ഷണ രംഗത്ത് ബോധവൽക്കരണം അത്യന്താപേക്ഷിതമായ ഈ മേഖലയിൽ ആരോഗ്യപ്രവർത്തകർ കൂടുതൽ ശ്രദ്ധകേന്ദ്രീകരിച്ച് പരിഹാരം നേടാവുന്നതാണ്.

11. നിലവിലുള്ള വിദ്യാഭ്യാസ ആനുകൂല്യം വർദ്ധിപ്പിക്കുകയും രക്ഷകർത്താക്കൾക്ക് ബോധവൽക്കരണ സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.

12. മത്സ്യ ഫെഡ് വീടുകൾ വെയ്ക്കുന്നതിന് അനുവദിക്കുന്ന തുക അപര്യാപ്തമാണ്, കാലനുസൃതമായ വർദ്ധനവും തുക യഥാസമയം ലഭ്യമാക്കുകയും ചെയ്യാൻവേണ്ടു നടപടികൾ കൈക്കൊള്ളേണ്ടതാണ്.

13. മത്സ്യത്തൊഴിലാളി പെൻഷൻയഥാസമയം ലഭിക്കുന്നതിന് സർക്കാർ നേരിട്ട് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

14. മത്സ്യതൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമാക്കി കൂടുതൽ സഹകരണസംഘങ്ങൾ ഉണ്ടാകേണ്ടതാണ് നിലവിലുള്ള സംഘങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് ആവശ്യമായ സഹായങ്ങൾ ഈ മേഘലയിലെ ഏജൻസികൾ വഴി ഉണ്ടാകണം.

15. മൺസൂൺ കാലത്തു നടത്തുന്ന ആഴക്കടൽ മത്സ്യബന്ധനം മത്സ്യത്തിന്റെ പ്രജനത്തെ കാര്യമായി ബാധിക്കുന്നതിനാൽ ഈ ഘട്ടത്തിലെ മത്സ്യബന്ധനം കൂടി നിരോധിക്കേണ്ടതാണ്.

16. മോട്ടോർ ഘടിപ്പിച്ച വള്ളങ്ങളും, ബോട്ടുകളും കായലിൽ കലർത്തുന്ന മണ്ണെണ്ണ, ഡീസൽ, എന്നീ പെട്രോളിയം ഉൽപ്പന്നങ്ങൾ കായലിൽ പരിസ്ഥിതി പ്രശ്നം സൃഷ്ടിക്കുന്നുണ്ട്. ഈ വിപത്തിനെ ശാസ്ത്രീയമായി അപഗ്രഥിച്ച് പരിഹാരനിർദ്ദേശങ്ങൾ ക്കാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

17. പഞ്ചായത്തിലാകെ 24 കുളങ്ങളുണ്ട്. ഇവയിൽ പലതിലും മത്സ്യബന്ധനത്തിന് സാധ്യതയുണ്ട്. കൂടാതെ മത്സ്യബന്ധത്തിനാവശ്യമായ തടാകങ്ങളും ഉണ്ട്. മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും തൊഴിൽസാധ്യതകൾ കൂട്ടുന്നതിനും മത്സ്യവികസന ഏജൻസികളുമായി ബന്ധപ്പെട്ട് സമഗ്രജനകീയ മത്സ്യകൃഷി പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്. കക്കാകൃഷി, കല്ലുമേയ്കായ്, ഞണ്ടുകൃഷി എന്നിവയുടെ സാധ്യതകൾ പരിശോധിക്കേണ്ടതാണ്.

18. കായലിലെ മത്സ്യസമ്പത്ത് വിർദ്ധിപ്പിക്കുന്നതിനും വംശവർദ്ധനവ് ഉണ്ടാക്കുന്നതിനും ചെമ്മീൻ കുഞ്ഞുങ്ങളേയും കായലിൽ നിക്ഷേപിക്കേണ്ടതാണ്.

19. മത്സ്യബന്ധനമേഖലയിൽ നിരവധി പ്രശ്നങ്ങളുണ്ട്. വിവിധതുറകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ തൊളിൽ സാധ്യതകൾ ഉറപ്പു വരുത്തുന്നതിനും നടപടികൾ ഉണ്ടാകണം. ധാരാളം വികസനസാധ്യതകളുള്ള പ്രസ്തുതമേഖലയെ പരിപോഷിപ്പിക്കുകയും നിലനിറുത്തുകയും ചെയ്യേണ്ടതാണ്. പരസ്പര സഹകരണത്തോടുള്ള പ്രവർത്തനങ്ങൾക്കാവശ്യമായ ബോധവൽക്കരണം മറ്റ് പരിപാടികൾ എന്നിവ നടപ്പാക്കേണ്ടതാണ്.

മൃഗസംരക്ഷണം

പോഷകപ്രധാനമായ പാൽ, മുട്ട, മാംസം, എന്നിവയുടെ ഉൽപ്പാദനമാണ് മൃഗസംരക്ഷണം കൊണ്ട്പ്രധാനമായും ഉദ്ദേശിക്കുന്നത്. ഇവയുടെ ആവിശ്യം വർദ്ധിച്ചുവരുന്നുവെങ്കിലും അവയുടെ ഉൽപ്പാദനം കുറഞ്ഞുവരുന്നതായാണ് കണുന്നത്. ആരോഗ്യം, കൃഷി, വ്യവസായം, തൊഴിൽ എന്നിവയിൽ മൃഗസംരക്ഷണത്തിന് വലിയ പ്രാധാന്യമാണുള്ളത്.

രാസവളങ്ങളും ജൈവവളങ്ങളും കൂടുതൽ ഉപയോഗിക്കണമെന്നും അല്ലെങ്കിൽ മണ്ണിന്റെ ഫലഭൂയിഷ്ടി നശിച്ചുപോകുമെന്നുള്ള വസ്തുത ശാസ്ത്രീയമായി അംഗീകരിപ്പെട്ടതാണ്. ഊർജ്ജപ്രതിസന്ധി നേരിടുന്ന ഈ ഘട്ടത്തിൽ ബയോഗ്യാസിന്റെ പ്രാധാന്യം വിസ്മരിക്കാനാവില്ല. കുടുംബവരുമാനം വർദ്ധിപ്പിക്കുന്നതിനും രുക്ഷമമായ തൊഴിലില്ലായ്മയ്ക്കും മൃഗസംരക്ഷണം സഹായിക്കുന്നതാണ്.

തൃക്കടവൂർ പഞ്ചായത്തിലെ മൃഗസംരക്ഷണ മേഖല

ഉല്പാദനം ലക്ഷ്യമാക്കി പശു, ആട്, കോഴി, താറാവ്, എന്നിവകളെയാണ് പഞ്ചായത്തുപ്രദേശത്തു വളർത്തിവരുന്നത്. വീട്ടുമൃഗമായി നായ്ക്കളേയും വളർത്തിവരുന്നു. നാടൻ ഇനത്തിൽപെട്ട കന്നുകാലികളായിരുന്നു ഇവിടെ ഉണ്ടായിരുന്നത്. ഇവയ്ക്ക് രോഗപ്രതിരോധിശേഷി കൂടുതലായിരുന്നുവെങ്കിലും പാലുല്പാദനം തീരെ കുറവായിരുന്നു. ആദ്യകാലത്ത് ഉല്പാദനശേഷികുറഞ്ഞ നാടൻ ഇനത്തിൽ പെട്ട കോഴികളാണ് ഉണ്ടായിരുന്നത്. ആടുവളർത്തലും പണ്ടുമുതൽക്കേ ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു.

മുൻകാലങ്ങളിൽ ഉഴവുമാടുകൾ ഉണ്ടായിരുന്നെങ്കിലും നെൽകൃഷിയുടെ പരിമിതിമൂലം ഉഴവുമാടുകളെ കർഷകവൃത്തിക്ക് ആവശ്യമില്ലാത്തതുമൂലം അവയെ വളർത്തുന്നില്ല.

അഞ്ചാലും മുട് വികസന ബ്ലോക്കുമായി ബന്ധപ്പടുത്തി 40 വർഷങ്ങൾക്ക് മുമ്പ് മൃഗാശുപത്രി സ്ഥാപിച്ചു. ഇതുവഴി മൃഗചികിൽസയും കൃത്രിമബീജദാനപരിപാടിയും തുടങ്ങയതോടുകൂടി മൃഗസംരക്ഷണരംഗത്ത് പുരോഗതി കണ്ടുതുടങ്ങി. ഇപ്പോൾ പഞ്ചായത്തിൽ നാടൻ പശുക്കൾ ഇല്ലെന്നുപറയാം.

തൃക്കടവൂർ പഞ്ചായത്തിലെ വളർത്തുമൃഗങ്ങളുടേയും പക്ഷികളുടേയും വിശദവിവിരം അടുത്ത പേജുകളിൽ ചേർത്തിരിക്കുന്നു.

പാൽ ഉത്പാദനം

പാൽ ഉത്പാദനരംഗത്ത് പഞ്ചായത്തിൽ രണ്ട് പാൽ വിപണനസംഘങ്ങളുണ്ട്. അവയിൽ ഒന്ന് APCOS (നീരാവിൽ) മാതൃകയിലും മറ്റൊന്ന് പരമ്പരാഗതവുമാണ് (അഞ്ചാലുംമൂട്) പഞ്ചായത്തിലെ പ്രതിദിന പാലുല്പാദനം 10200 ലിറ്റർ ആണെന്ന് കണക്കാക്കുന്നു. വാർഷികോൽപ്പാദന വില ഒന്നേകാൽകോടിയോളം വരും. കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കാനുള്ള താല്പര്യം കുറഞ്ഞുവരികയാണ്. കാലിത്തീറ്റയ്ക്കുള്ള സാധ്യതഇല്ലാത്തതും കാലിതീറ്റയുടെ അമിതമായ വിലക്കയ്റ്റം മൂലം കന്നുകാലവളർത്തൽ ലാഭകരമല്ലെന്ന അഭിപ്രായമാണ് കൃഷിക്കാർക്കുള്ളത്. പരിശോധനയിൽ ഇതിൽഭാഗികമായ വസ്തുതയേയുള്ളൂ എന്ന് മനസ്സിലാക്കാൻ കഴിയുന്നതാണ്. ഉല്പാദനശേഷിയുള്ള പശുക്കളെ ശാസ്ത്രീയമായി വളർത്തുന്ന കൃഷിക്കാരെ സംബന്ധിച്ചിടത്തോളം കാലിവളർത്തൽ ആദായകരമായാണ് കാണുന്നത്. പുൽകൃഷിയുടെ പ്രാധാന്യം മനസ്സിലാക്കി പുൽകൃഷിക്കുള്ള പ്രേരണയും പ്രോത്സാഹനവും ഉണ്ടാകുന്നത് കാലിവളർത്തൽ കൂടുതൽ ലാഭകരമാക്കാൻ സഹായിക്കും. കാർഷികരംഗത്തെ ഉൽപ്പാദനവർദ്ധനവിന് കാലിവളർത്തലിന്റെ ആവശ്യകത നിസ്സാരമല്ല. ആ ധാരണയോടെ കൂടുതൽ കൃഷിസ്ഥലമുള്ളവർ പോലും കാലികളെ സംരക്ഷിക്കാൻ വിമുഖത പ്രദർശിപ്പിക്കുന്നു. ഉൽപ്പാദനശേഷിയുള്ള കന്നുകുട്ടികളെ ലഭ്യമാക്കുകയും അവയ്ക്ക സൗജന്യനിരക്കിൽ തീറ്റനൽകുകയും വായ്പഉദാര മാക്കിയും കാലികൃഷി വികസിപ്പിക്കാവുന്നതാണ്.

വളർത്തുമൃഗ സംഖ്യ പട്ടിക-1

വാർഡ് നമ്പർ	കാള നാടൻ		കാള സങ്കരം		പശു നാടൻ		പശു സങ്കരം		എരുമ		പോത്ത്	ആട്	പട്ടി	ആന
	വംശവർദ്ധനവ്	മറ്റുള്ളവ	വംശവർദ്ധനവ്	മറ്റുള്ളവ	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്				
1	2	3	4	5	6	7	8	9	10	11	12	13	14	15
1	-	-	-	35	-	-	70	80	1	-	-	130	50	-
2	-	-	-	20	-	-	50	36	-	-	-	70	30	-
3	-	-	-	35	-	-	60	66	-	-	-	200	50	-
4	-	-	-	35	-	-	45	60	-	-	-	105	50	-
5	-	-	-	30	-	-	60	70	-	-	-	125	55	-
6	-	-	-	25	-	-	55	90	-	-	-	90	45	1
7	-	-	-	17	-	-	21	32	-	-	-	77	30	-
8	-	-	-	28	-	-	61	71	9	3	1	137	44	-
9	-	-	-	15	-	-	38	42	1	-	-	104	41	-
10	-	-	-	25	-	-	44	61	-	-	-	154	50	-
11	-	-	-	27	-	-	41	61	1	-	-	123	42	-
12	-	-	-	20	-	-	43	52	-	-	-	168	43	-
13	-	-	-	18	-	-	28	38	1	-	-	132	38	-

വളർത്തുപക്ഷി സംഖ്യ പട്ടിക - 2

വാർഡ് നമ്പർ	പൂവൻകോഴി	പിടകോഴി		താറാവ്		മറ്റുള്ളവ
		മുട്ട ഇടുന്നത്	മുട്ട ഇടാത്തത്	ആൺ	പെൺ	
1	2	3	4	5	6	7
1	250	500	575	12	32	14
2	200	150	100	12	13	200
3	252	502	300	7	9	-
4	245	470	490	10	15	-
5	265	600	400	15	20	-
6	270	650	600	20	27	120
7	220	450	500	21	30	200
8	290	470	540	15	26	-
9	220	450	510	17	30	-
10	310	520	600	14	32	-
11	290	460	530	22	27	250
12	295	510	560	17	30	-
13	340	600	640	20	25	150

പട്ടിക I, II, III ചേർക്കുക.

കോഴിവളർത്തൽ

കോഴിസമ്പത്തും ക്രമാനുഗതമായി കുറയുന്ന സ്ഥിതിയാണ് പഞ്ചായത്തിലുള്ളത്. കൂടുതൽ ഉൽപാദനശേഷിയുള്ളയിനങ്ങൾ ലഭ്യമാണെങ്കിലും കോഴിവളർത്തലിലേക്ക് വേണ്ടത്രശ്രദ്ധപതിയുന്നില്ല. അനുദിനം വർദ്ധിച്ചുവരുന്ന ഉപഭോഗത്തിനനുസരിച്ചുള്ള കോഴി സമ്പത്തിന്റെ ലഭ്യതക്കുറവ് വെല്ലുവിളിയായി നിലനിൽക്കുന്നു.

വളർന്നു വരുന്ന സാമൂഹ്യഘടനയും പഴയകാലത്തെപോലെ പരക്കെ കോഴിവളർത്തുന്നതിന് അസാധ്യമായ അവസ്ഥയാണുള്ളത്. ഇരുപതിൽ കുറയാത്ത യൂണിറ്റടിസ്ഥാനത്തിൽ കോഴിവളർത്തലിനുള്ള സാധ്യതയെ കുറിച്ച് പരിശോധിക്കാവുന്നതാണ്. രോഗപ്രതിരോധപ്രവർത്തനങ്ങൾക്കും മറ്റ് സംരക്ഷണസഹായങ്ങൾക്കും ഇത്തരം യൂണിറ്റുകൾ ഗുണകരമാണ്. അതിന് പുറമേ ഉടമയ്ക്ക് ന്യായമായ വരുമാനം ലഭിക്കുവാനും സാധിക്കുന്നു.

ലാഭകരമായ പരിരക്ഷയിലും കുറഞ്ഞ മുതൽമുടക്കിലും വളരെവേഗം ആദായം ലഭ്യമാക്കാൻ കഴിയുന്ന ഒരു മേഖലയാണ് ആട് വളർത്തൽ. അവയെ കുറിച്ചുള്ള ധാരണക്കുറവുകൊണ്ടുകൂടിയാണ് ആട് വളർത്തൽ വർദ്ധിക്കാതിരിക്കുന്നത്. ഗുണമേന്മയുള്ള ആട്ടിൻകുട്ടികളെ കൃഷിക്കാരന് ലഭ്യമാക്കുവാനും അത്യാവശ്യം വേണ്ട പ്രോത്സാഹനങ്ങൾ ചെയ്തുകൊടുക്കുവാനും കഴിയുന്നതിലൂടെ ആടുവളർത്തൽ വ്യാപകമാക്കാവുന്നതാണ്. കാർഷികരംഗത്തെ വിളകളുടെ പദ്ധതി തയ്യാറാക്കുമ്പോൾ മൃഗസംരക്ഷണത്തിനാവശ്യമായ തീറ്റയുടെ ലഭ്യതകൂടി ലക്ഷ്യമാക്കേണ്ടതാണ്.

താറാവ്കൃഷി

കായൽതീരത്തിന്റെ കാര്യത്തിൽ പഞ്ചായത്ത് സമ്പന്നമാണ്. ഇത് താറാവ്കൃഷിയ്ക്ക് അനുയോജ്യമാണ്. അനുകൂലമായ സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തി താറാവ് കൃഷിപരിപോഷിപ്പിക്കേണ്ടതാണ്. താറാവ് കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിലൂടെ കൂടുതൽ കുടുംബങ്ങളെ ഇതുമായി ബന്ധപ്പെടുത്താവുന്നതാണ്. താറാവ് കൃഷിയുടെ ആദായം ശരിക്കും ബോധ്യപ്പെടുംവരെ വേണ്ട സൗജന്യങ്ങൾ ഇതിനായി നൽകേണ്ടിയിരിക്കുന്നു.

താറാവ് കൃഷിയൊടൊപ്പം തന്നെ കാട, മുയൽ, ടർക്കി എന്നിവയും കൃഷിചെയ്യുന്നതിന് ആവിശ്യമായ കുഞ്ഞുങ്ങളെ വിതരണം ചെയ്തു പ്രോത്സാഹിപ്പിക്കേണ്ടതാണ്.

നായ് വളർത്തൽ

വീടുകാവൽ ഉദ്ദേശിച്ച് നായ്ക്കളെ വളർത്തുന്ന സ്വഭാവം ഇപ്പോഴും തുടരുന്നുണ്ട്. നല്ലയിനം നായ്ക്കളെ വളർത്തുമൃഗമായി കരുതി സംരക്ഷിക്കുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നുണ്ട്. പടിഞ്ഞാറെ തീരത്ത് ചെമ്മീൻ പീലിംഗും മത്സ്യബന്ധനവും നടക്കുന്നിടത്ത് അലഞ്ഞുതിരിയുന്ന നായ്ക്കൾ വർദ്ധിച്ചുവരുന്നു വിഷബാധപലപ്പോഴും അലഞ്ഞു നടക്കുന്ന നായ്ക്കളിലാണ്. ആദ്യം പ്രത്യക്ഷപ്പെടുന്നത്. ഒരുവർഷം നൂറ് നായ്ക്കൾക്കേ പ്രതിരോധകുത്തിവെയ്പ് നടത്താൻ കഴിയുന്നുള്ളു. അത് നൽകുന്നത് വളർത്തുനായ്ക്കളുടെ ശല്യം കുറയ്ക്കുന്നതിനു വേണ്ടി അവയെ കൊന്ന് വംശവർദ്ധനവ് തടയേണ്ടതാണ്. എന്നാൽ അടുത്ത കാലത്തായി ഈജോലിയ്ക്ക് ആരും തയ്യാറാകുന്നില്ലെന്നദു:സ്ഥിതി അനുഭവപ്പെടുകയാണ്. അലഞ്ഞു നടക്കുന്ന നായ്ക്കളുടെ സന്താനോല്പാദന ശേഷി നശിപ്പിക്കുന്നതിനുള്ള ഗവേഷണങ്ങൾ ഉണ്ടാകേണ്ടത് ആവശ്യമാണെന്ന് കരുതുന്നു.

ജൈവവളം

മണ്ണിന്റെ ഫലഭൂയിഷ്ടി നിലനിർത്തുവാനും രാസവളങ്ങളുടെ ഉപയോഗം കുറയ്ക്കുവാനും ജൈവവളസമ്പത്ത് വർദ്ധിപ്പിക്കേണ്ടതാണ്. ചാണകത്തിൽനിന്നും ബയോഗ്യാസ് ഉൽപ്പാദിപ്പിച്ച് ഈ ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരം കാണാവുന്നതാണ്.

കർഷക പരിശീലനം

കർഷകർക്കാവശ്യമായ പരിശീലന സംവിധാനകേന്ദ്രം (LMTC) സംസ്ഥാന തലത്തിലുണ്ടെങ്കിലും അവയുടെ സേവനം പഞ്ചായത്തുതലത്തിൽ വ്യാപകമായി ലഭിക്കുന്നില്ല.

വന്ധ്യതാ നിവാരണം

കന്നുകാലികളിലെ വന്ധ്യത വ്യാപകമായി കണ്ടുവരുന്നു. ഇതിന്റെ ഫലമായി പാലുൽപ്പാദനത്തിലും പ്രജനനത്തിലും നഷ്ടം സംഭവിക്കുന്നു.

പഞ്ചായത്തിലെ കന്നുകാലികൾക്കുള്ള രോഗവിവരം ചുവടെ ചേർക്കുന്നു.

(പേജ് 8 ലെ പട്ടിക – 4 ഇവിടെ ചേർക്കുക)

അഞ്ചാലുംമൂട് മൃഗാശുപത്രിയും അതിന്റെ പ്രവർത്തനവും

40 വർഷമായി അഞ്ചാലുംമൂട്ടിൽ മൃഗാശുപത്രി പ്രവർത്തിച്ചുവരുന്നു. ഇതിനോടനുബന്ധിച്ച് കുരീപ്പുഴപ്രദേശത്ത് ഒരു സബ്സെന്ററും (ICDP) പ്രവർത്തിക്കുന്നു. മൃഗസംരക്ഷണം മുൻനിർത്തി കഴിഞ്ഞ 5വർഷക്കാലമായി കൃത്രിമ ബീജസങ്കലനം, രോഗചികിത്സ, രോഗപ്രതിരോധ നടപടികൾ എന്നിവ നിർവ്വഹിച്ചുവരുന്നതിനു പുറമേ പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന കാര്യങ്ങൾ നടപ്പാക്കിയതായി കാണുന്നു.

1. സെപെഷ്യൽ ലൈവ്സ്റ്റോക്ക് പ്രോഗ്രാം അനുസരിച്ച് തെരഞ്ഞെടു

ക്കപ്പെട്ട പത്ത് യൂണിറ്റുകൾക്കായി ഇറച്ചിക്കോഴി വളർത്തുന്നതിന് സഹായം ചെയ്തു. ആ യൂണിറ്റുകളിൽ കൂടുതലും ഇന്നും നടന്നുവരുന്നു.

2. എഗ്ഗർ നഴ്സറി പദ്ധതിപ്രകാരം ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ വാങ്ങി വളർത്തി രണ്ടു മാസം കഴിഞ്ഞ് വിൽക്കുന്ന ഒരു യൂണിറ്റ് ഉണ്ടായിരുന്നുവെങ്കിലും അടുത്തകാലത്തായി പ്രവർത്തിക്കുന്നില്ല.

3. പ്രത്യേക പദ്ധതി പ്രകാരം (SCP) തെരഞ്ഞെടുക്കപ്പെട്ട INDP (സംയോജിത ഹരിജന വികസന പദ്ധതി) കിടാരി, ആട്, കോഴി എന്നിവ സൗജന്യമായി നൽകുന്നു.

4. പേവിഷബാധയ്ക്കെതിരായി പ്രതിവർഷം 100 നായ്ക്കൾക്ക് വാക്സിൻ കൊടുക്കുന്ന പദ്ധതി.

5. കന്നുകാലികളുടെ വന്ധ്യതാനിവാരണത്തിനായി പദ്ധതി നിലവിലുണ്ട്.

6. എക്സ്റ്റൻഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി ഗോരക്ഷാ ക്യാമ്പുകൾ നടപ്പിലാക്കുന്നു.

7. വെറ്റിനറി ഡോക്ടർ ഉൾപ്പെടെ 4 ജീവനക്കാർ മൃഗാശുപത്രിയിലുണ്ട്.

ബ്ലോക്കുതലത്തിൽ പ്രവർത്തിക്കുന്ന ഡയറി വികസന ഓഫീസിൽ ഡയറി വികസന ഓഫീസർ ഉൾപ്പെടെ 5 ജീവനക്കാരുണ്ട്. ഇവരിൽ 2 ഡയറി ഫാം ഇൻസ്ട്രക്ടർമാർ ഉൾപ്പെടുന്നു. ബ്ലോക്കിലെ 4 പഞ്ചായത്തുകളാണ് പ്രവർത്തന മേഖല. ഒരു പഞ്ചായത്തിന് ഒരു ഡയറി ഫാം ഇൻസ്ട്രക്ടറുടെ സേവനം അത്യാവശ്യമാണ്.

പ്രശ്നങ്ങൾ

1. നല്ലയിനം കിടാരികളെയും കാലികളേയും ലഭ്യമാകാത്തത് ഈ മേഖലയിലെ പ്രശനമാണ്.

2. കാലിത്തീറ്റയുടെ ക്രമാതീത മായ വിലവർദ്ധനവ്.

3. പഞ്ചായത്തിൽ നെൽക്കൃഷി കുറവായതിനാൽ ജൈവ വയ്ക്കോൽ ദൗർലഭ്യത, തീറ്റപ്പുൽക്കൃഷിയ്ക്കാവശ്യമായ സ്ഥലപരിമിതി.

4. രോഗബാധിത കന്നുകാലികൾക്കാവശ്യമായ ചികിത്സാ സൗകര്യത്തിന്റെ കുറവ്.

5. വൈദഗ്ധ്യമുള്ള കറവക്കാരുടെ അപര്യാപ്തത.

6. തൊഴുത്തുനിർമ്മാണത്തിനായി ധാരാളം തുക ചെലവഴിക്കേണ്ടതുണ്ട്. ഇപ്പോൾ ലഭിക്കുന്ന സഹായ തോത് പര്യാപ്തമല്ല.

7. ആടുവളർത്തലിനാവശ്യമായ സാഹചര്യങ്ങളുണ്ടെങ്കിലും കർഷകർക്ക് താൽപ്പര്യക്കുറവുണ്ട്.

8. കോഴി, താറാവ്, കാട എന്നിവയുടെ കുഞ്ഞുങ്ങളെ ആവശ്യത്തിന് ലഭിക്കുന്നില്ല.

9. കോഴി, താറാവ് എന്നിവയ്ക്കാവശ്യമായ തീറ്റകളുടെ ലഭ്യതയിലുള്ള കുറവും വിലവർദ്ധനവും.

10. പ്രത്യേക പദ്ധതിപ്രകാരമുള്ള ആനുകൂല്യം നിലവിൽ കോളനികൾക്കുമാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. കോളനികളില്ലാതെ മറ്റു പ്രദേശങ്ങളിൽ അധിവസിക്കുന്ന പട്ടികജാതി വിഭാഗങ്ങൾക്ക് ആനുകൂല്യം ലഭിക്കുന്നില്ല.

11. അകിടുവീക്കം, വന്ധ്യത, പരാദരോഗങ്ങൾ എന്നിവയ്ക്കാവശ്യമായ ചികിത്സാ സൗകര്യങ്ങൾ നിലവിലില്ല.

12. മാംസോൽപ്പാദനരംഗത്ത് ഉൽപ്പാദനക്ഷമതയുള്ള കന്നുകാലികളെ കശാപ്പുചെയ്യുന്നുണ്ട്. അതേസമയം ഗുണനിലവാരം കുറഞ്ഞ (രോഗബാധയുള്ളവയുൾപ്പെടെ) ആടുമാടുകളുടെ മാംസവും വിൽക്കപ്പെടുന്നു.

13. അശാസ്ത്രീയമായ അറവുശാലകൾ നിലവിലില്ല.

14. മുട്ടയുടെ ആഭ്യന്തര ഉൽപ്പാദനം കുറയുന്നതുമൂലം ലക്ഷക്കണക്കിന് രൂപ മറ്റ് സംസ്ഥാനങ്ങളിൽ പോകുന്നുണ്ട്.

15. കന്നുകാലികളുടെ ആകസ്മികമരണംമൂലം വമ്പിച്ച നഷ്ടം കർഷകർക്കുണ്ടാകുന്നു.

16. മൃഗസംരക്ഷണമേഖലയിലെ കർഷകരെ പ്രത്യേകം ആദരിക്കുന്നില്ല.

17. മൃഗാശുപത്രിയിൽ അടിസ്ഥാനസൗകര്യങ്ങളുടെ അഭാവവും മരുന്ന് ലഭ്യതക്കുറവുമുണ്ട്.

പരിഹാരങ്ങൾ

1. പരിസരപ്രദേശങ്ങളിൽ കാലികളേയും കിടാങ്ങളേയും ലഭ്യമല്ലാത്തതിനാൽ അന്യജില്ലകളിൽനിന്നോ സംസ്ഥാനങ്ങളിൽനിന്നോ നമ്മുടെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ ഉരുക്കളെ ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്.

2. ബ്ലോക്ക് തലത്തിലെങ്കിലും കാലിത്തീറ്റ ഉൽപ്പാദനയൂണിറ്റ് തുടങ്ങേണ്ടതാണ്. കാലിത്തീറ്റയുടെ അമിതമായ വിലവർദ്ധന തടയാൻ ഇത് സഹായകമാകും.

3. പുൽക്കൃഷി, പയർക്കൃഷി, മക്കച്ചോളം എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. നിലവിലുള്ള ചികിത്സാ സൗകര്യം കാര്യക്ഷമമാക്കുവാൻവേണ്ട സംവിധാനം ഉണ്ടാകേണ്ടതാണ്.

5. കറവക്കാരുടെ അപര്യാപ്തത പരിഹരിക്കുന്നതിന്റെ ഭാഗമായി മിൽക്കിംഗ് മെഷീനുകൾ ലഭിക്കുകയും അത് ഉപയോഗിക്കുന്നതിനാവശ്യമായ പരിശീലനം നൽകുകയും ചെയ്യുക. 50,000 രൂപ വിലവരുന്ന മിൽക്കിംഗ് മെഷീൻ പാൽ സഹകരണസംഘങ്ങളിൽ വാങ്ങുകയും സൈക്കിളിൽ കർഷകരുടെ വീട്ടിലെത്തി പാൽ കറക്കുവാൻ ആവശ്യമാ നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. സംഘങ്ങൾക്ക് അതൊരു വരുമാനമാർഗ്ഗവുമാണ്.

6. മാതൃകായൂണിറ്റടിസ്ഥാനത്തിലുള്ള തൊഴുത്ത് നിർമ്മാണത്തിനാവശ്യമായ തുകയും വർദ്ധിപ്പിക്കണം.

7. ആടുവളർത്തിലിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കണം.

8. നല്ലയിനം കോഴി, താറാവ് എന്നിവയുടെ കുഞ്ഞുങ്ങളെ യഥാസമയം ലഭ്യമാക്കണം. എഗ്ഗർ നഴ്സറികളുടെ പ്രവർത്തനം വിപുലപ്പെടുത്തണം.

9. കോഴി, താറാവ് എന്നിവയ്ക്കാവശ്യമായ തീറ്റകൾ ലഭ്യമാക്കാനുള്ള നടപടികൾ കൈക്കൊള്ളണം.

10. പ്രത്യേകഘടക പദ്ധതിയുടെ പ്രായോജകരായി IHDP കോളനികൾ വേണമെന്ന നിബന്ധന മാറ്റുകയും പഞ്ചായത്തിനെ ഒരു യൂണിറ്റായി പരിഗണിച്ച് പഞ്ചായത്തിലെ എല്ലാ ഹരിജനങ്ങൾക്കും ആനുകൂല്യം ലഭ്യമാക്കുകയും വേണം.

11. അകിടുവീക്കം, വന്ധ്യത തുടങ്ങിയ രോഗങ്ങൾക്കാവശ്യമായ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തണം.

12. ഗുണനിലവാരം കുറഞ്ഞ ആടുമാടുകളെ കശാപ്പുചെയ്യുന്നത് കർശനമായി നിരോധിക്കുകയും ഇറച്ചിയുൽപ്പാദനത്തിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുകയും വേണം.

13. അറവുശാലകൾ ശാസ്ത്രീയമായി സംവിധാനം ചെയ്യുകയും മാലിന്യങ്ങൾ യഥാസമയം സംസ്ക്കരിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണം. ഒരു ചെറുകിട സംസ്ക്കരണശാല ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച് അറവുശാലകളിലെ മാലിന്യങ്ങൾ ഉപയോഗപ്രദമാക്കാവുന്നതാണ്.

14. ആഭ്യന്തര ഉപയോഗത്തിനാവശ്യമായ മുട്ട ലഭിക്കുന്നില്ല. കോഴിവളർത്തലിനാവശ്യമായ മുട്ട ലഭിക്കുന്നില്ല. കോഴിവളർത്തലിനാവശ്യമായ ധാരാളം സാധ്യതകൾ നിലവിലുണ്ട്. വീട്ടുമുറ്റത്തെ കോഴിവളർത്തലിനാവശ്യമായ സബ്സിഡി ലഭ്യമാണ്. സംസ്ഥാനത്തെ പല മേഖലകളിലും വിജയകരമായി നടത്തുന്ന ഈ രീതിയുടെ സാധ്യതകൾ പരിശോധിക്കുകയും പദ്ധതികൾ നടപ്പാക്കുകയും ചെയ്യുക.

15. ബ്രോയിലർ വളർത്തലിനാവശ്യമായ കുഞ്ഞുങ്ങളെ ലഭ്യമാക്കുകയും സബ്സിഡികൾ അനുവദിക്കുകയും ചെയ്താൽ വളരെയധികം വികസന സാധ്യതയുണ്ട്. ഇതുവഴി മാംസത്തിന്റെ കുറവ് ഒരു പരിധിയോളം പരിഹരിക്കാവുന്നതാണ്.

16. കന്നുകാലികൾ ആകസ്മികമായി ചത്തുപോകുന്നതിനും അകിടുവീക്കം, വന്ധ്യത തുടങ്ങിയവ മൂലമുണ്ടാകുന്ന നഷ്ടത്തിനു പരിഹാരമായി സമഗ്രമായ കന്നുകാലി ഇൻഷുറൻസ് നടപ്പാക്കേണ്ടതാണ്.

17. മൃഗസംരക്ഷണ മേഖലയിലെ കർഷകരുടെ പ്രോത്സാഹനാർത്ഥം വിവിധതലങ്ങളിൽ അവാർഡുകൾ ഏർപ്പെടുത്തുകയും ആദരിക്കുകയും വേണം. പഞ്ചായത്തിലെ ഏറ്റവും നല്ല കന്നുകാലി കർഷകന് പ്രത്യേക അവാർഡ് നൽകേണ്ടതാണ്.

18. കോഴിവളർത്തലിനാവശ്യമായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി

വാർഡ്	യൂണിറ്റ്
7	2
8	2
5	1
9	1
10	2
11	1
13	1

ഗ്രാമസഭകളിൽനിന്നും ധാരാളം നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്.

നിലവിലുള്ള കോഴി വളർത്തൽ യൂണിറ്റ്

19 മാംസത്തിനാവശ്യമായ കാളക്കുട്ടികളേയും പോത്തിൻ കുട്ടികളേയും വളർത്തേണ്ടതാണ്.

20. മൃഗാശുപത്രിയോടനുബന്ധിച്ച് ക്ലിനിക്കൽ ലബോറട്ടറി സ്ഥാപിക്കുക. അതുപോലെ അടിസ്ഥാനസൗകര്യങ്ങളായ ട്രെവിസ്, മറ്റുപകരണങ്ങൾ എന്നിവയും ലഭ്യമാക്കണം. മരുന്നുവിതരണത്തിലെ ഇപ്പോഴുള്ള കുറവുനികത്താൻ കഴിയേണ്ടതാണ്.

വ്യവസായം

പണ്ടുമുതലേ പരമ്പരാഗത വ്യവസായങ്ങളേയും മത്സ്യബന്ധനത്തെയും ആശ്രയിച്ചുകഴിഞ്ഞുവരുന്ന പ്രദേശമാണിത്. 1930-കളിൽ ചിലസംഘടിത വ്യവസായങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നതായി കാണുന്നു. നൂറോളം തൊഴിലാളികൾ പണിയെടുത്തിരുന്ന ഒരു കയർ ഉൽപ്പന്ന ഫാക്ടറി വക്കം ബ്രദേഴ്സ് എന്ന യൂറോപ്യൻ കമ്പനി അക്കാലത്ത് നീരാവിൽ സ്ഥാപിച്ചുനടത്തിയിരുന്നു. അവിടെ ഉൽപ്പാദിപ്പിക്കുന്ന കയറിന്റെ മേൻമ പരിഗണിച്ചാണ് ഈ ഫാക്ടറി അവിടെ സ്ഥാപിച്ച് പ്രവർത്തനം നടത്തിയതെന്നുവേണം കരുതേണ്ടത്. 200 തൊഴിലാളികൾ വരെ പണിയെടുത്തിരുന്ന ഓരോ കശുവണ്ടിഫാക്ടറികൾ മുരുന്തൽ Aയിലും മുരുന്തൽ Bയിലും കുരീപ്പുഴ Dയിലും ഈ കാലഘട്ടത്തിൽ നിലനിന്നിരുന്നു. അരനൂറ്റാണ്ടിനുമുൻപ് സംഘടിത വ്യവസായത്തിന്റെ കാര്യത്തിൽ അഭിമാനകരമായിരുന്ന സാഹചര്യം നഷ്ടമായതെങ്ങനെയെന്ന് അറിയാൻ കഴിയുന്നില്ല. ഈ കാലഘട്ടത്തിലും തുടർന്നു അടുത്തകാലം വരെയും 40-ഓളം കുമ്മായചൂളകൾ പഞ്ചായത്തിന്റെ പടിഞ്ഞാറേതീരത്ത് നിലനിന്നിരുന്നു. കക്കയുടെ വിലവർദ്ധനവും സിമന്റിന്റെ വ്യാപനവും ഈ വ്യവസായത്തെ നാമാവശേഷമാക്കി. 1960 കൾക്കുശേഷം മത്സ്യബന്ധനരംഗത്തുണ്ടായ നവീകരണങ്ങളുടെ ഫലമായി ചെമ്മീൻ വ്യവസായം പുഷ്ടിപ്പെടുകയും കയറ്റുമതി സാദ്ധ്യത വർദ്ധിക്കുകയും ചെയ്തതോടുകൂടി ചെമ്മീൻ സംസ്കരണത്തിനു വേണ്ടി സംഘടിത രൂപത്തിൽ ചെമ്മീൻ വ്യവസായശാലകൾ മതിലിൽ പ്രദേശത്തും കുരീപ്പുഴ പ്രദേശത്തും സ്ഥാപിക്കപ്പെട്ടു. കുറച്ചുകാലം മാത്രമേ അവപ്രവർത്തിച്ചിരുന്നുള്ളു.

ചെറുകിടവ്യവസായങ്ങൾ

കൊപ്രാ സംസ്കരണം പഞ്ചായത്തിന്റെ പലഭാഗങ്ങളിൽ നടന്നുവരുന്നുണ്ട്. ആദ്യകാലങ്ങളിൽ ഇവിടെ ഉൽപ്പാദിപ്പിക്കുന്ന നാളീകേരത്തിന്റെ സംസ്കരണമാണുനടന്നു വന്നതെങ്കിലും, തൊണ്ടിന്റെ വിലവർദ്ധിക്കുകയും തൊണ്ടുനിയന്ത്രണനിയമം പ്രാബല്യത്തിൽ വരികയും ചെയ്തതോടുകൂടി ദൂരദേശങ്ങളിൽ നിന്നും നാളീകേരം കൊണ്ടുവന്നു സംസ്കരിക്കുന്ന സ്ഥിതിവിശേഷമുണ്ടായി. ഇപ്പോൾ ഈ വ്യവസായം പുറംദേശങ്ങളിൽ നിന്നും വരുന്ന നാളീകേരത്തെയാണ് മുഖ്യമായും ആശ്രയിക്കുന്നത്. എണ്ണ ആട്ടുന്ന മൂന്നു മില്ലുകൾ ഇവിടെ സ്ഥാപിക്കപ്പെട്ടിരുന്നുവെങ്കിലും നഷ്ടം മൂലം അവയൊന്നും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. എണ്ണവിലയിൽ അടിക്കടിഉണ്ടാകുന്ന ഏറ്റക്കുറച്ചിലാണ് ഓയിൽവ്യവസായത്തെ പ്രതികൂലമായി ബാധിച്ചിരിക്കുന്നത്. സസ്യ എണ്ണ ശുദ്ധീകരണത്തിനായി സംഘടിതസ്വഭാവത്തോടും ആധുനികമെഷീനറികളോടും കൂടി അടുത്തകാലത്തു സ്ഥാപിക്കപ്പെട്ട സൂര്യറിഫൈനറിയും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഓട് ഉൽപ്പാദിപ്പിച്ചുകൊണ്ടിരുന്ന 4 ഓട്ടുകമ്പനികളിൽ ഒന്നുമാത്രമേ ഇപ്പോൾപ്രവർത്തിക്കുന്നുള്ളു. കിണർ, കക്കൂസുകൾ, തുടങ്ങിയവയ്ക്കുള്ള റിംഗുകൾ നിർമ്മിക്കുന്ന അഞ്ചുയൂണിറ്റുകൾ നിലവിലുണ്ട്. പി.വി.സി. ബെന്റു നിർമ്മാണം, മോൾഡുനിർമ്മാണം, തീപ്പെട്ടി, പ്ലാസ്റ്റിക്, മരവ്യവസായം, മത്സ്യബന്ധനബോട്ടിന്റെ ബോഡിനിർമ്മാണം എന്നിവയിൽ ഏർപ്പെട്ടിട്ടുള്ള പന്ത്രണ്ടു ചെറുകിടവ്യവസായയൂണിറ്റുകൾ പഞ്ചായത്തുപ്രദേശത്തു പ്രവർത്തിക്കുന്നുണ്ട്. ഇവയിലെല്ലാംകൂടി ഇരുനൂറിൽ

താഴെ തൊഴിലാളികളാണ് പണിയെടുക്കുന്നത്. കച്ചിപ്പടം നിർമ്മിക്കുന്ന ഒരു സഹകരണസംഘവും 4സ്വകാര്യയൂണിറ്റുകളും നിലവിലുണ്ട്.

പരമ്പരാഗതവ്യവസായം– കയർ

നാലായിരത്തോളം തൊഴിലാളികൾ കയർവ്യവസായത്തെയാണ് ഇപ്പോഴും ആശ്രയിക്കുന്നത്. തൊണ്ടിന്റെ അപര്യാപ്തത. ഈ വ്യവസായത്തെ കാര്യമായി ബാധിക്കുന്നുണ്ട്. അതിന്റെ ഫലമായി അയൽസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന ചകിരിയാണ് ഉൽപ്പാദനത്തിനായി പ്രധാനമായും ഉപയോഗിച്ചുവരുന്നത്. അതു കയറിന്റെ ഗുണനിലവാരത്തെ ബാധിക്കുന്നു. അയൽസംസ്ഥാനങ്ങളിൽ വ്യാപകമായി കയറുൽപ്പാദിപ്പിച്ചുതുടങ്ങിയതോടെ ആഭ്യന്തരവിപണിയിൽ അവരുടെ തള്ളിക്കയറ്റം ഉണ്ടാകുകയും വ്യാപാരരംഗത്ത് മാന്ദ്യം നിലനിൽക്കുകയും ചെയ്യുന്നു. ഉല്പാദനരംഗത്ത് പത്തുതൊഴിലാളി സഹകരണസംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. മതിയായ മൂലധനക്കുറവും അസംസ്കൃതസാധനങ്ങളുടെ ലഭ്യതക്കുറവും മൂലം തുടർച്ചയായി ഉൽപ്പാദനം നടത്തുവാൻ അവർക്ക് കഴിയുന്നില്ല. സ്വകാര്യമേഖലയിൽ ഒരുകാലത്ത് വൻകിട ഉൽപാദകരാണ് ഈ വ്യവസായത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തിയിരുന്നെതെങ്കിലും ഇന്നു പൊതുവിൽ ചെറുകിട ഉൽപ്പാദനം മാത്രമേ കാണുന്നുള്ളൂ. ഉൽപ്പാദനക്ഷമതയുള്ള ആധുനിക വൽക്കരണം കൊണ്ടു മാത്രമേ വ്യവസായത്തിന് നിലനിൽക്കാൻ കഴിയൂ എന്ന അവസ്ഥയിലാണ്.

ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന രണ്ട് കയർ സഹകരണ സംഘങ്ങളിൽ ഉൽപ്പാദന നവീകരണത്തിന്റെ ഭാഗമായി മോട്ടോറൈസ്ഡ് യൂണിറ്റുകൾ പ്രവർത്തിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ സ്ഥാപിച്ചുവരുന്നു. പ്രതീക്ഷിച്ചപോലെ ഉൽപ്പാദനക്ഷമത പ്രസ്തുത യന്ത്രങ്ങളിൽ നിന്നുമുണ്ടാകുമോ എന്ന ആശങ്ക സംഘം പ്രവർത്തകരിൽ നിലനിൽക്കുകയാണ്. ഉൽപ്പാദനരംഗത്തെ മോശമായ ചുറ്റുപാടുകൾ ഈ വ്യവസായത്തിലേയ്ക്ക് പുതിയ തൊഴിലാളികൾ കടന്നുവരുന്നതിനും തടസ്സമായി നിൽക്കുന്നു.

കയർ ഉൽപ്പാദനരംഗത്തുള്ള തൊഴിലാളികൾക്ക് 1972–ൽ മിനിമം വേജസ് പ്രഖ്യാപിച്ചു. അത് ലഭിക്കുന്നതിനു വേണ്ടി നിരവധി പ്രക്ഷോഭസമരങ്ങൾ തൊഴിലാളികൾ നടത്തിയിട്ടുണ്ട്. അതിന്റെ ഫലമായി കാലാകാലങ്ങളിൽ കൂലി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും നിയമപരമായ കൂലി ഇനിയും ലഭിച്ചിട്ടില്ല. കയറിന്റെ വിലയിലുള്ള പിന്നോക്കാവസ്ഥയാണ് കൂലി വർദ്ധിപ്പിക്കുന്നതിന് ഉൽപ്പാദകർ ഉന്നയിക്കുന്ന തടസ്സവാദം. 1988–ൽ കയർ തൊഴിലാളി ക്ഷേമനിധി പ്രഖ്യാപിച്ചുവെങ്കിലും മുഴുവൻ തൊഴിലാളികളും ക്ഷേമനിധിയിൽ അംഗമായിട്ടില്ല. ഉൽപ്പാദകരുടെ ആശങ്കയും നിയമപരമായ തടസ്സങ്ങളും ഇതിന് കാരണമായി ഉന്നയിക്കപ്പെടുന്നു.

കയർ തൊഴിലാളിക്ഷേമം മുൻനിർത്തി രൂപീകരിച്ചിട്ടുള്ള 10 സഹകരണസ്ഥാപനങ്ങളുണ്ട്. പ്രവർത്തനമൂലധനത്തിന്റെ അഭാവം, തൊണ്ടിന്റെ ദൗർലഭ്യം എന്നിവമൂലം ഭൂരിപക്ഷം സ്ഥാപനങ്ങളും സ്തംഭനാവസ്ഥയിലാണ്. ഒരുകാലത്ത് വിദേശമാർക്കറ്റിലേയ്ക്കുള്ള ആവശ്യം കണക്കിലെടുത്താണ്. ഉൽപ്പാദനം നടന്നുവന്നിരുന്നത്. എന്നാൽ ഇപ്പോൾ ആഭ്യന്തരമാർക്കറ്റിനെ ആശ്രയിച്ചാണ് വ്യവസായം നിലനിൽക്കുന്നത്. ആഭ്യന്തരമാർക്കറ്റ് വികസിക്കാൻ തുടങ്ങിയതോടെ തമിഴ്നാട്ടിൽനിന്നും വ്യാപാരികൾ വന്ന് ചെറുകിട കയർ കമ്പനികൾ സ്ഥാപിക്കുകയും കയർ വാങ്ങി വിപണനത്തിനായി വിവിധരീതിയിൽ കൊട്ടിയും ആടിയും അയക്കുവാൻ തുടങ്ങി. ഈ വ്യാപാരം കാലക്രമത്തിൽ വികസിക്കുകയും പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായി ചെറുതും ഇടത്തരവുമായ 20 കമ്പനികൾ പ്രവർത്തിച്ചുവരികയും ചെയ്യുന്നു. ഈ സ്ഥാപനങ്ങളിൽ നാനൂറോളം തൊഴലാളികൾ പണിയെടുത്തുവരുന്നു.

ഇതര തൊഴിൽരംഗം

ഗതാഗതരംഗത്ത് അടുത്തകാലത്തുണ്ടായ പുരോഗതി തൊഴിൽരംഗത്ത് സാധ്യതകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. ആട്ടോറിക്ഷ, ടാക്സി, മിനിലോറി, ലോറി, ജീപ്പ്, മിനി ബസ് എന്നീ ഇനങ്ങളിലായി പഞ്ചായത്തിൽ 295 വാഹനങ്ങൾ ഉണ്ട്. ഈ വാഹനങ്ങളിലെ ഓപ്പറേറ്റിംഗ്, ലോഡിംഗ് ആന്റ് അൺലോഡിംഗ്, മെക്കാനിക് വിഭാഗങ്ങളിലായി 500ൽപ്പരമാളുകളുടെ തൊഴിൽ സാധ്യത നിലനിൽക്കുന്നു. കെട്ടിടനിർമ്മാണം പെയിന്റിംഗ് തുടങ്ങിയ രംഗങ്ങളിലെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന 600ഓളം പേരും തയ്യൽ, വ്യാപാരം തുടങ്ങിയ മേഖലകളിലായി അത്രത്തോളം പേരും പണിയെടുക്കുന്നതായാണറിയാൻ കഴിഞ്ഞിട്ടുള്ളത്. വെൽഡിംഗ്, വയറിംഗ്, പ്ലംബ്ബിംഗ് തുടങ്ങിയ മേഖലകളിലും തൊഴിൽസാധ്യത വികസിച്ചുവരികയാണ്. എന്നാൽ, ഉപഭോഗത്തെ അടിസ്ഥാനമാക്കിയുള്ള ചെറുകിട വ്യവസായങ്ങളും ഉൽപ്പാദനരീതിയും അവികസിതമായിത്തന്നെ തുടരുകയാണ്.

ചെറുകിട വ്യവസായരംഗങ്ങൾ തുടങ്ങുന്നതിനും നിലവിലുള്ളവയെ സംരക്ഷിക്കുന്നതിനുംവേണ്ടി പദ്ധതികളിൽ വിഹിതം നീക്കിവയ്ക്കുകയും അതിൽ നടപടിക്രമങ്ങൾ സ്വീകരിച്ചുനടപ്പാക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിൽ അതിന്റെ പ്രയോജനം ഇനിയും ലഭിക്കേണ്ടതായിട്ടാണിരിക്കുന്നത്. താൽപ്പര്യമുള്ളവർ വ്യവസായ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ടാൽ അവർക്കുള്ള വ്യവസായതാൽപ്പര്യംതന്നെ നഷ്ടമാക്കുന്ന സമീപനമാണ് പലപ്പോഴും അനുഭവപ്പെടുന്നതെന്ന് പരക്കെ ആക്ഷേപമുണ്ട്. പദ്ധ

തികളെക്കുറിച്ച് സംരംഭകരെ ബോധവാന്മാരാക്കാനും സാധ്യതയുള്ള വ്യവസായങ്ങൾ ബോധ്യപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ കൊടുക്കാനും ചുമതലപ്പെട്ടവരുടെ പിടിപ്പില്ലായ്മയും സ്വാർത്ഥതാൽപ്പര്യങ്ങളും ചെറുകിട വ്യവസായവികസന സാധ്യതകളെ തളർത്തുകയാണ്. വാണിജ്യ ബാങ്കുകളുടെ ഇക്കാര്യത്തലുള്ള സമീപനം അങ്ങേയറ്റം അപലപനീയവുമാണ്. ജനകീയാസൂത്രണം നേരിടുന്ന വെല്ലുവിളിയുടെ ഒരു വശമാണിത്.

പ്രശ്നങ്ങൾ

1. ചെറുകിട വ്യവസായ സംരംഭങ്ങൾക്കുപോലും തടസ്സം സൃഷ്ടിക്കുന്നതാണ് കൈവശാവകാശഭൂമിയുടെ വിസ്തൃതി.

2. കയർ വ്യവസായമൊഴികെയുള്ള വ്യവസായങ്ങൾക്ക് അനുഗുണമല്ലാത്തതായ കാർഷികോൽപ്പാദനം.

3. വ്യാവസായിക മനോഭാവത്തിന്റെ അഭാവം.

4. വ്യാവസായിക പരിശീലനത്തിന്റേയും വ്യാവസായിക സംരംഭങ്ങളുമായുള്ള ബന്ധത്തിന്റേയും പോരായ്മ.

5. മൂലധനത്തിന്റെ പരിമിതി.

6. വൈദ്യുതി ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ

7. വിപണനസംവിധാനങ്ങളുടെ അപര്യാപ്തത.

8. സാമൂഹിക പുരോഗതിയിൽ ഉൽപ്പാദനവർദ്ധനവിനെക്കുറിച്ചുള്ള ധാരണാക്കുറവ്.

9. പരമ്പരാഗത വ്യവസായത്തിന്റെ നവീകരണം സംബന്ധിച്ച പ്രശ്നം.

സാധ്യതകൾ

1. വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിലൂടെ ഭൂമിയുടെ ലഭ്യതക്കുറവ് പരിഹരിക്കാവുന്നതാണ്.

2. ഉപഭോഗാവശ്യങ്ങൾക്കുള്ള ഉൽപ്പാദനസംരംഭങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ടുള്ള വ്യവസായങ്ങൾ ആരംഭിക്കാവുന്നതാണ്.

3. കയർ വ്യവസായം നവീകരിക്കുകയും വരുമാന വർദ്ധനവ് സൃഷ്ടിക്കുകയും ചെയ്യുന്നതിനുള്ള പരിപാടികൾ ആവിഷ്ക്കരിച്ച് കൂടുതൽ തൊഴിൽ സാധ്യതകൾ കൈവരിക്കാവുന്നതാണ്.

4. പരിസ്ഥിതി പ്രശ്നമായി മാറിക്കഴിഞ്ഞിരിക്കുന്ന ചകിരിച്ചോറ് ഉപയോഗിച്ച് ജൈവവളം നിർമ്മിക്കുന്നതിനുള്ള പദ്ധതി പരിശോധിക്കാവുന്നതാണ്.

5. ആധുനികരീതിയിലുള്ള മത്സ്യ സംസ്ക്കരണ യൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്.

6. വീടുകളിൽ വച്ചുള്ള ഉൽപ്പാദനത്തിന് വ്യവസായ സംരംഭങ്ങൾ കണ്ടെത്തി അത് വികസിപ്പിക്കാനുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പാക്കാവുന്നതാണ്.

7. സഹകരണമേഖലയിലൂടെ പുതിയ വ്യവസായ സംരംഭങ്ങൾക്കുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

8. വ്യവസായസംരംഭങ്ങൾക്കുള്ള മൂലധനത്തിന്റെ അഭാവം പരിഹരിക്കുന്നതിൽ വാണിജ്യ ബാങ്കുകൾക്കും വായ്പാ സംഘങ്ങൾക്കുമുള്ള പ്രാധാന്യം അവരെ ബോധ്യപ്പെടുത്തി പരിഹരിക്കുന്നതിനുള്ള പരിപാടികൾ തയ്യാറാക്കാവുന്നതാണ്.

9. സബ്സിഡികളും മറ്റാനുകൂല്യങ്ങളും ലഭ്യമാകുന്നതിന് ഇന്ന് നിലനിൽക്കുന്ന തടസ്സങ്ങൾ ഒഴിവാക്കുന്നതിനുള്ള പരിഹാരങ്ങളെക്കുറിച്ച് പരിശോധിച്ച് തീരുമാനങ്ങൾ എടുക്കേണ്ടതാണ്.

10. വ്യാവസായിക മനോഭാവം വളർത്തുന്നതിന് ആവശ്യമായ സെമിനാറുകൾ കൂടെക്കൂടെ സംഘടിപ്പിക്കുയും അതിലൂടെ വ്യാവസായിക മനോഭാവമുള്ളവരെ കണ്ടെത്തി അവർക്കാവശ്യമായ പരിശീലനവും സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പരമാവധി സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്.

11. വ്യാവസായിക സംരംഭങ്ങളെക്കുറിച്ചും വിവിധ തൊഴിലവസരങ്ങളെക്കുറിച്ചും മനസ്സിലാക്കി യഥാവസരം വിവരങ്ങൾ നൽകാനുള്ള സംവിധാനം പഞ്ചായത്തുതലത്തിൽ സ്ഥിരമായി പ്രവർത്തിപ്പിക്കാവുന്നതാണ്.

12. നിലവിലുള്ള വ്യവസായികൾതമ്മിൽ ഒന്നിച്ചുചേരുന്നതിനും അനുഭവങ്ങൾ കൈമാറുന്നതിനും പര്യാപ്തമാകുംവിധം പഞ്ചായത്ത്തലത്തിൽ സ്ഥിരമായ ക്ലബ്ബുകൾ സംഘടിപ്പിക്കാവുന്നതാണ്. വ്യവസായികൾ നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും പരിഹാരം കാണുന്നതിനും ഈ ക്ലബ്ബുകൾ പ്രയോജനകരമാക്കാവുന്നതാണ്. പുതിയ സംരംഭകരെ ഈ ക്ലബ്ബുമായി ബന്ധപ്പെടുത്തുന്നതിലൂടെ വ്യവസായികളുടെ അനുഭവങ്ങളും അറിവും അവർക്കുകൂടി ലഭ്യമാക്കാനും അവരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നതാണ്.

13. ലൈസൻസുകൾ, വദ്യുതി തുടങ്ങിയ കാര്യങ്ങളിൽ കാലതാമസവും ബുദ്ധിമുട്ടുകളും ഒഴിവാക്കുന്നതിന് പഞ്ചായത്ത്തലത്തിൽ ലയിസാൻ സെല്ലുകൾ ഉണ്ടാക്കി അതിന്റെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

14. വ്യവസായികളുടെ ക്ലബ്ബിന്റെയും സർക്കാർ അർദ്ധസർക്കാർ ഏജൻസികളുടെയും സഹായത്തോടുകൂടി അതതവസരത്തിൽ വിപണനസാധ്യകൾ പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിക്കാവുന്നതാണ്.

15. കരകൗശലവസ്തുക്കൾ, ഫർണിച്ചർ, തടി ഉപകരണങ്ങൾ, ചെരിപ്പുകൾ, ഗാർമെന്റ്സുകൾ, പാക്കിംഗ് കവർ, നോട്ടുബുക്ക് മറ്റ് അലങ്കാര വസ്തുക്കൾ എന്നിവയുടെ ഉൽപ്പാദനം വികസിപ്പിക്കുന്നതിനുള്ള ഭൗതികസാഹചര്യം കണക്കിലെടുത്ത് പദ്ധതികൾ തയ്യാറാക്കാവുന്നതാണ്.

ഗതാഗതം

സ്വന്തം ഉപോഭഗത്തിനുപുറമേ വിപണത്തിന് വേണ്ടിയുള്ള ഉല്പാദനം മനുഷ്യൻ ആരംഭിച്ചതോടെയാണ് ഗതാഗതത്തിന്റെ ആവശ്യകത വന്നുചേർന്നത്. ചരക്കുകൾ ഒരുഭാഗത്തുനിന്നും മറ്റൊരുഭാഗത്തേക്ക് കൊണ്ടുപോകുന്നതിനും സഞ്ചരിയ്ക്കുന്നതിനും സൗകര്യപ്രദമായ വഴികൾ ആവശ്യമായി വന്നു. വിപണം വികസിച്ചുവന്നതോടെ ചരക്കുകൾ മനുഷ്യനും മൃഗങ്ങളും വഹിച്ചുകൊണ്ടുപോകുന്നതും അപര്യാപ്തമായി തീർന്നു. ഈ പരിതസ്ഥിതിയിലാകാം മൃഗങ്ങൾ വലിയ്ക്കുന്ന വണ്ടികളും വള്ളങ്ങളുമുണ്ടായത്. വണ്ടികളുടെ വരവോടെയാണ് ഗതാഗതസൗകര്യമുള്ള റോഡുകളുടെ ആവശ്യം വന്നുചേർന്നത്. തുടർന്നുമനുഷ്യന്റെ വികാസത്തിന്റെ ഓരോ ഘട്ടത്തിലും ഗതാഗത ഉപകരണങ്ങളിലും അവയ്ക്കുവേണ്ടിയുള്ള റോഡുകളിലും പരിഷ്ക്കാരങ്ങൾ വന്നുകൊണ്ടിരുന്നു. ഭൂപ്രകൃതിയുടെയും വൃക്ഷലതാദികളുടെയും തടസ്സങ്ങൾ മൂലം പൗരാണിക കാലങ്ങളിൽ ജലഗതാഗതങ്ങൾക്കാണ് പ്രാമുഖ്യം കല്പിച്ചിരുന്നത്. രാജ്യങ്ങൾ തമ്മിലുള്ള മത്സരങ്ങളും യുദ്ധങ്ങളും തുടർച്ചയായി ഉണ്ടാവുക മൂലം റോഡുകളുടെ ആവശ്യം അനിവാര്യമായിത്തീർന്നു. കരഗതാഗതത്തിൽ യന്ത്രങ്ങൾ ഘടിപ്പിച്ചുള്ള വാഹനങ്ങളുടെ ആവിർഭാവത്തോടെ കരയിൽ വീതിയേറിയതും നിരപ്പായതുമായ റോഡുകൾ നിർമ്മിക്കേണ്ടിവന്നു. വ്യാവസായിക പുരോഗതി ത്വരിതപ്പെട്ടതോടെ ഉല്പാദനവും തൊഴിൽസാധ്യതയും വളരെ വേഗം വികസിക്കുകയും അതിന്റെ ഫലമായി ചരക്കുഗതാഗതവും യാത്രാവശ്യവും വർദ്ധിച്ചുവരുകയും ചെയ്യുന്നു. വേഗതയും അനിവാര്യമായ ആവശ്യമായിത്തീർന്നിരിക്കുന്നു. ഇതിന്റെ ഫലമായി ജലഗതാഗതത്തിന്റെ പ്രസക്തി കുറയുകയും കരഗതാഗതത്തിൽ വിപ്ലവകരമായ മാറ്റം സംഭവിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ജീവിതത്തിന്റെ അനിവാര്യമായ ഭാഗമായിതീർന്നിരിക്കുകയാണ് ഇന്നു ഗതാഗതം.

അരനൂറ്റാണ്ടുകൾക്കു മുമ്പുവരെ നമ്മുടെ ഗ്രാമത്തിൽ ഗതാഗതത്തിനു വേണ്ടി കാളവണ്ടികൾ, കൈവണ്ടികൾ, കേവുവള്ളം, കടത്തുവള്ളം തുടങ്ങിയവയാണ് ഉപയോഗിച്ചുവന്നത്. ഇവിടെനിന്നും കയർ, കൊപ്രാ തുടങ്ങിയ ചരക്കുകൾ വില്പനയ്ക്കായി കൊച്ചി, ആലപ്പുഴ തുടങ്ങിയ സ്ഥലങ്ങളിൽ കൊണ്ടുപോവുകയും അവിടെനിന്നും ഉപഭോഗസാധനങ്ങൾ കൊണ്ടുവരുകയും ചെയ്തിരുന്നതു കേവുവള്ളങ്ങളിലായിരുന്നു. 1940-കളുടെ അവസാനത്തോടുകൂടിയാണ് കാറുകൾ വന്നുചേർന്നത്. 1952-ലാണ് കോട്ടയത്തുകടവ്-കുണ്ടറ റൂട്ടിൽ ബസ് ഓടിത്തുടങ്ങിയത്. തൃക്കരുവ, മൺട്രോതുരുത്ത്, പെരിനാട് വില്ലേജുകളിലെ നിവാസികൾക്ക് കൊല്ലവുമായി ബന്ധപ്പെടുന്നതിനുള്ള കരമാർഗ്ഗഗതാഗതം അഞ്ചാലുംമൂട് വഴിയാണ് നടക്കുന്നത്. ഇതുമൂലം അഞ്ചാലുംമൂട് വഴിയുള്ള ഗതാഗതം അനുദിനം വർദ്ധിക്കുകയാണ്. ബസുകൾ, മിനിലോറികൾ, ട്രക്കുകൾ, മിനിബസുകൾ, ടാക്സികൾ, ആട്ടോകൾ, പെട്ടിആട്ടോകൾ, ട്രില്ലറുകൾ ഇരുചക്രവാഹനങ്ങൾ തുടങ്ങിയവയുടെ തിരക്കുമൂലം നിലവിലുള്ള റോഡുകൾ വികസനത്തിനുവേണ്ടിയുള്ള വെല്ലുവിളിയെ നേരിടുകയാണ്.

കാളവണ്ടികൾ, കേവുവള്ളങ്ങൾ തുടങ്ങിയവയുടെ പ്രാധാന്യം ആട്ടോ മൊബൈൽ വാഹനങ്ങളുടെ വർദ്ധനവോടെ എറെക്കുറെ അപ്രത്യക്ഷമായിരിക്കുന്നു.

യാത്രാസൗകര്യങ്ങൾ

ഇപ്പോൾ പഞ്ചായത്തിന്റെ കേന്ദ്രമായ അഞ്ചാലുംമൂട് വഴി അമ്പതിൽപരം ബസുകൾ സർവ്വീസ് നടത്തിവരുന്നു. അവ K.S.R.T.C.-സ്വകാര്യ ബസുകളാണ്. കുരീപ്പുഴയിൽ നിന്നും മറ്റുഭാഗങ്ങളിലേക്കുപോകുന്ന ഏഴു ബസുകളാണ് പഞ്ചായത്തുപ്രദേശത്തുനിന്നും പുറപ്പെടുന്നതായുള്ളത്. പടിഞ്ഞാറേ തീരം വഴി മുൻകാലത്തു കൂടുതൽ ബോട്ടുസർവ്വീസുകൾ നടത്തിയിരുന്നെങ്കിലും കരഗതാഗത വികസനത്തോടുകൂടി അവയുടെ ആവശ്യം കുറഞ്ഞതുമൂലം ബോട്ടുസർവ്വീസുകൾ നാമമാത്രമായിരിക്കുന്നു. കോട്ടയത്തുകടവ്, പാണമുക്കുകടവ്, വലിയേഴത്തുകായൽവാരം, അരവിള, കുരീപ്പുഴ എന്നിവയാണ് നിലവിലുള്ള ബോട്ടുജട്ടികൾ.

പഞ്ചായത്തിലെ കടത്തുകൾ

കടത്തിന്റെ പേര്	സർക്കാർ ആണോ	സ്വകാര്യം ആണോ
അരവിള	ആണ്	–
മാമൂട്ടിൽ	ആണ്	–
പാണാമുക്കം	–	ആണ്
പാണ്ടോന്നിൽ	–	ആണ്
മുട്ടത്തുമൂല	ആണ്	–
വെങ്കേക്കര	ആണ്	–
വെട്ടുവിള	ആണ്	–
മുക്കേൽ	–	ആണ്
കണിയാങ്കടവ്	ആണ്	–

യാത്രാരംഗത്ത് ഇരുചക്രവാഹനങ്ങളുടെയും ആട്ടോറിക്ഷകളുടെയും പുരോഗതി പെട്ടെന്നുണ്ടായതാണ്. റോഡുകളുടെ ലഭ്യത, ജനത്തിരക്ക്, സാമ്പത്തിക പുരോഗതി എന്നിവയാണ് പ്രധാനമായും ഇവയുടെ വർദ്ധനവിനു കാരണമായത്. ആട്ടോറിക്ഷയുടെ വ്യാപനത്തോടുകൂടി ടാക്സികളുടെ പ്രാധാന്യം കുറഞ്ഞുപോയിട്ടുണ്ട്. ട്രക്കർ, മിനിബസുകൾ തുടങ്ങിയ വാഹനങ്ങളും യാത്രയ്ക്കുവേണ്ടി ഉപയോഗപ്പെടുത്തിവരുന്നു.

ചരക്കുഗതാഗതം

കയർവ്യവസായത്തിലെ ഉല്പാദനം, അസംസ്കൃത സാധനങ്ങൾ, നിർമ്മാണത്തിനാവശ്യമായ വസ്തുക്കൾ, വിവിധതരം ചരക്കുകൾ എന്നിവയുടെ ഗതാഗതമാണ് നമ്മുടെ പഞ്ചായത്തിൽ പ്രധാനമായും നടന്നുവരുന്നത്. ഇതിനുവേണ്ടി കരവഴിയുള്ള ഗതാഗതത്തെയാണ് പ്രധാനമായും ആശ്രയിച്ചുവരുന്നത്. പഞ്ചായത്തിലാകെ എഴുപതോളം ലോറികളും ഇതിനായി ഉപയോഗിച്ചുവരുന്നു.

നമ്മുടെ ഗ്രാമത്തിൽ കഴിഞ്ഞ 40 വർഷത്തിനിടയിൽ നിരവധി റോഡുകൾ ഉണ്ടായിട്ടുണ്ട്. ഇന്നു കാണുന്ന റോഡുകൾ എല്ലാം തന്നെ ജനങ്ങളുടെ സമ്പത്തും ശ്രമദാനവും കൊണ്ടുണ്ടായതാണ്. അഞ്ചാലുംമൂട് കൊല്ലം കുരീപ്പുഴ സി.കെ.പി. (പി.ഡബ്ല്യു.ഡി.) എന്നീ പ്രധാന റോഡുകൾ നിർമ്മിക്കപ്പെട്ടതിനുശേഷം വീതി വർദ്ധിപ്പിക്കുന്നതിന് ഇനിയും കഴിഞ്ഞിട്ടില്ലായ്കയാൽ ഗതാഗതത്തിനു പലപ്പോഴും ബുദ്ധിമുട്ടുനേരിടുകയാണ്. പഞ്ചായത്ത് അധീനതയിലുള്ള റോഡുകൾക്കും ഇന്നുനടക്കുന്ന ഗതാഗതം താങ്ങാൻ കഴിയാത്ത അവസ്ഥയാണുള്ളത്.

പഞ്ചായത്ത് അധീനതയിലുള്ള 55.39 കീ.മീറ്ററും പി.ഡബ്ല്യു.ഡി. നിയന്ത്രണത്തിലുള്ള 16 കീ.മീറ്റർ റോഡും ഉൾപ്പെടെ 71 കീ. മീറ്റർ 390 മീറ്റർ നീളമുള്ള റോഡുകളാണ് ഈ ഗ്രാമത്തിലുള്ളത്. അവ ടാർ, മെറ്റൽ, കോൺക്രീറ്റ്, വെട്ടുറോഡ് എന്നിങ്ങനെ തരംതിരിച്ച് താഴെ ചേർക്കുന്നു.

നിലവിലുള്ള റോഡുകളുടെ വിവരം

ഇനം	പൊതുമരാമത്ത് കി.മീ.	പഞ്ചായത്ത് കി.മീ.	ആകെ
ടാർറോഡ്	16	11.85	27.85
മെറ്റൽ റോഡ്	–	11.87	11.97
കോൺക്രീറ്റ് റോഡ്	–	00.40	00.40
ഗ്രാവൽ റോഡ്	–	20.14	20.14
വെട്ട്റോഡ്	–	13.13	13.14
ആകെ	16.00	56.39	72.39

കൊല്ലം ബൈപാസ്

നിർദ്ദിഷ്ട കൊല്ലം ബൈപാസ് പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗത്തുനിന്നും കിഴക്കോട്ട് 8 കിലോമീറ്ററോളം നീളമുള്ളതാണ്. ഈ റോഡിന്റെ പണി പൂർത്തീകരിച്ചിരുന്നുവെങ്കിൽ ഗതാഗതത്തിന് ഇന്നുനേരിടുന്ന ബുദ്ധിമുട്ട് ഒരു പരിധി വരെ പരിഹരിക്കാൻ കഴിയുമായിരുന്നു. ബൈ പാസ് നിർമ്മാണത്തിനുള്ള നടപടി തുടങ്ങി ഇരുപത്തിനാല് വർഷങ്ങൾ കഴിയുന്നെങ്കിലും സർവ്വെ നടത്തി ഭൂമി മാർക്ക് ചെയ്യുക മാത്രമേ ഇതേവരേക്കും നടന്നതായി കാണുന്നുള്ളു.

പഞ്ചായത്തിലെ റോഡുകളുടെ വിവരം

പി.ഡബ്യൂ.ഡി. റോഡുകൾ

റോഡുകളുടെ പേര്	നീളം (മീറ്റർ)	വീതി (മീറ്റർ)	ഇനം
1. കോട്ടയത്തുകടവ് -അഞ്ചാലുംമൂട്	5000	6	ടാർ
2. സി.കെ.പി. ജംഗ്ഷൻ-കുരീപ്പുഴ മാമൂട്ടിക്കടവ്	4500	6	ടാർ
3. കീക്കോലി ജംഗ്ഷൻ - അരവിള	1500	5	ടാർ
4. കൊച്ചാലുംമൂട് ജംഗ്ഷൻ-പാണമുക്കത്തുകടവ്	1800	3	ടാർ
5. കടവൂർ ജംഗ്ഷൻ-നീരാവിൽ ജംഗ്ഷൻ	1100	5	ടാർ
6. സി.കെ.പി. ജംഗ്ഷൻ-മുട്ടത്ത്മൂലകടവ്	2000	ടാർ	

പഞ്ചായത്ത് റോഡുകൾ: വാർഡ് അടിസ്ഥാനത്തിൽ

നമ്പർ	വാർഡ്	റോഡിന്റെ പേര്	നീളം (മീ.)	വീതി(മീ.)	ഇനം
1.	I.	വാഴങ്ങൽമുക്ക്-ഇറക്കുകടവ്	800	6	മെറ്റൽ
2.	I	അഞ്ചാലുംമൂട്-വെട്ടുവിള	700	6	ടാർ
		ടി	500	6	മെറ്റൽ
3.	I	പോസ്റ്റാഫീസ് ജംഗ്ഷൻ - ചേരിയിൽ കായൽവാരം	500	5	ടാർ
		ടി	500	5	മെറ്റൽ
4.	I	പറയത്തുകടവ്-അഞ്ചാലുംമൂട്	200	31/2	ഗ്രാവൽ
5.	I	തെക്കടത്ത്മൂക്ക്-ആക്കൽ കായൽവാരം	300	4	ഗ്രാവൽ
6	I	വിളയിൽമുക്ക്-മുരുന്തൽ വയൽറോഡ്	300	4	ഗ്രാവൽ
7.	I	മുരുന്തൽവയൽമുക്ക്-കന്നിയിൽമുക്ക്	400	4	ഗ്രാവൽ
8.	I	വെട്ടുവിളമുക്ക്-ലക്ഷംവീട്	100	3	ഗ്രാവൽ
9.	I	ഓലിക്കരമുക്ക്-പാലിയഴികം	400	4	ഗ്രാവൽ
10.	I	പാലിയഴികം-കണ്ടച്ചിറ റോഡ്	500	31/2	ഗ്രാവൽ
11.	I	ജയന്തികോളനി-തെച്ചേരിക്കുളം	300	3	ഗ്രാവൽ
12.	I	കണ്ണങ്കരമുക്ക്-താന്നിമൂല കായൽവാരം	300	3	ഗ്രാവൽ
13	I	മാവേലിസ്റ്റോർ-പാവൂർ ഏല	700	41/2	ഗ്രാവൽ
14	I	മാർക്കറ്റ് ജംഗ്ഷൻ-ബ്ലോക്ക് വഴി-പോലീസ്	200	41/2	ടാർ
15.	I	മുരിങ്ങമൂട്-മുക്കട ജംഗ്ഷൻ	600	41/2	ടാർ
16.	I	പണ്ടാരവിളമുക്ക്-ആണിക്കുളത്ത് ചിറ	200	31/2	ഗ്രാവൽ
17.	I	K.S.E.B. ജംഗ്ഷൻ-അണിക്കുളത്തുചിറ	600	41/2	ടാർ

18.	I	ഷോപ്പിംഗ് കോംപ്ലക്സ് (ജംഗ്ഷൻ) റോഡ്	100	8	ടാർ
19	II	അഞ്ചാലുംമൂട്-മുക്കേകടവ് റോഡ്	1400	5	ടാർ
20	II	തറമേൽമുക്ക്-മുക്കേക്കടവ്	1200	6	ഗ്രാവൽ
21	II	പനമൂട് ജംഗ്ഷൻ-തെക്കേകൊരിക്കൽ	200	3	ഗ്രാവൽ
22	II	കലാമന്ദിരംമുക്ക്-ആലുവിള റോഡ്	100	3	ഗ്രാവൽ
23	II	മുക്കടമുക്ക്-മാമ്പുഴ	200	31/2	ഗ്രാവൽ
24	II	ഗണപതിമുക്ക്-പോങ്ങുംതാഴ	700	4	ഗ്രാവൽ
25	II	ഗണപതിമുക്ക്-ആലയിൽകടവ് ചന്തമുക്ക്	700	4	ഗ്രാവൽ
26	II	അണികുളത്ത്ചിറ-മുക്കട മുക്ക്	200	6	മെറ്റൽ
27	II	വരയിൽമുക്ക്-കോയിവിള നെടിയഴികം	600	31/2	നെടിയഴികം
28	II	കൊല്ലേരി ക്ഷേത്രം-അണിക്കുളത്ത് ചിറ	400	4	ഗ്രാവൽ
29	II	സ്റ്റേഡിയംമുക്ക്-പള്ളിയമ്പിൽ മുക്ക്	200	4	ഗ്രാവൽ
30	II	കയനിയിൽമുക്ക്-പുളിയറ റോഡ്	400	3	ഗ്രാവൽ
31	II	വേലായുധമംഗലം-പോങ്ങുംതാഴ	300	31/2	ഗ്രാവൽ
32	II	പാർവ്വതീമന്ദിരംമുക്ക്-വാട്ടർ ടാങ്ക് ജംഗ്ഷൻ	200	4	ടാർ
33	II	തെങ്ങിൽമുക്ക്-പുതുവേലിൽ	60	3	ഗ്രാവൽ
34	II	തുളസീസദനം-തട്ടുവിളവഴി-കൂട്ടിൽകായൽ വാരം	250	4	ഗ്രാവൽ
35	II	അഞ്ചാലുംമൂട്-ചന്തക്കടവ്	600	6	ടാർ
36	II	ആണിക്കുളത്ത് ചിറ-മാമ്പുഴ വഴി വെട്ടത്തുമുക്ക്	600	4	ടാർ
37	II	അഞ്ചാലുംമൂട്-പൈങ്ങാവിൽ	300	3	ഗ്രാവൽ
38	III	നീരാവിൽ ജംഗ്ഷൻ-ലക്ഷംവീട്	900	5	ടാർ
		ടി -കൃഷ്ണമന്ദിരം	36	5	ഗാവൽ
39	III	താക്കാപ്പുറത്തുമുക്ക്-പുതുക്കളത്ത് വയൽ	300	5	വെട്ട്റോഡ്
40	III	നാക്കാപ്പുറത്ത് മുക്ക്-പുതുക്കുളത്ത് വയൽ	300	5	മെറ്റൽ
41	III	പുതുക്കുളത്ത് വയൽ-ചാമവിള കായൽവാരം	300	3	ഗ്രാവൽ
42	III	നീരാവിൽ ജംഗ്ഷൻ-ചിറ്റിലക്കാട്	300	2	വെട്ട്റോഡ്
43	III	വക്കീൽമുക്ക്-പിള്ളേളത്ത് കായൽവാരം	600 51/.2	ഗ്രാവൽ	
44	III	കൈപ്പള്ളിമുക്ക്-വലിയവീട്ടിൽ തോണിക്കടവ്	400	5	ഗ്രാവൽ
45	III	വലിയവീട്ടിൽമുക്ക്-വലിയവീട്ടിൽ കായൽവാരം	100	21/2	ഗ്രാവൽ
46	III	കൈപ്പള്ളിമുക്ക്-വരമ്പേൽ കായൽവാരം	200	31/2	ഗ്രാവൽ
47	III	വാട്ടർടാങ്ക്-കുന്നുംപുറത്ത് പടിഞ്ഞാറ്	200	21/2	വെട്ട്
48	III	വാട്ടർടാങ്ക്-കടയിൽകായൽവാരം	300	3	വെട്ട്
49	III	കല്ലുവെട്ടാൻകുഴി-നോർത്ത്-കയർ സഹകരണസംഘം	300	5(കൺക്രീറ്റ്ഭാഗികം)	
50	III	വേട്ടികലങ്ക് മുഖം-തോക്കുവിള കായൽവാരം	300	5	വെട്ട്റോഡ്
51	IV	നാക്കാപ്പുറത്ത്-അരയന്റെ മുക്ക്	350	4	മെറ്റൽ
52	IV	പൊട്ടൽമുക്ക്-കളീലിൽവഴി റോഡ്	300	21/2	ഗ്രാവൽ
53	IV	അരയന്റെമക്ക്-കല്ലുവെട്ടാൻകുഴിമുക്ക്	300	7	ഗ്രാവൽ

54	IV	പുത്തൻപുരയിൽമുക്ക്-തോണിപ്പുരകാവ്	200	5	ഗ്രാവൽ
55	IV	തഴവാമുക്ക്-G.L.P.S.നീരാവിൽ	400	5 to 6	ഗ്രാവൽ
56	IV	G.L.P.S.-ചെങ്കിലാത്ത്	200	21/2	ഗ്രാവൽ
57	IV	മഹാത്മാ ജംഗ്ഷൻ-ചെങ്കിലാത്ത് മുക്ക്	400	41/2	ഗ്രാവൽ
58	IV	നവോദയാ ജംഗ്ഷൻ-ചെങ്കിലാത്ത് മുക്ക്	600	2 to 3	വെട്ട്റോഡ്
59	IV	വേടർ കോളനി - പെട്രോൾ പമ്പ്റോഡ്	100	3	വെട്ട്റോഡ്
		ടി	100	2	വെട്ട്റോഡ്
60	V	കൊച്ചുചാത്താഴത്ത്-ഇടയ്ത്ത് റോഡ്	1000	41/2	ഗ്രാവൽ
61	V	പരപ്പത്ത്മുക്ക്-വഴവന്നൂർ	1200	6	ടാർ
62	V	കല്ലുംപുറത്ത് മുക്ക്-ചാത്താഴത്ത് റോഡ്	400	4	മെറ്റൽ
63	V	ആറാട്ടുകുളങ്ങര-പുല്ലേരിൽ റോഡ്	800	4	മെറ്റൽ
64	V	കൊച്ചുചാത്താഴത്ത്-കാമ്പിയിൽചിറ റോഡ്	400	4	മെറ്റൽ
65	V	കാമ്പിയിൽമുക്ക്-കാമ്പിയിൽചിറ റോഡ്	400	4	മെറ്റൽ
66	V	ബാലംവിള-ചാമയിൽ ക്ഷേത്രം വഴി കായൽവാര സംഘം മുക്ക്	400	3	മെറ്റൽ
67	V	പരപ്പത്ത്മുക്ക്-കൊല്ലന്റെതാഴ റോഡ്	400	5	മെറ്റൽ
68	V	ചിറ്റാട്ടുമുക്ക്-കിണറുവിള വഴി	400	3	ഗ്രാവൽ
69	V	കാട്ടുവിളമുക്ക്-വലിയചിറ്റഴികം	800	3	മെറ്റൽ
70	V	കാമ്പിയിൽചിറ-നിലമേൽ ഏല	800	4	വെട്ട്റോഡ്
71	V	സി.കെ.പി. ജംഗ്ഷൻ-പി.എച്ച്. സെന്റർ റോഡ്	150	5	ടാർ
72	V	ഇടത്തട്ടിൽമുക്ക്-ഇടയത്തുകായൽവാരം	600	4	ഗ്രാവൽ
73	V	ചേമുടിമുക്ക്-ഇടയത്തുകായൽവാരം	1600	4	മെറ്റൽ
74	V	രശ്മി തീയേറ്റർ-ചെങ്കിലാത്ത് മുക്ക്	600	3	ഗ്രാവൽ
75	V	ചാലിയിൽമുക്കിൽ-കളീക്കര വഴി കടവൂർ	600	3	ഗ്രാവൽ
76	V	കമലാവിലാസം മുക്ക്-ചാത്താഴ റോഡ്	500	3	ഗ്രാവൽ
77	V	രശ്മി തീയേറ്റർ-കോട്ടപ്പുറം ജംഗ്ഷൻ	600	31/2	ഗ്രാവൽ
78	VI	തവറത്ത് കുന്നുംപുറത്ത് വഴി-മുട്ടത്തുമുല പള്ളി	1200	41/2	വെട്ട്റോഡ്
79	VI	താവറത്ത് കുന്നുംപുറം വഴി-മുട്ടത്തുമുല പള്ളി	900	5	വെട്ട്റോഡ്
80	VI	പള്ളിമുതൽ-കളയട്ടയിൽ ജംഗ്ഷൻ	300	5	വെട്ട്
81	VI	മാമ്പുഴവിള-കടവൂർ ഏല	250	3	ഗ്രാവൽ
82	VI	പരപ്പത്ത് മുക്ക്-കൊയ്പ്പള്ളി വഴി-തൊണ്ട് ഇറക്ക് കടവ്	1300	6	ടാർ
83	VI	മംഗലത്ത് ജംഗ്ഷൻ-തൊണ്ടിറക്ക് കടവ്	200	3	കോൺക്രീറ്റ്
84	VI	കടവൂർ ക്ഷേത്രം-പത്തനാവിൽ മുക്ക്	500	5	ടാർ
85	VI	കൊയ്പള്ളി ക്ഷേത്രം-കൊയ്പള്ളി കായൽവാരം	300	31/2	വെട്ട്റോഡ്
86	VI	കളിയട്ടേൽമുക്ക്-ഫ്രഞ്ചിറ്റിൽ	250	3	വെട്ട്റോഡ്
87	VI	പരപ്പത്ത്മുക്ക്-S.N.D.P. ശാഖാമന്ദിരം	800	3	വെട്ട്റോഡ്
88	VII	വെങ്കേക്കരമുക്ക്-വെങ്കേക്കരകടത്ത് കടവ്	400	6.10	ടാർ
89	VIII	വായനശാല മുക്ക്-പുതുവീട് റോഡ്	200	4	കോൺക്രീറ്റ്

90	VIII	വിളയിൽ പടിഞ്ഞാറ്റതിൽ റോഡ്	350	4	ഗ്രാവൽ
92	VIII	വെങ്കേക്കര കടത്ത് കടവ്-കായൽവാരം റോഡ്	500	21/2	വെട്ട്റോഡ്
93	VIII	ചിറക്കര ജംഗ്ഷൻ-സുബ്രഹ്മണ്യൻകോവിൽ	150	4	വെട്ട്റോഡ്
94	VIII	കല്ലുംപുറം ജംഗ്ഷൻ വഴി- വേനഴികം- ലോർഡ്കൃഷ്ണാ ബാങ്ക് റോഡ്	700	3	വെട്ട്റോഡ്
95	VIII	കല്ലുംപുറം-കല്ലൂർവിള്യ-ചിറക്കര റോഡ്	300	3	മെറ്റൽ
96	VIII	നമ്പാരത്ത്-ശങ്കരാശ്രമം റോഡ്	125	3	വെട്ട്
97	VIII	മന്നാഭവൻ-കല്ലൂർവിള	200	3	വെട്ട്
98	VIII	യുവദീപ്തി-കന്നിമൂല റോഡ്	200	3	വെട്ട്
99	VIII	വൈദ്യശാല ജംഗ്ഷൻ-കായൽവാരം-കൊട്ടിലിക്കടവ് സ്റ്റെപ്പ്	145	21/2	
	VIII	വിളയിൽ പടിഞ്ഞാറ്റതിൽ തെക്കടത്ത് റോഡ്	350	3	വെട്ട്
	VIII	ഹർഷാജ്ഞലി പാർവ്വതീമന്ദിരം റോഡ്	200	21/2	വെട്ട്
	VIII	ഇടവനാട്ട് കിഴക്കതിൽ റോഡ്	150	21/2	വെട്ട്
	VIII	പേനയ്യം സുബ്രഹ്മണ്യം ക്ഷേത്രം റോഡ്	300	3	വെട്ട്
		ചിറയിൽകുളം വൈനതേയമന്ദിരം	300	3	വെട്ട്
100	VIII	കോട്ടയത്ത്കടവ്-ബോട്ടുജട്ടി റോഡ്	100	5	വെട്ട് റോഡ്
101	VIII	കോട്ടയത്ത് കടവ്-മൈസ് റോഡ് 200	5		വെട്ട്റോഡ്
102	VIII	കൊച്ചുകോട്ടേത്ത്കടവ്-വള്ളക്കടവ് റോഡ്	450	3	കോൺക്രീറ്റ്/വെട്ട്റോഡ്
103	VIII	നമ്പാരത്ത്മുക്ക്-കാട്ടുവിള കായൽവാരം	500	3	ഗ്രാവൽ
104	VIII	പുളിമൂട് മുക്ക്-കലങ്ക് മുക്ക്-റോഡ്	200	21/2	വെട്ട്റോഡ്
105	VIII	ചിറക്കരമുക്ക്-പുളിമൂട് വഴി-ആലവട്ട	495	5	ഗ്രാവൽ
106	VIII	ആലവട്ടവിളമുക്ക്-തോട്ടുവിളമുക്ക്	200	3	വെട്ട്
107	VIII	ചിററോഡിൽ നിന്നും ചിറ്റിലക്കാട്ട്റോഡ്	500	3	മെറ്റൽ
108	VIII	ചിറക്കര-വൈദ്യശാല	1000	4	ടാർ
109	VIII	പാലവിളറോഡ്	275	4	വെട്ട്റോഡ്
110	IX	വൈദ്യശാല-കുളങ്ങര കായൽവാരം	150	31/2	ടാർ
111	IX	പള്ളിവേട്ടച്ചിറകായൽവാരം റോഡ്	900	3	താർ
		ടി	300	2	ഗ്രാവൽ
112	IX	തിരുനല്ലൂർമുക്ക്-ഫൈനാൻസ് മുക്ക്	800	3	ഗ്രാവൽ
113	IX	തൊടുവിള കായൽവാരം റോഡ്	1000	3	ഗ്രാവൽ
114	X	കളീലിൽ ജംഗ്ഷൻ-കുട്ടുങ്ങൽ മുക്ക്	800	3	ഗ്രാവൽ
115	X	തേവാനത്തുമുക്ക്-ഹെൽത്തുസെന്റർ	100	3	മെറ്റൽ
116	X	തുലയിൽമുക്ക്-വഞ്ചിപ്പുഴ കാവുറോഡ്	700	3	ഗ്രാവൽ
117	X	കൂട്ടുങ്ങൽമുക്ക്-തൈവിളമുക്ക്	750	3	വെട്ടുറോഡ്
	IX	പതിനെട്ടാംപടി-തെക്കടത്തുചേരി	300	3	ഗ്രാവൽ
	IX	ഇരിപ്പുറമുക്ക്-വലിയാട്ടുവിള കായൽവാരം	500	3	ഗ്രാവൽ
	IX	വൃന്ദാവൻ ആശുപത്രിമുക്ക് പടിഞ്ഞാറോട്ട് പള്ളിവേട്ടച്ചിറ	500	3	ഗ്രാവൽ

118	X മുല്ലശ്ശേരിയിൽ തെക്കേച്ചിറ വഴി തൈവിളമുക്ക്	900	3	വെട്ടുറോഡ്
XI	കൊച്ചാലുംമൂട്-മേലേ മങ്ങാട്	400	3	ഗ്രാവൽ
XI	കുഴക്കാട്ട്മുക്ക്-ഇലംപ്ലാവിൽ മുക്ക്	1300	3	ഗ്രാവൽ
XI	പേരേത്ത്മുക്ക്-കുഴുനെല്ലിൽമുക്ക്	200	3	ഗ്രാവൽ
XI	കൂട്ടിൽമുക്ക് വഞ്ചിപ്പുഴ റോഡ്	350	3	ഗ്രാവൽ
XI	ചിറ്റഴികത്ത്-വടക്കേച്ചിറ റോഡ്	500	3	ഗ്രാവൽ
XI	തെക്കിനഴികത്ത്-പണ്ടാരവിള ലക്ഷംവീട്	300	4	ടാർ
XI	വാഴങ്ങൽമുക്ക്-ലക്കി ടൈയിൽസ് റോഡ്	350	4	ടാർ
XI	തെക്കടത്തുമുക്ക്-പ്ലാവറ കാവ്	1200	4	ടാർ
XI	കളപ്പുറത്തുമുക്ക്-വടക്കേച്ചിറ	300		ഗ്രാവൽ
XII	ഐക്കര ജംഗ്ഷൻ-ഇന്ദിരാ ജംഗ്ഷൻ റോഡ്	600	3	ഗ്രാവൽ
XII	ഷാപ്പുമുക്ക് - ആയിരവല്ലിക്കാവ് റോഡ്	350	3	ഗ്രാവൽ
XII	പിള്ളേത്ത്- പതിനെട്ടാംപടി ബോട്ടുജട്ടി	600	3	വെട്ട്റോഡ്
XII	ഐക്കരമുക്ക്-കൊല്ലം പറമ്പ് റോഡ്	100	31/2	വെട്ട്റോഡ്
XII	ഷാപ്പുമുക്ക്-മൂലക്കട റോഡ്	350		
XIII	തണ്ടേക്കാട്ട് റോഡ്	320	3	ടാർ
XIII	വടക്കുംഭാഗം റോഡ്	400	4	ടാർ
XIII	മുരുകുത്തിമുക്ക്- വടക്കടത്ത് കായൽവാരം	800	5	ഗ്രാവൽ
XIII	പണ്ടകശാലമുക്ക് - പേക്കൽ കായൽവാരം	1000	4	മെറ്റൽ
XIII	സഗാര സമ്പത്ത്	600	41/2	ഗ്രാവൽ

കടവൂർ വഴിയുള്ള അഞ്ചാലുംമൂട് കോട്ടയത്ത് കടവ് റോഡിലെ ഗതാഗതകുരുക്ക് പരിഹരിക്കുന്നതിന് ഒരു സമാന്തര റോഡുകൂടി വികസിപ്പിച്ചെടുക്കേണ്ടത് ഗതാഗതവികസനത്തിന് അനിവാര്യമാണ്. നിലിവിലുള്ള അഞ്ചാലുംമൂട് കോട്ടയത്തുകടവ് റോഡു വീതികൂട്ടിയും വളവുകൾ നിവർത്തും ജംഗ്ഷനുകൾ വികസിപ്പിച്ചും പരിരക്ഷിക്കേണ്ടതാണ്.

ഗതാഗതത്തിനു അഞ്ചാലുംമൂട്ടിൽ നേരിട്ടിരിക്കുന്ന തിരക്കും തടസ്സങ്ങളും പരിഹരിക്കുന്നതിന് ബസ്സുകളും മറ്റു വാഹനങ്ങളും പാർക്കുചെയ്യുന്നതിന് പ്രത്യേകം പ്രത്യേകം സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കേണ്ടതുണ്ട്.

വീതി കുറഞ്ഞ റോഡുകളിലേക്ക് എടുപ്പുകൾ നിർമ്മിച്ചും വ്യാപാര സാധനങ്ങൾ ഇറക്കിവച്ചും തെരുവ് വാണിഭത്തിന് ഉപയോഗിച്ചും തടസ്സങ്ങൾ സൃഷ്ടിക്കുന്നത് ഒഴിവാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

അഞ്ചാലുംമൂടിന്റെ വികസനം വ്യാപിപ്പിക്കേണ്ടത് അനിവാര്യമായിരിക്കുന്നു. അതിനുവേണ്ടി അത്യാവശ്യമായി സമീപ റോഡുകൾ വികസിപ്പിക്കേണ്ടതാണ്.

പ്രധാന റോഡുകളിലെ ഇടുങ്ങിയ വളവുകൾ വിസ്തൃതമാക്കി തടസം ഒഴിവാക്കാൻ ശ്രമിക്കണം.

ഗ്രാമസഭകളുടെ നിർദ്ദേശങ്ങൾ പരിഗണിച്ചു മുൻഗണനാക്രമം നിശ്ചയിച്ചു പഞ്ചായത്തധീനതയിലുള്ള റോഡുകൾ ആവശ്യമായ മരാമത്തുപണികൾ നടത്തി പരിരക്ഷിക്കേണ്ടതാണ്.

ഊർജ്ജം

പുരാതന കാലങ്ങളിൽ കൃഷി മറ്റു മേഖലകൾ എന്നിവിടങ്ങളിൽ മനുഷ്യോർജ്ജത്തെയും കന്നുകാലികളേയും ഉപയോഗിച്ചിരുന്നു. വികാസത്തിന്റെ വിവിധ ദശകളിൽ പാരമ്പര്യ-പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളും സങ്കേതങ്ങളും വിപുലപ്പെട്ടുവന്നതായി കാണാവുന്നതാണ്.

ഊർജ്ജസ്രോതസ്സുകളെ പ്രധാനമായും3 വിഭാഗങ്ങളായി തിരിക്കാം

വാണിജ്യം

വാണിജ്യ-വ്യവസായമേഖലകളിൽ ആദ്യകാലങ്ങളിൽ മണ്ണെണ്ണ, ഡീസൽ, പെട്രോളിയം എന്നിവ വ്യാപകമായി ഉപയോഗിച്ചിരുന്നു. വൈദ്യുതിയുടെ ആവിർഭാവത്തോടെ ഈ മേഖലകളിൽ വൈദ്യുതി ഉപയോഗിച്ചു തുടങ്ങി

കാർഷികം

കാർഷികമേഖലയിലെ ഊർജ്ജസമ്പത്ത് പ്രധാനമായും മനുഷ്യാധ്വാനവും കന്നുകാലികളും ആയിരുന്നു ജലസേചനസൗകര്യത്തിനായി മുൻകാലങ്ങളിൽ തലക്കുളങ്ങൾ ചവിട്ടു ചക്രം വാൽക്കുളങ്ങൾ തേക്കുചാലുകൾ എന്നിവ ഉപയോഗിച്ചിരുന്നു. പമ്പുസെറ്റുകളുടെ രംഗപ്രവേശത്തോടെ ഈ മേഖല ആധുനിക വൽക്കരിക്കപ്പെട്ടു.

ഗാർഹികം.

ഗാർഹികാവിശ്യങ്ങൾക്കായി പ്രധാനമായും വിറക്, മണ്ണെണ്ണ, വൈദ്യുതി, പാചകവാതകം, എന്നിവ ഉപയോഗിക്കുന്നുണ്ട്.

ആയിരത്തി തൊള്ളായിരത്തി എഴുപതുകളിൽ വൈദ്യുതഉൽപ്പാദനരംഗത്ത് മിച്ചസംസ്ഥാനമായിരുന്ന കേരളം ഇപ്പോൾ വൈദ്യുതിയുടെ കാര്യത്തിൽ കമ്മിസംസ്ഥാനമായി മാറിയിരിക്കുന്നു. വ്യവസായിക വികസനത്തിന് വൈദ്യുതി പ്രതിസന്ധി തടസ്സമായിരിക്കുന്നു.

നിലവിലുള്ളപദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുക. പുതിയ ഊർജ്ജസ്രോതസ്സുകൾ നടപ്പിലാക്കുന്ന പ്രസരണവിതരണ രംഗത്തെ ചോർച്ച ഒഴിവാക്കുക. തുടങ്ങി നിരവധി പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ആയിരത്തിതൊള്ളായിരത്തി അൻപത്തി ഒന്നിലാണ് നമ്മുടെ ഗ്രാമ

പട്ടിക
നിലവിലുള്ള ഉപഭോക്താക്കൾ

ഉപഭോക്താക്കൾ	എണ്ണം
ഗാർഹികം, വ്യാപാരം	7082 (കാർഷികം ഉൾപ്പെടെ)
വ്യവസായം	123

സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം

ബൾബ്	25W -	40W 488	60W 43	100W 13
ട്യൂബ്	98			
മെർക്കുറി വേപ്പർ ലാമ്പ്	125W 4	80W 1	400 3	
സോഡിയംവേപ്പർ ലാമ്പ്	3			

അവലംബം ദ്വിതീയ വിവരശേഖരണം

ത്തിൽ ആദ്യമായി വൈദ്യുതി എത്തിച്ചേരുന്നത്.

പഞ്ചായത്തിലെ 95% കുടംബങ്ങളും പാചകാവിശ്യത്തിനായി വിറകിനെ ആശ്രയിക്കുന്നു. മണ്ണെണ്ണ സ്റ്റൗവും പാചകവാതകവും ഗാർഹികാവിശ്യത്തിനായി ഉപയോഗിക്കുന്നു.

കുണ്ടറ സബ് സ്റ്റേഷൻ, കൊല്ലം സബ്സ്റ്റേഷൻ എന്നിവിടങ്ങളിൽ നിന്നുമാണ് പഞ്ചായത്തിൽ പ്രധാനമായും വൈദ്യുതി ലഭിക്കുന്നത്.

വൈദ്യുതി എത്താത്ത കോളനികളും പ്രദേശങ്ങളും പഞ്ചായത്തിലുണ്ട്. 10-ാം വാർഡിലെ കല്ലുവിള പടിഞ്ഞാറ്റതിൽ ജയന്തികോളനിയിൽ വൈദ്യുതി എത്തിച്ചേർന്നിട്ടില്ല.

പഞ്ചായത്തു പ്രദേശത്ത് തെരുവു വിളക്കുകൾ ധാരാളമുണ്ട്. വിശദവിവരം പട്ടികയായി ചുവടെചേർക്കുന്നു.

പ്രശ്നങ്ങൾ

1. വിറകിന്റെ ക്ഷാമവും കാര്യക്ഷമതയില്ലാത്തതുമായ അടുപ്പുകളുടെ ഉപയോഗവും ഊർജ്ജ വിതരണത്തെ പ്രതികൂലമായി ബാധിക്കുന്നു.

2. ഭൂരഭാഗം വീടുകളിലും ഇന്ധനക്ഷമതകുറഞ്ഞ അടുപ്പുകളാണ് ഉപയോഗിച്ചുവരുന്നത്. അവമൂലം ധാരാളം വിറകുപയോഗിക്കേണ്ടതായി വരുന്നു. കൂടാതെ ഇവയുടെ പുക വീട്ടമ്മമാരുടെ ആരോഗ്യത്തേയും ബാധിക്കുന്നു.

3. മണ്ണെണ്ണയുടെ ലഭ്യതകുറവ്.

4. പാചകവാതകം ലഭിക്കുന്നതിനുള്ള സംവിധാനം പഞ്ചായത്തിലില്ല.

5. പഞ്ചായത്തിലെ മിക്കപ്രദേശങ്ങളിലും വോൾട്ടേജ് ക്ഷാമം അനുഭവപ്പെടാറുണ്ട്.

6. മീറ്ററുകളുടെ കേടുപാടുകൾ യഥാസമയം തീർക്കാത്തതുമൂലം ഉപയോഗിക്കുന്ന വൈദ്യുതിയുടെ ശരിയായ കണക്ക് അറിയുവാൻ കഴിയുന്നില്ല.

7. വൈദ്യുതിയെത്താത്ത കോളനികളും വാർഡുകളുമുണ്ട്.

8. ഗാർഹിക കണക്ഷനുകൾക്കുള്ള അപേക്ഷകർക്ക് വൈദ്യുതിലഭിക്കുവാനുള്ള കാലതാമസ്സം.

നിർദ്ദേശങ്ങൾ

1. വിറകുക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി പുരയിടത്തിന്റെ അതിർത്തികളിലും റോഡിന്റെ വശങ്ങളിലും പാഴ്മരങ്ങൾ വെച്ചുപിടിപ്പിക്കാവുന്നതാണ്.

2. ഇന്ധനക്ഷമതയുള്ള അടുപ്പുകളുടെ ഉപയോഗം പ്രചരിപ്പിക്കുകയും അനർട്ട തുടങ്ങിയ സ്ഥാപനങ്ങളുമായി യോജിച്ച് പുകയില്ലാത്ത അടുപ്പുകളുടെ വിതരണം സംഘടിപ്പിക്കാവുന്നതാണ്.

3. പൊതുവിപണിയിൽ നൃയവിലയ്ക്ക് മണ്ണെണ്ണ ലഭിക്കുവാനുള്ള സംവിധാനം ഉണ്ടെങ്കിലും ആവശ്യത്തിനുള്ള മണ്ണെണ്ണ ലഭിക്കുന്നില്ല. ആയതിനാൽ മണ്ണെണ്ണ ലഭിക്കുന്നതിനാവശ്യമായ സംവിധാനം വിപുലപ്പെടുത്തണം.

4. പാചകത്തിനും വിളക്കുകത്തിക്കുന്നതിനും വേണ്ടികൂടുതൽ ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കേണ്ടതാണ്.

5. പഞ്ചായത്ത് പ്രദേശങ്ങളിൽ പാചകവാതകം ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം.

6. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനാവിശ്യമായ നടപടികളുടെ ഭാഗമായി ട്രാൻസ്ഫോമറുകളുടെ ശേഷി വർദ്ധിപ്പിക്കുക. കുറഞ്ഞവോൾട്ടേജിൽ കത്തുന്ന ട്യൂബുകളുടെ പ്രചരണം സംഘടിപ്പിക്കുക

കേടുപറ്റിയ മീറ്ററുകൾ മാറ്റി സ്ഥാപിക്കണം.

7. വൈദ്യുതിയെത്താത്ത പ്രദേശങ്ങളിലേക്ക് ലൈനുകൾ സ്ഥാപിക്കണം. സ്ട്രീറ്റ്ലൈറ്റുകൾ എല്ലാപ്രദേശത്തും ലഭ്യമാക്കണം.

8. വൈദ്യതീകരിക്കാത്ത കോളനികളുട വൈദ്യുതീകരിക്കുകയും കയർ മത്സ്യത്തൊഴിലാളിവാസ കേന്ദ്രങ്ങളിൽ വൈദ്യുതി ലഭ്യമാക്കുകയും വേണം.

9. വൈദ്യുതിയുടെ ഉപഭോഗത്തേയും നിയന്ത്രണത്തേയുംസംബന്ധിച്ച് ബോധവൽക്കരണ പദ്ധതികൾ ആവിഷ്കരിക്കണം.

10. വൈദ്യുതി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം.

11. ദരിദ്രവിഭാഗത്തിൽപെട്ടവർക്ക് സൗജന്യമായി വൈദ്യുതീകരണത്തിനു പരിപാടി തയ്യാറാക്കുക.

12. ഊർജ്ജ സർവ്വേനടത്തുകയും പ്രശ്നങ്ങൾ പഠിച്ച് പരിഹാരാർത്ഥമായി സമഗ്രഊർജ്ജവികസന പദ്ധതി നടപ്പാക്കുകയും വേണം.

കോമ്പാക്ട് ഫ്ളൂറസന്റ് ലാമ്പുകൾ [CFL]

9 മുതൽ 13 വാർട്സ് കൊണ്ട് പ്രവർത്തിക്കുന്നതും 60വാൾട്ട് ബൾബിന്റെ പ്രകാശം നൽകുന്നതുമായ കോമ്പാക്റ്റ് ഫളൂറസന്റ് ലാമ്പുകൾ മാർക്കറ്റിൽ ലഭ്യമാണ്. ഇവ ഉപയോഗിച്ചാൽ 47 വാട്ടിന്റെ പവ്വർ ലാഭിക്കാൻ കഴിയും. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും ഊർജ്ജലാഭത്തിനും

CFL ഉപയോഗിക്കാവുന്നതാണ്. സംസ്ഥാനഗവൺമെന്റ് അനർട്ട് ഏജൻസിയിലൂടെ ഒരു കുടുംബത്തിന് സൗജന്യനിരക്കിൽ വിതരണം ചെയ്യുന്നുണ്ട്. 6000 മണിക്കുറാണ് പ്രവർത്തനകാലയളവ്. 345 രൂപവിലയുള്ള ബൾബിന് 195രൂപയാണ് ഈടാക്കുന്നത്. ബാക്കിതുക സബ്സിഡിനൽകും. വാർഡുതലത്തിൽ തന്നെ ഓർഡറുകൾ ശേഖരിച്ച് പഞ്ചായത്തിലെ എല്ലാവീടുകളിലും ഈ സൗജന്യം ലഭ്യമാക്കേണ്ടതാണ്.

അനർട്ടിന്റെ സൗരോർജ്ജ വിളക്കുകൾ, ഹീറ്ററുകൾ ഇന്ധനക്ഷമതയ്ക്കുള്ള അടുപ്പുകൾ എന്നിവയുടെ പ്രചരണത്തിനും ഓർഡറുകൾ ശേഖരിക്കുന്നതിനും വാർഡ് വികസനസമിതികൾ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

മാർക്കറ്റ്

തൃക്കടവൂർ ഗ്രാമപഞ്ചായത്തിന്റെ ആസ്ഥാനമായ അഞ്ചാലുംമൂട് അര നൂറ്റാണ്ടിനുമുമ്പുതന്നെ വ്യാപാരകേന്ദ്രമായിരുന്നു. പെരിനാട്, തൃക്കരുവ പഞ്ചായത്തുകളിലെ ജനങ്ങളും ക്രയവിക്രയത്തിനായി അഞ്ചാലുംമൂടിനെ ആശ്രയിക്കുന്നു. തൃക്കടവൂർ, പെരിനാട്, തൃക്കരവു പഞ്ചായത്തിലെ ജനങ്ങളുടെ വ്യാപാരകേന്ദ്രമായി അഞ്ചാലും മൂട് ഇപ്പോഴും തുടരുന്നു. കൂടാതെ പഞ്ചായത്തിലെ വിവിധഭാഗങ്ങളിൽ വ്യപാരകേന്ദ്രങ്ങൾ വികസിച്ചു വരുന്നുണ്ട്.

പഞ്ചായത്തിൽ നിരവധിമാർക്കറ്റുകൾ നിലവിലുണ്ട്. വിശദവിവരം പട്ടികയായി ചേർത്തിരിക്കുന്നു.

മുകളിൽ പറഞ്ഞ ചന്തകളിൽ പ്രധാനമായും മത്സ്യം, പച്ചക്കറികൾ, കിഴങ്ങ് വർഗ്ഗങ്ങൾ, നാളീകേരം എന്നീ ഉൽപ്പന്നങ്ങളാണ്. കൂടാതെ പഴവർഗ്ഗങ്ങൾ തുണിത്തരങ്ങൾ, പാത്രങ്ങൾ എന്നിവയും വ്യാപാരം ചെയ്യുന്നുണ്ട്.

പഞ്ചായത്തിന്റെ പ്രധാനകേന്ദ്രങ്ങളിൽ ഇറച്ചിവ്യാപാരം നടത്തുന്നുണ്ട് ധാരാളം വ്യാപാരസ്ഥാപനങ്ങൾ പഞ്ചായത്തിലുണ്ട്.

പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

1. പൊതുഉടമസ്ഥയിലുള്ള ചന്തകളുടെ എണ്ണം പരിമിതമാണ്.

2. മത്സ്യവിൽപ്പനരംഗത്ത് ഏതുസമയത്തും മത്സ്യം ലഭിക്കുന്നതിനുള്ള സംവിധാനം നിലവിൽ ഇല്ല.

3. കാർഷികോൽപ്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിനുള്ള വിപണനസൗകര്യമില്ല.

പട്ടിക

ചന്തകളുടെ വിവരം

ചന്തയുടെ പേര്	ഉടമസ്ഥ	പ്രവർത്തനസമയം
1 അഞ്ചാലുംമൂട്	പഞ്ചായത്ത്	രാവിലേയും വൈകിട്ടും
2 CKP കോട്ടയ്ക്കകം	സ്വകാര്യം	രാവിലെമാത്രം
3 മതിലിൽ -വെങ്കേങ്കര	സ്വകാര്യം	രാവിലേയും വൈകിട്ടും
4 നീരാവിൽ	സ്വകാര്യം	രാവിലേയും വൈകിട്ടും
5 കൊച്ചാലുംമൂട് കുരീപ്പുഴ	സ്വകാര്യം	വൈകിട്ട്മാത്രം

4. അതേസമയം ഉപഭോക്താവിന് അമിത വിലക്കയത്തിന്റെ ഭാരം ഏൽക്കേണ്ടിവരുന്നു.

5. പൊതുമാർക്കറ്റിനോടനുബന്ധിച്ച് അറവുശാല ഇല്ലാത്തതിനാൽ മാലിന്യങ്ങൾ ഉപയോഗിക്കുവാനും സംസ്കരിക്കുവാനും നിലവിൽ സംവിധാനമില്ല.

6. മാർക്കറ്റുകൾ അംഗീകരിക്കുന്നതിനുള്ള മാനദണ്ഡമായി ദൂരപരിധി ഏർപ്പെടുത്തിയിട്ടുണ്ട്.

നിർദ്ദേശങ്ങൾ

1. സ്വകാര്യമാർക്കറ്റുകൾ പഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കുക.

2. കടവൂർ ജംഗ്ഷൻ കേന്ദ്രീകരിച്ച് പുതിയമാർക്കറ്റ് സ്ഥപിക്കണം.

3. ഏതുസമയത്തും മത്സ്യം ലഭിക്കുന്നതിനാവിശ്യമായ സൗകര്യം പ്രധാനമാർക്കറ്റുകളുമായി ബന്ധപ്പെടുത്തി ഏർപ്പെടുത്തേണ്ടതാണ്.

4. മാർക്കറ്റിനോടനുബന്ധിച്ച് അറവുശാലകൾ സ്ഥാപിക്കണം.

പഞ്ചായത്തിൽ ഉത്പാദിപ്പിക്കുന്നു പ്രധാന വിളകളായ നാളീകേരം, അടയ്ക്ക, വാഴ, കുലകൾ, കുരുമുളക്, പച്ചക്കറികൾ, പൂവ് എന്നിവയ്ക്ക് യഥാസമയം സംഭരിക്കുവാനും വിതരണം ചെയ്യുവാനും ആവശ്യമായ പൊതുസംഭരണ-വിതരണകേന്ദ്രം പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ സ്ഥാപിക്കേണ്ടതാണ്.

മാർക്കറ്റുകൾ തമ്മിലുള്ള ദൂരപരിധി വേണമെന്ന നിബന്ധന ഒഴിവാക്കുക.



പാർപ്പിടം

മനുഷ്യവികാസത്തിന്റെ ചരിത്രത്തിൽ പാർപ്പിടങ്ങൾക്ക് ഗണനീയമായ സ്ഥാനമാണുള്ളത്. പ്രതികൂലസാഹചര്യങ്ങളിൽ നിന്നുള്ള സംരക്ഷ, സന്തോഷകരമായ സാഹചര്യം സ്വന്തം വസ്തുക്കൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യം വ്യക്തിപരമായ സ്വകാര്യശുചിത്വമുള്ള സാഹചര്യം എന്നീ ധർമ്മങ്ങളാണ് പാർപ്പിടം കൊണ്ട് നിർവ്വഹിക്കേണ്ടത്.

പാർപ്പിടനിർമ്മാണം കാലം കഴിഞ്ഞ് വരുന്തോറും മേൽപ്പറഞ്ഞ ധർമ്മങ്ങൾക്ക് പുറമേ ആഡംബരത്തിനും പ്രമാണിത്വത്തിനും വേണ്ടിളപയോഗപ്പെടുത്തുകയും ചെയ്തുവരുന്നതായി കാണാം. അടുത്തകാലത്തായി ഈ പ്രവണത വളരെ വർദ്ധിച്ചുവരുകയും ഇതൊരു സാമൂഹ്യപ്രശ്നമായി വർദ്ധിച്ചുവരികയും ചെയ്യുന്നുണ്ട്. കെട്ടിടനിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യത്തിനും വിലക്കയറ്റത്തിനും മറ്റു നിർമ്മാണചിലവുകൾ വർദ്ധിക്കുന്നതിനും ഇത് ഇടയാക്കുന്നുണ്ട്. ഗണ്യമായ വിഭാഗം കയറികിടക്കാൻ ഇടം ഇല്ലാതെ വലയുമ്പോൾ മറുവശത്തുണ്ടാകുന്ന ധാരാളിത്തം നീതീകരിയ്ക്കാവുന്നതാണോ എന്നും പരിശോധിയ്ക്കേണ്ടതാണ്.

മൂന്നാം പദ്ധതിയുടെ ആരംഭംമുതലാണ് പാർപ്പിടം ആസൂത്രണത്തിൽ ഉൾപ്പെടുത്തിയത്. കേരളത്തിലെ പാർപ്പിട പ്രശ്നങ്ങൾക്ക് നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെങ്കിലും ഇനിയും ലക്ഷ്യപ്രാപ്തിക്കായി പദ്ധതികൾ ഏറെ വരേണ്ടിയിരിക്കുന്നു. ലക്ഷംവീട് പദ്ധതികൾ, കോളനികൾ, ഹൗസിംഗ്ബോർഡ് പദ്ധതികൾ, സഹകരണസംഘങ്ങൾ, കയർബോർഡ്, മത്സ്യഫെഡ് തുടങ്ങിയ ഏജൻസികളിലൂടെ പ്രശ്നപരിഹാരത്തിനായി നിരവധിപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

വിദ്യാഭ്യാസപരമായും സാസ്കാരികമായും മുന്നിലാണ് തൃക്കടവൂർ ഗ്രാമപഞ്ചായത്തെങ്കിലും പാർപ്പിടസൗകര്യങ്ങളുടെ കാര്യത്തിൽ സ്വയം പര്യാപ്തത കൈവിരിച്ചിട്ടില്ല. ഭവനവായ്പാരംഗത്ത് സംസ്ഥാന ഹൗസിംഗ് ബോർഡ്, അഞ്ചാലും മൂട് ഹൗസിംഗ് സൊസൈറ്റി, കൊല്ലം വികസനഅതോറ്റി, ജില്ലാസഹകരണബാങ്ക് എന്നീ ഏജൻസികളിൽ നിന്നും പഞ്ചായത്തിൽ പാർപ്പിട നിർമ്മാണത്തിനാവശ്യമായ വായ്പകൾ ലഭിക്കുന്നു. കൂടാതെ കയർഫെഡ്, മത്സ്യഫെഡ് പ്രത്യേക ഘടകപദ്ധതി എന്നിവയിലൂടെ പഞ്ചായത്തിലെ ജനങ്ങൾക്ക് പാർപ്പിട സൗകര്യങ്ങൾ എത്തിച്ചു കൊടുക്കുന്നുണ്ട്.

രാജീവ് ദശലക്ഷപദ്ധതി പ്രകാരം ഭവനനിർമ്മാണത്തിൽ ധാരാളം ഭവനങ്ങൾ പണിതിട്ടുണ്ട്. ഈ പദ്ധതി മൈത്രീ ഭവനനിർമ്മാണപദ്ധതി എന്ന പേരിലാണറിയപ്പെടുന്നത്. പഞ്ചായത്ത് മുഖേന JRY,IAY ,NREP,RLEGP,MNWS. പദ്ധതികളിലൂടെയും ഭവനനിർമ്മാണത്തിന് സഹായം നൽകിവരുന്നു. പഞ്ചായത്തിലെ ചിലപ്രദേശങ്ങളിൽ കായൽതീരത്ത് ചേരിപ്രദേശത്തെന്നപോലെ വീടുകൾ അടുത്തടുത്താണ് കണ്ടുവരുന്നത്. വാർഡ് XII,XIII കൂടാതെ VIII-ാം വാർഡിൽ ചെറുകിട ജലസേചനപദ്ധതിയ്ക്കു വേണ്ടി കുഴിച്ച കുളത്തിന്റെ സമീപത്തും അടുത്തടുത്ത വീടുകളും കാണുന്നുണ്ട്.

കയർ, മത്സ്യത്തൊഴിലാളി മേഖലകളിൽ പണിയെടുത്ത് ഉപജീവനം നടത്തുന്ന ധാരാളം കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിലെ ആകെ വീടുകളിൽ 3000/ ത്തോളം വീടുകൾ ഓലമേഞ്ഞവയാണ്. 2500- ഓളം കോൺക്രീറ്റ് വീടുകളും 4500-ഓളം ഓടിട്ടവീടുകളും 295 ബഹുനിലകെട്ടിടങ്ങളുമുണ്ട്. ഭൂമിയുടെ അമിതമായ വിലവർദ്ധനവും ഭൂമിയുടെ കുറവും മൂലം ഭൂമിവാങ്ങി പാർപ്പിടസൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നുള്ളത് പ്രശ്നമാണ്. പഞ്ചായത്തിൽ കെട്ടിടാവിശ്യങ്ങൾക്കായി വ്യാപകമായ തോതിൽ പാടശേഖരങ്ങൾ നികത്തുന്നതായി കാണാവുന്നതാണ്. 400-ഓളം കുടുംബങ്ങൾ പഞ്ചായത്തിൽ ആകെ പാർപ്പിടത്തിന്റെ അസൗകര്യം മൂലം ബുദ്ധിമുട്ട് അനുഭവിക്കുന്നു.

ഭവനനിർമ്മാണരംഗത്ത് ധാരാളം തൊഴിലാളികൾ പണിയെടുക്കുന്നു. തൊഴിലാളികളിൽപുരുഷൻ മാരാണധികവും. കൂലിനിരക്ക് പ്രതിദിനം നൂറുരൂപായ്ക്ക് മേലാണ്. കെട്ടിടനിർമ്മാണരംഗത്ത് വ്യാപകമായ കോൺട്രാക്ട് വ്യവസ്ഥ നിലവിലില്ല. വർദ്ധിച്ച കൂലിനിരക്കും കെട്ടിടനിർമ്മാണ സാമഗ്രികളുടെ വർദ്ധിച്ച വിലക്കയറ്റവും ഭവനനിർമ്മാണ രംഗത്ത് ബുദ്ധിമുട്ടുണ്ടാക്കുന്നു. കഴിഞ്ഞ ഒരു വർഷക്കാലത്തിനുള്ളിൽ കെട്ടിടനിർമ്മാണവസ്തുക്കൾക്ക് നാല്പതുശതമാനം വരെ വിലവർദ്ധന ഉണ്ടായതായി കാണുന്നു.

പഞ്ചായത്തിൽ നിന്നും സ്ഥലം നൽകിയതിന്റെ അടിസ്ഥാനത്തിൽ 17ജയന്തി ക്കോളനികളും ഹരിജൻ വെൽഫയർ സ്കീമനുസരിച്ച് ഒരു ഹരിജൻ കോളനിയും ലക്ഷം വീട് പദ്ധതിയനുസരിച്ച് നൽകിയ 4 കോളനികളും ചേർത്ത് 22 കോളനികൾ ഉണ്ട്. ജയന്തിക്കോളനികളിൽ തണ്ടേക്കാട് ഹരിജൻ കോളനിയായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഇതു സംബന്ധിച്ച പട്ടിക താഴെ ചേർക്കുന്നു.

പഞ്ചായത്തിലാകെ 18-കോളനികളും 4-ലക്ഷം വീടുകളുമുണ്ട്. വാർഡ്തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

JRY പദ്ധതിപ്രകാരം ഹരിജനങ്ങൾക്കുള്ള ഭവനനിർമ്മാണ പദ്ധതിയനുസരിച്ച് പഞ്ചായത്തിൽ നിന്നും ധനസഹായം ചെയ്തുവരുന്നു. അതുപ്രകാരം 1995-96 വർഷം നൽകിയിട്ടുള്ള ധനസഹായം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

പഞ്ചായത്തിലെ പാടശേഖരങ്ങൾ വ്യാപകമായി പാർപ്പിടങ്ങൾ സ്ഥാപിക്കുന്നതിനായി വിനിയോഗിച്ചു വരികയാണ്. ഇതുമൂലം ഭക്ഷ്യവിള ഉത്പാദനത്തിന് കുറവ് സംഭവിക്കുകയും ഗൗരവതരമായ പരിസ്ഥിതി പ്രശ്നം സൃഷ്ടിക്കുകയും ചെയ്യുന്നു. ശേഷിക്കുന്ന പാടങ്ങളെങ്കിലും സംരക്ഷിക്കേണ്ടത് പരി

പട്ടിക. III

നമ്പർ	വാർഡ്	ജയന്തി/ഹരിജൻ കോളനികൾ	ലക്ഷംവീട് കോളനികൾ
1	I	താമരപ്പള്ളി കോളനി	വെട്ടുവിള
2.	I	അണ്ടിയാഫീസ് പുരയിടം	-
3.	II	ആണിക്കുളത്ത് ചിറജയന്തി	-
4.	II	മണ്ണൂർജയന്തികോളനി	-
5.	III	-	നീരാവിൽ ലക്ഷംവീട്
6.	IV	ചെക്കാലകിഴക്കതിൽ ജയന്തി	-
7.	IV	ശിവോദയം വേടർകോളനി	-
8.	VI	കുഴിവിള മേലതിൽ ജയന്തി	-
9.	X	കല്ലുവിള പടിഞ്ഞാറ്റതിൽ ജയന്തി	-
10.	X	നീലവീട്ടിൽ ജയന്തി	-
11.	X	ആക്കൽതെക്കതിൽ ഹരിജൻ	-
12.	X	ഇടതുണ്ടിൽ ജയന്തി	-
13.	X	വിളയിൽ കിഴക്കതിൽ ജയന്തി	-
14.	X	കാട്ടുവിള ജയന്തി	-
15.	XI	കല്ലുവിളകിഴക്കതിൽ ജയന്തി	പണ്ടാരവവിള ലക്ഷംവീട്
16			മേലേമങ്ങാട് ലക്ഷം
17	XII	നെടുംകളിയിലിൽ ജയന്തി	-
18		പിള്ളേത്ത് ജയന്തി	-
19	XIII	തണ്ടേക്കാട്ട് ഹരിജൻ	-
		തണ്ടേക്കാട്ട് ജയന്തി	-

വാർഡ്	നമ്പർ	ചെലവഴിച്ച തുക
III	1	13550/-
IV	1	13550/-
V	1	13550/-
VI	1	13550/-
X	1	13550/-
XI	1	13550/-
XII	1	13550/-

സ്ഥിതി പ്രശ്നവും ജലസംഭരണശേഷിയും നിലനിറുത്തുന്നതിനാവശ്യമാണ്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ പാർപ്പിട പ്രശ്നങ്ങൾ പൂർണ്ണമായി പരിഹരിക്കപ്പെട്ടിട്ടില്ല.

2. നിലവിലുള്ള ഭവനനിർമ്മാണ വായ്പ ലഭിയ്ക്കാൻ കാലതാമസം അനുഭവപ്പെടുന്നു.

3. പഞ്ചായത്തിലെ കുടിലുകൾ ഉൾപ്പെടെയുള്ള ഭവനങ്ങൾ അറ്റകുറ്റ പണികൾനടത്തേണ്ടതുണ്ട്.

4. പാർപ്പിടവുമായി ബന്ധപ്പെടുത്തി കെട്ടിടങ്ങളുടെ ഭൗതികസാഹചര്യങ്ങളുടെ (വൈദ്യുതി, സാനിട്ടറി–) അപര്യാപ്തത പരിഹരിക്കേണ്ടതുണ്ട്.

5. കായൽതീരപ്രദേശങ്ങളിലെ പാർപ്പിടസൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്.

6. പഞ്ചായത്തിലെ കുടിലുകൾ മാറ്റിയെടുക്കലും ഭവനരഹിതർക്ക് വീടുകൾ നിർമ്മിച്ചു നൽകുവാനും ഭൂരഹിതർക്ക് ഭൂമിയും പാർപ്പിടവും സർക്കാർ വിവിധ ഏജൻസികളിലൂടെ ലഭ്യമാക്കുന്ന വായ്പകൾ കൊണ്ടും പരിഹരിക്കാൻ കഴിയില്ല എന്ന് നാം തിരിച്ചറിയേണ്ടതാണ്.

7. നിലവിലുള്ള ഭവനങ്ങൾ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് ലഭ്യമാക്കുന്ന സഹായപ്രവർത്തനങ്ങൾ കാര്യക്ഷമമല്ല.

8. സൗകര്യപ്രദവും ചിലവുകുറഞ്ഞതുമായ ഭവനനിർമ്മാണസാധ്യത പരിശോധിക്കേണ്ടതാണ്.

9. വ്യക്തിഗതഭവനനിർമ്മാണത്തിനുപകരം ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഭവനനിർമ്മാണം നടത്തുന്നതിനുള്ള സന്നദ്ധപ്രവർത്തന ഏജൻസികളുടെ സഹായം ലഭ്യമാക്കുന്നതുസംബന്ധിച്ച് പരിശോധിയ്ക്കാവുന്നതാണ്.

10. സാമൂഹിക പുരോഗതി പരിഗണിച്ച് ലക്ഷംവീടുകൾക്ക് പകരം പുതിയ വ്യക്തിഗതവീടുകൾ നിർമ്മിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതാണ്.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ പാർപ്പിടരംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ദീർഘകാല അടിസ്ഥാനത്തിൽ പരിപാടികൾ ആവിഷ്കരിക്കേണ്ടതാണ്.

2. ഭവനരംഗത്തെ പ്രശ്നങ്ങളെ കുറിച്ച് സമഗ്രമായ പഠനവും വിഭവശേഖരണവും നടത്തണം.

3. പഞ്ചായത്തിൽ ലഭിയ്ക്കുന്ന സാങ്കേതിക വിദഗ്ദ്ധരുടെയും നിർമ്മാണതൊഴിലാളികളുടേയും പ്രതിനിധികളെ ഉൾപ്പെടുത്തി പഞ്ചായത്തുതലത്തിൽ ഭവനിർമ്മാണകമ്മറ്റി സംഘടിപ്പിയ്ക്കാവുന്നതാണ്.

4. കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിതരണത്തിനായി സിവിൽസപ്ലൈസുമായി ബന്ധപ്പെടുത്തി പൊതുവിതരണ സമ്പ്രദായം ഉണ്ടാകേണ്ടതാണ്.

5. സർക്കാർ നൽകുന്ന വായ്പ ലഭിയ്ക്കുവാനുള്ള സാങ്കേതികബുദ്ധിമുട്ടുകളും കാലതാമസവും ഒഴിവാക്കേണ്ടതാണ്.

1. അപേക്ഷകൾ ഗ്രാമപഞ്ചായത്ത് മുഖേന സ്വീകരിയ്ക്കാവുന്നതാണ്.

2. ഭവനനിർമ്മാണ വായ്പകൾക്കുള്ള രജിസ്ട്രേഷൻഫീസ് പകുതിയാക്കി കുറയ്ക്കുക.

3. നിലവാര സർട്ടിഫിക്കേറ്റ് നൽകാനുള്ള അധികാരം ഗ്രാമപഞ്ചായത്ത് മമ്പർമാരെ ഏൽപ്പിക്കുക.

6. സർക്കാർ ഏജൻസികൾ വഴി ലഭ്യമാക്കുന്ന വായ്പകളുടെ തോത് വർദ്ധിപ്പിക്കേണ്ടതാണ്.

7. J.R.Y, R.L.E.G.P, I.A.Y, M.W.S എന്നിവയിലൂടെ നൽകുന്ന വായ്പയുടെ പരിധി ഉയർത്തണം.

8. ചിലവുകുറഞ്ഞ വീട് നിർമ്മിക്കുന്നതിനാവിശ്യമായ ഏജൻസികളെ പരിചയപ്പെടുത്തുവാനും പരിശീലനം നൽകാനുമുള്ള പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.

പഞ്ചായത്തിൽ ഇപ്പോൾ ഭവനരഹിതരായിട്ടുള്ള മുഴുവൻ ജനങ്ങൾക്കും വരുന്ന അഞ്ചുവർഷക്കാലം കൊണ്ട് പാർപ്പിടം നിർമ്മിച്ച് ലക്ഷ്യത്തിലെത്തിച്ചേരുവാൻ പദ്ധതികൾ ആവിഷ്കിരിക്കേണ്ടതാണ്. പഞ്ചായത്തിലെ മനുഷ്യവിഭവസംഘടനകളുടേയും പഞ്ചായത്തിന്റേയും ഏകോപിത പ്രവർത്തനങ്ങളിലൂടെയും ലക്ഷ്യപ്രാപ്തിയിലെത്തുവാൻ ശ്രമിയ്ക്കാവുന്നതാണ്.

ആരോഗ്യവും കുടിവെള്ളവും

"പരമോന്നത നിലവാരത്തിലുള്ള ആരോഗ്യം യഥാവിധി അനുഭവിക്കുക എന്നത് ഓരോ മനുഷ്യന്റെയും മൗലികാവകാശമാണ്. ഇവിടെ ജാതിക്കോ മതത്തിനോ രാഷ്ട്രീയ വിശ്വാസങ്ങൾക്കോ "സമ്പന്നതയ്ക്കോ, സാമൂഹ്യനിലപാടുകൾക്കോ യാതൊരു സ്ഥാനവുമില്ല" UNWHO

ആരോഗ്യമുള്ള വ്യക്തികൾക്ക് മാത്രമേ ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കുവാൻ കഴിയുകയുള്ളൂ. വ്യക്തികളുടെ ശാരീരിക- മാനസിക-ബൗദ്ധിക വളർച്ചയിലൂടെ മാത്രമേ രാഷ്ട്രപുനർനിർമ്മാണവും സാമൂഹ്യപുരോഗതിയും കൈവരിക്കുവാൻ കഴിയുകയുള്ളൂ. കുറഞ്ഞ ജനനനിരക്ക് കുറഞ്ഞ പൊതു മരണനിരക്ക്, കുറഞ്ഞ ശിശുമരണനിരക്ക്, കുറഞ്ഞ രോഗാതുരത ഉയർന്ന പ്രതീക്ഷിത ആയുസ് എന്നിവയാണ് ഒരു സമൂഹത്തിന്റെ ആരോഗ്യാവസ്ഥ കണക്കാക്കുവാനുള്ള മാനദണ്ഡങ്ങൾ.

ലോകജനതയുടെ സമ്പൂർണ്ണാരോഗ്യം എന്ന മഹത്തായ ആശയം ലോകാരോഗ്യ സംഘടന മുന്നോട്ടുവച്ചിട്ടുണ്ട്. UNന്റെ വിശ്വ മനുഷ്യാവകാശ വിളംബരത്തിൽ മുപ്പതു മനുഷ്യാവകാശങ്ങളിൽ ഒന്നായി ആരോഗ്യത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്.

രോഗാതുരരുടെ കാര്യത്തിലൊഴികെ മറ്റെല്ലാ ആരോഗ്യസൂചികകളുടെ കാര്യത്തിലും കേരള സംസ്ഥാനം വികസിത രാജ്യങ്ങളോടൊപ്പം കിടപിടിക്കുന്നുണ്ട്.

ഉയർന്ന സാക്ഷരതാനിരക്കും, സ്ത്രീവിദ്യാഭ്യാസവും കേരളത്തിന്റെ ആരോഗ്യനിലയുടെ പുരോഗതിക്ക് കാരണമാണ്. എന്നാൽ നേട്ടങ്ങൾ നിലനിർത്തുവാനും പോരായ്മകൾ പരിഹരിക്കുവാനും നാം ഒട്ടേറെ പരിശ്രമിക്കേണ്ടതുണ്ട്.

ഒരുകാലത്ത് നിയന്ത്രണവിധേയമായിരുന്ന മലമ്പനി, ചർദ്ദി, അതിസാരം, കോളറ എന്നിവയുടെ തിരിച്ചുവരവും ഡെങ്കിപ്പനി, എലിപ്പനി പോലുള്ള പുതിയ രോഗങ്ങളുടെ രംഗപ്രവേശവും ആരോഗ്യരംഗത്തെ ഭീഷണിയാണ്.

തൃക്കടവൂർ ഗ്രാമപഞ്ചായത്തിൽ 1945 കാലഘട്ടംവരെ പ്രധാനമായും നാട്ടുവൈദ്യം, ആയുർവ്വേദം എന്നിവയാണുണ്ടായിരുന്നത്. കിടുത്തട്ടിൽ ഗോവിന്ദൻവൈദ്യർ, മൂന്നുതെങ്ങിൽ മാധവൻ വൈദ്യർ എന്നീ ആയുർവ്വേദ വൈദ്യന്മാരുടെ കീഴിൽ പഞ്ചായത്തിലെ ആയുർവ്വേദ നാട്ടുചികിത്സാരംഗം പരിപോഷിപ്പിക്കപ്പെട്ടു വൈദ്യന്മാരുടെ വീടുകളിൽ രോഗികൾ ചെന്നും രോഗികളുടെ ഭവനങ്ങളിൽ വൈദ്യന്മാർ സന്ദർശനം നടത്തിയും ചികിത്സകൾ ചെയ്തിരുന്നു.

1945ലാണ് അഞ്ചാലുംമൂട് കേന്ദ്രമാക്കി ഒരു അലോപ്പതി ഡിസ്പെൻസറി വരുന്നത്. സുകുമാരപിള്ള എന്ന ഭിഷഗ്വരന്റെ നേതൃത്വത്തിലായിരുന്നു ഡിസ്പെൻസറി പ്രവർത്തിച്ചിരുന്നത്. അദ്ദേഹത്തിന്റെ കാലശേഷം പ്രവർത്തനമില്ല. 1950 ൽ പഞ്ചായത്തിലെ ശ്രീ. വാസുദേവൻ എന്ന ഭിഷഗ്വരൻ കൽക്കട്ട ഹോമിയോ കോളേജിൽനിന്നും ഹോമിയോ ബിരുദം നേടുകയും അഞ്ചാലുംമൂട്ടിൽ ഹോമിയോ ചികിത്സ ആരംഭിക്കുകയും ചെയ്തു.

അലോപ്പതി ചികിത്സ വ്യാപകമായതോടെ ആയുർവ്വേദരംഗത്തോട് പഞ്ചായത്തിലെ ജനത വിമുഖത കാട്ടിത്തുടങ്ങി. ഒരു കാലയളവിൽ അലോപ്പതിക്ക് വ്യക്തമായ മുൻതൂക്കം ലഭിക്കുകയും ചെയ്തു. കഴിഞ്ഞ രണ്ട് ദശകങ്ങളായി ആയുർവ്വേദരംഗത്തുവന്ന മാറ്റവും ജനങ്ങളുടെ ആഭിമുഖ്യവും കാരണം ഇന്ന്

ആയുർവ്വേദ ചികിത്സയും അലോപ്പതിയും ഏകദേശം തുല്യതയിലെത്തിയിട്ടുണ്ട്. പരമ്പരാഗത ചികിത്സാരീതികളും ആയുർവ്വേദ സംസ്ക്കാരവും ഇതിന്റെ ഉദാഹരണമായി ഇപ്പോഴും തുടരുന്നുണ്ട്.

കോട്ടയ്ക്കകം കേന്ദ്രമാക്കി ഒരു പ്രാഥമികാരോഗ്യകേന്ദ്രം പ്രവർത്തിച്ചിരുന്നു. 1992ൽ അതിനെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി മാറ്റുകയുണ്ടായി. അഞ്ചാലുംമൂട് വികനബ്ലോക്കിന്റെ കീഴിൽ ബ്ലോക്കിലുൾപ്പെടുന്ന പ്രദേശമാണ് പ്രവർത്തനമേഖല. ചികിത്സയെക്കാൾ പ്രധാനം രോഗപ്രതിരോധ മാർഗ്ഗങ്ങളുടെ പ്രചാരണം, അംഗൻവാടി/ബാലവാടി എന്നിവയുമായി ചേർന്നുള്ള ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നിവയാണ്.

ഏകദേശം 4 വർഷം മുമ്പുവരെ നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന ആരോഗ്യ സ്ഥാപനമാണിത്. ഒ.പി. വിഭാഗം മാതൃ സംരക്ഷണ വിഭാഗം, വാർഡുകൾ എന്നിവ ഉണ്ടായിരുന്നു. 5 ഡോക്ടർമാർ പ്രവർത്തിക്കുന്നു. എന്നാൽ, ഇപ്പോൾ ഇവയുടെ പ്രവർത്തനം ആശാവഹമല്ല. രാവിലെ ഒ.പി. നാമമാത്രമായി പ്രവർത്തിക്കുന്നു.

1981 ൽ PHC യിൽ ക്യാൻസർ പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിരുന്നെങ്കിലും ഇപ്പോൾ പ്രവർത്തനമില്ല.

ആയുർവ്വേദ ഹോസ്പിറ്റൽ

ഈ പഞ്ചായത്തിൽ 1954ൽ സ്ഥാപിച്ച ഒരു ആയുർവ്വേദ ആശുപത്രി മാത്രമാണ് നിലവിലുള്ളത്. ഇത് ആദ്യകാലഘട്ടത്തിൽ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്. 1983 ൽ ഈ നാട്ടിലെ സാമൂഹിക സാംസ്ക്കാരിക പ്രവർത്തനങ്ങളിൽ മുന്നിട്ടുനിന്ന് പ്രവർത്തിച്ച സി.പി. കുഞ്ഞുണ്ണിപ്പിള്ളയുടെ ശ്രമഫലമായി നീരാവിൽ മുക്കടയിൽ സാർ മെമ്മോറിയലായി ശ്രീ. കൊച്ചുപിള്ള ദാനം ചെയ്ത 15 സെന്റ് സ്ഥലത്തിൽ പുതുതായി പണികഴിപ്പിച്ച കെട്ടിടത്തിലാണ് ഇന്ന് ഈ ആയുർവ്വേദ ഹോസ്പിറ്റലിന്റെ പ്രവർത്തനം നടക്കുന്നത്. ഇന്ന് ഒരു ഡോക്ടർ ഉൾപ്പെടെ നാല് ഉദ്യോഗസ്ഥന്മാരാണ് ഉള്ളത്.

നിത്യവും ധാരാളം രോഗികൾ വരാറുണ്ട്. പഴയ സ്ഥിരം ആളുകൾ രണ്ടായിരവും ഓരോ മാസവും 400 പേരെങ്കിലും പുതുതായും വരാറുണ്ട്. എന്നാൽ രോഗികളെ ഇവിടെ കിടത്തി ചികിത്സിക്കാറില്ല. ഇവിടെ ത്വക്ക് രോഗം, വാതസംബന്ധമായ രോഗങ്ങൾ, പനി, ചർദ്ദി, കണ്ണുദീനം എന്നീ രോഗങ്ങൾ ഉള്ളവരാണ് സാധാരണ വരാറുള്ളത്. പാമ്പുകടിയേറ്റ ആളുകൾ ഇതുവരെ ചികിത്സയ്ക്കായി വന്നിട്ടില്ല. അർബുദം ബാധിച്ച ഒരു രോഗി ഇപ്പോൾ ചികിത്സയിലുണ്ട്. ഈ ഹോസ്പിറ്റലിൽ ആവശ്യത്തിനുള്ള മരുന്ന് എത്താറില്ല. ഒരുവർഷം മുന്നു പ്രാവശ്യമായാണ് മരുന്നുകൾ വരുന്നത്. അത് ഓഫീസിലുള്ളവർ ഓരോ മാസത്തേയ്ക്കും വീതിച്ച് വച്ചാണ് വിതരണം ചെയ്യുന്നത്. രോഗികളുടെ വർദ്ധനവ് അനുസരിച്ച് മരുന്നെത്താത്തതിനാൽ രോഗികളിൽനിന്നും പരാതികൾ എത്താറുണ്ട്.

കൊല്ലം നഗരത്തിൽ സ്ഥിതിചെയ്യുന്ന ഗവ: ജില്ലാആശുപത്രിയിലേക്കും ചികിൽസാർത്ഥം പഞ്ചായത്തിലെ ജനങ്ങൾ പോകുന്നുണ്ട്. പഞ്ചായത്തിലെ മെച്ചപ്പെട്ട ചികിൽസാസൗകര്യങ്ങളുടെ അഭാവം ഒരു പരിധിവരെ നിയന്ത്രിക്കാൻ ജില്ലാആശുപത്രിക്ക് കഴിയുന്നുണ്ട്. സ്വകാര്യമേഖലയും ആതുരസേവനരംഗത്ത് കാണാവുന്നതാണ്. പ്രധാന സ്ഥാപനങ്ങൾ താഴെ ചേർക്കുന്നു.

1. ശ്രീ ചിത്രാമെഡിക്കൽ സെന്റർ (ഗൗരീശങ്കർ)
2. മംഗളോദയം നഴ്സിംഗ ഹോം
3. ചൈതന്യ ആശുപത്രി
4. സ്റ്റാർ ആശുപത്രി

പഞ്ചായത്തിലെ അമ്മമാരുടേയും കുട്ടികളുടേയും എണ്ണം

കുട്ടികളുടെ എണ്ണം	അമ്മമാരുടെ എണ്ണം
1 കുട്ടി	1007
2 കുട്ടികൾ	2684
2-ൽ കൂടുതൽ കുട്ടികൾ	1626

(അവലംബം : ദ്വിതീയവിവരശേഖരണം)

കുടുംബാസൂത്രണമാർഗ്ഗം സ്വീകരിച്ച അമ്മമാരുടെ എണ്ണം

കുട്ടികളുടെ എണ്ണം	അമ്മമാരുടെ എണ്ണം
1കുട്ടി	54
2കുട്ടികൾ	2452
2ൽകൂടുതൽ	1471

അവലംബം : ദ്വിതീയവിവരശേഖരണം

പരിസരശുചിത്വം

ആരോഗ്യദായകഘടകങ്ങളിൽ പ്രധാനമാണ് ശുചിത്വം. ഭൂരിഭാഗംതീരപ്രദേശങ്ങൾ ഉൾപ്പെടുന്ന പഞ്ചായത്തിൽ പരിസരശുചിത്വത്തിന് ഗണ്യമായ സ്ഥാനമാണുള്ളത്. കക്കൂസിന്റെ അഭാവം പഞ്ചായത്തിൽ വ്യാപകമായി കാണുന്നില്ല. എങ്കിലും കുരീപ്പുഴ, മതിലിൽ, മുരുന്തൻ, നീരാവിൽ, കടവൂർ എന്നീകോളനിപ്രദേശങ്ങളിൽ കക്കൂസിന്റെ കുറവ് കാണാവുന്നതാണ്.

കായലോരപ്രദേശങ്ങളിൽ ഭൂപ്രകൃ

തിയുടെ പ്രത്യേകതകാരണം ആഴത്തിൽ കുഴികൾനിർമ്മിക്കുവാനോ കക്കൂസ് പണിയുവാനോ കഴിയുന്നില്ല. ആയതിനാൽ ഈ പ്രദേശങ്ങളിലെ മാലിന്യങ്ങൾ കായലിലോട്ട് ഇറക്കികെട്ടിയ കക്കൂസുകളിലൂടെ കായലിൽ എത്തിച്ചേരുന്നു. ഇവകായലിനേയും കായൽതീരങ്ങളിലെ ജനങ്ങളുടെ ആരോഗ്യനിലയെയും ബാധിക്കുന്നു. പുത്തൻ സാങ്കേതികസംവിധാനങ്ങൾ ഉണ്ടാകേണ്ടതാണ്.

പഞ്ചായത്തിൽ സംഭവിക്കുന്ന മരണങ്ങളുടെ ഭാഗമായുള്ള ശവശരീരങ്ങൾ ദഹിപ്പിക്കുവാനും അടക്കംചെയ്യുവാനും സംവിധാനം നിലവിലില്ല. തുണ്ടുതുണ്ടുകളായി വിഭജിക്കപ്പെട്ട ഭൂവിഭാഗങ്ങൾ ധാരാളമായുള്ള പഞ്ചായത്തായതിനാലും കോളനികളുടെ ബാഹുല്യവും ശവസംസ്കാരത്തിനാവശ്യമായ സ്ഥലലഭ്യതയുടെ കുറവ് ഇവിടെയും ആരോഗ്യത്തെ കാര്യമായി ബാധിക്കുന്നുണ്ട്.

കൊതുകുശല്യം പഞ്ചായത്തിൽ വ്യാപകമായി കാണുന്നു. ചതുപ്പുനിലങ്ങളോ മാലിന്യം നിറഞ്ഞ വെള്ളക്കെട്ടുകളോ ഇല്ലാത്തതാണ് പൊതുവെ പഞ്ചായത്തുപ്രദേശം. എങ്കിലും പഞ്ചായത്തിന്റെ വ്യാപനം അടുത്തകാലത്തായി ഇവിടെ വ്യാപിച്ചുവരുന്നു. സെപ്റ്റിക് ടാങ്കുകളുള്ള കക്കസുകളിൽ നിന്നും അവയുടെ എയർപൈപ്പുകൾ വഴിയാണ് കൊതുകുകൾ വരുന്നതെന്നാണ് വിദഗ്ധരുടെ അഭിപ്രായം.

പകർച്ചവ്യാധികളുടെ വിവരങ്ങൾ പട്ടികയായി ചേർക്കുന്നു.

വർഷം	ജലജന്യ വായു ബാധിച്ചവരുടെ എണ്ണം	ജന്യരോഗങ്ങൾ രോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ
93-94	62	57	10
94-95	39	43	7
95-96	33	59	22

അവലംബം: അവലംബം പി.എച്ച്.സി. അഞ്ചാലുംമൂട് രേഖ

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ കമ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം തൃപ്തികരമല്ല.

2. ആവശ്യമായ ഡോക്ടർമാരുടെ സേവനം ലഭിക്കുന്നില്ല.

3. ആവശ്യമായ സ്റ്റാഫ് നേഴ്സ് ഇല്ല.

4. ഓപ്പറേഷൻ തീയറ്റർ ഇല്ല.

5. ആശുപത്രിയിൽ ഓഫീസ് സൗകര്യങ്ങളില്ല.

6. കമ്യൂണിറ്റി ഹെൽത്ത് സെന്ററിൽ നല്ലരീതിയിൽ പ്രവർത്തിച്ചിരുന്ന ക്യാൻസർ പരിശോധന സെന്റർകുറേക്കാലമായി പ്രവർത്തിക്കുന്നില്ല.

7. സബ്സെന്ററുകൾക്ക് സ്വന്തമായി കെട്ടിടമില്ല.

8. ആയുർവേദ ആശുപത്രിയിൽ രോഗികൾക്ക് വേണ്ടത്ര മരുന്നുകൾ വിതരണം ചെയ്യാൻ ലഭിക്കുന്നില്ല.

10. നമ്മുടെ പഞ്ചായത്തിൽ സർക്കാർ ഹോമിയോ ആശുപത്രിയില്ല.

11. മലിനജലം കെട്ടിനിൽക്കുന്ന പ്രദേശങ്ങളിൽ മരുന്നു തളിക്കാറില്ല.

12. പഞ്ചായത്തിലെ ഓടകളിലും തോടുകളിലും ചപ്പുചവറുകൾ നിക്ഷേപിക്കുന്നതു കൊണ്ടു മലിനജലം കെട്ടിനില്ക്കുകയും പകർച്ചവ്യാധികൾ ഉണ്ടാകാനിടവരുത്തുകയും ചെയ്യുന്നു.

13. കിണറുകളിൽ കാലാകാലങ്ങളിൽ ബ്ലീച്ചിംഗ് പൗഡർഉപയോഗിക്കുന്നില്ല.

14. കായലിൽ ചകിരിച്ചോറ്, വീടുകളിൽ നിന്നുള്ള മാലിന്യങ്ങൾ എന്നിവ നിക്ഷേപിക്കുന്നതുകൊണ്ട് മത്സ്യത്തൊഴിലാളികളുടെ ആരോഗ്യസ്ഥിതി മോശമാകുകയാണ്.

15. എട്ടാംവാർഡിലെ പൊതുകുളത്തിൽ പരസരവാസികൾ നിക്ഷേപിക്കുന്ന ചപ്പു ചവറുകളും കുടാതെ മലിനജലവും കെട്ടിനിൽക്കുകയും പരിസരത്തുള്ള കിണറുകളിൽ മലിനജലം ഊർന്നിറങ്ങി ജലംമലിനമാകുകയും ചെയ്യുന്നു.

16. റോഡുകളും പൊതുനിരത്തുകളും വൃത്തിയാക്കുന്നില്ല.

17. പഞ്ചായത്തിലെ എല്ലാവാർഡുകളിലും വളരെക്കലമായി പട്ടിയെപിടുത്തം ഇല്ലാത്തതുകൊണ്ട് പേപ്പട്ടിശല്യവുമുണ്ട്.

18. വീടുകളോടനുബന്ധിച്ച് കക്കുസുകൾ ഇല്ലാത്ത അവസ്ഥയുണ്ട്.

19. വർദ്ധിച്ചുവരുന്ന കൊതുകുശല്യം.

സാദ്ധ്യതകൾപരിഹാരങ്ങൾ

പഞ്ചായത്തിലെ കമ്യൂണിറ്റി ഹെൽത്തുസെന്ററിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ഡോക്ടർമാരെ നിയമിക്കുക. ഒരു ഗൈനക്കോളജിസ്റ്റിനെയും കുട്ടികളുടെ ഡോക്ടർമാരേയും നിയമിക്കുക. ആറുകിടക്കകൾക്ക് ഒരുനേഴ്സെന്ന നിലയിൽ സ്റ്റാഫ് നേഴ്സിനെ നിയമിക്കുക. കമ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 1981-ൽ നിർത്തലാക്കിയ ക്യാൻസർ പരിശോധന സെന്റ്ർ പുന:സ്ഥാപിക്കുക. ആവശ്യമായ ഫർണിച്ചറുകളും ഓഫീസ് സൗകര്യങ്ങളും മെച്ചപ്പെടുത്തുക. ഒരു ക്ലിനിക്കൽ ലാബോറട്ടറി സ്ഥാപിക്കുക. ആശുപത്രി റിക്കോർഡെഴുതുന്നതിന് ആവശ്യമായ രജിസ്റ്ററുകൾ ലഭിക്കാൻ വേണ്ട നടപടികൾസ്വീകരിക്കുക.

സബ്സെന്ററുകൾ കാര്യക്ഷമമായി

പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

ആയുർവേദആശുപത്രിയിൽ രോഗികൾക്കവശ്യമായ മരുന്നുകൾ വിതരണം ചെയ്യുന്നതിന് ഇപ്പോൾ ലഭിക്കുന്നതുക അപര്യാപ്തമാണ്. ആയതിനാൽ തുക ഇരട്ടിയായി വർദ്ധിപ്പിക്കുക. ആയുർവേദ ആശുപത്രിയിൽ കഷായം ഉണ്ടാക്കുന്നതിന് ആവശ്യമായ ഈയം പൂശിയ ചെമ്പുപാത്രങ്ങളും സ്റ്റീൽ ഡ്രമ്മുകളും അനുവദിക്കുക. കൂടാതെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതാണ്. വളരെയധികം ആളുകൾ ഹോമിയോ മരുന്നുകൾ ഉപയോഗിക്കുന്ന ഈ കാലഘട്ടത്തിൽ ഈ പഞ്ചായത്തിൽ ഒരു സർക്കാർ ഹോമിയോആശുപത്രി സ്ഥാപിക്കുക.

മലിനജലം കെട്ടിനിൽക്കുന്ന പ്രദേശങ്ങളിൽ ആഴ്ചതോറും മരുന്നുതളിക്കാനുള്ള സംവിധാനം ഉണ്ടാക്കുക. പഞ്ചായത്തിലെ ഓടകളിലും തോടുകളിലും ചപ്പുചവറുകൾ നിക്ഷേപിക്കുന്ന പരിസരവാസികളെ വിളിച്ചുകൂട്ടി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക. കിണറുകളിൽ വർഷത്തിൽ രണ്ടുപ്രാവിശ്യം ബ്ലീച്ചിംഗ് പൗഡർ ഇടുക.

കായലിൽ ചകിരിച്ചോറ് നിക്ഷേപിക്കുന്നതും മലിനജലം ഒഴുക്കിവിടുന്നതും ഒഴിവാക്കുന്നതിനാവശ്യമായ ബോധവൽക്കരണം സംഘടിപ്പിക്കുക. 8- ാംവർഡിലെ പൊതുകുളത്തിൽചപ്പുചവറുകളും മലനജലവും കെട്ടിനിന്ന് പരിസരവാസികൾക്കുള്ള ആരോഗ്യപ്രശ്നം പരിഹരിക്കാൻ പൊതുകുളം വൃത്തിയാക്കി ശുദ്ധജല മത്സ്യകൃഷിക്കായി ഉപയോഗിക്കുക. അല്ലെങ്കിൽ കുളം നികത്തി പൊതുമാർക്കറ്റായി ഉപയോഗിക്കുക. പഞ്ചായത്തിലെ റോഡുകളും പൊതുനിരത്തുകളും സാമൂഹ്യ സംഘടനകളുടെ സഹകരണത്തോടുകൂടി മാസത്തിൽ ഒരു പ്രവശ്യം ശുചീകരണപ്രവർത്തനം നടത്തുക.

കക്കൂസില്ലാത്ത കുടുംബങ്ങളെ കണ്ടെത്തി അവരുടെ പങ്കാളിത്തം കൂടി ഉറപ്പുവരുത്തി സാമ്പത്തികസഹായം ചെയ്തുകൊടുത്തു കക്കൂസുകൾ നിർമ്മിക്കാവുന്നതാണ്.

കൊതുകുനശീകരണത്തിന്റെ ഭാഗമായി സെപ്റ്റിക് ടാങ്ക് കക്കൂസുകളുടെ ഔട്ടുലറ്റ് പൈപ്പുകളുടെ വായുനിർഗ്ഗമന ദ്വാരങ്ങൾ കൊതുകുവലഉപയോഗിച്ച് മൂടുന്നതിനാവശ്യമായ ബോധവൽക്കരണം നടത്തുകയും മറ്റ് പരിഹാരപ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക.

ആരോഗ്യമേഖലയിലെ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിപുലപ്പെട്ടതിന്റെ ഭാഗമായി ആശുപത്രി വികസനഉപദേശകസമിതികൾ രൂപീകരിച്ച് പ്രവർത്തിക്കണം.

പഞ്ചായത്ത് സമിതികൾ ജനപ്രതിനിധികൾ എന്നിവരുൾപ്പെടെയുള്ള കമ്മിറ്റി എല്ലാമാസവും യോഗം ചേരുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആവശ്യമായ ഭൗതികസാഹചര്യങ്ങൾ ഒരുക്കി കൊടുക്കുകയും വേണം.

കുടിവെള്ളം

ശുദ്ധമായ ജലത്തിന്റെ ലഭ്യത മനുഷ്യന്റെ ജീവിതത്തിന് അത്യന്താപേക്ഷിതമായ ഘടകങ്ങളിലൊന്നാണ്. കുടിവെള്ള ലഭ്യതയും ആരോഗ്യസംരക്ഷണവും പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നു. ഭൂപ്രകൃതിയുടെ പ്രത്യേകതകളും മഴയുടെ സാന്നിദ്ധ്യവും ജലത്തിന്റെ ലഭ്യതയെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്. ഉയർന്ന ഭൂപ്രദേശങ്ങളിൽ താരതമ്യേന ജലലഭ്യത കുറവാണ്. താഴ്വാര പ്രദേശങ്ങളിൽ ലഭ്യത കൂടുതലാണെങ്കിലും ജലസംബന്ധിയായ ധാരാളം പ്രശ്നങ്ങളുണ്ട്.

പഞ്ചായത്തിലെ ജലസ്രോതസ്സുകളിൽ കിണറുകൾ, കുളങ്ങൾ എന്നിവ ഉൾപ്പെടുന്നു. പഞ്ചായത്തിലെ ജനങ്ങളിൽ ഭൂരിഭാഗവും കുടിവെള്ളത്തിനായി കിണറുകളെ ആശ്രയിക്കുന്നു. കൂടാതെ 214 പൊതുടാപ്പുകളും 4 കുഴൽകിണറുകളും കുടിവെള്ളത്തിന്റെ വിതരണത്തിന് സഹായിക്കുന്നുണ്ട്.

ശാസ്താംകോട്ട കായലിൽ നിന്നും ജലം മതിലിൽ ഭാഗത്ത് എത്തിച്ച് സംഭരിക്കുകയും വിതരണം ചെയ്യുന്നതിനായി ലോകബാങ്കിന്റെ സഹായത്താൽ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെങ്കിലും പൂർണ്ണമായ വിതരണം തുടങ്ങിയിട്ടില്ല.

പഞ്ചായത്തിൽ 2158 കിണറുകളുണ്ട്. ഇവയിൽ പൊതുകിണറുകളും ഉൾപ്പെടുന്നു.

പഞ്ചായത്തിലെ ഒന്ന്, ഒൻപത് എന്നീ വാർഡുകളിലെ ചില ഭാഗങ്ങളിൽ ജലക്ഷാമം രൂക്ഷമാണ്. ഇവ താരതമ്യേന ഉയർന്ന പ്രദേശങ്ങളാണ്. മറ്റു വാർഡുകളിൽ രൂക്ഷമായ കുടിവെള്ളത്തിന്റെ ക്ഷാമം അനുഭവപ്പെടുന്നില്ലെങ്കിലും ജലലഭ്യതയുടെ തോത് കുറവാണ്.

തീരപ്രദേശങ്ങളിലെ കിണറുകളിൽ ജലത്തിന്റെ അളവ് കൂടുതലാണെങ്കിലും ഓരുജലത്തിന്റെ കൂടിക്കലരൽ മൂലംജലം പാനയോഗ്യമല്ല. പഞ്ചായത്തിലെ ശുദ്ധജലവിതരണത്തിന്റെ മേൽനോട്ടം കൊല്ലം ജലഅതോറിറ്റിക്കാണ്.

MWS പദ്ധതിപ്രകാരം പഞ്ചായത്തിൽ ധാരാളം കിണറുകൾ നിർമ്മിച്ചുനല്കിയിട്ടുണ്ട്

പഞ്ചായത്തിലെ ശുദ്ധജലസ്രോതസ്സുകൾ

കിണറുകൾ		പൊതു ടാപ്പുകൾ	കുഴൽ കിണറുകൾ	ആകെ
വറ്റുന്നവ	വറ്റാത്തവ			
1465	683	214	4	2376

(വിഭവഭൂപടങ്ങൾ, പഠനപര്യടനം)

വർഷം	കിണറുകളുടെ എണ്ണം
1992-93	5
1993-94	3
1994-95	3
1995-96	3

പ്രശ്നങ്ങൾ

1. ലോകബാങ്ക് പദ്ധതിപ്രകാരം മതിലിൽ സ്ഥാപിച്ചിട്ടുള്ള ഓവർഹഡ് ടാങ്ക് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെങ്കിലും റോഡുകളിൽ ആവശ്യമായ ടാപ്പുകൾ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ ജലവിതരണം നടക്കുന്നില്ല.

2. നീരാവിൽ സ്ക്കൂളിനു സമീപമുള്ള പമ്പ്ഹൗസിലെ മോട്ടോറിന്റെ ശേഷിക്കുറവ് മൂലം ടാങ്ക് നിറയെ ജലം പമ്പുചെയ്യുന്നതിനും പൂർണ്ണസമയം പമ്പ് പ്രവർത്തിപ്പിക്കാനും കഴിയുന്നില്ല. ആയതിനാൽ കുരീപ്പുഴ ഭാഗത്ത് ഭാഗികമായി മാത്രമേ ജലവിതരണം നടക്കുന്നുള്ളു.

3. പൈപ്പുലൈനുകളിലെ അറ്റകുറ്റപണികൾ യഥാസമയം നടത്താത്തതിനാൽ പല ടാപ്പുകളും ഉപയോഗശൂന്യമാണ്.

4. പല വാർഡുകളിലെയും ഇടറോഡുകളിൽ ടാപ്പുകൾ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ വേനൽകാലത്ത് പ്രസ്തുത പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

6. തീരപ്രദേശങ്ങളിലെ കിണറുകളിലെ ജലവുമായി ഓരുവെള്ളം കലരുന്നതിനാൽ വെള്ളം ഉപയോഗശൂന്യമായി മാറുന്നു.

6. തീരപ്രദേശമൊഴികെയുള്ള താഴ്ന്ന പ്രദേശങ്ങളിൽ മഴക്കാലത്ത് കിണറുകളിലെ ജലം കുടിക്കുന്നതിനും ആഹാരം പാകം ചെയ്യുന്നതിനും യോജിച്ചതല്ല.

7. ഹരിജനങ്ങൾക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഇതരവിഭാഗങ്ങൾക്കും സ്വന്തമായി കിണർ കുഴിപ്പിക്കുന്നതിന് കഴിയുന്നില്ല.

8. മുരുന്തൽ എ. വാർഡിലെ വെട്ടുവിളയിലും കോട്ടയ്ക്കകം വാർഡിലെ പരപ്പത്തുമുക്കിലും കുഴൽകിണറുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഓവർഹെഡ് ടാങ്കുകൾ ഇല്ലാത്തതുമൂലം മുഴുവൻ സമയവും ജലം ലഭിക്കുന്നില്ല.

9. അഞ്ചാലുംമൂട്ടിലുള്ള ഓവർഹെഡ് ടാങ്കിലേക്ക് വെള്ളം പമ്പ് ചെയ്യുന്നില്ല.

10. മുരുന്തൽ എ. വാർഡിലും മുരുന്തൽ ബി. വാർഡിലെ തട്ടുവിള പ്രദേശത്തും മതിലിൽ സി. വാർഡിലും ജലക്ഷാമം രൂക്ഷമാണ്.

11. ഹൗസ്കണക്ഷൻ എടുത്തിട്ടുള്ള ഉപഭോക്താക്കൾക്കും വേണ്ടത്ര ജലം ലഭിക്കുന്നില്ല.

പരിഹാരനിർദ്ദേശങ്ങൾ

ജനകീയാസൂത്രണത്തിന്റെ ഭാഗമായി നടന്ന പ്രത്യേക ഗ്രാമസഭകളിൽ കുടിവെള്ളത്തിന്റെ ലഭ്യതയെ സംബന്ധിച്ച വിശദമായ ചർച്ച നടക്കുകയും പല നിർദ്ദേശങ്ങൾ ഉരുത്തിരിയുകയും ചെയ്തു.

1. മതിലിൽ A.B.C. വാർഡുകളിലെ ഇടറോഡുകളിൽ വാട്ടർടാപ്പുകൾ സ്ഥാപിക്കണം.

2. നീരാവിൽ സ്ക്കൂളിനു സമീപത്തുള്ള പമ്പ്ഹൗസിൽ പ്രവർത്തനശേഷിയുള്ള മോട്ടോർ ഘടിപ്പിച്ച് ജലവിതരണം കാര്യക്ഷമമാക്കുക.

3. ലൈനുകളിലെ അറ്റകുറ്റപണികൾ യഥാസമയം തീർത്ത് ജലവിതരണം പൂർണ്ണമായി നടത്തുന്നതിനായി വാട്ടർ അതോറിറ്റി ശ്രദ്ധിക്കേണ്ടതാണ്.

4. ഇടറോഡുകളിൽ പൈപ്പുലൈനുകൾ സ്ഥാപിക്കേണ്ടതാണ്.

5. തീരപ്രദേശങ്ങളിലും താഴ്ന്ന പ്രദേശങ്ങളിലും ജലം ലഭ്യമാക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

6. ഹരിജനങ്ങൾക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഇതര വിഭാഗങ്ങൾക്കും കിണർ കുഴിക്കുന്നതിന് വസ്തുവിന്റെ പരിധി കണക്കിലെടുക്കാതെ സാമ്പത്തികസഹായം നല്കേണ്ടതാണ്.

7. മുരുന്തൽ എ. വാർഡിലെ വെട്ടുവിളയിലും കോട്ടയ്ക്കകം വാർഡിലെ പരപ്പത്തുമുക്കിലും ഓവർഹെഡ് ടാങ്കുകൾ സ്ഥാപിക്കുക.

8. അഞ്ചാലുംമൂട്ടിലുള്ള ഓവർഹെഡ് ടാങ്കിലേക്ക് വെള്ളം പമ്പുചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

9. കുരീപ്പുഴ എ., ബി. വാർഡുകൾ കേന്ദ്രീകരിച്ച് കുഴൽകിണർ നിർമ്മിക്കേണ്ടതാണ്.

10. മുരുന്തൽ എ., ബി., മതിലിൽ സി. വാർഡുകളിൽ ആവശ്യമായ ടാപ്പുകൾ സ്ഥാപിക്കേണ്ടതാണ്.

ഉപരിതല ജലസ്രോതസ്സുകളിലെ ജലത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മഴക്കാലത്ത് ലഭിക്കുന്ന ജലം കെട്ടിനിർത്തുവാനും ആവശ്യമായ നടപടി സ്വീകരിക്കണം. അതുപോലെ ഉയർന്ന പ്രദേശങ്ങളിൽ കുഴികൾ കുഴിച്ച് മഴവെള്ളം ഭൂമിയിൽ ആഴ്ന്നിറക്കുവാനും ഭൂഗർഭജലസമ്പത്ത് വർദ്ധിപ്പിക്കേണ്ടതുമുണ്ട്.

കുടിവെള്ളക്ഷാമം പൂർണ്ണമായും പരിഹരിക്കുന്നതിനായി സമഗ്രമായ പദ്ധതികൾ തയ്യാറാക്കി പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. പ്രത്യേക ഘടകപദ്ധതിപ്രകാരവും ലോകബാങ്കിന്റെ സഹായവും മറ്റു ധനസഹായകേന്ദ്രങ്ങൾക്കും പ്രോജക്ടുകൾ നല്കി പരിപാടികൾ ആവിഷ്ക്കരിക്കേണ്ടതാണ്.

"ഓരോ വീടും ഓരോ വിദ്യാലയമാണ്. മാതാ പിതാക്കൾ അദ്ധ്യാപകരും"
-ഗാന്ധിജി-

വിദ്യാഭ്യാസം

മാനവരാശിയുടെ പരിണാമദശകളിൽ പൗരാണിക കാലംമുതൽ വിദ്യാഭ്യാസത്തിന് അമൂല്യമായ സ്ഥാനമാണ് കൽപിച്ചിരിക്കുന്നത്. മനുഷ്യന്റെ സാംസ്ക്കാരികോന്നമനവും വിജ്ഞാന വികസനവും വ്യക്തിത്വവികസനവും വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമായിരുന്നു. മൂല്യാധിഷ്ഠിതമായ വിദ്യാഭ്യാസ പൈതൃകവും ഗുരുശിഷ്യബന്ധവും വിദ്യാഭ്യാസ ചരിത്രത്തിൽ കാണാവുന്നതാണ്.

യന്ത്രങ്ങളുടെ ആവിർഭാവത്തോടുകൂടി പ്രവൃത്ത്യുൻമുഖ വിദ്യാഭ്യാസത്തിന്റെ ആവശ്യകത ഉയർന്നുവരികയും പഠനത്തിൽ തൊഴിൽ പരിജ്ഞാനത്തിന് സ്ഥാനമുണ്ടാവുകയും ചെയ്തു.

അതേസമയം തുടർന്നുവന്നിരുന്ന ലക്ഷ്യങ്ങളിൽ വ്യതിയാനം സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കുകയും ചെയ്തിരുന്നു. അറുപതുകൾക്കുശേഷം വ്യാവസായികരംഗത്തുണ്ടായ വികസനവും ഇലക്ട്രോണിക് മേഖലയടക്കമുള്ള സാങ്കേതിക രംഗത്തുണ്ടായ കുതിച്ചുചാട്ടവും സമൂഹത്തിന്റെ സമസ്തമേഖലകളെയും കീഴ്മേൽ മറിച്ചു. അതോടൊപ്പം വിദ്യാഭ്യാസ മേഖലകൾക്ക് കല്പിച്ചിരുന്ന മൂല്യബോധങ്ങൾക്ക്. ഊനം തട്ടുകയും വിദ്യാഭ്യാസം വരുമാനലബ്ധിക്കുള്ള മാർഗ്ഗമായി മാത്രം അധഃപതിക്കുകയും ചെയ്തു. പരിണതഫലമായി സമൂഹത്തിന്റെ സാംസ്കാരിക മേഖലയിൽ ഉൾപ്പെടെ മൂല്യച്യുതി സംഭവിക്കുകയും സാമൂഹ്യബോധവും പ്രതിബദ്ധതയും കാര്യമായി കുറയുകയും ചെയ്തു.

ഈ സാമൂഹ്യദുരവസ്ഥ പരിഹരിക്കുന്നതിന് വിദ്യാഭ്യാസത്തെ എങ്ങനെ പുനഃസംവിധാനം ചെയ്യാമെന്ന് സാമൂഹ്യപരിഷ്കർത്താക്കളും വിദ്യാഭ്യാസ വിചക്ഷണൻമാരും ഉറക്കെചിന്തിക്കുന്നു എന്നുള്ളത് ആശ്വാസജനകമാണ്.

സ്വന്തമായി വിദ്യാഭ്യാസ സ്ഥാപനം ഉണ്ടാകണമെന്ന ആഗ്രഹം ഈപ്രദേശത്ത് ഉടലെടുത്തത് പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനകാലത്താണ്. ആദ്യകാലങ്ങളിൽ അക്ഷരഅഭ്യസം നേടുന്നതിനുവേണ്ടി കുടിപ്പള്ളിക്കൂടങ്ങളെയാണ് ആശ്രയിച്ചിരുന്നത്. പനയോലയും എഴുത്താണിയും ഉപയോഗിച്ചിരുന്നു.

എഴുത്തോലയിലെ അക്ഷരങ്ങൾ നിലത്തെഴുതി പഠിച്ചിരുന്ന രീതിയാണ് ഉണ്ടായിരുന്നത്. അക്ഷരം അഭ്യസിച്ചതിന് ശേഷം തുടർന്നുള്ള വിദ്യാഭ്യാസത്തിന് വേണ്ടി സംസ്കൃത പണ്ഡിതന്മാരെ ആശ്രയിച്ചിരുന്നു. സംസ്കൃതത്തിലും മറ്റു പ്രാവിണ്യം നേടിയിട്ടുള്ള വ്യക്തികളുടെ വീടുകളിൽ താമസിച്ച് പഠനം നടത്തിയിരുന്നു.

ഉദ്ദേശം 1890-മുതൽ തൃക്കടവൂർ പഞ്ചായത്തിലെ കുപ്പണ എന്ന ഗ്രാമത്തിൽ ചന്ദ്രഴികത്ത് വീട്ടിൽ "പദ്മനാഭൻ വാദ്ധ്യാർ" ആരംഭിച്ച "ചന്ദ്രഴികത്ത് വിദ്യാലയ"മാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനം. ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തിൽ ഉണ്ടായ സാമ്പത്തികബുദ്ധിമുട്ട് പരിഗണിച്ച് ഈ വിദ്യാഭ്യാസ സ്ഥാപനം കുപ്പണ ശ്രീ വേലായുധമംഗലം ക്ഷേത്രയോഗത്തിന് കൈമാറുകയുണ്ടായി. തുടർന്ന് ഈ വിദ്യാലയം മുരുന്തവേളി പ്രൈമറി സ്ക്കൂൾ എന്ന പേരിൽ പ്രവർത്തിച്ചിരുന്നു. സ്ക്കൂളിലെ അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കുന്നതിനും മറ്റുചിലവുകൾക്കും പര്യാപ്തമായ സാമ്പത്തികശേഷി ഇല്ലാതിരുന്നതുമൂലം 1945-ൽ ക്ഷേത്രയോഗഭാരവാഹികൾ ഈ വിദ്യാഭ്യാസ സ്ഥാപനം ഗവൺമെന്റ് അധീനതയിലേക്ക് വിട്ടുകൊടുക്കുകയുണ്ടായി. ഇതാണ് ഇന്നത്തെ മുരുന്തവേളി ലോവർ പ്രൈമറി സ്ക്കൂൾ.

ഇതേ കാലഘട്ടത്തിൽ തന്നെ ഹരിജൻ വിഭാഗത്തിൽപെട്ട വേടർ സമുദായത്തെ ഉദ്ധരിക്കുന്നതിനുവേണ്ടി പരേ

തനായ വി.ആർ. പരമു എന്ന വ്യക്തി കടവൂർ പള്ളിവേട്ടചിറയ്ക്ക് സമീപം ഒരു വിദ്യാഭ്യാസ സ്ഥാപനം ആരംഭിച്ചു. അദ്ദേഹത്തിന്റെ കാലം വരെ അത് നില നിൽക്കുകയും ചെയ്തിരുന്നു.

തൃക്കടവൂർ ഗ്രാമപഞ്ചായത്തിലെ ആദ്യത്തെ ഹൈസ്ക്കൂൾ നീരാവിൽ എസ്.എൻ.ഡി.പി. യോഗം ഹൈസ്ക്കൂളാണ്. എഴുപത്തിമൂന്ന് വർഷങ്ങൾക്ക് മുമ്പ് കൊച്ചുവരമ്പേൽ കേശവൻമുതലാളി സ്ഥാപിച്ച സ്ക്കൂൾ ശ്രീനാരായണ ഗുരുസ്വാമികൾ ആണ് ഉദ്ഘാടനം ചെയ്തത്. ഉദ്ഘാടന ചടങ്ങിൽ മഹാകവി കുമാരനാശാന്റെ സാന്നിദ്ധ്യം ഉണ്ടായിരുന്നു.

സർക്കാർ സ്ക്കൂളുകളുടെ അദ്ധ്യാപക വിദ്യാർത്ഥികളുടെ വിവരങ്ങൾ

	സ്ക്കൂളിന്റെ പേര്	ഗവൺമെന്റ് മാനേജ്മെന്റ്	ആൺ	പെൺ	ആകെ	അദ്ധ്യാപകർ
1.	നീരാവിൽ L.P.S.	ഗവ:	139	148	287	9
2.	മുരുന്തവേളി L.p.S.	ഗവ:	99	91	190	6
3.	അഞ്ചാലുംമൂട് L.P.S.	ഗവ:	119	108	227	8
4.	കടവൂർ L.P.S.	മാനേ:–	166	147	313	9
5.	സെന്റ് ജോർജ്ജ് U.P.S. മതിലിൽ	മാനേ:–	133	116	249	8
6.	കുരീപ്പുഴ U.P.S.	ഗവ:	471	456	927	28
7.	തൃക്കടവൂർ L.P.S.	മാനേ:–	221	180	401	13
8.	അഞ്ചാലുംമൂട് H.S.	ഗവ:	1113	1115	2228	78
9.	ഞാറയ്ക്കൽ L.P.S.	മാനേ:–	171	147	318	9
10.	S.N.D.P.Y. H.S. നീരാവിൽ	മാനേ:–	731	644	1375	52
	ആകെ	3363	3152	6515	220	

പട്ടിക 1a

നഴ്സറി സ്കൂൾ No. 6	സ്വകാര്യം	416	299	715	37

പട്ടിക 1b

L.P., U.P., H.S. വിഭാഗങ്ങളിലെ പെൺകുട്ടികളുടെ ശതമാനം.

ആകെ വിദ്യാർത്ഥികളുടെ എണ്ണം	ആൺ	പെൺ	ശതമാനം	ആൺ	പെൺ	ശതമാനം	ആൺ	പെൺ	ശതമാനം
6515	915	821	47.3	604	572	48.6	1844	1759	48.8
ആകെ 48.38%									

പട്ടിക 1 c

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്കും ശതമാനവും

LPS			UPS			HS		
ആകെ	%		ആകെ	%		ആകെ	%	
1736	192	11.2%	1176	140	12%	3603	448	12.4%

സാമ്പത്തികമായും സാമൂഹികമായും ഉള്ള കാരണങ്ങളാൽ വളരെ ചെറിയ ശതമാനം വിദ്യാർത്ഥികൾ ഇടയ്ക്കുവച്ച് പഠനം നിർത്തുന്നു. 1995/96 വിദ്യാഭ്യാസ വർഷത്തിൽ ഈവിധം കൊഴിഞ്ഞുപോയ വിദ്യാർത്ഥികളുടെ വിവരം അനുബന്ധം 1Dയിൽ കൊടുത്തിരിക്കുന്നു.

പഠിതാക്കളിൽ ഭൂരിഭാഗവും സർക്കാർ സ്ക്കൂളുകളെ ആശ്രയിക്കുന്നു എന്നുള്ളത് എടുത്തുപറയാവുന്ന ഒരു പ്രത്യേകതയാണ്. (പട്ടിക 2-ൽ) എന്നിരുന്നാലും പഞ്ചായത്തിൽ നിന്നും ഇംഗ്ലീഷ് മീഡിയം സ്ക്കൂളിലേക്ക് പോകുന്നവരുടെ സംഖ്യയും ചെറുതല്ല എന്നുകൂടിയോർക്കേണ്ടതാണ്.

പഞ്ചായത്തിലെ രണ്ട് ഹൈസ്ക്കൂളുകളിൽ നിന്നുമായി അഞ്ഞൂറിലധികം കുട്ടികൾ പ്രതിവർഷം S.S.L.C. പാസ്സാകുന്നുണ്ട്. കൂടാതെ പഞ്ചായത്തിനുപുറത്തുള്ള സ്ക്കൂളുകളിലെയും കൂടി പരിഗണിക്കുമ്പോൾ അറുന്നൂറിൽ പരം കുട്ടികൾ ഈ പഞ്ചായത്തിൽ നിന്നും S.S.L.C. പാസ്സാകുന്നുണ്ട് എന്ന് മനസ്സിലാക്കാം. ഇവർക്ക് തുടർവിദ്യാഭ്യാസം ചെയ്യുന്നതിനുവേണ്ടി കൊല്ലം പട്ടണത്തേയും മറ്റു പ്രദേശങ്ങളേയും ആശ്രയിക്കേണ്ടിവരുന്നു. കാരണം ഈ പഞ്ചായത്തിൽ കോളേജുകൾ ഒന്നുംതന്നെയില്ല. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും വേണ്ടരീതിയിൽ ഇല്ല.

ഈ പഞ്ചായത്തിൽ സ്വകാര്യമേഖയിൽ ഒരു JTC പ്രവർത്തിക്കുന്നു. അതിൽ 80 കുട്ടികൾ പഠനം നടത്തുന്നു. കൂടാതെ അഗ്രികൾച്ചർ, നഴ്സിംഗ്, പ്രീപ്രൈമറി ട്രെയിനിംഗ് എന്നീ കോഴ്സുകൾ നടത്തുന്ന ഒരു സ്ഥാപനമുണ്ട്. ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ ആകെ 8. കൂടാതെ പതിനഞ്ച് ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ. അവയിൽ കോളേജ് ക്ലാസ്സുകൾ മാത്രം നടത്തുന്ന ഒന്നും സ്ക്കൂൾ കോളേജ് ക്ലാസ്സ് നടത്തുന്ന ആറും സ്ക്കൂൾ ക്ലാസ്സുകൾ മാത്രം നടത്തുന്ന എട്ടും സ്ഥാപനങ്ങളുണ്ട്. ഈ പറഞ്ഞവയെല്ലാം സ്വകാര്യ മേഖലയിലാണ് പ്രവർത്തിക്കുന്നത്.

കഴിഞ്ഞ അഞ്ചുവർഷത്തെ S.S.L.C. വിജയശതമാനം പരിശോധിച്ചാൽ മോശമല്ലാത്ത നിലവാരം പുലർത്തുന്ന ഹൈസ്ക്കൂളുകളാണ് ഈ പഞ്ചായത്തിലുള്ളതെന്ന് മനസ്സിലാക്കാം. (പട്ടിക 3) മുസ്ലീം സമുദായത്തിലുള്ള കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിക്കുവേണ്ടി ജമാഅത്ത്കളുടെ ആഭിമുഖ്യത്തിൽ രണ്ട് മദ്രസകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഒന്നുമുതൽ ഒമ്പതുവരെ ക്ലാസ്സുകളിലെ കുട്ടികളുടെ അക്കാദമിക് നിലവാരം മനസ്സിലാക്കുന്നതിനുവേണ്ടി 96-97 വർഷത്തെ ഒന്നാം ടേം പരീക്ഷയുടെ ഫലം പരിശോധിച്ചതിൽ നിന്നും ശരാശരി നിലവാരം പുലർത്തുന്ന സ്ക്കൂളുകളാണ് ഈ പഞ്ചായത്തിലുള്ളതെന്ന് മനസ്സിലാക്കും. (പട്ടിക 4)

പട്ടിക 1D

SC/ST			മറ്റുള്ളവർ			ആകെ
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
19	20	35	74	53	127	162

പട്ടിക 2

പഞ്ചായത്തിലെ സ്ക്കൂളുകളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്

ആകെ അദ്ധ്യാപകരുടെ എണ്ണം	ഗവൺമെന്റ് അദ്ധ്യാപകരുടെ എണ്ണം	ഗവൺമെന്റ് അദ്ധ്യാപകരുടെ ശതമാനം	ആകെ വിദ്യാർത്ഥികളുടെ എണ്ണം	ഗവ: സ്ക്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം	ശതമാനം
257	129	50.1%	6515	3859	59.2%

പട്ടിക 3

S.S.L.C. വിജയശതമാനം

സ്ക്കൂളുകളുടെ പേര്	1991/92	92/93	93/94	94/95	95/96
എൻ.സി.ടി.പി. ഹൈസ്ക്കൂൾ നീരാവിൽ	45.5%	48.6%	62%	52.3%	73.8%
ഗവൺമെന്റ് ഹൈസ്ക്കൂൾ, അഞ്ചാലുംമൂട്	57%	75%	63%	56%	64%

പട്ടിക 4

1996-97ലെ ഒന്നാംടേം പരീക്ഷ

ക്ലാസ്സ്	30%ത്തിനു താഴെ	30-നും 40-നും മദ്ധ്യേ	40-നും 50-നും മദ്ധ്യേ	50-നും 60-നും മദ്ധ്യേ	60-ന് മുകളിൽ
I	20	30	34	46	268
II	96	38	57	46	281
III	146	60	64	78	152
IV	151	81	100	81	170
V	115	109	79	69	135
VI	143	198	100	86	98
VII	195	196	125	58	101
VIII	156	394	141	81	41
IX	149	474	133	94	54

സ്ക്കൂളുകളിലെ പഠനിലവാരം മെച്ചപ്പെടുത്തുന്നതിനെ സംബന്ധിച്ച് ഗ്രാമസഭകളിൽ സജീവമായ ചർച്ചകൾ നടക്കുകയുണ്ടായി. നിലവിലുള്ള അവസ്ഥയിൽ ഊന്നിനിന്നുകൊണ്ടാണ് പ്രധാനമായും ചർച്ചകൾ നടന്നത്. ഗ്രാമസഭാ ചർച്ചകളുടേയും പഞ്ചായത്തിലെ സന്നദ്ധപ്രവർത്തകർ ശേഖരിച്ച ദ്വിതീയ വിവരങ്ങളുടേയും അടിസ്ഥാനത്തിൽ താഴെ പറയുന്ന പോരായ്മകൾ ശ്രദ്ധയിൽപെട്ടു. പ്രധാനമായും അക്കാദമിക്കൽ സൗകര്യങ്ങളുടെ അപര്യാപ്തത പൊതുവായി എല്ലാ സ്ക്കൂളുകളേയും ബാധിയ്ക്കുന്ന ഒന്നാണ്. (പട്ടിക 5, 6)

പട്ടിക 5

	ലൈബ്രറി	ലാബ്	പഠനോപകരണങ്ങൾ	റേഡിയോ	ടേപ്പ് റിക്കോർഡർ	ടെലിവിഷൻ	സിനിമാ പ്രൊജക്ടറുകൾ	സൈക്കിൾ പ്രൊജക്ടർ	ബ്ലാക്ക് ബോർഡ് ആവശ്യമുള്ളവ	മാതൃസംഗമം സജീവമാണ്	പി.ടി.എ. പ്രവർത്തനം
ഉണ്ട്	2	2	3	2	6	–	–	1	6	6	9
ഇല്ല	8	8	7	8	4	10	–	9	4	4	1

പട്ടിക 6 ഭൗതിക സൗകര്യങ്ങൾ

സ്ക്കൂൾ	കുട്ടികൾ	അദ്ധ്യാപകർ	ഡിവിഷനുകൾ	മൂത്രപ്പുര	കക്കൂസ്	കുടിവെള്ളം	വൈദ്യുതി	ഫർണിച്ചർ ആവശ്യത്തിനുണ്ടോ
ഗവ: L.P.S., നീരാവിൽ	287	09	08	01	01	ഇല്ല	ഇല്ല	ഉണ്ട്
ഗവ: L.P.S. മുരുന്തവേളി	190	06	05	0	2	കിണർ-1	ഇല്ല	ഉണ്ട്
L.P.S., കടവൂർ	313	09	09	02	01	ഉണ്ട്	ഉണ്ട്	ഉണ്ട്
ഗവ: L.P.S., അഞ്ചാലുംമൂട്	227	08	06	01	01	കിണർ-1	ഇല്ല	ഉണ്ട്
സെന്റ് ജോർജ്ജ് U.P.S. കടവൂർ	927	28	25	01	02	ഉണ്ട്	ഉണ്ട്	ഉണ്ട്
ഗവ: U.P.S., കുരീപ്പുഴ	927	28	25	01	02	ഉണ്ട്	ഉണ്ട്	ഉണ്ട്
തൃക്കടവൂർ L.P.S.	401	13	10	01	0	ഇല്ല	ഉണ്ട്	ഉണ്ട്
ഗവ: ഹൈസ്ക്കൂൾ, അഞ്ചാലുംമൂട്	228	78	52	04	02	ഉണ്ട്	ഉണ്ട	ഉണ്ട്
L.P.S. ഞാറയ്ക്കൽ	318	09	10	01	0	ഇല്ല	ഇല്ല	ഉണ്ട്
S.N.D.P.Y.H.S. നീരാവിൽ	1375	52	33	03	02	ഉണ്ട്	ഉണ്ട്	ഉണ്ട്

പ്രശ്നങ്ങൾ

1. സ്ക്കൂളുകളുടെ ഭൗതികസൗകര്യങ്ങളിലുള്ള അപര്യപ്തത പഠനനിലവാരത്തെ പ്രതികൂലമായി ബാധിക്കുന്നു.

2. അഞ്ചാലുംമൂട് ഗവ: L.P.സ്ക്കൂൾ ഇപ്പോൾ വാടകകെട്ടിടത്തിലാണ്. കെട്ടിടവും പരിസരവും പരിമിതിയുള്ളതിനാൽ പഠനപ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ട് നേരിടുന്നു.

3. കുടിവെള്ളത്തിനുള്ള അപര്യാപ്തത മൂന്നുസ്ക്കൂളുകളിൽ പൂർണ്ണമായും മൂന്നു സ്ക്കുളുകളിൽ ഭാഗികമായും കാണുന്നു.

4. പഠനോപാധികൾ വേണ്ടത്ര ഇല്ല.

5. അപ്പർ പ്രൈമറി സ്ക്കൂളുകളിലും ഹൈസ്ക്കൂളുകളിലും കുട്ടികൾക്ക് ആവശ്യമായ വിജ്ഞാനം ലിഭിയ്ക്കുന്നതിനു ലൈബ്രറി സൗകര്യങ്ങളോ ലബോറട്ടറി സൗകര്യങ്ങളോ വേണ്ടത്രയില്ല.

6. ദൃശ്യ, ശ്രാവ്യ ഉപകരണങ്ങൾ എല്ലാ സ്ക്കൂളുകളിലും ലഭ്യമല്ല.

7. 96-97 വർഷത്തിൽ ആകെയുള്ളതിന്റെ 2.48% കുട്ടികൾ വിവിധ കാരണങ്ങളാൽ പഠനം നിർത്തിപോയിട്ടുള്ളതായി കണക്കുകൾ സൂചിപ്പിക്കുന്നു. തുടർന്നുവരുന്ന ഈ അനാരോഗ്യകരമായ പ്രവണത നിരക്ഷരതയ്ക്കു കാരണമാകുന്നു.

8. അൺഎയിഡഡ്-ഇംഗ്ലീഷ്-മലയാളം മീഡിയം സ്ക്കൂളുകളുടെ നിലവാരത്തെ കുറിച്ചുള്ള രക്ഷിതാക്കളുടെ അമിതവിശ്വാസം മൂലം സർക്കാർ എയിഡഡ് സ്ക്കൂളുകളിൽ കുട്ടികളുടെ പ്രവേശനം കുറയുന്നു.

9. അപ്പർപ്രൈമറി സ്ക്കൂളുകളിലെ കുട്ടികളുടെ നിലവാരം പരിശോധിച്ചാൽ മോശമാണെന്ന് മനസ്സിലാക്കാവുന്നതാണ്. കുട്ടികൾക്ക് പഠിത്തത്തോടൊപ്പം കായികമായ പരിശീലനവും മാനസികമായ വികാസവും ഉണ്ടാക്കുന്നതിനുള്ള സൗകര്യങ്ങളുടെ അഭാവം കാണാവുന്നതാണ്.

10. ഹൈസ്ക്കൂൾ ക്ലാസ്സുകളിലെ മിക്ക വിദ്യാർത്ഥികളും ഗൈഡുകളെയും ട്യൂഷൻ സെന്ററുകളേയും ആശ്രയിക്കുന്നു സ്വഭാവം വ്യാപകമായി കണ്ടുവരുന്നു. ഇതുമൂലം പഠനവിഷയങ്ങളിലുണ്ടാവേണ്ട വിജ്ഞാനം പൂർണ്ണമാകുന്നില്ല.

11. രക്ഷകർത്താക്കൾ വേണ്ടവിധത്തിൽ സ്ക്കൂളുകളുടെ പ്രവർത്തനവുമായി സഹകരിക്കുന്നില്ല.

12. ഉച്ചക്കഞ്ഞി വിതരണത്തിലെ പ്രശ്നങ്ങൾ

13. പ്രാഥമിക ആവശ്യങ്ങൾക്കുവേണ്ടിയുള്ള സൗകര്യങ്ങളുടെ കുറവ്.

14. കളിസ്ഥലങ്ങളുടെ പോരായ്മ.

പരിഹാരങ്ങളും നിർദ്ദേശങ്ങളും.

മേൽപറഞ്ഞ പ്രശ്നങ്ങൾ പരീക്ഷിക്കുന്നതിനുവേണ്ടി ഗ്രാമസഭാറിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസരംഗത്തുനടത്തേണ്ട പ്രവർത്തനങ്ങളുടെ വിശദവിവരം താഴെ ചേർക്കുന്നു.

1. വിദ്യാഭ്യാസ നിലവാരം ഉയർത്തൽ "School Compus" സൗകര്യം പുനഃസ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക.

2. സ്ക്കൂളുകളിൽ വൈദ്യുതി, ചുറ്റുമതിൽ, പാചകപ്പുര, സ്റ്റാഫ് റൂം മുതലായ അടിസ്ഥാനസൗകര്യങ്ങൾ മെച്ച

പ്പെടുത്തുന്നതിന് ആവശ്യമായ പദ്ധതികൾ ബഹുജനസഹകരണത്തോടെ നടപ്പിലാക്കാൻ ശ്രമിക്കാവുന്നതാണ്.

3. അഞ്ചാലുംമൂട് L.P.S.ന് സ്വന്തമായി കെട്ടിടം പണിയുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

4. എല്ലാ സ്ക്കൂളുകളിലും കുടിവെള്ളം ലഭ്യമാക്കുക.

5. കുട്ടികളെ പഠിപ്പിക്കുന്നതിന് പ്രത്യേകിച്ച് L.P. വിഭാഗത്തിലെ കുട്ടികളെ) ആവശ്യമായ പഠനോപകരണങ്ങൾ (മാപ്പുകൾ, ചാർട്ടുകൾ, ഗ്ലോബുകൾ) വേണ്ടത്ര ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

7. കുട്ടികളുടെ കൊഴിഞ്ഞുപോക്ക് പരിഹരിക്കുന്നതിന് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം, കുട്ടികളേയും രക്ഷകർത്താക്കളേയും മനസ്സിലാക്കുന്നതിന് ആവശ്യമായ ബോധവത്കരണപരിപാടികൾ സംഘടിപ്പിക്കുകയും നിർദ്ധനരായ കുട്ടികൾക്ക് സാമ്പത്തികം ഉൾപ്പെടെയുള്ള സഹായങ്ങൾ ചെയ്തുകൊടുക്കാവുന്നതാണ്. ഇക്കാര്യത്തിൽ സന്നദ്ധസംഘടനകളുടെ സഹായം ഉറപ്പുവരുത്തേണ്ടതാണ്.

8. എല്ലാ സ്ക്കൂളുകളിലും, പ്രത്യേകിച്ച് U.P. വിഭാഗത്തിൽ സ്പെഷ്യൽ ടീച്ചറന്മാരുടെ നിയമനം നടത്തേണ്ടതാണ്.

9. ഹൈസ്ക്കൂൾ ക്ലാസ്സുകളിൽ ഓരോ വിഷയവും പഠിപ്പിക്കുന്നതിന് അതാത് വിഷയങ്ങളിൽ പ്രാവിണ്യം നേടിയ അദ്ധ്യാപകരെ തന്നെ നിയമിക്കേണ്ടതാണ്.

10. എല്ലാ സ്ക്കൂളുകളിലും PTA, മാതൃസംഗമം എന്നിവ സംഘടിപ്പിക്കുകയും സജീവമായ പ്രവർത്തനം ഉറപ്പുവരുത്തേണ്ടതുമാണ്.

11. പ്രാഥമിക സൗകര്യങ്ങൾ വേണ്ടത്ര ഇല്ലാത്ത സ്ക്കൂളുകളിൽ അവ സ്ഥാപിക്കുന്നതിന് PTA-യുടെ സഹകരണത്തോടെ ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

12. പരിസരശുചിത്വം പാലിയ്ക്കുന്നതിന് ശ്രദ്ധിക്കുന്നതോടൊപ്പം കുട്ടികളെ അതിനേകുറിച്ച് ബോധവത്കരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

13. ഉച്ചക്കഞ്ഞി വതരണം ഫലപ്രദവും കാര്യക്ഷമവുമാക്കുന്നതിനു വേണ്ടി PTA സമിതികളെ ഏൽപ്പിക്കാവുന്നതാണ്.

14. കളിസ്ഥലങ്ങളുടെ കുറവ് പരിഹരിയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിയ്ക്കണം.

15. ആവശ്യമായ ഫർണിച്ചർ ഇല്ലാത്ത സ്ക്കൂളുകളിൽ അവ സംഘടിപ്പിക്കുന്നതിന് വേണ്ടതായ പദ്ധതിക്ക് രൂപം കൊടുക്കാവുന്നതാണ്.

16. വിവിധ വിഷയങ്ങളിലുള്ള വിജ്ഞാനവികസനത്തിനായി ആഡിയോ- വീഡിയോ തുടങ്ങിയ ഇലക്ട്രോണിക് മാധ്യമങ്ങൾ സ്ക്കൂളുകൾക്ക് ലഭ്യമാക്കണം. അഞ്ചാലുംമൂട് ഹൈസ്ക്കൂളിലും നീരാവിൽ ഹൈസ്ക്കൂളിലും (പ്ലസ്-ടു) ക്ലാസ്സുകൾ ആരംഭിയ്ക്കുന്നതിന് ഗവൺമെന്റിനോട് നിർദ്ദേശിക്കേണ്ടതാണ്.

17. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നടപ്പിലാക്കാൻ വേണ്ട പദ്ധതി ആസൂത്രണം ചെയ്യാവുന്നതാണ്.

18. പ്രൈമറി സ്ക്കൂളുകളോടനുബന്ധിച്ച് ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ കൂടി ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ ഉണ്ടാവണം.

സംസ്ക്കാരം

സാംസ്ക്കാരികബോധം വന്നതോടെയാണ് മനുഷ്യൻ സാമൂഹിക ജീവിതം ആരംഭിക്കുന്നത്. ആര്യദ്രാവിഡ സംസ്ക്കാരത്തിന്റെ സംഗമത്തിലൂടെ ഉരുത്തിരിഞ്ഞുവന്നതാണ് കേരളീയ സംസ്ക്കാരം. നൂറ്റാണ്ടുകൾക്ക് മുമ്പ് അറബികളും പാശ്ചാത്യരും ഇവിടെ വരുകയും ഇടപഴകുകയും ചെയ്തതിന്റെ ഫലമായി അവരുടെ സംസ്ക്കാരത്തിന്റെ സ്വാധീനവും നമ്മുടെ സംസ്ക്കാരത്തിൽ പ്രതിഫലിക്കുന്നുണ്ട്.

സൗഹൃദത്തിന്റേയും സഹിഷ്ണുതയുടേതുമായ ഒരു സാംസ്ക്കാരികാന്തരീക്ഷമാണ് കേരളത്തിലുള്ളത്. വൈവിദ്ധ്യത്തിലെ ഏകത്വം ഇവിടെ പ്രകടമാണ്. മഹത്തായ ഈ സംസ്ക്കാരം നിലനിന്നുവരുന്ന നമ്മുടെ പഞ്ചായത്തിൽ ഹിന്ദുക്കൾ, ക്രിസ്ത്യാനികൾ, മുസ്ലീങ്ങൾ തുടങ്ങിയ വ്യത്യസ്ഥ മതവിശ്വാസികൾ ഇടകലർന്നാണ് ജീവിക്കുന്നത്. അറിയപ്പെടുന്ന കാലം മുതലേ ഇവിടെ മതസൗഹാർദ്ദവും സഹിഷ്ണുതയും നിലനിന്നുവരികയാണ്.ഓരോ മതവിഭാഗത്തിന്റേയും വിശേഷദിനങ്ങൾ ഇതര മത വിഭാഗക്കാരുംആദരവോടെ ഏറ്റെടുക്കുന്നുവെന്ന സവിശേഷത ഇവിടെ നിലനിൽക്കുന്നു.

ഒരു നൂറ്റാണ്ടുമുമ്പുതന്നെ വിജ്ഞാനത്തിന്റെ മഹത്വം മനസ്സിലാക്കിയ സാമൂഹിക പരിഷ്കർത്താക്കൾ ഇവിടെ ജീവിച്ചിരുന്നു എന്നത് നമുക്ക് അഭിമാനകരമാണ്. അഞ്ചാലുംമൂട് ഹൈസ്ക്കൂൾ, നീരാവിൽ എസ്.എൻ.ഡി.പി. ഹൈസ്ക്കൂൾ, മുരുന്തവെളി സ്ക്കൂൾ എന്നിവയെല്ലാം അവരുടെ സൃഷ്ടികളാണ്.

ഈ പ്രദേശത്തിന്റെ സാംസ്ക്കാരിക ഉന്നമനത്തെകുറിച്ച് പറയുമ്പോൾ മുരുന്തൽ പാലിയഴികത്ത് നാരായണപിള്ളയേയും കണ്ണന്തോടത്ത് ജനാർദ്ദനൻനായരേയും അനുസ്മരിക്കേണ്ടിയിരിക്കുന്നു.കേരളമാകെ അറിയപ്പെട്ടിരുന്ന നാദസ്വരവിദ്വാൻ കടവൂർ കുട്ടപണിക്കരുടെ ജന്മം കൊണ്ട് ധന്യമായ ഗ്രാമമാണ് ഇത്.

പരീക്ഷിച്ച് അറിഞ്ഞ പരമ്പരാഗത സാംസ്ക്കാരിക മൂല്യങ്ങൾ ഉറപ്പിക്കുന്നതിലും ഗുണമേന്മയുള്ള ആധുനിക പ്രവണതകൾ ഉൾക്കൊള്ളുന്നതിലുടെയുംസമൂഹത്തെ കർമ്മനിരതരാക്കി ചലിപ്പിക്കുന്നതിൽ മുഖ്യപങ്ക് വഹിക്കേണ്ടത് വിദ്യാലയങ്ങളാണ്. ആ തത്വം മുൻനിർത്തി പ്രവർത്തിക്കുന്നതിന് പല കാരണങ്ങളാലും ഇന്നത്തെ വിദ്യാഭ്യാസത്തിന് കഴിയുന്നില്ലെന്ന ആക്ഷേപവും നിലനിൽക്കുകയാണ്.

ഗ്രന്ഥശാലകൾ

വിദ്യാഭ്യാസ മേഖല കഴിഞ്ഞാൽ സാംസ്ക്കാരിക രംഗത്തെ ഊർജ്ജസ്വലമാക്കേണ്ടത് ഗ്രന്ഥശാലകളും കലാ സാംസ്ക്കാരിക സംഘടനകളുമാണ്. അര നൂറ്റാണ്ടിനുമുമ്പായി തന്നെ നമ്മുടെ ഗ്രാമത്തിൽ ഗ്രന്ഥശാലപ്രസ്ഥാനം ആരംഭിച്ചിരുന്നതായി കാണുന്നു. ഗ്രന്ഥശാലകളും വായനശാലകളുമായി ആണ് അവ പ്രവർത്തിച്ചിരുന്നത്. സമൂഹത്തിന്റെ വായനാശീലം വളർത്തി അറിവ് വർദ്ധിപ്പിക്കാൻ നമ്മുടെ പൂർവ്വികർ പ്രദർശിപ്പിച്ചിരുന്ന ആർജ്ജവമാണ് ഇതിലുടെ പ്രകടമായിരിക്കുന്നത്.

കോട്ടക്കകം, കുപ്പണ, കൈപ്പടക്കൽ, നീരാവിൽ എന്നിവിടങ്ങളിലാണ് ആദ്യമായി ഗ്രന്ഥശാലകൾ സ്ഥാപിക്ക

സ്ഥാപനങ്ങളെ സംബന്ധിച്ച വിവരം

ഗ്രന്ഥശാല & വായനശാലയുടെ പേര്	സ്ഥാപിച്ച വർഷം	വരിക്കാരുടെ എണ്ണം	സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടോ
തൃക്കടവൂർ പഞ്ചായത്ത്, അഞ്ചാലുംമൂട്	1958	1540	ഉണ്ട്
തൃക്കടവൂർ പഞ്ചായത്ത്, കുരീപ്പുഴ (കെ.ജെ.എൻ.എം.)	1951	254	ഉണ്ട്
തൃക്കടവൂർ സാഹിത്യസമാജം, കടവൂർ	1949	–	ഉണ്ട്
വിജ്ഞാനപോഷിണി, നീരാവിൽ	1951	–	ഇല്ല
നവോദയം, നീരാവിൽ	1950	60	ഉണ്ട്
സി.വൈ.എം.എം.മതിലിൽ	1947	210	ഉണ്ട്
സി.കെ.പി. വിലാസം ഗ്രന്ഥശാല & വായനശാല	1948	280	ഉണ്ട്

പ്പെട്ടത്. പഞ്ചായത്തിലാകെ പ്രവർത്തിച്ചുവരുന്നതായി ഇപ്പോൾ എഴു ഗ്രന്ഥശാലകളാണുള്ളത്. അവയിൽ രണ്ടെണ്ണം തൃക്കടവൂർ പഞ്ചായത്തിന്റേതാണ്.

കലാസാംസ്ക്കാരിക സംഘടനകൾ

കലാ-സാംസ്ക്കാരിക സമിതികൾ വളരെയധികം ഉള്ള പ്രദേശമാണിത്. ജനങ്ങളുടെ കലാ-കായിക രംഗത്തോടുള്ള ആഭിമുഖ്യം കൊണ്ടാണ് ഇത്രയും സമിതികൾ നിലനില്ക്കുന്നത് എന്ന് കരുതാവുന്നതാണ്. നാലുപതിറ്റാണ്ടു പഴക്കമുള്ള സംഘടനകളും രംഗത്തുണ്ട്. കലാകായിക രംഗത്തു ഒട്ടേറെ സംഭാവനകൾ അവ നല്കുന്നുണ്ട്. കലാ-കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതിലും മത്സരമനോഭാവത്തോടെ പ്രവർത്തിക്കുന്ന സമിതികൾ വേണ്ടുവോളമുണ്ട്. പ്രാചീന കലാരൂപങ്ങൾ കണ്ടെത്തി അവയെ നിലനിർത്താനും കലാസാംസ്ക്കാരിക ഘോഷയാത്രകൾ സംഘടിപ്പിക്കാനും ചില സമിതികൾ തയ്യാറാകുന്നുമുണ്ട്.

കായികരംഗത്തും മോശമല്ലാത്ത നിലവാരം പുലർത്താൻ നമുക്കു കഴിയുന്നുണ്ട്. ജില്ലാ-സംസ്ഥാന തലങ്ങളിൽ അവാർഡിനർഹരാകുകയും അതിന്റെ സഹായത്താൽ സർക്കാർജോലി ലഭിക്കാൻ ഇടയായിട്ടുള്ള നിരവധി പേർ നമ്മുടെ ഗ്രാമത്തിലുണ്ട്. വോളിബാൾ-ഫുഡ്ബോൾ ഇനങ്ങളിൽ നല്ല നിലവാരം പുലർത്തുന്ന ടീമുകളും നമുക്കുള്ളതായി മനസ്സിലാക്കുന്നു.

സാമൂഹികമായി നിലനിന്നിരുന്ന സഹിഷ്ണുതയും പുരോഗതിയും കീഴ്മേൽ മറിക്കുന്നതിന് അടുത്ത കാലത്തുണ്ടായിട്ടുള്ള ഇലക്ട്രോണിക് മാധ്യമങ്ങളുടെ വികാസം ഇടയാക്കിയിരിക്കുന്നു. ഇതര മാധ്യമങ്ങളുടെ ഇക്കാര്യത്തിലുള്ള സ്വാധീനതയും നിസ്സാരമല്ല. ഇതിന്റെ ഫലമായുണ്ടായ മൂല്യ ശോഷണം മൂലം സാമൂഹ്യബോധത്തിന് ഇടിവു സംഭവിക്കുകയും അരാജകത്വപ്രവർത്തനങ്ങളും അക്രമവാസനകളും വളരുന്നതിനുള്ള ഇട വരുത്തുകയും ചെയ്യുന്നു. അനാരോഗ്യകരമായ ഈ അവസ്ഥയിൽ നിന്നും സമൂഹത്തെ മോചിപ്പിക്കാനും പുരോഗതിയിലേക്കു നയിക്കുന്നതിനുമുള്ള കർത്തവ്യം കലാസാംസ്ക്കാരിക സംഘടനകളിൽ നിക്ഷിപ്തമാണ്. ഈ ഉത്തരവാദിത്വം എത്രകണ്ടുനിർവഹിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നു നമ്മുടെ സംഘടനകൾ വിമർശനപരമായി പരിശോധിക്കുകയും പരിഹാരം കാണാൻ ശ്രമിക്കേണ്ടതുമാണ്.

	പേര് രജി:നമ്പർ, മേൽവിലാസം	സ്ഥാപിതം	വനിതാ വേദി	ബാലവേദി	സ്വന്തം/ വാടക കെട്ടിടം	പ്രവർത്തനമേഖല
1.	നടരാജ ആർട്സ് & സ്പോർട്സ് ക്ലബ്ബ് Q 71/56	1956	ഉണ്ട്	ഉണ്ട്	സ്വന്തം	കലാ- കായികം സാമൂഹികം
2.	പ്രകാശ് കലാകേന്ദ്രം Q201/58 നീരാവിൽ	1958	ഉണ്ട്	ഉണ്ട്	സ്വന്തം	കലാ-കായിക-വിദ്യാഭ്യാസം
3.	കലാവേദി Q917/61	1969	ഉണ്ട്	ഉണ്ട്	സ്വന്തം	കലാ-കായികം, വിദ്യാസം, തൊഴിൽ
4.	ഫ്ളൈയിംഗ് ഈഗിൾസ് 378/71	1973	ഉണ്ട്	ഉണ്ട്	വാടക	കലാ-കായിക സാംസ്ക്കാരിക
5.	നവോദയം ആർട്ട്സ് ക്ലബ്ബ്, നീരാവിൽ				സ്വന്തം	കലാ-കായിക രംഗം
6.	ജ്യോതി ആർട്സ് തീയേറ്റേഴ്സ് Q494/76 പെരിനാട്	1976	ഉണ്ട്	ഉണ്ട്	സ്വന്തം	കലാരംഗം
7.	നവകേരള 265/81 നീരാവിൽ	1977	ഉണ്ട്	ഉണ്ട്	സ്വന്തം	കലാകായികം
8.	AKG ആർട്സ് 621/78 കുരീപ്പുഴ	1978	ഉണ്ട്	ഉണ്ട്	സ്വന്തം	കലായകായികം
9.	നവജ്യോതി ആർട്സ് 359/78 ഞാറയ്ക്കൽ	1978	ഇല്ല	ഇല്ല	സ്വന്തം	കലാരംഗം
10.	S.S.O. 1168/79 മതിലിൽ	1979	ഇല്ല	ഇല്ല	വാടക	സാംസ്ക്കാരികരംഗം
11.	അരുണോദയം 553/80 കടവൂർ	1980	ഉണ്ട്	ഉണ്ട്	വാടക	കലാകായികം
12	കലാരഞ്ജിനി ആർസ് & സ്പോർട്സ് ക്ലബ്ബ് Q 18/18 കുരീപ്പുഴ	1980	ഉണ്ട്	ഉണ്ട്	സ്വന്തം	കലാകായികം സാംസ്ക്കാരികം
13.	യുവദീപ്തി Q478/80 മതിലിൽ	1980	ഉണ്ട്	ഉണ്ട്	സ്വന്തം	കലാസാംസ്ക്കാരികം-കായികം
14.	അനുപമ ആർട്സ് & സ്പോർട്സ് 643/82 മുരുന്തൽ	1982	ഉണ്ട്	ഉണ്ട്	സ്വന്തം	കലാ-സാംസ്ക്കാരികം, കായികം
15.	പ്രതീക്ഷ ആർട്സ് Q 539/84 കോട്ടയ്ക്കകം	1984	ഉണ്ട്	ഉണ്ട്	സ്വന്തം	കലാ-സാംസ്ക്കാരികം കായികം
16.	കൈരളി ആർട്സ് 840/86	1983	-	ഉണ്ട്	വാടക	കലാ-സാംസ്കാരികം
17.	ദീപ്തി ആർട്ട്സ്-സ്പോർട്ട്സ് ക്ലബ്ബ് Q 686/87					
18.	കലാഞ്ജലി ആർട്ട്സ്, മുരുന്തൽ					
19.	ഇലവൻ ആർട്സ് 427/88	1988	-	ഉണ്ട്	വാടക	കലാ- സാംസ്ക്കാരികം, കായികം
20.	അനുഗ്രഹ കലാസാംസ്ക്കാരിക വേദി 1209/90	1990	-	-	വാടക	കലാ-സാംസ്കാരികം, കായികം
21.	ഫ്രണ്ട്സ് ആർട്സ് Q 750/92 കടവൂർ	1992	-	-	സ്വന്തം	കലാ- സാംസ്ക്കാരികം, കായികം
22.	ഫ്രണ്ട്സ് ആർട്സ് & സ്പോർട്സ് 849/93	1993	-	-	സ്വന്തം	കലാ- സാംസ്കാരികം കായികം
23.	പ്രിയദർശിനി കലാ-സാംസ്കാരിക വേദി, കുരീപ്പുഴ 914/	1993	-	-	വാടക	കലാ- സാംസ്കാരികം, കായികം
24.	മഹാത്മാ ആർട്സ് 1026/95	1995	ഉണ്ട്	ഉണ്ട്	വാടക	കലാ- സാംസ്കാരികം, കായികം
25.	യുവവേദി Q741/95 കുരീപ്പുഴ	1995	-	ഉണ്ട്	വാടക	കലാ- സാംസ്കാരികം, കായികം
26.	ദർശന കലാസാംസ്കാരിക വേദി 368/96	1996	-	ഉണ്ട്		കലാ- സാംസ്കാരികം, കായികം
27.	സുലഭി സാംസ്കാരിക വേദി 886/96	1996	-	-	-	കലാ- സാംസ്കാരികം, കായികം
28.	റോട്ടറി ക്ലബ്ബ്, അഞ്ചാലുംമൂട്					
	ലിസ്റ്റ് അപൂർണ്ണം					

കലാകായിക സാംസ്കാരിക സംഘടനകളുടെ പൊതുപരിപാടികൾ

വനിതാ-ബാലവേദികൾ സംഘടിപ്പിക്കുന്നതിൽ താല്പര്യം കാണിക്കുന്ന സംഘടനകൾ ഈ രംഗത്തുണ്ട്. കലാകായിക മത്സരങ്ങളും പരിപാടികളും പൊതുവിൽ സംഘടിപ്പിച്ചുകാണുന്നത് ഓണക്കാലത്താണ്. പ്രാചീന കലാരൂപങ്ങളും കലാപരിപാടികളും അവതരിപ്പിക്കുന്നതിന് ഈ അവസരം ഉപയോഗപ്പെടുത്തുന്നുണ്ട്. സാമൂഹ്യബോധം വളർത്തുന്നതിൽ സാംസ്കാരിക സമ്മേളനങ്ങൾക്കും ചർച്ചകൾക്കുമുള്ള പ്രാധാന്യം മനസ്സിലാക്കി പരിപാടികൾ സംഘടിപ്പിക്കുന്നതിൽ എത്രത്തോളം പങ്കുവഹിക്കാൻ കഴിയുന്നുണ്ട് എന്നു ബന്ധപ്പെട്ട സംഘടനകൾ വിലയിരുത്തേണ്ടതാണ്. കേരളോത്സവം തുടങ്ങി പഞ്ചായത്തുനിലവാരത്തിൽ സംഘടിപ്പിക്കുന്ന പരിപാടികളിൽ നമ്മുടെ കായിക-കലാ-സാംസ്കാരിക സംഘടനകളുടെ സഹകരണവും പങ്കാളിത്തവും പലപ്പോഴും പൂർണ്ണമാകുന്നില്ല. പഞ്ചായത്തിനെ ഒരു സഹായിയും മാർഗ്ഗദർശിയും എന്നുകണ്ടുകൊണ്ട് പഞ്ചായത്ത് തല കായിക-കലാമത്സരങ്ങൾ വിജയകരമായി സംഘടിപ്പിക്കുന്നതിനുള്ള നേതൃത്വപരമായ കടമയാണ് ഈ സംഘടകൾ ഏറ്റെടുക്കേണ്ടത്. ആ നിലയ്ക്കു ഭാവി പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ പരിപാടികൾ തയ്യാറാക്കേണ്ടതാണ്.

ദേവാലയങ്ങളും ഉത്സവങ്ങളും

നമ്മുടെ ഗ്രാമത്തിൽ നടക്കുന്ന ഉത്സവങ്ങളും പെരുനാളുകളും നമ്മുടെ സാംസ്ക്കാരിക പൈതൃകത്തിന്റെ ഒരു മുഖമായി കാണാൻ കഴിയും. സമീപ പ്രദേശങ്ങളിലടക്കം താൽപര്യവും ഉത്സാഹവും ജനിപ്പിക്കുന്ന പ്രസിദ്ധമായ ഉത്സവങ്ങളും പെരുനാളുകളും ഇവിടെ നടന്നുവരുന്നു. തൃക്കടവൂർ മഹാദേവർ ക്ഷേത്രത്തിലെ കുംഭതിരുവാതിര മഹോത്സവം പണ്ടുമുതലേ പേരുകേട്ടതാണ്. ഒമ്പതും പത്തും ഉത്സവദിനങ്ങളിലെ കുതിരകെട്ടുകാഴ്ചയാണ് ഏവരുടേയും ശ്രദ്ധയാകർഷിച്ചുവരുന്നത് പ്രാചീന കലാരൂപങ്ങളിൽ വീശിഷ്ടമായ ഒരിനമായി കരുതാവുന്ന എട്ട് എടുപ്പുകുതിരകളെ നിർമ്മിച്ച് ആവേശപൂർവ്വം തോളിലേറ്റി എഴുന്നള്ളിക്കുന്നതാണ് ഈ പരിപാടി. ഓരോ കരയും ഒരു കുതിര എന്ന കണക്കിൽ എട്ടുകുതിരകളെ കെട്ടിയാണ് ആഘോഷിച്ചുവരുന്നത്.

മേയ് ഒന്നിനു കടവൂർ പള്ളിയിൽ നടക്കുന്ന വിശുദ്ധജോർജ്ജിന്റെ തിരുനാൾ മഹോത്സവവും വ്യാപാരമേളയും ദൂരദേശങ്ങളിൽ നിന്നുള്ളവരെപ്പോലും ആകർഷിച്ചുവരുന്നു. ഗൃഹോപകരണങ്ങൾ, കാർഷികോപകരണങ്ങൾ, ആഢംബരവസ്തുക്കൾ തുടങ്ങി ജീവിതത്തിനാവശ്യമായ വസ്തുക്കളുടെ വൻതോതിലുള്ള വ്യാപാരവും പെരുനാളിനോടനുബന്ധിച്ച് ഇവിടെ നടന്നുവരുന്നു.

സെന്റ് ജോസഫിന്റെ അപൂർവ്വദേവാലയങ്ങളിലൊന്നാണ് കുരീപ്പുഴ പള്ളി. മാർച്ച് 19-ന് ഇവിടെ നടക്കുന്ന ഓർമ്മപ്പെരുനാളിന് പല സ്ഥലങ്ങളിൽ നിന്നായി ആയിരക്കണക്കിനു തീർത്ഥാടകർ എത്തിച്ചേരുന്നു. പെരുന്നാളുമായി ബന്ധപ്പെട്ട് വരുന്നവർക്കെല്ലാം സദ്യ നല്കുന്നത് ഇവിടുത്തെ പ്രത്യേകതയാണ്.

ആയിരക്കണക്കിനു കാവടികൾ പങ്കെടുക്കുന്ന കുപ്പണ ശ്രീ വേലായുധമംഗലക്ഷേത്രത്തിലെ ശോഭയേറിയ കാവടിയാട്ടവും ചമയവിളക്കും ഈ ഗ്രാമത്തിലെ മറ്റൊരു പ്രധാന ഉത്സവമാണ്.

ഉത്സങ്ങളോടും പെരുന്നാളുകളോടും ബന്ധപ്പെടുത്തി വ്യത്യസ്തങ്ങളായ കലാപരിപാടികൾ നടത്തുന്നതുവഴി വിവിധ കലകളുമായി സംവേദിക്കുന്നതിന് ഗ്രാവാസികൾക്കു കഴിയുന്നു. ഇവിടെ നടക്കുന്ന ഉത്സവങ്ങളിലും പെരുന്നാളുകളിലും എല്ലാ മതവിശ്വാസികളും താല്പര്യപൂർവ്വം സഹകരിക്കുന്നുവെന്നതു നമ്മുടെ ഉത്സവങ്ങളുടെ പ്രത്യേകതയാണ്.

പ്രശ്നങ്ങൾ

1. ഇലക്ട്രോണിക്സ് അടക്കമുള്ള മാധ്യമങ്ങളുടെ സ്വാധീനം വരുത്തുന്ന മൂല്യച്യുതി

2. കുട്ടികളുടെ സർഗ്ഗവാസനയെ കണ്ടെത്തി അവ പരിപോഷിപ്പിക്കുന്നതിനുള്ള പരിമിതി.

3. സാമൂഹിക പ്രതിബദ്ധത കുറഞ്ഞുവരുന്നതുമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ

4. കുറഞ്ഞുവരുന്ന വായനാശീലം

5. വിജ്ഞാനപോഷകങ്ങളായ ഗ്രന്ഥങ്ങളോടുവന്നുകൊണ്ടിരിക്കുന്ന താല്പര്യക്കുറവ്.

6. കായികപരിശീലനങ്ങൾക്കുള്ള സൗകര്യങ്ങളുടെ പരിമിതി.

7. സാംസ്ക്കാരിക സംഘനടകൾക്കാവശ്യമായ ഉപകരണങ്ങളുടെ കുറവ്.

8. ദൃശ്യമാധ്യമങ്ങളുടെ അപര്യാപ്തത.

9. സാംസ്ക്കാരിക സംഘടനകളുടെ പഞ്ചായത്തുതല ഏകോപനത്തിന്റെ അഭാവം.

സാദ്ധ്യതകളും പരിഹാരവും.

1. കലാമൂല്യവും കാർഷിക-വ്യാവസായിക-ശാസ്ത്രബോധവും വളർത്തുന്നതിന് ഉതകുന്ന ഫിലിം പ്രദർശനം, വീഡിയോ പ്രദർശനം തുടങ്ങിയവ നടപ്പിലാക്കാവുന്നതാണ്.

2. ഈ ലക്ഷ്യം മുൻനിർത്തി ശില്പശാലകൾ സെമിനാറുകൾ ഗ്രൂപ്പുചർച്ചകൾ പ്രദർശനങ്ങൾ ശാസ്ത്രകലാജാഥകൾ എന്നിവ അർദ്ധവാർഷികവേളക

ളിൽ സംഘടിപ്പിക്കുക.

3. സന്നദ്ധസംഘടനകളുടെ നേതൃത്വത്തിൽ വനിതാ ബാലവേദികൾ സംഘടിപ്പിക്കണം. കുട്ടികളുടെ അഭിരുചിക്കനുസൃതമായി ഗ്രൂപ്പുതിരിച്ച് അവരുടെ സർഗ്ഗവാസനകളെ പോഷിപ്പിക്കുക, വിജ്ഞാനം വികസിപ്പിക്കുക തുടങ്ങിയവ ലക്ഷ്യമാക്കിയുള്ള പരിശീലനം നല്കുക, വനിതകളുടെ മാനസികവും തൊഴിൽപരവുമായ വികാസം കണക്കിലെടുത്തുള്ള പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുക ഇത്തരം ചുമതലകൾ ഏറ്റെടുക്കുന്ന സാംസ്ക്കാരിക സംഘടനകൾക്ക് ഗ്രാന്റ് ഏർപ്പെടുത്തുകയും മാതൃകാപ്രവർത്തനത്തിന് അവാർഡ് നല്കുകയും ചെയ്യുക.

4. അഴിമതി, മദ്യപാനം, സ്ത്രീപീഡനം തുടങ്ങിയ സാമൂഹ്യവിപത്തുകൾ വർദ്ധിപ്പിക്കുകയും ചെയ്യുന്നത് മൂലമുള്ള സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി സെമിനാറുകളും പ്രചരണപ്രവർത്തനങ്ങളും സംഘടിപ്പിക്കുക ഇതിനെ അയൽകൂട്ടവും കുടുംബയോഗങ്ങളും പ്രയോജനപ്പെടുത്താവുന്നതാണ്.

5. വിജ്ഞാനത്തിന്റെ മഹത്വം ബോധ്യപ്പെടുത്തുകയും വിജ്ഞാനപ്രദങ്ങളായ ഗ്രന്ഥപാരായണത്തിന്റെ പ്രാധാന്യം വിശദീകരിക്കുന്നതിനുള്ള ചർച്ചാക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനും കലാസാംസ്ക്കാരിക സംഘടനകളുടെ സേവനം ഉറപ്പുവരുത്തുകയും വേണം.

6. പഞ്ചായത്തിലെ കായികസമിതികളെ ഏകോപിപ്പിച്ച് കോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കേണ്ടതാണ്. കലാകായിക സംഘടനകൾക്കാവശ്യമായ ഉപകരണങ്ങളുടെ കുറവ് പരിഹരിക്കുന്നതിന് പ്രേരകമാകത്തക്ക നിലയിൽ അവ വാങ്ങുന്നതിന് വിലയുടെ ഒരു നിശ്ചിത ശതമാനം സബ്സിഡി അനുവദിച്ച് കൊടുക്കാവുന്നതാണ്.

7. കായികപരിശീലനത്തിനുള്ള സ്ഥലസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വിവിധ ഏജൻസികളുടെ സഹായത്തോടെ പുതിയ കളിസ്ഥലം കണ്ടെത്താവുന്നതാണ്.

8. ദൃശ്യമാധ്യമങ്ങളില്ലാത്തതും ഫലപ്രദമായി പ്രവർത്തിക്കുന്നതുമായ സാംസ്ക്കാരിക സംഘടനകൾക്ക് അത് സൗജന്യമായി കൊടുക്കാവുന്നതാണ്.

9. കലാകായിക സംഘടനകൾ തമ്മിൽ അനാരോഗ്യകരമായ മത്സരങ്ങൾ ഉണ്ടാകാതിരിക്കുവാനും സംഘടനകങ്ങൾ തമ്മിൽ സൗഹൃദം ശക്തിപ്പെടുത്തുന്നതിനും പഞ്ചായത്ത് തലത്തിൽ ഏകീകൃത സാംസ്കാരിക നയം നടപ്പിലാക്കുന്നതിനും സാംസ്ക്കാരിക സംഘടകളുടെ പഞ്ചായത്ത് തല കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കാവുന്നതാണ്.

പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം

ചരിത്രപരമായ കാരണങ്ങളാൽ സാമ്പത്തിക സാമൂഹിക രംഗങ്ങളിൽ നിന്നും നൂറ്റാണ്ടുകളായി പിന്തള്ളപ്പെട്ടുപോയവരാണ് പട്ടികജാതിപട്ടിക വർഗ്ഗത്തിൽ പെടുന്നവർ. സ്വാതന്ത്ര്യാനന്തരമുണ്ടായ ജാതീയ പരിരക്ഷകളുടേയും സാമൂഹിക-രാഷ്ട്രീയ ട്രേഡ് യൂണിയൻ സംഘടനകളുടെ പ്രവർത്തനങ്ങളുടേയും ഫലമായി പിന്നോക്കാവസ്ഥയിൽ നിന്നും അവരെ പുരോഗതിയുടെ പാതയിലേക്ക് എത്തിക്കാൻ സാധിച്ചിട്ടുണ്ട്. എങ്കിലും ഭൗതികസമ്പത്ത്, വിദ്യാഭ്യാസം, ഔദ്യോഗികം എന്നീ രംഗങ്ങളിൽ ഇതരവിഭാഗങ്ങളുടേതിൽ നിന്നും ഇന്നും ഇവർ പിന്നോക്കം തന്നെയാണ്. ഈ സാമൂഹിക നീതിയുടെ മുന്നിൽ ഒരു വെല്ലുവിളിയായി നിലനിൽക്കുന്ന അവരുടെ പിന്നോക്കാവസ്ഥ പരിഹരിക്കേണ്ടത് സമൂഹത്തിന്റെ ധാർമ്മികമായ കടമയാണ്.

ഈ പഞ്ചായത്തിൽ 2928 പട്ടികജാതിക്കാരും അറുന്നൂറു പട്ടികവർഗ്ഗക്കാരുമുണ്ട്. (1991-ലെ സെൻസസ്)

പട്ടികജാതി പട്ടികവർഗ്ഗക്കാർ ആകെ ജനസംഖ്യയുടെ ഏഴുശതമാനം മാത്രമാണ്. പട്ടികജാതിയിൽ തൊണ്ണൂറുശതമാനത്തിലധികവും തണ്ടാർ സമുദായക്കാരും ശേഷിക്കുന്നവരിൽ അധികവും വേടർ സമുദായമാണെന്നും കാണുന്നു. പത്തിൽതാഴെ കുടുംബങ്ങളേ പുലയ സമുദായത്തിൽ പെടുന്നുള്ളു.

പട്ടികജാതി-പട്ടിക വർഗ്ഗക്ഷേമം മുൻനിർത്തി പഞ്ചായത്തു നേരിട്ടും ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ വഴിയും സർക്കാർ നേരിട്ടും നിരവധി ക്ഷേമപദ്ധതികൾ നടപ്പിലാക്കിവരുന്നു. അതു സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

നേരിട്ട് ഗ്രാമപഞ്ചായത്ത് നടത്തുന്ന ക്ഷേമനിധികൾ

1. തൃക്കടവൂർ ഗ്രാമപഞ്ചായത്തിലെ എസ്സ്.എസ്സ്.എൽ.സി. പരീക്ഷയ്ക്ക് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന പട്ടികജാതി-പട്ടികവർഗ്ഗത്തിൽ പെട്ട കുട്ടികൾക്ക് പഞ്ചായത്തിൽ നിന്നും അഞ്ഞൂറ് രൂപാ പാരിതോഷികമായി നൽകിവരുന്നു.

2. വിവിധതരം പെൻഷനുകൾ വിതരണം ചെയ്യുന്നതിലേക്ക് ആവശ്യമായ നടപടിക്രമങ്ങൾ നടന്നുവരുന്നു.

(വാർദ്ധക്യകാല പെൻഷൻ, വിധവാപെൻഷൻ)

3. പുരകെട്ടി മേയുന്നതിന് 2 പേർക്ക് ധനസഹായം നല്കി.

4. വിധവകളുടെ പെൺകുട്ടികൾക്ക് വിവാഹധനസഹായം 2000 രൂപ വീതം 4 പേർക്ക് 8000 രൂപാ കൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

5. കൃഷിഭവൻ വഴി പഞ്ചായത്തിന്റെ ശുപാർശയോടുകൂടി പട്ടികജാതി/പട്ടിക വർഗ്ഗത്തിൽപെട്ട വർക്കായി മുന്നരക്കിലോ വീതം (3.5) രാസവളം ഒരു വാർഡിൽ 17 വ്യക്തികൾക്ക് വീതം വിതരണം ചെയ്തിട്ടുണ്ട്.

6. കിഴങ്ങുവർഗ്ഗത്തിൽപെട്ട ചേമ്പ്, ചേന, ചെറുകിഴങ്ങ് എന്നിവയുടെ കിറ്റുകൾ ഒരു വാർഡിൽ 5 പേർക്ക് വീതം വിതരണം ചെയ്തു.

7. കുരുമുളക് വള്ളികൾ 5 തൈകൾ വീതം വിതരണം ചെയ്തിട്ടുണ്ട്.

8. മുപ്പത്തിരണ്ട് പേർക്ക് അഞ്ച് വീതം കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തിട്ടുണ്ട്. ഇത് മൃഗസംരക്ഷണ വകുപ്പ് വഴി നടപ്പിലാക്കിയിട്ടുണ്ട്.

തൃക്കടവൂർ പഞ്ചായത്ത് പട്ടികജാതി പട്ടികവർഗ്ഗ ജനസംഖ്യാകണക്ക്

പട്ടികജാതി			പട്ടികവർഗ്ഗം		
പുരു.	സ്ത്രീ.	ആകെ	പുരു.	സ്ത്രീ.	ആകെ
1420	1508	2928	3	3	6

ബ്ലോക്ക് പഞ്ചായത്ത് മൂലം നടത്തുന്ന ക്ഷേമപദ്ധതികൾ

1. NREP (ദേശീയ ഗ്രാമീണ തൊഴിൽ ദാനപദ്ധതി)

2. JRY (ജവഹർ തൊഴിൽദാനപദ്ധതി)

3. IAY (ഇന്ദിരാ ആവാസ് യോജന)

കഴിഞ്ഞ അഞ്ചുവർഷമായി നടപ്പിലായ പദ്ധതികൾ ചുവടെ ചേർക്കുന്നു.

വർഷം	JRY	CRSP	TRYSEM	IRDP
1992–93	450	1	3	13
1993–94	940	4	7	13
1994–95	160	4	6	05
1995–96	480	7	1	20

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമപദ്ധതികൾ

1. സ്ക്കൂൾ തലത്തിൽ പഠിക്കുന്ന കുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. 300 രൂപ ആഹാരത്തിനും 35 രൂപ പോക്കറ്റ് മണി ഇനത്തിലും പ്രതിമാസം നൽകുന്നുണ്ട്. രണ്ടുജോഡി ഡ്രസ്സുകൾ വർഷത്തിൽ ലഭിക്കുന്നു. VIII, IX, X ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ട്യൂഷൻ നൽകിവരുന്നു.

2. S.S.L.C., P.D.C. പരീക്ഷയിൽ പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് തുടർന്നും വിദ്യാഭ്യാസത്തിന് ധനസഹായം നല്കിവരുന്നു. S.S.L.C.യ്ക്ക് 800 രൂപയും PDC ക്ലാസ്സുകൾക്ക് അതാതുവിഷയങ്ങൾ കണക്കിലെടുത്തുമാണ് ധനസഹായം.

ജില്ലാപഞ്ചായത്തുകൾ വഴി നടത്തുന്ന പദ്ധതികൾ

1. വിദ്യാഭ്യാസ പദ്ധതി

അദ്ധ്യയനനിലവാരം പുലർത്തുന്ന സ്ക്കൂളുകളിലെ പട്ടികജാതിയിൽപെട്ട 50 കുട്ടികൾക്ക് V-ാം സ്റ്റാന്റേർഡു മുതൽ XII സ്റ്റാന്റേർഡ് വരെയുള്ള പരിപാടി സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കിവരുന്നു. ഈ കുട്ടികൾക്ക് സ്ക്കൂളുകളിലെ എല്ലാ ചെലവും സർക്കാർ നിർവഹിച്ചുവരുന്നു.

താലൂക്ക് പട്ടികജാതി വികസന ആഫീസ് വഴി

1. പ്രീ-മെട്രിക് വിദ്യാഭ്യാസം

1 മുതൽ 10 വരെ വിദ്യാർത്ഥികൾക്ക് ലംസം ഗ്രാന്റ് നല്കിവരുന്നു.

മിശ്രവിവാഹ ധനസഹായം

മിശ്രവിവാഹിതരിൽ ഒരാൾ പട്ടികജാതി വിഭാഗത്തിൽപെട്ട ആളാണെങ്കിൽ വിവാഹം കഴിഞ്ഞ് ഒരുവർഷത്തിന് ശേഷം ഇതിനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. വരുമാനം പ്രതിവർഷം 8000/- രൂപയിൽ കവിയാൻ പാടില്ല.

ജില്ലാ പട്ടികജാതി വികസന ആഫീസ്

1. പോസ്റ്റ് മെട്രിക് വിദ്യാഭ്യാസം

കോളേജ് തലം, ഉപരിപഠനം എന്നീ മേഖലകളിൽ 140 രൂപ മുതൽ 11000 രൂപ വരെ ക്രമാനുഗതമായി ലംസം ഗ്രാന്റ് ലഭിക്കുന്നു.

175 രൂപ മുതൽ 250 രൂപ വരെ പ്രതിമാസ സ്റ്റൈപ്പന്റും ലഭിക്കും.

പിന്നോക്ക മുന്നോക്ക കമ്മീഷൻ

പട്ടികജാതിക്കാരല്ലാത്ത പിന്നോക്ക-മുന്നോക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് വിദ്യാഭ്യാസസ്ഥാപനങ്ങൾ മുഖേന ആനുകൂല്യങ്ങൾ നല്കിവരുന്നു.

സംസ്ഥാനത്തെ സാങ്കേതിക കോഴ്സുകളായ, മെഡിക്കൽ, എഞ്ചിനീയറിംഗ്, വെറ്റിനറി, അഗ്രികൾച്ചർ, പോളിടെക്നിക് എന്നീ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഒരു സെറ്റ് പുസ്തകം വാങ്ങുന്നതിന് 2400 മുതൽ 7000 രൂപാ വരെയും ഷെൽഫ് വാങ്ങുന്നതിന് 2000 രൂപയും ബന്ധപ്പെട്ട വിദ്യാലയവകുപ്പ് മേധാവിയുടെ ശുപാർശ അനുസരിച്ച് അനുവദിച്ചുവരുന്നു.

പലിശരഹിത ഭവന നിർമ്മാണ വായ്പ

വാർഷികവരുമാനത്തിന്റെ അടിസ്ഥാനത്തിൽ പലിശരഹിത വായ്പ കൊടുക്കുന്നതിന്റെ വിവരങ്ങൾ

	വരുമാനം	വായ്പ
പ്രതിവർഷം	4000	7500
	6000	10000
	1000	15000

പലിശ രഹിത വ്യവസായവായ്പ

പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിയ്ക്കുന്നതിന് പലിശരഹിത വായ്പയായി 10,000 രൂപാ വരെ നല്കിവരുന്നു.

പരിശീലന പദ്ധതി

പട്ടികജാതി/വർഗ്ഗ വകുപ്പിന്റെ

കീഴിൽ തിരുവനന്തപുരം , എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി പ്രീ എക്സാമിനേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നു. സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ, ബി.എസ്.ആർ.ബി., പി. എസ്.സി., യു.പി.എസ്.സി. എന്നിവ നടത്തുന്ന മത്സരപരീക്ഷകൾ വിജയിക്കുന്നതിന് വേണ്ടിയാണ് പ്രസ്തുത കേന്ദ്രങ്ങൾ ലക്ഷ്യമാക്കുന്നത്.

ഇതിനു പുറമേ ഐ.എ.എസ്സ്., സെൻട്രൽ സർവ്വീസ് എന്നീ പരീക്ഷകൾക്കുവേണ്ടി ഒരു സിവിൽസർവ്വീസ് പരിശീനകേന്ദ്രം തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിച്ചുവരുന്നു. ഇതിൽ പങ്കെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് പ്രതിമാസ സ്റ്റൈപ്പന്റും താമസസൗകര്യവും നല്കുന്നുണ്ട്.

മോഡൽ റസിഡൻഷ്യൽ സ്ക്കൂൾ

സമർത്ഥരായ വിദ്യാർത്ഥികൾക്കായി പബ്ലിക് സ്ക്കൂൾ മാതൃകയിൽ പെൺകുട്ടികൾക്ക് തിരുവനന്തപുരത്തും ആൺകുട്ടികൾക്ക് വയനാട്ടിലും ഓരോ റസിഡൻഷ്യൽ സ്ക്കൂളുകൾ നടത്തിവരുന്നു. കുട്ടികളുടെ എല്ലാ ചെലവുകളും സർക്കാർ വഹിക്കുന്നു.

സ്പോർട്ട്സ് ഹോസ്റ്റലുകൾ

കായികരംഗത്ത് വിദ്യാർത്ഥികൾക്ക് അവരുടെ കഴിവു വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിപ്രകാരം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഓരോ സ്പോർട്ട്സ് ഹോസ്റ്റലുകൾ നടത്തിവരുന്നു.

പ്രാവിണ്യമുള്ള മേഖലകളിൽ പ്രത്യേകം പരിശീലനം നല്കുന്നു.

വ്യവസായ ട്രെയിനിംഗ് സെന്ററുകൾ

വകുപ്പിന്റെ നിയന്ത്രണത്തിൽ 41 ഐ.റ്റി.സി.കൾ പ്രവർത്തിച്ചുവരുന്നു. NCVT അംഗീകാരമുള്ള മെക്കാനിക്, റേഡിയോ, ടെലിവിഷൻ, ഇലക്ട്രോണിക്, ഇലക്ട്രീഷ്യൻ, ഡ്രാഫ്റ്റ്സ് മാൻ സിവിൽ മോട്ടോർ വെഹിക്കിൾ മെക്കാനിക്ക്, പെയിന്റിംഗ്, പ്ലംബർ, വെൽഡർ, കാർപ്പന്റർ, കട്ടിംഗ്, ടെയിലറിംഗ് തുടങ്ങിയ പരിശീലനപരിപാടികൾ നടത്തിവരുന്നു. വിദ്യാർത്ഥികൾക്ക് ലംസംഗ്രാന്റും സ്റ്റൈപന്റും യൂണിഫോമും നല്കിവരുന്നു.

പട്ടികജാതി/വർഗ്ഗ വിഭാഗത്തിന് സാമൂഹിക സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി നിയമവും പരിപാടികളും.

1. പൗരാവകാശ സംരക്ഷണനിയമം 1955

2. പാവപ്പെട്ടവർക്ക് നിയമസഹായ പദ്ധതി

3. അതിക്രമങ്ങൾ തടയുന്നതിനുള്ള പദ്ധതി

4. അതിക്രമങ്ങൾ തടയുന്നതിനുള്ള നിയമപ്രകാരമുള്ള ധനസഹായപദ്ധതി

5. നിർമ്മാണത്തിലിരിക്കുന്ന തിരുവനന്തപുരത്തെ ഹോസ്റ്റൽ കോംപ്ലക്സ്

6. കോളേജ് തല വിദ്യാഭ്യാസത്തിന് പ്രത്യേക സംവരണം, ആർട്ട്സ് & സയൻസ് കോളേജുകളിൽ 15%വും പ്രൊഫഷണൽ സാങ്കേതിക സ്ഥാപനങ്ങളിൽ 8%വും നല്കിവരുന്നു.

7. അംഗീകൃത പ്രൈവറ്റ് ഹോസ്റ്റലുകളിൽ കോളേജ് തലത്തിലും പുറമേയും താമസിച്ചുപഠിക്കുന്ന വിദ്യാർത്ഥികൾക്ക് ബോർഡിംഗ്, ലോഡ്ജിംഗ് ധനസഹായപദ്ധതി.

8. സംസ്ഥാനത്തെ എല്ലാ പാരലൽ കോളേജുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നല്കുന്ന പദ്ധതി.

9. മത്സ്യഫെഡിൽ നിന്നും മത്സ്യത്തൊഴിലാളികളായ പട്ടികജാതിക്കാർക്കുള്ള പദ്ധതികൾ.

പ്രശ്നങ്ങൾ

1. തൊഴിൽ സാധ്യതയുടെ ഗണ്യമായ കുറവ്, കാർഷിക മേഖലയിലെ മരവിപ്പ്

2. വിദ്യാഭ്യാസമേഖലയിൽ ഇനിയും പുരോഗതി ലഭിച്ചിട്ടില്ല. ഉപരിപഠനം ഇന്നും ബാലികേറാമലയായി നിൽക്കുന്നു. വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കും നിലനിൽക്കുന്നു.

3. വാസയോഗ്യമായ വീടുള്ളവർ വളരെ കുറവ്, വീട് നിർമ്മാണത്തിനാവശ്യമായ സ്ഥലമുള്ളവരും പരിമിതമാണ്.

4. ഭവനനിർമ്മാണത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന തുക അപര്യാപ്തമാണ്. 5. അനുവദിക്കപ്പെടുന്ന ആനുകൂല്യങ്ങളുടെ ദുർവിനിയോഗം

6. പൊതുസ്മശാനത്തിന്റെ അഭാവം

7. ആരോഗ്യസംവിധാനം തൃപ്തികരമല്ല.

8. വിവിധ ധനസഹായങ്ങൾ ഏതാനുംപേരിൽ ചുരുങ്ങുന്നു.

9. പദ്ധതികളെ കുറിച്ച് വേണ്ടത്ര അവബോധമില്ല

10. ആനുകൂല്യമായി ലഭിക്കുന്ന ഭൂമിയും പാർപ്പിടവും കൈമാറ്റം ചെയ്യപ്പെടുന്ന പ്രവണത.

സാധ്യതകൾ

1. കാർഷികമേഖല മെച്ചപ്പെടുത്തി തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കാവുന്നതാണ്.

2. ബോധവത്കരണത്തിലൂടെയും ഗ്രൂപ്പ് ചർച്ചയിലൂടെയും വിദ്യാഭ്യാസരംഗത്തെ മുരടിപ്പ് മാറ്റിയെടുക്കാൻ കഴിയണം.

3. നിലവിലുള്ള പദ്ധതികൾ പ്രാവർത്തികമാക്കുമ്പോൾ പ്രത്യേകം ഊന്നൽ കൊടുത്ത് പാർപ്പിടപ്രശ്നം പരിഹരിക്കാൻ ശ്രമിക്കാവുന്നതാണ്.

4. ഭവന നിർമ്മാണവായ്പയും ആനുകൂല്യങ്ങളും കാലാനുസൃതമായി വർദ്ധിപ്പിക്കേണ്ടതാണ്.

5. നിർമ്മാണത്തിനനുവദിക്കുന്ന തുക ദുർവിനിയോഗം ചെയ്യുന്നത് തടയാൻ, കർശനമായ മേൽനോട്ടവും ബോധവത്കരണവും അതതു വകുപ്പുകളിൽ നിന്നുണ്ടാകേണ്ടതാണ്.

6. പൊതുസ്മശാനം നിർമ്മിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് ജാഗ്രത കാട്ടേണ്ടതാണ്.

7. നിലവിലുള്ള ആരോഗ്യപ്രവർത്തനങ്ങൾ വിപുലീകരിക്കുകയും കോളനികൾ കേന്ദ്രീകരിച്ച് – മൊബൈൽ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യേണ്ടതാണ്.

8. ധനസഹായങ്ങളെ സംബന്ധിച്ച് ആവശ്യമായ അവബോധം സൃഷ്ടിക്കുന്നതിന് സാമൂഹികക്ഷേമവകുപ്പും ഗ്രാമപഞ്ചായത്തും സാമൂഹിക സംഘടനകളും മുൻകൈ എടുക്കാവുന്നതാണ്.

9. വിവിധ മാധ്യമങ്ങളുടെ സഹായത്തോടെയുള്ള ബോധവത്കരണപരിപാടി.

വനിതാക്ഷേമം

ചരിത്രപരവും ആശയപരവുമായ കാരണങ്ങളാൽ സ്ത്രീപുരുഷ വിവേചനം ശക്തമായി നില നിൽക്കുകയും സ്ത്രീകൾ സാമൂഹ്യമണ്ഡലങ്ങളിൽ പിന്തള്ളപ്പെടുകയും ചെയ്തിരുന്നു. സ്വാതന്ത്യാനന്തരമുണ്ടായിട്ടുള്ള നിയമപരിരക്ഷകളുടേയും സാമൂഹിക-രാഷ്ട്രീയ-ട്രേഡുയൂണിയൻ സംഘടനകളുടെയും പ്രവർത്തനഫലമായി ഈ അവസ്ഥക്ക് മാറ്റം വന്നുകൊണ്ടിരിക്കുകയണെങ്കിലും പൊതുധാരയിൽ പുരുഷനൊപ്പം തുല്യതകൈവരിക്കാൻ സ്ത്രീകൾക്ക് ഇനിയും കഴിഞ്ഞിട്ടില്ല. നൂറ്റാണ്ടുകളായി നിലനിന്നുരുന്നതും മുന്നേറ്റത്തിന് തടസ്സം നിൽക്കുന്നതുമായ വിശ്വാസാചാരങ്ങൾ സാമൂഹ്യരംഗത്ത് പൊതുവെയും സ്ത്രീകളിൽ പ്രത്യേകിച്ചും കുറഞ്ഞതോതിലെങ്കിലും ഇപ്പോഴും നിലനിൽക്കുന്നു. ഉദാഹരണമായി വനിതകളെ സംബന്ധിച്ചിടത്തോളം തീഷ്ണപ്രശ്നമായി മാറികഴിഞ്ഞിരിക്കുന്നതാണ്. സ്ത്രീധനസമ്പ്രദായമെങ്കിലും വിവാഹത്തിന് പരമാവധി പൊന്നും പണവും വേണമെന്ന് വാശിപിടിക്കുന്ന സ്വഭാവം യുവതികളിൽ കണ്ടുവരുന്നത് സാധാരണയാണ്. സ്ത്രീകൾക്കിടയിലെ ആശയപ്രചരണത്തിന്റെ അഭാവമാണ് ഇത് പ്രകടിപ്പിക്കുന്നത്. അവസരസമത്വം തുല്യജോലിക്ക് തുല്യവേതനം, സ്ത്രീവിദ്യാഭ്യാസം എന്നിവനേടുന്നതിനായി യോജിച്ച പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടതാണ്.

കേരളത്തിലെ ഉയർന്നസ്ത്രീസാക്ഷരാതാ നിരക്ക്, ആരോഗ്യ മേഖലയിലെ വളർച്ച എന്നിവ എടുത്തുപറയാവുന്നതാണ്. പൊതുപ്രവർത്തനരംഗത്തും സാമൂഹിക പ്രവർത്തനമേഖലകളിലും സ്ത്രീപങ്കാളിത്തം വർദ്ധിച്ചുവരുന്നത് കാണാവുന്നതാണ്.

പഞ്ചായത്തീരാജ് സംവിധാനങ്ങളുടെ നേതൃത്വത്തിൽ വികസനരംഗങ്ങളിൽ വനിതകളുടെ പങ്കാളിത്തം ഉറപ്പുവരുത്താവുന്നതാണ്. സാമൂഹ്യപ്രവർത്തനമേഖലകളിൽ മുൻകാലങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം താരതമ്യേനകുറവായിരുന്നു. ഔപചാരിക വിദ്യാഭ്യാസം നേടുന്നതിലും ഈ പോരായ്മ നിലനിന്നിരുന്നു.

തൃക്കടവൂർ ഗ്രാമപഞ്ചായത്തിൽ ജനസംഖ്യാകണക്കു പ്രാകാരം സ്ത്രീകൾ 18,167 ആണ്. ഇതിൽ 1508 പേർ ഹരിജൻ സ്ത്രീകളാണ്. സ്ത്രീകൾ പുരുഷൻമാരേക്കാൾ 475 കൂടുതലാണ്.

പഞ്ചായത്തിലെ കയർ മേഖലയിൽ ധാരാളം സ്ത്രീകൾ തൊഴിൽ ചെയ്യുന്നു. അതുപോലെ മത്സ്യവിപണനം, സംസ്കരണം, ഔദ്യോഗികം, വ്യാപാരം, തീപ്പെട്ടിനിർമ്മാണം, കൈത്തറി, കാലിവളർത്തൽ എന്നീമേഖലകളിലും സ്ത്രീകൾ പണിയെടുക്കുന്നു.

വനിതകളുടേതായി 3 DWCRA യൂണിറ്റുകൾ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. പഞ്ചായത്തിലെ കലാസാംസ്കാരിക സംഘടനകളോടനുബന്ധിച്ച് വനിതാവേദികളും നിലവിലുണ്ട്. ഇതിനുപുറമേ മഹിളാസമാജങ്ങളും പ്രവർത്തിച്ചുവരുന്നു. പഞ്ചായത്തിലെ 13 വാർഡുകളിലുമായി ഇരുപത്തിനാല് അംഗനവാടികളാണുള്ളത്.

പ്രശ്നങ്ങൾ

1. കയർ, മത്സ്യമേഖലയിൽ പണിയെടുക്കുന്ന വനിതകൾ നിരവധി പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നു.

a. കുടുംബം നിലനിറുത്തുന്നതിന് സ്ത്രീകളുടെ വരുമാനത്തേയും ആശ്രയിക്കേണ്ടിവരുന്നു.

b. സ്ത്രീകൾക്ക് ആരോഗ്യപ്രശ്നങ്ങളും സാമ്പത്തിക പ്രശ്നങ്ങളും ഉണ്ട്.

c. പുരുഷൻമാരുടെ മദ്യപാനശീലം മൂലം സ്ത്രീപീഡനം, കുടുംബബന്ധങ്ങളുടെ തകർച്ച, മറ്റ് സാമൂഹിക പ്രശ്നങ്ങൾ എന്നിവയുണ്ടാകുന്നു.

2. സ്ത്രീകളുടെ മാനസികവും ബുദ്ധിപരവുമായ കഴിവുകൾ ചെറുകിടവ്യവസായങ്ങൾ അടക്കമുള്ള ഉല്പാദനമേഖലകളിലേക്ക് തിരിച്ചുവിടുന്നതിലുള്ള പോരായ്മ.

3. സ്വയംതൊഴിൽ, അടുക്കളത്തോട്ടം എന്നിവയെക്കുറിച്ചുള്ള ശിരിയായ വിവരം പലപ്പോഴും ലഭിക്കുന്നില്ല.

4. സ്ത്രീകളെ ഉൾപ്പെടുത്തി നടപ്പിലാക്കാവുന്ന നിരവധി പദ്ധതികൾ നിലവിലുണ്ടെങ്കിലും അവയെക്കുറിച്ചുള്ള വ്യക്തമായ ധാരണയോ അറിവോ ലഭിക്കുന്നില്ല.

5. അംഗൻവാടികളിലെ പ്രാഥമിക സൗകര്യങ്ങൾ കുറവാണന്ന് മാത്രമല്ല അവയിൽ സേവനം നടത്തുന്നവർക്ക് ലഭിക്കുന്നു വേതനവും തുച്ഛമാണ്.

6. നിലവിലുള്ള ക്ഷേമപദ്ധതികളെക്കുറിച്ചുള്ള അറിവ് സ്ത്രീകളിൽ പൊതുവെ കുറവാണ്.

നിർദ്ദേശങ്ങൾ

1. സ്ത്രീകളുടെ ആരോഗ്യപരിപാലനത്തിനുവേണ്ടി പ്രവർത്തിക്കുന്ന തൃക്കടവൂർ കമ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുകയും സബ് സെന്ററുകൾ പ്രവർത്തിപ്പിക്കുകയും വേണം.

2. സമൂഹത്തിൽ നിൽക്കുന്ന മദ്യപാനശീലം ഒഴിവാക്കുന്നതിന് സ്ത്രീകളുടെ സഹായത്തോടെ മദ്യവമുക്ത പ്രസ്ഥാനം സംഘടിപ്പിക്കാവുന്നതാണ്.

3. സ്ത്രീകളുടെ വരുമാനമാർഗ്ഗം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്വയംതൊഴിൽ വായ്പകൾ നൽകുകയും ചെറിയവ്യവസായയൂണിറ്റുകൾ സ്ഥാപിക്കുകയും അത് പ്രവർത്തിക്കുന്നതിനാവിശ്യമായ പരിശീലനപരിപാടികൾ നൽകേണ്ടതുമാണ്.

4. പഞ്ചായത്തിൽ നിരവധി മഹിളാസമാജങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും അവ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. സ്ത്രീകൾക്കിടയിൽ വികസനത്തെക്കുറിച്ചുള്ള ബോധവൽക്കരണപരിപാടികൾ നടപ്പാക്കുന്നതിന് മഹിളാസമാജയൂണിറ്റുകൾ വാർഡ്തലത്തിൽ സംഘടിപ്പിക്കേണ്ടതാണ്.

5. പഞ്ചായത്തിൽ വനിതാ സഹകരണസംഘങ്ങൾ രൂപീകരിക്കുകയും പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും വേണം.

6. വിധവാ പെൻഷൻ, അഗതി പെൻഷൻ, മാതൃസഹായ പദ്ധതികൾ എന്നിവയിലുടെയുള്ള ആനുകൂല്യങ്ങൾ അർഹരായ മുഴുവൻ സ്ത്രീകൾക്കും ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

7. വിവിധമേഖലയിലെ പ്രാധാന്യം മനസ്സിലാക്കുന്നതിനും പ്രവർത്തനങ്ങൾക്കായി മാതൃസംഗമങ്ങൾ, അയൽകൂട്ടങ്ങൾ, ചർച്ചാക്ലാസുകൾ തുടങ്ങിയ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

8. പഞ്ചായത്തിലെ എല്ലാ കലാസാംസ്കാരിക സംഘടനകളുമായി ബന്ധപ്പെടുത്തി വനിതാവേദികൾ ആരംഭിക്കുകയും പഞ്ചായത്ത് തലത്തിൽ വനിതാവേദികളുടെ പ്രവർത്തനം ഏകീകരിക്കാവുന്നതുമാണ്.

9. DWCRA യുടെ മൂന്ന് യൂണിറ്റ് മാത്രമേ നിലവിലുള്ളു. അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും എല്ലാവാർഡുകളിലും പുതിയ യൂണിറ്റുകൾ രൂപീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

10. അംഗനവാടികളിലെ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ പരിഷ്കരിക്കേണ്ടതാണ്.

11. അംഗനവാടികൾക്കാവിശ്യമായ കെട്ടിടങ്ങളും ഉപകരണങ്ങളും ലഭ്യമാക്കാൻ കഴിയേണ്ടതുമാണ്.

12. തീരപ്രദേശങ്ങളിൽ പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളുടെ ജീവിതനിലവാരം ഉയർത്തുന്നതിനാവിശ്യമായ ആരോഗ്യ-തൊഴിൽ-വിദ്യാഭ്യാസ പദ്ധതികൾ ഉണ്ടാക്കേണ്ടതാണ്.

13. വികസന പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്.

"ജനാധിപത്യത്തിലെ വ്യക്തിഹിതം സമൂഹത്തിന്റെ ഹിതത്താൽ നിയന്ത്രിതവും പരിമിതപ്പെട്ടതുമാണ്. സമൂഹത്തിന്റെ ഹിതമെന്നത് രാഷ്ട്രം തന്നെയാണ്. രാഷ്ട്രം ജനാധിപത്യത്താലും ജനാധിപത്യത്തിനുംവേണ്ടി ഹരിക്കപ്പെടുന്നതാണ്. ഓരോ വ്യക്തിയും നിയമം കൈയ്യിലെടുത്താൽ രാഷ്ട്രം എന്നൊന്ന് ഇല്ലാതാകും. അരാജകത്വമായിരിക്കും ഫലം"

-ഗാന്ധിജി-

സാമൂഹ്യക്ഷേമം

വികസ്വരരാഷ്ട്രത്തിൽ ക്ഷേമപ്രവർത്തനങ്ങൾക്ക് ഗണ്യമായ സ്ഥാനമാണുള്ളത്. സമൂഹത്തിലെ സമസ്ത മേഖലകളിലും വ്യാപരിക്കുന്ന ജനസാമാന്യത്തിന് വിവിധങ്ങളായ ക്ഷേമപ്രവർത്തനങ്ങൾ ഏർപ്പെടുത്തേണ്ടിവരും. എല്ലാവർക്കും വിദ്യാഭ്യാസം, എല്ലാവർക്കും തൊഴിൽ, എല്ലാവർക്കും പാർപ്പിടം, തുടങ്ങി വിവിധങ്ങളായ ഭൗതികസാഹചര്യങ്ങൾ എത്തിക്കുന്നതിൽ സർക്കാരുകൾക്ക് ഏറെ ഉത്തരവാദിത്വമുണ്ട്. വർദ്ധിച്ചുവരുന്ന ജനസംഖ്യ, പരിമിതമായ വിഭവലഭ്യത, ലഭ്യമായവയുടെ വിതരണത്തിലുള്ള അസന്തുലിതാവസ്ഥ തുടങ്ങിയ സാമൂഹിക പ്രശ്നങ്ങൾ നിലനിൽക്കുന്നതിനാൽ ധാരാളം ക്ഷേമപ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്.

സമൂഹത്തിലെ വ്യത്യസ്ത വിഭാഗങ്ങളിലുൾപ്പെടുന്ന ജനവിഭാഗത്തിന് പ്രശ്നങ്ങൾ നിരവധിയാണ്. സാമൂഹികക്ഷേമം മുൻനിർത്തി നിരവധി പദ്ധതികൾ സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ നടപ്പാക്കുകയുണ്ടായി. എങ്കിലും, ഈ മേഖലയിലെ പ്രശ്നങ്ങൾ വളരെയേറെയാണ്.

തൊഴിൽ രഹിതർക്കും മറ്റ് അവശ വിഭാഗങ്ങൾക്കും വേണ്ടി നിരവധി ക്ഷേമപ്രവർത്തനങ്ങൾ കേരളത്തിൽ ആവിഷ്ക്കരിച്ചിട്ടുണ്ട്. കേന്ദ്ര- സംസ്ഥാനസർക്കാരുകൾ ധാരാളം പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഹരിജനങ്ങളേയും സ്ത്രീജനങ്ങളേയും സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൈപിടിച്ചുയർത്തുന്നതിന്റെ ഭാഗമായി വിവിധങ്ങളായ പരിപാടികൾ നിലവിലുണ്ട്.

ഗ്രാമപ്രദേശത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ കണ്ടുപിടിക്കുവാനായി IRDP പോലുള്ള പദ്ധതികളുണ്ട്. IRDP പദ്ധതി പ്രകാരം തൃക്കടവൂർ ഗ്രാമപഞ്ചായത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വിവരം ചുവടെ ചേർക്കുന്നു.

അഞ്ചാലുംമൂട് ബ്ലോക്കിന്റെ കീഴിലാണ് തൃക്കടവൂർ ഗ്രാമപഞ്ചായത്ത് പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന വില്ലേജ് എക്സ്റ്റൻഷൻ ആഫീസർമാർ മുഖേനയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

പട്ടികജാതി വികസനത്തിനും ഉന്നമനത്തിനുംവേണ്ടി പട്ടികജാതി വികസന കോർപ്പറേഷന്റെ വനിതാകൾക്കായി വനിതാ വികസന കോർപ്പറേഷനും പിന്നോക്ക വിഭാഗ കോർപ്പറേഷനും പ്രവർത്തിക്കുന്നു.

നടപ്പാക്കിവരുന്ന പല പദ്ധതികളും പ്രശ്നപരിഹാരത്തിന് പര്യാപ്തമല്ല. വിവിധ പദ്ധികളെക്കുറിച്ചുള്ള അറിവില്ലായ്മ, അർഹരായവർക്ക് ആനുകൂല്യം ലഭിക്കായ്ക, ഉദ്യോഗസ്ഥതലത്തിലെ അനാവശ്യ ഇടപെടലുകൾ, സമയത്തിനും ആവശ്യങ്ങൾക്കും സഹായം ലഭിക്കാതിരിക്കുക എന്നീ പ്രശ്നങ്ങൾ പരിശോധിക്കേണ്ടതാണ്.

വർഷം	പട്ടികജാതി	പട്ടികവർഗ്ഗം	മറ്റുള്ളവർ	ആകെ
1992	78	-	2638	2716
1995	126	-	3101	3227

DWCRA

സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിനുവേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് DWCRA

1994-95ൽ പഞ്ചായത്തിൽ മുന്ന് DWCRA യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല.

1996ൽ IRDP പദ്ധതിപ്രകാരം പഞ്ചായത്തിൽ ലഭ്യമായ വായ്പകളുടെ വിവരം VEO മാരുടെ റിപ്പോർട്ട്.

ബാങ്കിന്റെ പേര്	ഉപഭോക്താക്കൾ	തുക	സബ്സിഡി
SBT തൃക്കടവൂർ	29	352166	134334
CBI അഞ്ചാലുംമൂട്	14	139500	62000
SBI കടവൂർ	28	428900	128000
ആകെ	71	920566	324334

1994-95

യൂണിറ്റുകൾ	യൂണിറ്റ് അംഗങ്ങൾ	വായ്പ	സബ്സിഡി	വായ്പ
ഡയറി യൂണിറ്റ്				നൽകി യ ബാങ്ക്
അഞ്ചാലുംമൂട് നവോദയ	10	49210	21660	SBI കടവൂർ
കയർ യൂണിറ്റ് കുരീപ്പുഴ	15	120000	60000	SBI കടവൂർ
ശ്രീ.ശക്തി കെയ്ൻ വർക്ക്സ് കുരീപ്പുഴ	10	80,000	40,000	SBT തൃക്കടവൂർ

ട്രൈസം

18 മുതൽ 35 വയസ്സുവരെയുള്ള യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്നതിനുള്ള പദ്ധതിയാണ് ട്രൈസം.

1992-93 മുതൽ 1995-96 വരെ ആകെ 32 പേർക്കുമാത്രമാണ് പരിശീലനം ലഭിച്ചത്.

ട്രൈസം പദ്ധതിപ്രകാരം പരിശീലം ലഭിച്ചവർ

വർഷം	പട്ടികജാതി	മറ്റുള്ളവർ	ആകെ	സ്ത്രീകൾ
1992-93	3	6	9	6
1993-94	7	7	14	8
1994-95	6	15	21	16
95-96	1	3	4	2

ടൂൾ കിറ്റ്

ഗ്രാമീണ കൈത്തൊഴിലുകൾക്ക് നവീനതൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾകിറ്റ്. 1995-96ൽ പഞ്ചായത്തിലാകെ 65 പേർക്ക് ടൂൾകിറ്റ് വിതരണംചെയ്തു.

CRSP പദ്ധതി

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുന്ന പദ്ധിയാണ് CRSP. 1992-93 മുതൽ 1995 വരെ 46 പേർക്ക് CRSP. പദ്ധതിപ്രകാരം കക്കൂസുകൾ നിർമ്മിച്ചുകൊടുത്തിട്ടുണ്ട്.

CRSP കക്കൂസുകൾ നൽകിയത് വർഷം തിരിച്ച്

വർഷം	ഹരിജനങ്ങൾ	മറ്റുള്ളവർ	ആകെ
1992-93	1	3	4
1993-94	4	4	8
1994-95	4	8	12
1995-96	7	5	12

ബ്ലോക്കുകളിൽ നിന്നും IAY MWS എന്നീ പദ്ധതി പ്രകാരം 74 ആളുകൾക്ക് ഭവന നിർമ്മാണത്തിന് സഹായം നൽകിയിട്ടുണ്ട്.

വർഷം	വീടുകളുടെ എണ്ണം	
	IAY	MWS
1992–93	7	–
1993–94	13	–
1994–95	3	14
1995–96	33	4

പെൻഷനുകൾ

സർക്കാർ പ്രഖ്യാപിക്കുന്ന വിവിധയിനം പെൻഷനുകൾ പഞ്ചായത്തിൽ ജനങ്ങൾക്ക് ലഭിക്കുന്നതാണ്.

വിശദവിവരം ചുവടെ ചേർക്കുന്നു.

കയർ തൊഴിൽ പെൻഷനുകൾ	439
കർഷക തൊഴിലാളി പെൻഷൻ	103
വിധവാ പെൻഷൻ	2
വികലാംഗ പെൻഷൻ	4
വാർദ്ധക്യകാല പെൻഷൻ	4
ക്ഷയരോഗികൾക്ക് ലഭിക്കുന്ന പെൻഷൻ	22
കുഷ്ടരോഗികൾക്ക്	3
ക്യാൻസർ രോഗികൾക്ക്	3

തൊഴില്ലായ്മവേതനം

തൊഴില്ലായ്മ വേതനം ലഭിക്കുന്ന ധാരാളം പേർ പഞ്ചായത്തിലുണ്ട്. വികസനമേഖലകളിൽ തൊഴിലില്ലാത്തവരുടെ സേവനം ഉറപ്പുവരുത്താവുന്നതാണ്.

തൊഴിലില്ലായ്മവേതനം ലഭിക്കുന്നവർ

വർഷം	1982	'83	'84	'85	'86	'87	'88	'89	'90	'91	'92	'93	'94,'95,'96
ലഭിക്കുന്നവർ	20	11	50	20	72	88	42	49	38	56	–	24	

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സ്വാതന്ത്ര്യസമരസേനാനികൾക്ക് നൽകുന്ന പെൻഷൻ ലഭിക്കുന്നവർ ഇതിനും പുറമേയുണ്ട്.

വിവിധമേഖലകളിലെ തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി നിരവധി സ്ഥാപനങ്ങൾ നിലവിലുണ്ട്. കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി, കരകൗശല തൊഴിലാളി, വിദഗ്ധ തൊഴിലാളി ക്ഷേമനിധി എന്നിവയിലൂടെയും ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്.

അംഗനവാടികൾ

സാമൂഹ്യക്ഷേമരംഗത്ത് ക്രിയാത്മകമായി പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങളാണ് അംഗനവാടികൾ. പഞ്ചായത്തിലെ 13 വാർഡുകളിലായി 24 അംഗനവാടികൾ നിലവിലുണ്ട്. ഇവയിൽ 16 എണ്ണത്തിന് സ്വന്തമായി കെട്ടിടമുണ്ട്.

1000 ജനസംഖ്യ പ്രകാരം 35 അംഗനവാടികൾ ആരംഭിക്കേണ്ടതാണ്. 24 എണ്ണമേ നിലവിലുള്ളൂ. പുതിയവ ആരംഭിക്കുവാനുള്ള നടപടികൾ വേണ്ടതാണ്. സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കുന്നതും കളിപ്പാട്ടങ്ങൾ ലഭ്യമാക്കുന്നതിനും പരിപാടികൾ ആവിഷ്ക്കരിക്കേണ്ടതാണ്. ഒരു ഹെൽപ്പറും ഒരു വർക്കറുമാണ് അംഗനവാടികളിലുള്ളത്. അവരുടെ ശമ്പളം തുച്ഛമാണ്. എന്ന പരാതി നിലനിൽക്കുന്നു. അഞ്ചാലുംമൂട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന IC DS ഓഫീസിന്റെ പ്രവർത്തനപരിധിയിലാണ് പഞ്ചായത്തിലെ അംഗനവാടികൾ.

ഈ പഞ്ചായത്തിലെ പല വാർഡുകളിലും മഹിളാ സമാജങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും കാര്യക്ഷമമമായി പ്രവർത്തിക്കുന്നില്ല.

പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ കയർ തൊഴിലാളികൾ, മത്സ്യ തൊഴിലാളികൾ, കെട്ടിട നിർമ്മാണ തൊഴിലാളികൾ, കർഷക തൊഴിലാളികൾ എന്നിവർ ധാരാളമായുണ്ടെങ്കിലും അർഹതയുള്ള തൊഴിലാളികൾ പലരും ക്ഷേമനിധിയിൽ അംഗങ്ങളല്ല.

2. അംഗനവാടികളുടെ കെട്ടിടം, അറ്റകുറ്റപ്പണികൾ, മറ്റ് സൗകര്യങ്ങൾ (കളിസ്ഥലം, കളിപ്പാട്ടങ്ങൾ ..... മുതലായവ) ലഭ്യമാകുന്നില്ല.

3. അംഗനവാടി പ്രവർത്തകരുടെ സേവന വേതന വ്യവസ്ഥകൾ പര്യാപ്തമല്ല.

4. പഞ്ചായത്തിലെ വൃദ്ധജനങ്ങൾക്കാവശ്യമായ ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങൾ ഒന്നുംതന്നെ നടക്കുന്നുമില്ല.

5. വിവിധ ആനുകൂല്യങ്ങളെ സംബന്ധിച്ച് പലപ്പോഴും അർഹതയുള്ളവർക്ക് വ്യക്തമായ അറിവോ ധാരണയോ ഇല്ല.

പഞ്ചായത്തിലാകെ 331 വികലാംഗർ ഉണ്ടെങ്കിലും വളരെക്കുറച്ചുപേർക്കുമാത്രമേ പെൻഷൻ ലഭിക്കുന്നുള്ളു. അതുപോലെ വികലാംഗക്ഷേമത്തിനാവശ്യമായ നിരവധി പദ്ധതികൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപ്പാക്കിയിട്ടുണ്ട്. യാത്രാബത്ത, പഠനത്തിനായി കേന്ദ്ര- സംസ്ഥാന സ്ക്കോളർഷിപ്പുകൾ, തൊഴിലിനുള്ള സ്ക്കോളർഷിപ്പ്, ഭവന സംരക്ഷണ പദ്ധതികൾ, ഉപകരണങ്ങൾ വാങ്ങുവാനുള്ള പദ്ധതി, സന്നദ്ധ സംഘടനകൾക്കുള്ള പദ്ധതി, പെട്രോൾ സബ്സിഡി, സ്റ്റൈപ്പന്റുകൾ എന്നിവ നടപ്പാക്കിവരുന്നു. എങ്കിലും ഇവയെക്കുറിച്ചുള്ള അറിവുകുറവുകാരണം പലർക്കും ആനുകൂല്യങ്ങൾ നഷ്ടമാകുന്നു.

6. ട്രൈസം തൊഴിൽ പരിശീലനപദ്ധതിക്ക് ലഭ്യമാകുന്ന സ്റ്റൈപന്റ് പര്യാപ്തമല്ല.

7. വിധവാ പെൻഷൻ നിലവിലുള്ള പദ്ധതിപ്രകാരം പ്രായപൂർത്തിയായ ആൺകുട്ടികളുണ്ടെങ്കിൽ ലഭിക്കില്ല.

8. പ്രായപൂർത്തിയാകാത്ത കുട്ടികളുടെ അമ്മമാർ വിധവകളാവുകയാണെങ്കിൽ, മാതാവിന് വിധവ പെൻഷൻ നൽകുന്നതിനു പുറമേ കുട്ടികൾ പ്രായപൂർത്തിയാകുന്നതുവരെയുള്ള സംരക്ഷണം സർക്കാർ ഏറ്റെടുക്കണം.

സഹകരണം

ഓരോരുത്തരും എല്ലാവർക്കും വേണ്ടി എല്ലാവരും ഓരോരുത്തർക്കും വേണ്ടി എന്ന മഹത്തായ സന്ദേശമാണ് സഹകരണത്തിൽ അന്തർലീനമായിരിക്കുന്നത്. പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർത്ഥത്തിൽ ബ്രിട്ടനിലും മറ്റുയൂറോപ്യൻ രാജ്യങ്ങളിലും ഈ ആശയത്താൽ അകൃഷ്ടമായി സഹകരണസ്ഥാപനങ്ങൾ രൂപീകരിക്കാൻ തുടങ്ങി 1904ൽ ആണ്. ഇൻഡ്യയിൽ ആദ്യമായി സഹകരണപ്രസ്ഥാനത്തിന് തുടക്കം കുറിക്കുന്നത്. 1919 ലെ ഭരണപരിഷ്കാരങ്ങളുടെ ഫലമായി സഹകരണം പ്രവിശ്യാവിഷയമായതോടെയാണ് കേരളത്തിലും സഹകരണസ്ഥാപനങ്ങൾ രൂപീകരിച്ചുതുടങ്ങിയത്. 1920 കളിലും 1930 കളിലുമായി കേരളത്തൽ നിരവധി സഹകരണസംഘങ്ങൾ രൂപീകരിക്കപ്പെട്ടു വിവിധോദ്യേശസഹകരണസംഘങ്ങളായാണ് ആദ്യത്തെ സംഘങ്ങൾ പ്രവർത്തിച്ചിരുന്നത്.

പഞ്ചവൽസരപദ്ധതികളുടെ ആരംഭത്തോടെ കൃഷിക്കും ഗ്രാമവികസനത്തിനും ആസൂത്രണത്തിലൂടെ പ്രാധാന്യം വന്നതോടെയാണ് സഹകരണപ്രസ്ഥാനത്തിന്റെ ആവശ്യകത അനിവാര്യമായിത്തീർന്നത്. അതിന്റെ ഫലമായി പദ്ധതികളിൽ സഹകരണമേഘലയുടെ വികസനത്തിന് വകയിരുത്തകയും ചെയ്തു. സഹകരണമേഘലയുടെ ത്വരിതഗതിയുലുള്ള വികസനത്തിന് ഇതുകാരണമായി ഓരോ മേഖലയ്ക്കും പ്രത്യേകം സഹകരണസ്ഥാപനങ്ങൾ എന്നതത്വം അംഗീകരിക്കുകയും അതിന്റെ ഫലമായി കാർഷികം വ്യവസായം,വിതരണം, വ്യാപാരം, മാർക്കറ്റിംഗ് തുടങ്ങിയ വിവിധലമേഘലകളിൽ സ്ഥാപനങ്ങൾ രൂപീകരിക്കുകയും ചെയ്തു.

ഈ ഗ്രാമത്തിലെ സഹകരണപ്രസ്ഥാനം.

വായ്പാസംഘങ്ങൾ :

നമ്മുടെ പഞ്ചായത്തിൽ കുപ്പണ എന്നസ്ഥലത്ത് 1923 ൽ രൂപീകരിച്ച ശ്രീ വേലായുധമംഗലം വിവിധോദ്ദേശ്യ സഹകരണസംഘങ്ങളാണ് ആദ്യത്തേത് അഞ്ചാലുംമൂട് സർവ്വീസ് സഹകരണംസംഘം എന്നാണ് ഇതറിയപ്പെടുന്നത്. 1925 ൽ സി.കെ.പി വിലാസം വിവിധോദ്ദേശ്യ സഹകരണസംഘം 1928ൽ മുരുന്തൽ വിവിധോദ്ദേശ്യസഹകരണസംഘം എന്നീ സ്ഥാപനങ്ങളുണ്ടായി. ആ സ്ഥാപനങ്ങളാണ് ഇന്നത്തെ സി.കെ.പി വിലാസം സർവ്വീസ് സഹകരണ ബാങ്കും മുരുന്തൽ സർവ്വീസ് സഹകരണബാങ്കും തൃക്കടവൂർ സർവ്വീസ് സഹകരണബാങ്ക് രൂപീകൃതമായത്. 1961ൽ ആണ് ഭവന നിർമാണ വായ്പാ പ്രവർത്തനം നടത്തുന്നതിനായി 1980 ൽ അഞ്ചാലുംമുട് ബ്ലോക്ക് റൂറൽ ഹൗസിംഗ് സർവ്വീസ് സഹകരണസംഘം രൂപീകൃതമായി. വായ്പാസംഗങ്ങളിൽ 14942 അംഗങ്ങളും 2464487 രൂപ ഓഹരി മൂലധനവും ഒരുകോടി എഴുപത്തിമൂന്നുലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി മുന്നൂറ്റി മുപ്പത്തിരണ്ടു രൂപ നിക്ഷേപങ്ങളുമായി കാണുന്നു. ഈ സംഘങ്ങൾക്ക് കാർഷികവായ്പയായി ഇരുപത്തിനാലുലക്ഷത്തി അറുപത്തോരായിരത്തി അറുനൂറ്റി അറുപത്തിയേഴ് രൂപയും കാർഷികേതരവായ്പയായി 1,92,21,977 രൂപയും ഭവന നിർമ്മാണവായ്പയായി 15,78000 രൂപയും 1995-96ൽ വായ്പബാക്കിയായി ഉണ്ട്. കൊല്ലം കാർഷികഗ്രാമവികസന ബാങ്ക് നൽകിയിട്ടുള്ള 20,18,472 രൂപ ഇതിന് പുറമേയാണ്.

നമ്മുടെ വായ്പാ സംഘങ്ങളുടെ അംഗത്വനിലവാരവും നിക്ഷേപനിലവാരവും താരതമ്യേന മോശപ്പെട്ടതായി കാണുന്നു. സംഘങ്ങളിൽ ലഭിക്കുന്ന നിക്ഷേപങ്ങൾ നുറുശതമാനവും അംഗങ്ങളുടെ ക്ഷേമത്തിനായി ഉപയോഗിക്കുന്നുവെന്നതും അത് ഗ്രാമവികസനത്തിന് വിനിയോഗിക്കപ്പെടുന്നുവെന്നതും ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിൽ സഹകരണസ്ഥാപനങ്ങൾക്ക് വേണ്ടത്ര വിജയിക്കാൻ കഴിഞ്ഞിട്ടില്ല എന്നുവേണം കരുതേണ്ടത്. നാണയബാങ്കുകളിലെ നിക്ഷേപങ്ങൾ പലപ്പോഴും ഗ്രാമവികസനത്തിന് പര്യാപ്തമാകുന്നില്ലെന്ന വസ്തുതയും ഓർക്കേണ്ടതാണ്.

[വായ്പാ രംഗത്ത് പ്രവർത്തിക്കുന്ന തൃക്കടവൂർ ഹരിജൻ സംഘ

ത്തിന്റെ വിവരം ഇനിയും ലഭ്യമായിട്ടില്ല.] പട്ടിക അടുത്ത പേജിൽ ചേർത്തിരിക്കുന്നു.

ഗ്രാമവികസനത്തിൽ വായ്പാവിതരണസംഘങ്ങൾക്ക് വൻപിച്ച ഉത്തരവാദിത്വമാണുള്ളതെങ്കിലും ആനിലയിലേക്ക് ഉയർന്നുപ്രവർത്തിക്കാൻ നമ്മുടെ സംഘങ്ങൾക്ക് ഇനിയും വേണ്ടത്ര കഴിഞ്ഞിട്ടില്ല. കാർഷിക ചെറുകിടവ്യവസായങ്ങൾ വികസിപ്പിക്കുന്നതിൽ ഏജൻസിയായി പ്രവർത്തിക്കാൻ സഹകരണസ്ഥാപനങ്ങൾക്ക് കഴിയേണ്ടതാണ്.

ഒൻപതാം പദ്ധതിയുടെ ആസൂത്രണത്തിൽ കേരളം പുതിയൊരു മാതൃകയ്ക്ക് തുടക്കം കുറിക്കുകയാണ്. ഉൽപ്പാദനരംഗത്തെ പിന്നോക്കാവസ്ഥപരിഹരിച്ച് വൻവർദ്ധനനേടുന്നതിന് വേണ്ടി തീവ്രയത്നത്തിലുള്ള തയ്യാറെടുപ്പിലാണ് കേരളം. എല്ലാരംഗത്തും കേന്ദ്രീകൃതആസൂത്രണമെന്ന നയത്തിന്റെ കയ്പേറിയ അനുഭവങ്ങൾ നാം വിലയിരുത്തിക്കഴിഞ്ഞു. കാർഷിക വ്യവസായഉൽപ്പാദനത്തിനുള്ള മുരടിപ്പ്, ഊർജ്ജപ്രതിസന്ധി, ഉൽപാദന രംഗത്തേയ്ക്കുള്ള സമ്പത്തിന്റെ വിനിയോഗക്കുറവ് വിഭവവിനിയോഗത്തിലെ കെടുകാര്യസ്ഥത അഴിമതി ഉദ്യോഗസ്ഥവൽക്കരിക്കൽ. സേവന മേഖലകൾ നേരിടുന്ന പ്രതിസന്ധി തുടങ്ങിയ ഇരുണ്ടചിത്രങ്ങളാണ് നമുക്ക് മുന്നിലുള്ളത് ഗുണഭോക്താക്കളായ ജനങ്ങളുടെ അനുഭവങ്ങളും ആവിശ്യങ്ങളും അഭിപ്രായങ്ങളും കണക്കിലെടുക്കാതെയുള്ള കേന്ദ്രീകൃത ആസൂത്രണം ആശിച്ച ഫലങ്ങൾ ഉളവാക്കിയില്ലെന്ന യാഥാർത്ഥ്യം അനിഷേധ്യമായി കഴിഞ്ഞിരിക്കുന്നു. കാർഷിക വ്യാവസായിക രംഗത്തെ ഉൽപ്പാദനവർദ്ധനവിലൂടെ യല്ലാതെ കേരളത്തിന് സാമ്പത്തികമായി നിലനിൽക്കാനാവില്ലെന്ന വെല്ലുവിളിയാണ് നേരിടുന്നത്. ഈ സാഹചര്യത്തിലാണ് ജനകീയആസൂത്രണം എന്ന മഹത്തായ പരിപാടിയ്ക്ക് തുടക്കം കുറിച്ചിരിക്കുന്നത്. പഞ്ചായത്തിലെ ഓരോവാർഡുകളിലേയും ജനങ്ങളെ വിളിച്ച് ചേർത്ത് ആപ്രദേശത്തെ കാർഷിക വ്യവസായിക സേവനമേഖലകളുടെ വികസനത്തിന് വേണ്ടിയുള്ള ചർച്ചകൾ സംഘടിപ്പിച്ചും അഭിപ്രായ-നിർദ്ദേശങ്ങൾ ക്രോഡീകരിച്ചും വിഭവസമാഹരണം കണക്കാക്കിയും അതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുതല വികസനപരിപാടികൾ തയ്യാറാക്കി ജനപങ്കാളിത്തത്തോടെ നടപ്പാക്കുകയാണ് ജനകീയ ആസൂത്രണം ലക്ഷ്യമാക്കുന്നത്. ചുരുക്കത്തിൽ പദ്ധതി ആസൂത്രണം ചെയ്യുന്നതിന്റേയും നടപ്പാക്കുന്നതിന്റേയും ചുമതല അതിന്റെ ഗുണഫലമനുഭവിക്കുന്ന ജനങ്ങളിൽ ചേർന്നിരിക്കുന്നു.

പദ്ധതി അടങ്കലിന്റെ 35 മുതൽ 40% വരെ തുക നിയമാനുസൃതം പഞ്ചായത്തുകൾക്ക് വിട്ടുകിട്ടിയിട്ടുള്ള മേഖലയുടെ വികസനത്തിനുവേണ്ടി നീക്കിവെയ്ക്കുമെന്ന് ഗവൺമെന്റ് വ്യക്തമാക്കിയിട്ടുണ്ട്. കൃഷി,ജലസേചനം, മൃഗസംരക്ഷണം, മത്സ്യബനധനം, വിദ്യാഭ്യാസം, കുടിവെള്ളം, പൊതുജനാരോഗ്യം, വ്യവസായം, ഗതാഗതം, ഊർജ്ജം, പാർപ്പിടം, സാമൂഹ്യക്ഷേമം, സംസ്കാരം, പട്ടികജാതിപട്ടികവർഗ്ഗക്ഷേമം, സഹകരണം തുടങ്ങിയ മേഖലകളാണ് തൃതല പഞ്ചായത്ത് സംവിധാനങ്ങൾക്കായി നീക്കിവെച്ചിട്ടുള്ളത്. 9-ാം പദ്ധതിക്കാലത്ത് ആറായിരം കോടി രൂപ ത്രിതല പഞ്ചായത്തുകൾ വഴി വികസനത്തിനായി വിനിയോഗിക്കേണ്ടിവരുമെന്ന് കണക്കാക്കപ്പെടുന്നു. പഞ്ചായത്തുകൾ വഴിയുള്ള ആസൂത്രണമേഖലകളിലെ കൃഷി, ജലസേചനം, മൃഗസംരക്ഷണം,മത്സ്യവികസനം, വ്യവസായം, തുടങ്ങിയ ഉൽപ്പാദനമേഖലകളും പാർപ്പിടം, ഹരിജനക്ഷേമം തുടങ്ങിയ സേവനമേഖലകളിലും സഹകരണപ്രസ്ഥാനവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നതാണ്. ശേഷിക്കുന്ന മേഖലകളുമായുള്ള സഹകരണപ്രസ്ഥാനത്തിന്റെ ബന്ധവും നിസ്സാരമല്ല.

ഓരോ സഹകരണ സ്ഥാപനവും ജനങ്ങളുടെ ചെറിയ സംഘടിതരൂപങ്ങളാണ്. അതുകൊണ്ടുതന്നെ ജനകീയാസൂത്രണപ്രക്രിയയിൽ സഹകരണപ്രസ്ഥാനത്തിന് നിസ്തുലമായ പങ്കാണ് വഹിക്കാനുള്ളത്. ഓരോ സ്ഥാപനവും അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസരിച്ച് സ്വന്തം പ്രവർത്തനപരിധിയിൽ ഏതേത് വികസനപ്രവർത്തനങ്ങളാണ് സംഘടിപ്പിക്കേണ്ടതെന്ന് മുൻഗണനാക്രമത്തിൽ വിലയിരുത്തി നിശ്ചയിക്കണം. ഉദാഹരണമായി ഒരു കാർഷികവായ്പാസംഘമെടുക്കുക. അതിന്റെ പ്രവർത്തന പരിധിയിലെ നിലവിലുള്ള കൃഷിസംബന്ധിച്ചും ഉല്പാദനം സംബന്ധിച്ചും വസ്തുനിഷ്ടമായി വിലയിരുത്തുക നിലവിലുള്ള കാർഷികോൽപ്പാദനം ഒരു നിശ്ചിത ശതമാനം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ ചെയ്യേണ്ടതുണ്ട്. മെച്ചപ്പെട്ട വിത്തിനങ്ങൾ വിതരണം ചെയ്യേണ്ടതുണ്ടോ ? തരിശ് സ്ഥലം ആ പ്രദേശത്ത് അവശേഷിക്കുന്നുണ്ടോ ? ഉണ്ടെങ്കിൽ അവക്കനുയോജ്യമായ കൃഷിയേത് ? ആദായകരമായ ഏതെങ്കിലും കൃഷി പുതുതായി ആരംഭിക്കേണ്ടതുണ്ടോ ? കാർഷിക രംഗത്ത് ജനങ്ങളിൽ താല്പര്യമുളവാക്കാൻ എന്തൊക്കെ പരിപാടികൾ ആവിഷ്കരിക്കണം. പദ്ധതി നടപ്പാക്കുമ്പോൾ വേണ്ടിവരുന്ന ജൈവവളവും പച്ചിലവളവും അവിടെ ലഭ്യമാണോ ജൈവവളത്തിന് പുതുതായി എന്തൊക്കെ ചെയ്യാൻകഴിയും പാലുല്പാദനത്തിന്റെ തോത് എത്ര? അത് എത്രത്തോളം വർദ്ധിപ്പിക്കണം അതിനുള്ള പരിപാടികൾ എന്തൊക്കെ ആയിരിക്കണം. കോഴികളുടെ എണ്ണം 5വർഷത്തിനുള്ളിൽ എത്രവർദ്ധിപ്പിക്കാൻ കഴിയും? മത്സ്യംവളർത്തുന്നതിന് ആവശ്യമായ ജലാശയം ആ പ്രദേശ

1995-96

കാർഷിക-കാർഷികേതര വായ്പാ സംഘങ്ങൾ സംബന്ധിച്ച വിവരം പട്ടിക - 1

സംഘത്തിന്റെ പേര്	സ്ഥാപിച്ച വർഷം	അംഗങ്ങൾ	ഓഹരി മൂലധനം	നിക്ഷേപം	നൽകിയിട്ടുള്ള വായ്പകളിലെ ബാക്കി	
					കാർഷികം	കാർഷികേതരം
മുരുന്തൽ സർവ്വീസ് സഹകരണബാങ്ക് നം. 1814	1928	931	435200	11195000	120551	10401357
അഞ്ചാലുംമൂട് സർവ്വീസ് സഹകരണബാങ്ക് നം. 613	1923	2630	424837	6911540	43734	5737034
സി.കെ.പി.വിലാസം സർവ്വീസ് സഹകരണബാങ്ക് നം. 1361	1925	4287	595000	3294921	2261782	664522
തൃക്കടവവൂർ സർവ്വീസ് സഹകരണബാങ്ക് നം. 188	1961	6683	642200	5131200	-81543	6077299
അഞ്ചാലുംമൂട് ബ്ലോക്ക് റൂറൽ ഹൗസിംഗ് സഹകരണ സംഘം നം. കൃ്യു. 819	1980	411	367250	106671	-	157800

അവലംബം : ദ്വിതീയ സ്ഥിതിവിരണം

ത്തുണ്ടോ ഉണ്ടെങ്കിൽ എത്ര മത്സ്യസമ്പത്ത് ലാഭകരമായി ഉൽപ്പാദിപ്പിക്കാൻകഴിയും അതിനുവേണ്ടി എന്തൊക്കെ ചെയ്യാൻ കഴിയണം ? ലാഭകരവും നൂതനവുമായ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാനും നിലവിലുള്ളവയെ ശക്തിപ്പെടുത്താനും എന്തുപദ്ധതികളാണ് ആവിഷ്കരിക്കേണ്ടത് ? സംഘാങ്ങളെ ജനകീയ ആസൂത്രണത്തിൽ എത്തിക്കുവാൻ വേണ്ടപരിപാടികൾ എന്തൊക്കെയാണ് ? എന്നിങ്ങനെ ഗ്രാമവികസനത്തെ അടിസ്ഥാനമാക്കിയുള്ള ചോദ്യങ്ങൾക്കുള്ള ക്രിയാത്മക പരിഹാരനിർദ്ദേശങ്ങളാണ് ആസംഘത്തിന്റെ പ്രവർത്തനപരിധിയിലെ ആസൂത്രണത്തിന് ആധാരമായി തീരുക. ഇക്കാര്യത്തിൽ കാർഷിക വായ്പാ സംഘം മാത്രമല്ല ആ പ്രദേശത്തെ ഇതരസംഘങ്ങളുമായി ചർച്ച ചെയ്തുവേണം പരിപാടികൾ നിശ്ചയിക്കേണ്ടത്. കാലിസമ്പത്ത് വർദ്ധിപ്പിക്കുന്നതിൽ പാൽസംഘങ്ങൾക്കും മത്സ്യസമ്പത്തുവർദ്ധിപ്പിക്കുന്നതിൽ മത്സ്യസംഘങ്ങൾക്കും തൊഴിൽസാദ്ധ്യതവർദ്ധിപ്പിച്ച് ഉൽപ്പാദനം മെച്ചപ്പെടുത്തുന്നതിൽ വ്യവസായ സംഘങ്ങൾക്കും വിശേഷാൽ താല്പര്യവും പരിപാടികളും ഉണ്ടായിരിക്കുമല്ലോ ഇപ്രകാരം ഒരു പ്രദേശത്ത് പ്രവർത്തിക്കുന്ന വിവിധമേഖലകളിലെ സഹകരണസ്ഥാപനങ്ങളുടെ കൂട്ടായ്മയും അവയ്ക്കുള്ള അനുഭവസമ്പത്തും ശേഷിയും പ്രയോജനപ്പടുത്താൻ കഴിഞ്ഞാൽ ആ പ്രദേശത്തിന്റ ത്വരിതഗതിയിലുള്ള വികസനത്തിനാവശ്യമായ നിർദ്ദേശങ്ങൾ ക്രോഡീകരിക്കാൻ കഴിയും. അത്തരം നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഗ്രമസഭകളിൽ ഉന്നയിക്കാനും അംഗങ്ങളുടെ ചർച്ചയ്ക്ക് വിധേയമാക്കാനും കഴിഞ്ഞാൽ ഗ്രാമസഭാനിർദ്ദേശങ്ങൾ ഫലപ്രദമാക്കാനും പഞ്ചായത്തുതല ആസൂത്രണത്തിന് അത് പ്രയോജനകരമാക്കിതീർക്കാനും സാധിക്കുന്നതാണ്. ഇപ്രകാരം പഞ്ചായത്ത്തലത്തിൽ നടക്കുന്ന ആസൂത്രണത്തിനുള്ള വിഭവസമാഹരണത്തിൽ സഹകരണസംഘങ്ങളുടെ സമ്പത്തുകൂടി കണക്കിലെടുക്കാനും ആസൂത്രണത്തിലും പദ്ധതികൾ നടപ്പാക്കുന്നതിലും സഹകരണ സ്ഥാപനങ്ങൾക്ക് സുപ്രധാന ചുമതലകൾ ഏറ്റെടുക്കാനും കഴിയും. അപ്രകരാരമുള്ള അവസ്ഥയിൽ സഹകരണസ്ഥാപനങ്ങളുടെ വരവും ചിലവും പ്രതീക്ഷിക്കുന്ന ബഡ്ജറ്റുകൾക്ക് പുറമേ പഞ്ചായത്തുതല ജനകീയആസൂത്രണപദ്ധതിയുടെ അടിസ്ഥാനത്തിൽ തനതായ വികസനബഡ്ജറ്റ്കൾക്ക് രൂപം നൽകേണ്ടതായിവരും ചുരുക്കത്തിൽ ഓരോ സഹകരണസ്ഥാപനവും ജനകീയആസൂത്രണപ്രക്രിയയിൽ ഓരോ വികസനകേന്ദ്രങ്ങളായിതീരാനാണ് സാധ്യത. അതോടെ വ്യത്യസ്തമേഖലകളിലുള്ള സഹകരണസ്ഥാപനങ്ങൾ തമ്മിൽ ഇന്ന് നിലനിൽക്കുന്ന അന്യതാബോധം ഇല്ലാതാക്കാനും യോജിച്ച പ്രവർത്തനങ്ങൾക്കുള്ള അവസരം കൈവരുകയും ചെയ്യുന്നു. സഹകരണസ്ഥാപനങ്ങളുടെ പ്രസക്തിയും പ്രാധാന്യവും വർദ്ധിക്കുന്നതിനും അതുമൂലം ജനങ്ങളുടെ വർദ്ധിച്ച പിൻതുണയും സഹകരണവും ഈ മേഖലയ്ക്ക് ലഭിക്കുന്നതിനും ജനകീയ ആസൂത്രണം സഹായകരമായി തീരുന്നതാണ്.

കയർസംഘങ്ങൾ

പരമ്പരാഗത വ്യവസായമായ കയർ വ്യവസായത്തിലെ തൊഴലാളികളുടെ പരമ്പരാഗത ക്ഷേമം മുൻനിർത്തിയാണ് കയർ സംഘങ്ങൾ രൂപീകരിച്ചിട്ടുളളത്. 1973 മുതലാണ് കയർസംഘങ്ങൾ നേരിട്ട് ഉൽപ്പാദനം ആരംഭിച്ചത്. മൂലധനത്തിന്റ അഭാവം തൊണ്ടിന്റെ ദൗർലഭ്യം ഉൽപ്പാദന ചെലവുമായി ബന്ധപ്പെട്ട് കയറിൽ ഉള്ള വില ലഭിയ്ക്കായ്മ എന്നിവ സംഘങ്ങളുടെ പ്രവർത്തനങ്ങളെ പ്രതികൂലമായാണ് ബാധിച്ചിരിക്കുന്നത് ഇതിന്റ ഫലമായി ബഹുഭൂരിപക്ഷം സംഘങ്ങളും നിർജ്ജീവാവസ്ഥയിലാണ്. ICDP പ്രകാരം നോർത്ത് മുരുന്തൽ CVCS, മുരുന്തൽ CVCS ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ ഏറെക്കുറെ പൂർത്തീകരിച്ചുവരികയാണ്. ഈ പ്രദേശത്ത് ആദ്യമായി രൂപീകരിക്കപ്പെട്ടത് തൃക്കടവൂർ കയർവ്യവസായ സഹകരണ സംഘമാണ്. പഞ്ചായത്തിലാകെ 10 കയർസംഘങ്ങളാണ് ഉള്ളത്. ഈ സംഘങ്ങളിൽ ആകെയുള്ള അംഗസംഖ്യ 5390 ആണ്. ഓഹരിയായും പ്രവർത്തനമൂലധനമായി നേരിട്ടും ബാങ്കുകൾ മുഖേനയും സർക്കാർ നൽകുന്ന മൂലധനത്തെ ആശ്രയിച്ചാണ് ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്.

പട്ടിക 2 അടുത്തപേജിൽ ചേർത്തിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ ഒരു വർഷത്തിൽ ഉൽപ്പാദിപ്പിക്കുന്ന പാൽ ഒരുലക്ഷത്തി എഴുപതിനായിരം ലിറ്റ റാണെന്ന് കണക്കാക്കപ്പെടുന്നു. സംഘങ്ങൾ 31% പാൽ സംഭരിച്ച് വിതരണംചെയ്യുന്നുണ്ടെങ്കിലും സംഘങ്ങളുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ പാൽ ലഭിയ്ക്കുന്നില്ല. പാലുല്പാദനത്തിലെ നമ്മുടെ പിന്നോക്കാവസ്ഥയാണ് ഇതിന് കാരണമായിരിക്കുന്നതെന്ന് കരുതാവുന്നതാണ്.

പാൽ സംഘങ്ങൾക്ക് യതൊരുവിധ ധനസഹായവും ഒരു ഏജൻസി മുഖേനയും ലഭിയ്ക്കുന്നില്ല. പാൽ സംഭരണ വിതരണം മാത്രമാണ് ഇപ്പോൾ സംഘങ്ങൾ നടത്തിവരുന്ന പ്രവർത്തനം കാലിവളർത്തലിനും വികസനത്തിനുംവേണ്ടിയുള്ള പരിപാടികൾ പാൽ സംഘങ്ങളുമായി ചർച്ച ചെയ്ത് രൂപം നൽകേണ്ടതും അതു നടപ്പിലാക്കുന്നതിൽ പാൽ സംഘങ്ങൾക്ക് ചുമതല കൊടുക്കേണ്ടതുമാണ്.പുതിയസംഘങ്ങൾ രൂപീകരി

1995-96

കയർ മറ്റ് വ്യവസായ സഹകരണസംഘങ്ങൾ സംബന്ധിച്ച വിവരം പട്ടിക – 2

സംഘത്തിന്റെ പേര്	ആരംഭിച്ച വർഷം	അംഗങ്ങൾ	പിരിഞ്ഞ ഓഹരി	സർക്കാർ വായ്പ	നഷ്ടം	ഉൽപ്പാദനം					
						1994		1995		1996	
						കി	കിലോ	കി	കിലോ	കി	കിലോ
ഈസ്റ്റ് കുരീപ്പുഴ കയർ വ്യവസായ സഹകരണ സംഘം നം. കൃ. 543	1977	369	229490	165703	ലഭ്യമല്ല	74	87	108	94	-	-
നോർത്ത് മുരുന്തൽ C.V.C.S No. Q.635	1979	450	229200	150000	142736	91	28	134	80	164	20
നീരാവിൽ മുരുന്തൽ C.V.C.S No. Q.538	1977	361	145430	38923	290170	37	-	46	-	18	-
മുരുന്തൽ C.V.C.S No. Q.29	1961	700	392333	366572	197792	401	73	422	98	512	68
മതിലിൽ C.V.C.S No. Q.412	1963	493	87019	200000	124885	49	30	115	21	64	28
തൃക്കടവൂർ C.V.C.S No. Q.3084	1950	1250	630050	134477	334000	250	-	484	46	347	72
കോട്ടയ്ക്കകം C.V.C.S No. Q. 198	1957	812	424830	208737	308348	224	-	338	-	271	-
കടവൂർ ചേരി C.V.C.S No. Q.539	1977	492	200629	100000	13300	93	-	137	-	144	-
നീരാവിൽ സൗത്ത് C.V.C.S No. Q.632	1979	463	116460	936000	211613	80	-	68	-	40	-
സൗത്ത് മുരുന്തൽ C.V.C.S No. Q.	ലഭ്യമല്ല	ലഭ്യമല്ല	-	-	-	-	-	-	-	-	-

കേരളത്തിലെ കാർഷിക മേഖലയുടെ പുരോഗതിക്കായി പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് മൂലധനം കണ്ടെത്തുന്നതിന് പദ്ധതിക്ക് രൂപം നൽകുവാൻ ശുപാർശ ചെയ്യുകയും ചെയ്തു.

മറ്റ് വ്യവസായ സംഘങ്ങൾ പട്ടിക – 3

ഡോ.ബി.ആർ. അംബേദ്കർ മെമ്മോറിയൽ H.W.I.C.S. No. QH 19 (കൈത്തറി)	1986	126	-	50000
കൊല്ലം താലൂക്ക് ഹാൻഡ്ലൂം ക്രാഫ്റ്റ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി No. C.I.N.D Q.333	1977	115	56500	-

പാൽ ഉൽപ്പാദക സഹകരണ സംഘങ്ങളെ സംബന്ധിച്ച വിവരം പട്ടിക – 4

സ്ഥാപനത്തിന്റെ പേര്	ആരംഭിച്ച വർഷം	അംഗങ്ങൾ	പിരിഞ്ഞുകിട്ടിയ ഓഹരി	സർക്കാർ ധനസഹായം	ഒരുവർഷം ശേഖരിക്കുന്ന പാൽ ലിറ്റർ	പഞ്ചായത്തിൽ വിറ്റത്	പഞ്ചായത്തിന് പുറത്ത് വിറ്റത്
അഞ്ചാലുംമൂട് ക്ഷീരോൽപ്പാദക സഹകരണസംഘം	1992	382	4202	-	42674	38775	3900
തൃക്കടവൂർ ക്ഷീരോൽപ്പാദക സഹകരണസംഘം	1963	137	1370	-	10950	10950	-

വിഭവസമാഹരണം

"ഇൻഡ്യയ്ക്ക് ആവശ്യം മൂലധനം ഏതാനും പേരിൽ കേന്ദ്രീകരിക്കല്ല. 1990 മൈൽ നീളവും 1500മൈൽ വീതിയുമുള്ള ഈ ഭൂഖണ്ഡത്തിലെ ഏഴരലക്ഷം ഗ്രാമങ്ങൾക്ക് എളുപ്പത്തിൽ ലഭിക്കാനാവുന്ന വിധത്തിൽ വിതരണം ചെയ്യലാണ്."

-ഗാന്ധിജി-

പരമ്പരാഗതവും ആധുനികവും സമന്വയിച്ചുള്ള ഗ്രാമജീവിതമാണ് തൃക്കടവൂർ പഞ്ചായത്തുനിവാസികൾക്കുള്ളത്. വിഭവ ലഭ്യതയിലും വിനിയോഗത്തിലും ഇതിന്റെ ഗുണദോഷങ്ങൾ പ്രതിഫലിക്കുന്നുണ്ട്. കാർഷിക രംഗത്തോട് താല്പര്യം നിലനില്ക്കുന്നുവെങ്കിലും ആർജ്ജവമായി ആ രംഗത്ത് ശാസ്ത്രീയ സമീപനം സ്വീകരിക്കാൻ കർഷകർ വിമുഖരാണ്. അതിന്റെ ഫലമായി കാർഷികോല്പാദനത്തിൽ പിന്നോക്കം പോക്കാണുണ്ടാകുന്നത്. പരമ്പരാഗത വ്യവസായമായ കയർ വ്യവസായത്തിലും ഇതിന്റെ പ്രതിഫലനങ്ങൾ കാണാവുന്നതാണ്. കയർ വ്യവസായത്തിലാണെങ്കിൽ അപരിഷ്കൃത തൊഴിൽ എന്ന മനോഭാവം ശക്തിപ്പെടുകയും ആ രംഗത്തെ തൊഴിലിൽ നിന്നു പിന്തിരിയാനുള്ള താല്പര്യം വളർന്നുവരികയും ചെയ്യുന്നു. അശാസ്ത്രീയമായ മത്സ്യബന്ധനവും അമിതമായ ചൂഷണവും മൂലം മത്സ്യസമ്പത്ത് ക്ഷയിക്കുകയാണ്. ആധുനിക സ്വഭാവത്തിലുള്ള നിർമ്മാണം, വർക്ക്ഷോപ്പ്, ആട്ടോമൊബൈൽ ചെറുകിട വ്യവസായം, വ്യാപാരം. തയ്യൽ തുടങ്ങിയ മേഖലകളിലെ സാധ്യത വർദ്ധിക്കുകയും ആ മേഖലയിലേക്ക് അദ്ധ്വനശേഷി തിരിയുകയും ചെയ്യുന്നു. വ്യവസായിക സംരംഭങ്ങൾക്കുള്ള ഭൗതിക സൗകര്യങ്ങൾ പലതും പ്രതികൂലമായതിനാൽ ആ രംഗത്ത് മന്ദഗതിയിലുള്ള പുരോഗതിയെ കൈവരിക്കാൻ കഴിയുന്നുള്ളു. ഇതും ഉല്പാദനവിഭവങ്ങളെ പ്രതികൂലമായി ബാധിക്കുകയാണ്. ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ ചെയ്യുന്നതിന്റെ ഫലമായുണ്ടാകുന്ന വിഭവ സാധ്യത അവഗണിക്കാവുന്നതല്ല.

പഞ്ചായത്തിന്റെ വിഭവസമാഹാരണത്തിൽ പ്രധാനമായവ കെട്ടിടനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ്, വിനോദ നികുതി എന്നിവയാണ്. ഈ ഇനങ്ങളിലായി 95-96ലെ വരുമാനം 820377 രൂപയാണ്. ഇത് 94-95- ൽ ഈ വകയിലുള്ള വരവിനേക്കാൾ 61850 രൂപാ കൂടുതലാണ്. ഇത് 94-95-ൽ ഈ വകയിലുള്ള വരവിനേക്കാൾ 61850 രൂപാ കൂടുതലാണ്. ഈ ഇനങ്ങളിൽ 93-94ലെ വരവ് 581971 രൂപയും 94-95ലേത് 758527 രൂപയുമാണ്. ഇത് മുൻവർഷത്തേതിൽനിന്നും 176556 രൂപ കൂടുതലാണ്. നികുതി വരുമാനത്തിന്റെ ശതമാനക്കണക്കിലുള്ള വർദ്ധനവ് 94-95ൽ 30 ഉം 95-96ൽ 8.5ഉം ആണ്. 95-96ൽ വർദ്ധനവിൽ വന്നിരിക്കുന്ന കുറവ് പരിശോധിക്കുമ്പോൾ 93-94ൽ കെട്ടിടനികുതി പുനർനിർണ്ണയം നടത്തിയതിന്റെ വർദ്ധനവ് 94-95ൽ ആണ് ഈടായതെന്ന് കാണുന്നു. പഞ്ചായത്ത് വക സ്വത്തുക്കൾ പല വക എന്നീയിനങ്ങളിൽനിന്നുമുള്ള വരവ് 93-94 ൽ 148020 രൂപ 94-95ൽ 192038 ഉം 95-96ൽ 529095 രൂയും ആകുന്നു. 94-95ൽ 44018 ഉം (29.73%), 95-96ൽ 384076 ഉം (200%) രൂയാണ് ഇതിൽ വർദ്ധനവ് ഉണ്ടായിട്ടുള്ളത്. ഇതിനുപുറമേ വസ്തു കൈമാറ്റയിനത്തിൽ 93-94ൽ 308385ഉം 94-95ൽ 422679ഉം 9596ൽ 208196 രൂപ വീതമാണ് സർക്കാരിൽനിന്നും ലഭിച്ചിട്ടുള്ളത്. 95-96ലെ ആകെ വരവായ 2147776 രൂപ മുൻവർഷത്തേതിൽനിന്നും 378695 രൂപ കൂടുതലാണ്.

കെട്ടിട നികുതി, തൊഴിൽ നികുതി, വിനോദനികുതി, ഫീസുകൾ എന്നിവയിൽ കാര്യമായ വർദ്ധനവിനുള്ള സാധ്യത ഇല്ല. എങ്കിലും തൊഴിൽ നികുതിയെ സംബന്ധിച്ച് ന്യൂനതകൾ പരിശോധിക്കാവുന്നതാണ്. വസ്തുകൈമാറ്റനികുതിയായി പഞ്ചായത്തിന് ലഭിയ്ക്കുവാനുള്ളത് എത്ര എന്ന് വർഷാവസാനം അറിയാൻ കഴിയുന്നില്ല. സർക്കാർ ആ വകയിൽ ഓരോ വർഷവും അനുവദിച്ചു

തരുന്നതുക അതാതുവർഷത്തെ വരവിൽ ചേർക്കുന്നു.എന്ന രീതിയാണ് നടന്നുവരുന്നത്. ഓരോവർഷവും ഇതു സംബന്ധിച്ച ശരിയായ വിവരം ലഭിക്കാത്തതുമൂലം നിയമപരമായി കിട്ടാനുള്ള തുക അവകാശപ്പെടാൻ പഞ്ചായത്തകൾക്ക് കഴിയുന്നില്ല. പരസ്യനികുതി ഏർപ്പെടുത്താനുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്.

അൺടൈഡ്, ഗ്രാന്റ് തുടങ്ങിയ ഇനങ്ങളിൽ 1993-94,1994-95,1995-96 വർഷങ്ങൾ യഥാക്രമം 7,03,203-ഉം, 9,50,854-ഉം,11,02,798-ഉം രൂപ സർക്കാരിൽനിന്നും ലഭിച്ചിട്ടുള്ളതിനാൽ അൺടൈഡ് ഫണ്ട് വിഹിതം യഥാക്രമം 24.14, 24.80, 22.77%വീതമാണ്. എസ്റ്റാബ്ലിഷ് ഗ്രാന്റായി ഒന്നും തന്നെലഭിക്കുന്നില്ല.

പൊതുഭരണചിലവ്

1993-94	1994-95	1995-96
48.53%	41.45%	44.11%

പൊതുമരാമത്ത് ചിലവ് മൊത്തം വരുമാനത്തിൽ എത്രശതമാനമെന്ന്

199394	199495	199596
15.43	63.19	46.11

മറ്റു വികസനചിലവുകൾ

	1995-96ൽ
വിദ്യാഭ്യാസം	5.17
ആരോഗ്യം	1028
വൈദ്യുതി	8.4

പട്ടിക 1

തൃക്കടവൂർ ഗ്രാമപഞ്ചായത്ത് വരവുവിവരം

ഇനവിവരം	1993-94	1994-95	1995-96
നികുതികൾ	5,11,971	7,58,527	8,20,377
പ്രത്യേകനിയമപ്രകാരമുള്ള നികുതി	24,147	16,814	29,324
പഞ്ചായത്ത് ഫീസ് ഇനം	20,843	33526	40,730
പഞ്ചായത്ത് സ്വത്തിൽനിന്നും	97,207	1,09,752	2,53,093
ഗ്രാന്റ്,അൺടൈഡ് ഫണ്ട്	2,27,760	3,45,497	5,20,054
വസ്തുകൈമാറ്റനികുതി	3,08,385	4,22,679	2,08,196
പലവക	50,813	82,286	2,66,002

(അവലംബം പഞ്ചായത്ത് രേഖ)

പട്ടിക 2

തൃക്കടവൂർ ഗ്രാമ പഞ്ചായത്ത്
ചെലവ് വിവരം

ഇനവിവരം	1993-94	1994-95	1995-96
മാനേജ്മെന്റ്	5,25,805	5,90,033	7,18,013
പൊതുമരാമത്ത്	1,67,133	8,99,502	7,65,024
വിദ്യാഭ്യാസം	62,676	61,217	69,342
ആരോഗ്യം	46,345	60,863	4,264
തെരുവ് വിളക്ക്	1,60,405	1,31,490	1,12,835
കൃഷി	2000	–	–
സാമൂഹ്യക്ഷേമം	24,215	13,735	–
പഞ്ചായത്ത്സ്വത്ത് സംരക്ഷണം	29,924	57,680	1,10,000
നിക്ഷേപം തിരികെ	21,561	11,350	65,583
ജലവിതരണം	–	–	8,469
ആകെ	10,40,064	18,25,870	18,53,630
എസ്റ്റാബ്ലിഷ്മെന്റ് ശതമാനത്തിൽ	48.53	41.45	44.11

(ആവലംബം - പഞ്ചായത്ത് രേഖ)

പട്ടിക 3

തൃക്കടവൂർ ഗ്രാമപഞ്ചായത്ത് 10വർഷത്തെ വരവ് ചെലവ് വിവരം ഒറ്റനോട്ടത്തിൽ

വർഷം	വരവ്	ചിലവ്
1986-87	6,45,904	5,06,961
1987-88	9,26,965	8,84,151
1988-89	10,33,930	8,31,438
1989-90	8,38,783	11,00,886
1990-91	10,11,315	9,60,798
1991-92	11,47,357	10,57,127
1992-93	13,20,555	11,51,838
1993-94	13,25,112	10,40,066
1994-95	17,59,083	18,25,671
1995-96	21,47,762	18,53,530

(അവലംബം- പഞ്ചായത്ത് രേഖ)

പട്ടിക 4

തൃക്കടവൂർ പഞ്ചായത്ത്

സർക്കാരിൽനിന്ന് ലഭിക്കുന്ന വിവിധവരുമാന മാർഗ്ഗങ്ങൾ

വർഷം	J.R.Y	സർക്കാർ ഗ്രാന്റുകൾ	അൺടൈഡ് ഫണ്ട്
1991–92	3,70,015	3,93,788	1,56,000
1992–93	3,23,896	5,48,255	1,61,800
1993–94	3,79,843	5,33,478	1,69,725
1994–95	2,59,564	7,14,984	2,35,870
1995–96	2,46,521	8,51,673	2,51,125

(അവലംബം പഞ്ചായത്ത് രേഖ)

പഞ്ചായത്തിന്റെ നികുതിവരുമാനം ഏറെ കുറെ പരാമവധിയിൽ എത്തിനിൽക്കുകയാണ്. ജനകീയാസൂത്രണപരിപാടികൾ നടപ്പാക്കേണ്ടതുള്ളതുകൊണ്ട് പുതിയ തസ്തികകൾ ഉണ്ടാകേണ്ടിവരും. അതുകൂടാതെയുള്ള ചിലവിനങ്ങളും വർദ്ധിക്കും. ഇതു പരിഗണിച്ച് നികുതി ഘടനയിൽ പഞ്ചായത്തുകൾക്ക് അനുകൂലമായ നിർദ്ദേശങ്ങൾ ഉണ്ടാകേണ്ടതാണ്. മദ്യലേലത്തിന് ഒരു നിശ്ചിത ശതമാനം പഞ്ചായത്തുകൾക്ക് സർചാർജ്ജായി നിശ്ചയിക്കാവുന്നതാണ്. അടിസ്ഥാനനികുതി ഘടനയിലും ഗുണപരമായ മാറ്റം വരുത്താവുന്നതാണ്. പ്രാഥമിക വായ്പാസംഘങ്ങളിൽ 1,98,60,819രൂപ മൂലധനമായുണ്ട്. കൂടാതെ വാണിജ്യബാങ്കുകൾ ഹൈനാൻഷ്യൽ എന്റർപ്രൈസസ് എന്നീ സ്ഥാപനങ്ങളിൽ 40കോടിയോളം നിക്ഷേപം ഉള്ളതായും കാണുന്നു. സഹകരണവായ്പാ സ്ഥപനങ്ങളുടെ മുഴുവൻ മൂലധനവും പ്രദേശത്തെ വായ്പാവിനിയോഗത്തിനായി ഉപയോഗിക്കുന്നു. വായ്പാവിതരണരംഗത്ത് വാണിജ്യബാങ്കുകളുടെ സേവനം തീരെ കുറവാണെന്ന് കാണുന്നു.

ഗൾഫ് കുടിയേറ്റം മൂലം വരുന്ന വിഭവം പ്രധാനമായും വസ്തുവാങ്ങുന്നതിനും കെട്ടിടനിർമ്മാണം, വിവാഹം മുതലായ കാര്യങ്ങൾക്ക് വേണ്ടിയാണ് ഉപയോഗിക്കുന്നത്. അതിന്റെ വിനിയോഗത്തിൽ 15% മാത്രമേ പ്രത്യുൽപ്പാദനമേഖലകൾക്ക് വിനിയോഗിക്കുന്നുള്ളു.

പൊതുപരിപാടികൾക്കുവേണ്ടി ചെറിയതോതിലുള്ളസംഭാവനകൾ പഞ്ചായത്ത് സ്വീകരിച്ചുവരുന്നുണ്ടെങ്കിലും മറ്റു വികസനമേഖലകൾക്ക് വേണ്ടിയുള്ള സംഭാവനകൾ ഒന്നും ലഭിക്കുന്നില്ല. സന്നദ്ധപ്രവർത്തനം ഏറെകുറെ പുതിയ റോഡുകൾ വെട്ടുന്നതിനുമാത്രം ഒതുങ്ങിനിൽക്കുന്നു. പൊതുമരാമത്ത്, ജലസേചനം, കുടിവെള്ളം എന്നിവയ്ക്ക് സന്നദ്ധസേവനം ഉപോയഗിക്കാൻ കഴിയുന്നതാണ്. പക്ഷേ, ഇന്നത്തെ എസ്റ്റിമേറ്റ് സമ്പ്രദായവും സൂപ്പർവിഷൻ നിബന്ധനങ്ങളും അതിന് തടസ്സാമായി നിൽക്കുന്നു. സന്നദ്ധപ്രവർത്തനം ഉപയോഗപ്പെടുത്തുന്നതിന് അനുഗുണമല്ലാത്ത സമീപനമാണ് ലോക്കൽ ആഡിറ്റ് സമ്പ്രദായത്തിൽ തുടർന്നുവരുന്നത്. സാങ്കേതികത്വത്തിനു പകരം സാദ്ധ്യത പരിശോധിക്കുന്ന സമീപനമായിരിക്കണം ആഡിറ്റിന് മാനദണ്ഡമാകേണ്ടത്. മറിച്ചായാൽ ജനകീയ ആസൂത്രണം അസാദ്ധ്യമായിത്തീരും.

വിഭവമുണ്ടെങ്കിലേ

വികസനമുള്ളൂ.....

"വ്യക്തിപരമായ ലാഭമുൾപ്പെടെയുള്ള മറ്റെല്ലാ പരിഗണനകൾക്കും അതീതമായി രാജ്യനന്മയെ കണക്കാക്കുന്ന ആത്മാർത്ഥതയുള്ള രാജ്യസ്നേഹികളായ ജനങ്ങൾ ഭൂരിപക്ഷം ഉണ്ടെങ്കിൽ മാത്രമേ സ്വരാജ് നിലനിർത്താൻ കഴിയൂ. സ്വരാജ് എന്നത് വളരെപ്പേരുടെ ഭരണമാണ്. വളരെപ്പേർ അസാന്മാർഗ്ഗികളും സ്വാർത്ഥതൽപ്പരരുമായാൽ അവരുടെ ഭരണകൂടം അരാജകത്വമല്ലാതെ മറ്റൊന്നും വരുത്തിവെയ്ക്കുകയില്ല. "

-ഗാന്ധിജി-

ഉപസംഹാരം


വികസനമെന്നാൽ തോടുകളും റോഡുകളും കുടിവെള്ളവുമാണെന്നുള്ള ചിന്താഗതിയാണ് എവിടേയും നിലനിൽക്കുന്നത്. ഉൽപ്പാദനരംഗത്തെ കുറിച്ച് നാം വിസ്മരിക്കുന്നു. റോഡുകൾ, തോടുകൾ, പാലങ്ങൾ തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങളോടൊപ്പം കാർഷികവ്യാവസായിക മേഖലകളുടെ പുരോഗതിയിലൂടെ സേവനമേഖലയെ പുഷ്ടിപ്പെടുത്തുന്ന വികസനമനോഭാവമാണ് നമുക്കാവശ്യം. ഇത്തരത്തിലുള്ള വികസനസമീപനം പ്രാവർത്തികമാക്കുവാൻ ജനകീയാസൂത്രണത്തിലൂടെ ഒൻപതാം പദ്ധതിക്കാലത്ത് തുടക്കം കുറിക്കാൻ കഴിയും എന്നാണ് വിശ്വസിക്കുന്നത്.

1997 ഏപ്രിൽ മാസം 1-ാംതീയതി ആരംഭിക്കുന്ന 9-ാം പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി നമ്മുടെ പഞ്ചായത്തിൽ വരുന്ന അഞ്ചുവർഷക്കാലം കൊണ്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസനപ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നതിന് ഈ വികസനറിപ്പോർട്ട് സഹായകമാകും. നമ്മുടെ പഞ്ചായത്തിനെ സംബന്ധിക്കുന്ന ഒരു അടിസ്ഥാനരേഖയായി ഇതിനെ കണക്കാക്കാം നമ്മുടെ ഗ്രാമജീവിതത്തിന്റെ നാനാമേഖലകളേയും സ്പർശിക്കുവാൻ ഞങ്ങൾ പരമാവധി ശ്രമിച്ചിട്ടുണ്ട്.

ജനകീയാസൂത്രണത്തിന്റെ ഭാഗമായി വിളിച്ചുചേർത്ത വിശേഷാൽ ഗ്രാമസഭകളുടെ സംഘടനയുടേയും ദ്വിതീയ വിവരശേഖരണം, പഠനപര്യടനം, വികസനറിപ്പോർട്ട് തയ്യാറാക്കൽ തുടങ്ങിയ എല്ലാ പ്രവർത്തനങ്ങൾക്കും വളരെയധികം ബുദ്ധിമുട്ടി പ്രവർത്തിച്ചിട്ടുള്ള ജനപ്രധിനിധികൾക്കും റിസോഴ്സ് പേഴ്സൺസിനും സന്നദ്ധപ്രവർത്തകർക്കും ഇതുമായി സഹകരിച്ച വിവിധ ഓഫീസുകളിലെ ജീവനക്കാർക്കും ഹൃദയംഗമായ നന്ദി രേഖപ്പെടുത്തികൊള്ളുന്നു.

ജനകീയാസൂത്രണത്തിനുവേണ്ടി, നമുക്ക് യോജിക്കാം;
ഒന്നിച്ചു മുന്നേറാം.....

തൃക്കടവൂർ ഗ്രാമപഞ്ചായത്ത് സമിതിക്ക് വേണ്ടി
വില്യംജോർജ്ജ്
പ്രസിഡന്റ്



തൃക്കടവൂർ ഗ്രാമപഞ്ചായത്ത് നിലവിലുള്ള ജീവനക്കാർ

ജി.ലീലാമ്മ	: സെക്രട്ടറി
കെ.എം.ജമാൽകുട്ടി	: ജൂനിയർ സൂപ്രണ്ട്
എസ്. സുശീലാമ്മ	: യു.ഡി.സി
എഫ്. ക്രിസ്റ്റി	: യു.ഡി.സി
എ.അബ്ദുൽ സലീം	: യു.ഡി.സി
എൻ. വിശ്വമോഹൻ	: യു.ഡി.സി
എ. ഇബ്രാഹിം കുട്ടി	: എൽ.ഡി.സി
യൂ. സഫിയത്ത്	: എൽ.ഡി.സി
ജി. സബീന	: എൽ.ഡി.സി
പി. ഹരിപ്രസാദ്	: ഫുൾടൈം ലൈബ്രേറിയൻ
ആർ. സുകുമാരൻനായർ	: പ്യൂൺ
എൽ. ഗൗരിക്കുട്ടിയമ്മ	: പ്യൂൺ
ടി. സുരേന്ദ്രൻ	: എഫ്.ടി.എസ്
കെ.കൃഷ്ണപിള്ള	: എഫ്.ടി.എസ്
എൽ വിജയമ്മ	: പാർട്ടൈംലൈബ്രേറിയൻ

വികസനസെമിനാറിന്റെ നിർദ്ദേശം

28.12.96-ലെ വികസനസെമിനാറിൽ സമർപ്പിച്ച വികസനരേഖയിന്മേൽ നടന്ന ഗ്രൂപ്പ് ചർച്ചയിൽ ചൂണ്ടികാണിച്ചിട്ടുള്ളതും വികസനരേഖയിൽ ഉൾപ്പെടുത്തേണ്ടതുമായ നിർദ്ദേശങ്ങൾ സെമിനാറിൽ അംഗീകരിച്ചിട്ടുള്ളതും ആയതു പഞ്ചായത്തുസമിതി പരിശോധനാവിധേയമാക്കുകയും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കൂടി അംഗീകരിച്ച് വികസനരേഖയിൽ ഉൾപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

കൃഷി

പഞ്ചായത്തിലെ ഭൂപ്രദേശങ്ങൾ ഏറെയും നീർമറിസ്വഭാവത്തിലുള്ളതായതുകൊണ്ട് ആ പ്രദേശങ്ങൾ നീർമറിപ്രദേശമായി പ്രഖ്യാപിക്കുന്നതിനും പദ്ധതിയിലുൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

മൃഗസംരക്ഷണം

1 രണ്ടുവാർഡ്കൾക്ക് ഒന്ന് എന്നക്രമത്തിൽ ക്ഷീരസഹകരണസംഘങ്ങൾ രൂപീകരിക്കണം.
2 ആടുകളുടെ വംശവർദ്ധനവിന് മലബാറിഇനത്തിൽ പെട്ട ആണാടുകളെ ലഭ്യമാക്കണം.
3 ബയോഗ്യാസ് പ്ലാന്റുകൾ സ്ഥപിക്കുന്നതോടൊപ്പം അവയുടെ അറ്റകുറ്റപണികൾ നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം.
4 പാൽ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള യൂണിറ്റുകൾ രൂപീകരിക്കേണ്ടതാണ്.
5 നിലവിലുള്ള തൊഴുത്തുകൾ പരിഷ്കരിക്കുന്നതിനും, തറ ശാസ്ത്രീയമായി പുന:സംവിധാനം ചെയ്യുന്നതിനും കർഷകർക്ക് ആനുകൂല്യം നൽകേണ്ടതാണ്.
6 പാലുൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിന് ഗുണമേൻമയേറിയ കിടാരികൾക്ക് കർഷകന്റെ വരുമാന പരിധികണക്കാക്കാതെ ഫീഡു സബ്സിഡി അനുവദിക്കേണ്ടതാണ്.

വ്യവസായം

1 കയർഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള വ്യവസായം ആരംഭിക്കണം.
2 ചെറുകിട ഉൽപ്പാദകരുടെ കയർ ന്യായവിലയ്ക്ക് വാങ്ങുന്നതിനുള്ള സ്ഥിരം സംവിധാനം ഏർപ്പെടുത്തണം.
3 പഞ്ചായത്തിലെ വ്യവസായവും വ്യവസായ ബന്ധങ്ങളും സംബന്ധിച്ചു വിശദമായ സ്ഥിതി വിവരക്കണക്കു ശേഖരിക്കണം.

ഗതാഗതം

അഞ്ചാലുംമൂട് കോട്ടയത്ത് കടവു് റോഡിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കേണ്ടത് അനിവാര്യമായിരിക്കുന്നു. അതിനായി താഴെപറയുന്നവിധം ഒരു സമാന്തര റോഡ് വികസിപ്പിച്ചെടുക്കേണ്ടതാണ്.

അഞ്ചാലുംമൂട് കുപ്പണറോഡിൽനിന്നും കൊല്ലേരി ക്ഷേത്രം- ആണിക്കുളത്ത് ചിററോഡ് വികസിപ്പിച്ച് മുക്കടമുക്ക് വഴി നീരാവിൽറോഡിലേക്കും നീരാവിൽ റോഡിൽനിന്നും തഴവമുക്ക് G.L.P.S റോഡ് വികസിപ്പിച്ച് കടവൂർ- നീരാവിൽ റോഡിലേക്കും ബന്ധിപ്പിക്കണം. അവിടെനിന്നും പള്ളിവേട്ടിച്ചിറയുടെ വക്കരുകിൽകൂടിയുള്ള റോഡുവഴി തെക്കുപടിഞ്ഞാറോട്ട് ചെന്ന് - മൈസിന്റെ പടിഞ്ഞാറുവശം കൂടി തെക്കോട്ട് ചെന്ന് വൈദ്യശാല ചിറക്കരറോഡിലേക്കും നിലവിലുള്ള റോഡ് വികസിപ്പിച്ച് ഗതാഗതയോഗ്യമാക്കിതീർക്കേണ്ടതാണ്.

വിഭവസമാഹരണം

അഞ്ചാലുംമൂട് ജംഗ്ഷനിൽ നേരിടുന്ന ഗതാഗതതടസ്സം ഒഴിവാക്കുന്നതിനും പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സഹായകരമാകും വിധം ആവശ്യമായ സ്ഥലം വിലക്കെടുത്ത് ബസ്റ്റാന്റ്, ലോറി, കാർ, ആട്ടോസ്റ്റാന്റുകൾ നിർമ്മിക്കുകയും അതിനോട് ചേർന്ന ഷോപ്പിംഗ് കോംപ്ലക്സ്, കമ്മ്യൂണിറ്റിഹാൾ എന്നിവ സ്ഥാപിച്ചും സ്ഥിരമായ വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതാണ്.